ആര്യാട് ഗ്രാമ പഞ്ചായത്ത്

വികസന രേഖ



ALLEPPEY DISTRICT



ആര്യാട് ഗ്രാമ പഞ്ചായത്ത്
വികസന രേഖ

എസ്. ദാമോദരൻ
ആദ്യ പ്രസിഡന്റ്

പ്രൊഫ. സി. വി. നടരാജൻ
പ്രസിഡന്റ്

കുമാരി. എസ്. ഉമയമ്മ
വൈസ് പ്രസിഡന്റ്



കെ. വി. സായ്നാഥ്
ചെയർമാൻ സ്റ്റാന്റിംഗ് കമ്മിറ്റി

ഇ. അബ്ദുൾ റഹ്മാൻ (മെമ്പർ)
എം. വി. രാജമ്മ "
പ്രഭാവതി മോഹൻ ദാസ് "
അഡ്വ: എം. രവീന്ദ്രദാസ്
ബി. എ. കരുണാകരൻ "
വിരോണി ഒല്ലായി "
പി. എസ്. സതീശൻ "
വെളിയിൽ പൊന്നപ്പൻ "

ഉള്ളടക്കം

1. ആമുഖം.
2. ചരിത്രം.
3. ഭൂമി, ജലം, ജനം.
4. സ്ത്രീ പദവി.
5. വികസനമേഖലാ അവലോകനം.
   5.1. കൃഷി ജലസേചനം.
   5.2. മൃഗപരിപാലനം, മത്സ്യബന്ധനം.
   5.3. വ്യവസായം.
   5.4. ഊർജ്ജം, ഗതാഗതം, മാർക്കറ്റ്.
   5.5. വിദ്യാഭ്യാസം, സംസ്കാരം.
   5.6. കുടിവെള്ളം പൊതുജനാരോഗ്യം.
   5.7. പട്ടികജാതി – പട്ടികവർഗ്ഗക്ഷേമം.
   5.8. പാർപ്പിടം, സാമൂഹ്യക്ഷേമം.
   5.9. സഹകരണം.
   5.10. വിഭവസമാഹരണം.
6. ഉപസംഹാരം.

MAP OF ARYAD PANCHAYAT



ARYAD PANCHAYAT ENVIRONMENTAL APPRAISAL





1



ആമുഖം

നമ്മുടെ രാഷ്ട്രപിതാവായ മഹാത്മജിയുടെ സ്വപ്നമായിരുന്നു 'ഗ്രാമസ്വരാജ്' സ്വാതന്ത്ര്യ സമരത്തിന്റെ തീപാറുന്ന നാളുകളിൽ ഗാന്ധിജി എഴുതി ഇപ്പോൾ അധികാരം ബോംബെ, ന്യൂഡൽഹി , കൽക്കത്ത തുടങ്ങിയ വൻനഗരങ്ങളിൽ കേന്ദ്രീകരിച്ചിരിക്കുകയാണ് അത് ഇന്ത്യയിലെ 7 ലക്ഷം ഗ്രാമങ്ങൾക്കായി പങ്കിട്ടുകൊടുക്കണം. ഇന്ത്യൻ ഭരണഘടനയുടെ കരട് തയ്യാറാക്കിയപ്പോൾ അതിൽ പഞ്ചായത്ത് സംവിധാനത്തെക്കുറിച്ച് ഒരു പരാമർശവുമില്ലെന്നറിഞ്ഞ ഗാന്ധിജി അതൊരു പൊറുക്കാനാവാത്ത വീഴ്ചതന്നെയാണെന്നാണ് അഭിപ്രായപ്പെട്ടത്. നമ്മുടെ സ്വാതന്ത്ര്യം ജനങ്ങളുടെ ശബ്ദമായി പ്രതിഫലിക്കണമെങ്കിൽ ഇക്കാര്യത്തിൽ ഉടൻ ശ്രദ്ധ പതിയണം. പഞ്ചായത്തുകളുടെ അധികാരം എത്രയ്ക്ക് അധികമാണോ അത്രയ്ക്ക് ജനങ്ങൾക്ക് ഗുണകരമാണ്. കേന്ദ്രത്തിൽ ഇരുപതുപേർ ഇരുന്നുകൊണ്ട് ജനാധിപത്യം നടപ്പിലാക്കാൻ കഴിയില്ല എല്ലാ ഗ്രാമങ്ങളിലേയും ജനങ്ങൾ ചേർന്ന് താഴെത്തട്ടിൽ നിന്ന് അത് നടപ്പിലാക്കണം.

ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടിയിട്ട് അൻപത്വർഷം തികയുകയാണ്. സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ പുരോഗതിയ്ക്കായി അധികാരം കയ്യാളിയവർ ഒട്ടേറെ പദ്ധതികൾക്ക് രൂപം നൽകുകയുണ്ടായി. അവരിൽ ഭാരതശില്പി എന്നറിയപ്പെടുന്ന പ്രഥമപ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു രാജ്യത്തിന്റെ സ്വാതന്ത്ര്യവും പരമാധികാരവും സംരക്ഷിക്കുന്നതിനും സ്വാശ്രയഭാരതം കെട്ടിപ്പെടുക്കുന്നതിനുമുള്ള അടിത്തറ പാകി. ഖനവ്യവസായം, പൊതുമേഖലയ്ക്ക് പ്രാമുഖ്യം എന്നിവ നെഹ്റുവിയൻ പരിഷ്കാരങ്ങളുടെ ദിശാസൂചകങ്ങളാണ്. സോവിയറ്റ് മാതൃകയിൽ പഞ്ചവത്സര പദ്ധതികൾക്ക് തുടക്കം കുറിച്ചതും പണ്ഡിറ്റ്ജി തന്നെയാണ്. ജനപങ്കാളിത്തത്തോടെ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിച്ചതെങ്കിലും അതുണ്ടായില്ല. മറിച്ച് കേന്ദ്ര സംസ്ഥാന തലങ്ങളിൽ തീരുമാനിച്ച് ഉദ്യോഗസ്ഥന്മാരിലൂടെ നടപ്പിലാക്കുക എന്നതായിരുന്നു രീതി അതുമൂലം ഉണ്ടായ നേട്ടങ്ങൾ ഏതാനും പേരുടെ കൈകളിലേയ്ക്ക് ഒഴുകിപോകുകയും, ബഹുഭൂരിപക്ഷം ജനങ്ങളുടെയും ആവശ്യങ്ങൾ നിരാകരിക്കപ്പെടുകയും ചെയ്തു. പദ്ധതികൾ ജനോപകാരപ്രദമാകണമെങ്കിൽ അധികാരവും ആസൂത്രണവും താഴെത്തട്ടിൽ എത്തണം. മുടക്കുന്ന തുകയുടെ 25-30 ശതമാനം മാത്രമേ പലപടവുകളിലൂടെ കടന്നു വരുമ്പോൾ ലക്ഷ്യസ്ഥാനത്ത് എത്തുന്നുള്ളു. അന്തരിച്ച മുൻപ്രധാനമന്ത്രി ശ്രീ. രാജീവ് ഗാന്ധി

വേദനയോടെ ഇക്കാര്യം പരാമർശിച്ചിട്ടുണ്ട്.

കേരളം ഇതര ഇന്ത്യൻ സംസ്ഥാനങ്ങളിൽ നിന്നും തുലോം വിഭിന്നമാണ് ജനതയുടെ ജീവിതഗുണനിലവാരം അളക്കുന്നതിനായി അന്തർദ്ദേശീയമായി അംഗീകരിക്കപ്പെട്ട ഏതു മാനദണ്ഡം ഉപയോഗിച്ചു പരിശോധിച്ചാലും കേരളം പല വികസിത രാജ്യങ്ങൾക്കുമൊപ്പം നിൽക്കും. പ്രതിശീർഷ വരുമാനത്തിന്റെ കാര്യത്തിൽ ദേശീയ ശരാശരി പോലുമില്ലാത്ത കേരളം ഈ നേട്ടങ്ങൾക്ക് കടപ്പെട്ടിരിക്കുന്നത് ഇവിടെയുണ്ടായ പ്രബുദ്ധമായ സാമൂഹിക ചലനങ്ങളോടാണ്. അനുയോജ്യവും ബോധപൂർവ്വവുമായ സാമൂഹിക രാഷ്ട്രീയ ഇടപെടലുകളിലൂടെ കുറഞ്ഞ വരുമാനത്തിലും ഒരു പ്രദേശത്തെ ജനതയുടെ ജീവിതഗുണനിലവാരത്തിൽ ആശാസ്യമായ പുരോഗതി കൈവരിക്കാൻ കഴിയും എന്ന ഒരു രാഷ്ട്രീയ പ്രഖ്യാപനമാണ് 'കേരള മോഡൽ'. ജീവിതഗുണനിലവാര വളർച്ചയും അതിന്നാധാരമായ ഘടകങ്ങളും കേരളത്തിന്റെ ഉല്പാദന വളർച്ചയ്ക്കും അതുവഴി ജീവിതഗുണതയുടെ തുടർമെച്ചപ്പെടുത്തലിനും പ്രയോജനപ്പെടുത്തുവാൻ കഴിയാതെ വന്ന സാഹചര്യത്തിൽ കേരളം ഉയർത്തിക്കൊണ്ടുവന്ന മാതൃക വെല്ലുവിളികളെ നേരിടുകയാണ്. ചരിത്രപരമായ പല കാരണങ്ങളും വെല്ലുവിളികളെ മൂർച്ഛിക്കുന്നതിന് പങ്കുവഹിച്ചിട്ടുണ്ട്. കാർഷികമുരടിപ്പ്, വ്യവസായിക വളർച്ചയില്ലായ്മ, തൊഴിലില്ലായ്മ സ്ത്രീകളുടെ പ്രാന്തവല്ക്കരണം, ദുർബലജനവിഭാഗങ്ങൾക്കിടയിൽ നിലനില്ക്കുന്ന ദാരിദ്ര്യം, ആരോഗ്യവിദ്യാഭ്യാസ മേഖലകളിലെ ഗുണനിലവാരത്തകർച്ച ഇവയെല്ലാമാണ് വർത്തമാനകേരളം നേരിടുന്ന വെല്ലുവിളികളായി നാം തിരിച്ചറിഞ്ഞിട്ടുള്ളത്. നാം ഇതുവരെ സ്വീകരിച്ചുപോന്ന വികസന സമീപനങ്ങൾക്ക് കാര്യക്ഷമമായി ഇവയെ നേരിടാൻ കഴിയില്ലാ എന്നതിന്റെ വെളിച്ചത്തിലാണ് ജനകീയാസൂത്രണ പ്രസ്ഥാനം രൂപപ്പെട്ടത്. വികസനപ്രവർത്തനങ്ങളുടെ ആസൂത്രണത്തിലും നടത്തിപ്പിലും ജനങ്ങളുടെ വർദ്ധമാനമായ പങ്കാളിത്തമാണ് പ്രസ്ഥാനത്തിന്റെ മുഖമുദ്ര. തീരുമാനങ്ങളെടുക്കുന്നുതിനുള്ള നിർണ്ണായകമായ അധികാരം ജനതയ്ക്ക് പകർന്നു നൽകുവാനുള്ള ശ്രമത്തിന്റെ ഈ തുടക്കം കേരളത്തിലെ ' ജനാധിപത്യത്തിന് സാർത്ഥകമായ മാനങ്ങൾ രചിക്കും. ഒരു പുത്തൻ വികസനരാഷ്ട്രീയത്തിന്റെ, കക്ഷിഭേദത്തിനതീതമായ, അലയൊലികൾ ഉയർന്നുകേൾക്കുന്നുണ്ട്. ഈ പ്രസ്ഥാനം കൈരളിക്ക് പുത്തനുണർവ്വ് പ്രദാനം ചെയ്യുക തന്നെ ചെയ്യും.

ജനകീയാസൂത്രണം _ ആര്യാട്

പഞ്ചായത്തിനെ ഒരു വികസന യൂണിറ്റായി കണ്ട് ഇവിടുത്തെ വിഭവ പ്രത്യേകതകൾക്കും സാധ്യതകൾക്കും അനുസരിച്ച് പ്രവർത്തനം കരുപ്പിടിപ്പിക്കുന്നതിനുള്ള പരിപാടികൾ 1991ൽ തന്നെ ആര്യാട് പഞ്ചായത്തിൽ ആരംഭിക്കുകയുണ്ടായി. പഞ്ചായത്തിന്റെ വിഭവ പ്രത്യേകതകൾ മാപ്പുകളിലാക്കുന്നതിനുള്ള വിഭവഭൂപട നിർമ്മാണപ്രവർത്തനം ഭൗമശാസ്ത്രപഠന കേന്ദ്രത്തിന്റെയും കേരള ശാസ്ത്ര സാഹിത്യ പരിഷത്തിന്റെയും സഹായത്തോടെ ആലപ്പുഴ ജില്ലയിൽനടത്തിയത് ആര്യാടായിരുന്നു.

തുടർപ്രവർത്തനങ്ങൾക്ക് കാലതാമസം ഉണ്ടായി എങ്കിലും 1995 അവസാനമായപ്പോഴേക്കും പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി. സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസും കേരള ശാസ്ത്രസാഹിത്യ പരിഷത്തും ചേർന്ന് കേരളത്തിലെ 22 പഞ്ചായത്തുകളിൽ നടപ്പിലാക്കിവരുന്ന ജനകീയാസൂത്രണ പരിപാടിക്ക് (Participatory Local Development programme PLDP) ആലപ്പുഴയിൽ തിരഞ്ഞെടുക്കപ്പെട്ടത് ആര്യടായിരുന്നു. ജനകീയാസൂത്രണ പരിപാടിയുമായി ബന്ധപ്പെട്ട് പഞ്ചായത്തിൽ താഴെപ്പറയുന്ന സമിതികൾ രൂപീകരിക്കുകയും പ്രവർത്തനം നടത്തുകയും ചെയ്തിട്ടിട്ടുണ്ട്.

a. മണ്ണുജല സംരക്ഷണ സമിതി
കൺവീനർ കെ.വി. സായ്നാഥ്

പ്രവർത്തനങ്ങൾ

1. നീരൊഴുക്കു ഭൂപടനിർമ്മാണം.
2. നീർത്തടവികസന പദ്ധതി തയ്യാറാക്കി Capartന് സമർപ്പിച്ചു.
3. പച്ചക്കറി സ്വയം പര്യാപ്തത നേടുന്നതിന്റെ ആദ്യഘട്ടമായി തിരഞ്ഞെടുക്കപ്പെട്ട 550 വീടുകളിൽ പച്ചക്കറി കൃഷി.

b) വിദ്യാഭ്യാസ സമിതി. കൺവീനർ
എം.രവീന്ദ്രദാസ്

1. ലൂഥറൻ ഹൈസ്കൂളിലെ എസ്. എസ്. എൽ. സി. റിസൾട്ട് മെച്ചമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ.
2. VVSD LPS, LHS LP വിഭാഗം എന്നിവ ചേർത്തുകൊണ്ടുള്ള സ്കൂൾ കോംപ്ലക്സ് പ്രവർത്തനം.

c) ആരോഗ്യസമിതി :
കൺവീനർ എസ്. ഉമയമ്മ
കോളറാബാധയ്ക്കെതിരേയുള്ള പ്രവർത്തനങ്ങൾ.
2. പി. എച്ച്. സെന്ററിലെ ഇടപെടലുകൾ.

പഞ്ചായത്തു വികസന സമിതി

പഞ്ചായത്തിൽ 50 വീടുകൾക്ക് ഒന്ന് എന്ന തരത്തിൽ 104 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു. ഓരോ അയൽക്കട്ടത്തിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട ഓരേ പുരുഷനും ഓരോ സ്ത്രീയും ചേർന്ന വാർഡ് വികസന സമിതി, എല്ലാ വാർഡുകളിലെയും അയൽക്കൂട്ട പ്രതിനിധികൾ അടങ്ങുന്ന പഞ്ചായത്ത് വികസന സമിതി പൊതുസഭ, ഓരോ വാർഡു വികസന സമിതികളിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്ന ഒരു പുരുഷനും സ്ത്രീയും അടങ്ങുന്ന പ്രവർത്തക സമിതി പ്രസിഡന്റ് (പഞ്ചായത്ത് പ്രസിഡന്റ്) വൈസ് പ്രസിഡന്റ്, സെക്രട്ടറി ജോയിൻ്റ സെക്രട്ടറിമാർ, ട്രഷറർ എന്നിവർ ഉൾക്കൊള്ളുന്ന സെക്രട്ടേറിയറ്റ്, ഇതാണ് പഞ്ചായത്ത് വികസന സമിതിയുടെ ഘടന. സമിതി A 335/96 നമ്പരായി രജിസ്റ്റർ ചെയ്തിട്ടണ്ടു്. (1955 ലെ 12 മത് തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്രീയ ധർമ്മ സംഘങ്ങൾ രജിസ്റ്ററാക്കൽ ആക്ട് അനുസരിച്ച്) പഞ്ചായത്തിലെ വികസനപ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ പഞ്ചായത്ത് കമ്മിറ്റിയെ സഹായിക്കുന്ന ജോലിയാണ് വികസന സമിതി ചെയ്യുന്നത്.

ജനകിയാസൂത്രണ പ്രസ്ഥാനത്തിന്റെ ഒന്നാം ഘട്ടമായ ഗ്രമാസഭകളുടെ പൊതുവിവരം താഴെ പട്ടികപ്പെടുത്തുന്നു.

ഗ്രമാസഭകൾ,

വാർഡ്	പങ്കാളിത്തം		പ്രചരണ പ്രവർത്തനങ്ങൾ
	സ്ത്രീ	പുരുഷൻ	
1.	130	192	നോട്ടീസ്, വീടുവീടാന്തരം സ്കാഡ് പ്രവർത്തനം, കയ്യെഴുത്ത് പോസ്റ്റർ.
2.	46	124	നോട്ടീസ്, അയൽക്കൂട്ടം കേന്ദ്രീകരിച്ചു പ്രചരണം, വിളംബര ജാഥ.
3.	88	180	നോട്ടീസ്, സ്കാഡ്, വനിതാസ്കാഡ്, വിളംബരജാഥ.
4.	45	57	നോട്ടീസ്, അയൽക്കൂട്ടം കേന്ദ്രീകരിച്ചുള്ള പ്രചരണം
5.	53	89	നോട്ടീസ്, ബൈക്കു പ്രചരണം, അയൽക്കൂട്ടം കേന്ദ്രീകരിച്ചുള്ള പ്രചരണം.
6.	159	200	നോട്ടീസ്, വീടുവീടാന്തരംകയറി സ്കാഡുപ്രവർത്തനം.
7.	42	66	നോട്ടീസ്, അയൽക്കൂട്ടം കേന്ദ്രീകരിച്ചുള്ള പ്രചരണം
8.	236	247	നോട്ടീസ്, കൂട്ടയോട്ടം, വികസന ദീപം തെളിക്കൽ, വിളംബരജാഥ, സ്കാഡ് പ്രവർത്തനം.
9.	124	122	നോട്ടീസ്, വിളംബരജാഥ, അയൽക്കൂട്ടം കേന്ദ്രീകരിച്ചുള്ള പ്രവർത്തനം.
10.	122	149	നോട്ടീസ്, സ്കാഡ് പ്രവർത്തനം, വികസന ദീപം തെളി ക്കൽ.
11.	67	145	നോട്ടീസ്, സ്കാഡ് പ്രവർത്തനം. ജനകിയാസൂത്രണ സമിതി സന്നദ്ധപ്രവർത്തനങ്ങൾ പ്രവർത്തനം തീയതി പങ്കാളിത്തം

സ്ത്രീ പുരുഷൻ

1. വിഭവഭൂപട നിർമ്മാണം 1991 നവംബർ 2 മുതൽ 10 വരെ 39 49
2. നീരൊഴുക്കു ഭൂപടനിർമ്മാണം 4.8.96 മുതൽ 10.8.96 32 34
3. പച്ചക്കറി കൃഷി പരിശീലനം 13.9.96 13 20
4. സാമൂഹിക സാമ്പത്തിക സർവ്വേ 25.10.96 to 5.11.96 624 426
5. ദ്വിതീയ വിവരശേഖരണം 3.9.96 to 20.9.96 20 15
6. കയർ ഫാക്ടറി സർവ്വേ 10.11.96 1 14

നവംബർ 1 പുനരർപ്പണദിനം

വൈദ്യുത ലൈൻ ടച്ചിംഗ് വെട്ടിമാറ്റൽ
വാർഡുതല വിവരങ്ങൾ
വാർഡ്ക്ലിയറൻസ് നടത്തിയപങ്കെടുത്തവർ
ലൈനിന്റെ നീളം

		ആൺ	പെൺ
1.	800 mtr	40	
2.	620 "	18	2
3.	750	" 29	3
4.	950	" 43	4
5.	820	" 38	2
6.	700	" 33	..
7.	730	" 41	1
8.	350	"14	..
9.	700	" 34	2
10.	640	"32	3
11.	550	" 19	2

രേണചരിത്രം

ആര്യാട് മണ്ണഞ്ചേരി പ്രദേശങ്ങൾ ചേർന്ന് മണ്ണഞ്ചേരി പഞ്ചായത്താണ് ആദ്യം ഉണ്ടായിരുന്നത്. അതിനുശേഷം 1961 ൽ മണ്ണഞ്ചേരിയുടെയും മാരാരിക്കുളം തെക്കു പഞ്ചായത്തിന്റെയും ചില ഭാഗങ്ങളും ചേർത്ത് ആര്യാട് പഞ്ചായത്തു രൂപീകരിച്ചുകൊണ്ട് ഗവൺമെന്റ് ഉത്തരവുണ്ടായി. 1963 ലെ പഞ്ചായത്തു വിഭജനത്തെ തുടർന്ന് തിരഞ്ഞെടുപ്പു നടന്നു. 1964 ജനുവരി ഒന്നിന് ശ്രീ. എസ്. ദാമോദരൻ പ്രസിഡന്റായി പുതിയ പഞ്ചായത്ത് കമ്മിറ്റി അധികാരമേറ്റു. (ശ്രീ. എസ്.ദാമോദരൻ തന്നെയായിരുന്നു രൂപീകരണ കാലം മുതൽ മണ്ണഞ്ചേരി പഞ്ചായത്തിന്റെയും പ്രസിഡന്റ്), ശ്രീ. എൻ.പ്രഭാകരനായിരുന്നു ആര്യാട് പഞ്ചായത്തിന്റെ ആദ്യ വൈസ് പ്രസിഡന്റ്. സർവ്വശ്രീ രാമൻകുട്ടി, കുഞ്ഞിക്കണ്ട, രാമൻ, വി.

പഞ്ചായത്തിന്റെ പൊതുചിത്രം

പേര്	ആര്യാട് ഗ്രേഡ് : ബി
വില്ലേജുകൾ	കോമളപുരം, പാതിരപ്പള്ളി, ഭാഗികം
ബ്ലോക്ക്	ആര്യാട്
ബ്ലോക്ക് ഡിവിഷനുകൾ	2
താലൂക്ക്	അമ്പലപ്പുഴ
ജില്ല	ആലപ്പുഴ
ജില്ലാ പഞ്ചായത്തു ഡിവിഷൻ	1
അസംബ്ലി മണ്ഡലം	മാരാരിക്കുളം
പാർലമെന്റ്	ആലപ്പുഴ
വിസ്തീർണ്ണം	6.87 Sq. കി.മീ.
ജനസംഖ്യ (1991 സെൻസസ്) സ്ത്രീകൾ പുരുഷൻമാർ	 24043 12232 11811
പഞ്ചായത്തു ഭരണസമിതി ഓഫീസ്	 പാതിരപ്പള്ളി (സ്വന്തം കെട്ടിടം)
പ്രസിഡന്റ്	പ്രൊഫ. സി.വി. നടരാജൻ
വൈസ് പ്രസിഡന്റ് സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	എസ്. ഉമയമ്മ, കെ.വി. സായ്നാഥ്
മെമ്പർമാർ	ഇ. അബ്ദുൾറഹ്മാൻ എം.വി. രാജമ്മ പ്രഭാവതി മോഹൻദാസ് എം.രവീന്ദ്രദാസ് ബി. എ. കരുണാകരൻ വിരോണജോയി പി. എസ്. സതീശൻ വെളിയിൽ പൊന്നപ്പൻ

ഭാസ്ക്കരൻ, കെ.ടി. ഭാസ്ക്കരൻ എന്നിവരായിരുന്നു ആദ്യ പഞ്ചായത്ത് സമിതി അംഗങ്ങൾ. അതിനുശേഷം ഏതാണ്ട് 15 വർഷം കഴിഞ്ഞാണ് തിരഞ്ഞെടുപ്പു നടന്നത്. ആ തിരഞ്ഞെടുപ്പിനോടനുബന്ധിച്ച് രൂപീകരിച്ച പഞ്ചായത്ത് സമിതിയുടെ പ്രസിഡന്റ് ശ്രീ. എസ്. ദാമോദരൻ തന്നെയായിരുന്നു. ശ്രീ. കെ.മണിയൻ വൈസ് പ്രസിഡന്റ് ടി. എൻ. ദാമോദരൻ, കെ.കെ. ദണ്ഡപാണി, പി.വി. പത്മനാഭൻ, പി.സി.ഗൗരി, പ്രകാശൻ, വി. ഭാസ്ക്കരൻ, കെ.ടി. ഭാസ്ക്കരൻ എന്നിവരായിരുന്നു മറ്റംഗങ്ങൾ. അതിനുശേഷം നടന്ന തിരഞ്ഞെടുപ്പിൽ പ്രൊഫ. സി.വി.നടരാജൻ പ്രസിഡന്റ് എ. ശിവരാജൻ, വൈസ് പ്രസിഡന്റ് സർവ്വശ്രീ അബ്ദുൾ റഹ്മാൻ, എം. ഡി. സലിം, എൻ. രാജൻ, പി.സി. ഗൗരി, എൻ. എസ്. ജോർജ്ജ്, പി. രാജേന്ദ്രപ്രസാദ്, സരസമ്മാ കുമരാൻ എന്നിവർ അംഗങ്ങളുമായിരുന്നു.

പഞ്ചായത്തിലെ സ്ഥാപനങ്ങൾ

1. ലൂഥറൻ ഹൈസ്കൂൾ
2. VVSDLP സ്കൂൾ
3. മാതാഹയർ സെക്കന്ററി സ്കൂൾ
4. സഹോദരൻ സ്മാരക ഇംഗ്ലീഷ് മീഡിയം സ്കൂൾ
5. കോമളപുരം വില്ലേജ് ഓഫീസ് (സ്ഥലം കൈത്തിൽ ദേവസ്വം സൗജന്യമായി നൽകി)
6. കൃഷിഭവൻ
7. പ്രൈമറി ഹെൽത്ത് സെന്റർ
8. പോസ്റ്റോഫീസ് കോമളപുരം
9. കുടുംബക്ഷേമ കേന്ദ്രങ്ങൾ
10. തിയറ്റേറുകൾ 2
11. KSEB പാതിരപ്പള്ളി ശാഖ
12. സർവ്വീസ് സഹകരണ സംഘം കോമളപുരം
13. ഇന്ത്യൻ ഓവർസീസ് ബാങ്ക് പാതിരപ്പള്ളി
14. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ
15. ഫെഡറൽ ബാങ്ക് തുമ്പോളി.

ജനകീയാസൂത്രണത്തിന്റെ രണ്ടാംഘട്ട പ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി പഞ്ചായത്തിൽ മുന്നേറുന്നു. ഓരോ വികസനമേഖലയും ആമുഖം ചരിത്രം എന്നിവയും പ്രത്യേകം പ്രത്യേകംറിസോഴ്സ് ഗ്രൂപ്പുകൾ രൂപീകരിച്ചാണ് റിപ്പോർട്ട് തയ്യാറാക്കിയത്. ഗ്രാമസഭാ റിപ്പോർട്ടുകൾ, വിഭവഭൂപടങ്ങൾ, CESS റിപ്പോർട്ട്, സോഷ്യോ ഇക്കണോമിക് സർവ്വേ 96, കയർ ഫാക്ടറി സർവ്വേ, ദ്വിതീയ സ്ഥിതി വിവരകണക്കുകൾ, ഡിപ്പാർട്ടുമെന്റൽ റിവ്യൂ റിപ്പോർട്ടുകൾ എന്നിവയാണ് റിപ്പോർട്ട് തയ്യാറാക്കുന്നതിന് ആധാരമാക്കിയിട്ടുള്ള രേഖകൾ.



2



ചരിത്രം

മദ്ധ്യേഷ്യയിൽ നിന്നുമുള്ള ആര്യന്മാരുടെ കടന്നുകയറ്റവുമായി ' ആര്യാട്' എന്നപേരിനു ബന്ധമുണ്ടെന്ന് നാട്ടുകാർ വിശ്വസിക്കുന്നു. ആര്യാടു നിവാസിയായ ആര്യൻ കുഞ്ഞന്റെ കുടുംബത്തെ ഈ വിശ്വാസത്തിന്റെ സാധൂതയ്ക്കായി ചൂണ്ടിക്കാണിക്കപ്പെടുന്നുമുണ്ട്.

ശ്രീനാരായണ ഗുരുദേവൻ ആര്യാടുള്ള ചാരംപറമ്പ് എന്ന തറവാടു ക്ഷേത്രത്തിനു സമീപം തന്റെ ആശ്രമം സ്ഥാപിക്കാൻ ആഗ്രഹിച്ചിരുന്നു എന്നു പറയപ്പെടുന്നു. ഗുരുവിനെ വേണ്ടവിധം മനസ്സിലാക്കാതിരുന്ന തറവാട്ടംഗങ്ങളിൽ ചിലരുടെ വൈമനസ്യം ഇതിനു തടസ്സമായി വർത്തിച്ചു. പഞ്ചായത്തിലെ ആദ്യത്തെ സ്കൂൾ സ്ഥാപിക്കുവാൻ മുൻകൈ എടുത്ത വളഞ്ഞവഴിക്കൽ തറവാട് ഗുരുദേവൻ സന്ദർശിക്കുകയും സ്കൂൾ ഉദ്ഘാടനം ചെയ്തു. ശ്രീനാരായണ ഗുരുദേവന്റെ സന്ദർശനം പുരോഗമന കാംക്ഷികൾക്ക് വമ്പിച്ച ആവേശം പ്രദാനം ചെയ്തിട്ടുണ്ട്.

രണ്ടാംലോക മഹായുദ്ധത്തെ തുടർന്ന് പടർന്നുപിടിച്ച ക്ഷാമത്തിന്റെയും കോളറ മുതലായ പകർച്ചവ്യാധികളുടെയും ഫലമായി നിരവധിയാളുകൾ ആര്യാടും മരണപ്പെട്ടു. രോഗഭയംമൂലം ജഡങ്ങൾ പോലും സംസ്ക്കരിക്കുവാൻ ജനങ്ങൾ തയ്യാറാകാതിരുന്ന സാഹചര്യത്തിലാണ് ശ്രീനാരായണ പ്രാർത്ഥനാസമിതി രൂപവൽക്കരിക്കപ്പെട്ടത്. സംസ്കാര കർമ്മങ്ങളിൽ കൂട്ടമായി പങ്കെടുക്കുക ദുരിതബാധിതർക്ക് അവശ്യംവേണ്ട സഹായങ്ങൾ നൽകുക ശ്രീനാരായണാദർശങ്ങൾ പ്രചരിപ്പിക്കുക എന്നിവയായിരുന്നു സമിതിയുടെ പ്രവർത്തനങ്ങൾ. ശ്രീ എൻ.വി.ദാമോദരൻ, പി.കെ. അയ്യപ്പൻ, ബി. പ്രഭാകരൻ, പി.കെ. പത്മനാഭൻ, വി. ഭാസ്ക്കരൻ എന്നിവർ നേതൃത്വം നൽകിയ ഈ പ്രസ്ഥാനമാണ് പഞ്ചായത്തിലെ ആദ്യത്തെ സന്നദ്ധപ്രസ്ഥാനം.

കിറ്റിന്ത്യാ സമരകാലത്താണ് കോൺഗ്രസിന് ഇവിടെ ആദ്യമായി സംഘടനാ രൂപം ഉണ്ടാകുന്നത്. എന്നാൽ 1938 ൽ തന്നെ തിരുവിതാംകൂർ സ്റ്റേറ്റ് കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭങ്ങളിൽ ധാരാളംപേർ ആര്യാടു നിന്ന് പങ്കെടുത്തിരുന്നു. ശ്രീമാന്മാർ വി.കൃഷ്ണൻ നായർ, എസ്. കുമാരൻ, എസ്. ദാമോദരൻ, കെ. ജി. രാഘവൻ എന്നിവരായിരുന്നു അവർ. ശ്രീ. വി.കൃഷ്ണൻനായരായിരുന്നു ആര്യാട് പ്രദേശത്തെ ആദ്യത്തെ കോൺഗ്രസ് കമ്മിറ്റിയുടെ ലീഡർ. ഉത്തരവാദ ഭരണത്തിനായുള്ള പ്രക്ഷോഭത്തിന്റെ കാലത്ത് അന്നത്തെ ദിവാനായിരുന്ന സി.പി.യെ

സന്ദർശിക്കുവാൻ വന്ന ബ്രിട്ടീഷ് വൈസ്രോയിയെ വലിയ കലവൂർ ക്ഷേത്രത്തിനു സമീപം വച്ചു കരിങ്കൊടി കാണിക്കുകയുണ്ടായി. കോൺഗ്രസ് നേവായിരുന്ന ശ്രീ. കെ.സി.ജോബ് ഈ സമരത്തിൽ പങ്കെടുത്തിരുന്നു. 1939ൽ പട്ടം താണുപിള്ളയെ അറസ്റ്റു ചെയ്തതിൽ പ്രതിഷേധിച്ച് നടത്തിയ നിയമലംഘനസമരത്തിൽ ആര്യാട് നിന്നുന ശ്രീ. കൃഷ്ണൻ നായർ പങ്കെടുത്തു. ശ്രീ ചക്കനാട്ട് വാസുപിള്ളയാണ് ആര്യാടുനിന്നുമുള്ള മറ്റൊരു പ്രമുഖ കോൺഗ്രസ് പ്രവർത്തകൻ.

അന്തർദ്ദേശീയവും ദേശീയവുമായ നിരവധി രാഷ്ട്രീയ സംഭവഗതികളുടെയും ദേശീയ പ്രസ്ഥാനത്തിന്റെ വീറുറ്റ പോരാട്ടങ്ങളുടെയും ഫലമായി ബ്രിട്ടീഷുകാർ ഇന്ത്യവിടുവാൻ നിർബന്ധിതരായി. എന്നാൽ മതാധിഷ്ഠിതമായി രാജ്യത്തെ വിഭജിച്ചുകൊണ്ടും നാട്ടുരാജ്യങ്ങളെ സ്വതന്ത്രമായി നിലനിർത്തിക്കൊണ്ടും ഇന്ത്യയെ ദുർബലമാക്കിത്തീർക്കാനുള്ള കുടിലതന്ത്രമാണ് 'സായിപ്പ്' ആവിഷ്ക്കരിച്ചത്. സ്വതന്ത്ര നാട്ടുരാജ്യ സിദ്ധാന്തത്തെ അനുകൂലിച്ചവർക്കെതിരായ ധീരോദാത്തമായ പോരാട്ടങ്ങൾ ഇന്ത്യയിൽ പലദിക്കുകളിലും ആഞ്ഞുവീശി. കാശ്മീർ രാജാവിനെതിരായി നടന്ന സമരം സ്വതന്ത്ര ഹൈദരാബാദ് വാദിയായിരുന്ന നൈസാമിനെതിരായ തെലുങ്കാനാ സമരം എന്നിങ്ങനെ.

സ്വതന്ത്രതിരുവിതാംകൂർ എന്ന ദേശവിരുദ്ധ നിലപാടു കൈക്കൊണ്ട് ദിവാൻ സി.പി. രാമസ്വാമി അയ്യർക്കെതിരായ സമരമായിരുന്നു തൊഴിലാളി വർഗ്ഗത്തിന്റെ ബൗദ്ധികവും ശാരീരികവുമായ മുൻ കയ്യിൽ നടന്ന ഉജ്ജ്വലമായ പുന്നപ്ര വയലാർ സമരം. ഉത്തരവാദ ഭരണത്തിനുവേണ്ടിയും രാജവാഴ്ചയ്ക്കും ദിവാൻഭരണത്തിനും എതിരായും നടന്ന ഈ സമരത്തിന് കമ്മ്യൂണിസ്റ്റ് പാർട്ടിയും തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയനുമാണ് നേതൃത്വം നൽകിയത്. 1946 ഒക്ടോബർ 22ന് ആരംഭിച്ച പൊതുപണിമുടക്കും തിരുവിതാംകൂർ കയർ ഫാക്ടറിവർക്കേഴ്സ് യൂണിയന്റെ ആഹ്വാനപ്രകാരമായിരുന്നു. തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയന്റെ ആദ്യ സെക്രട്ടറി ആര്യാടുകാരനായിരുന്ന ശ്രീ. വി.കെ. അച്യുതനാണ്. പുന്നപ്ര വയലാർ സമരം രചിച്ച നിണംനിറഞ്ഞ അദ്ധ്യായങ്ങൾ ഇവിടെ ആവർത്തിക്കേണ്ടതില്ല. പുന്നപ്ര വയലാർ സമരത്തിലൂടെ കേരളത്തിനും ഇന്ത്യയ്ക്കും നിരവധി നേതാക്കാന്മാരെ, രാഷ്ട്രീയ പ്രവർത്തകരെ ആര്യാടു സംഭാവനചെയ്തിട്ടുണ്ട്. സാധാരണ കയർ തൊഴിലാളിയായി ജീവിതമാരംഭിച്ചു എം. എൽ. എ., എം. പി. ഒക്കെയായി പ്രവർത്തിച്ച് ഇന്ത്യയിൽ കമ്മ്യൂണിസ്റ്റു പാർട്ടിയുടെ സെക്രട്ടറിമാരിൽ ഒരാളായി മാറിയ ശ്രീ. എസ്.കുമാരൻ അവരിൽ പ്രധാനിയാണ്. ശ്രീ. എസ്.ദാമോദരനാണ് മറ്റൊരാൾ. മണ്ണഞ്ചേരി പഞ്ചായത്തിന്റെയും തുടന്ന് ആര്യാട് പഞ്ചായത്തിന്റേയും പ്രസിഡന്റായി 35 വർഷക്കാലം അദ്ദേഹം പ്രവർത്തിച്ചിട്ടുണ്ട്. ആലപ്പുഴയിലെ കയർ തൊഴിലാളികളുടെ അനിഷേധ്യനേതാവാണ് ഇന്നും അദ്ദേഹം. കമ്മ്യൂണിസ്റ്റ് വിപ്ലകാരികളായിരുന്ന ശ്രീ. പി.കൃഷ്ണപിള്ള, കെ.സി. ജോർജ്ജ്, പി.റ്റി. പുന്നൂസ് എന്നിവരണ് പുന്നപ്ര വയലാർ സമരവുമായി ബന്ധപ്പെട്ട് ആര്യാടുണ്ടായിരുന്ന നേതാക്കന്മാർ.

ശ്രീമാന്മാർ എൻ. പ്രഭാകരൻ, വി.കെ. അച്ചൻബാവ, പി.വി.പത്മനാഭൻ, കെ.ജി. രാഘവൻ, കെ.പത്മനാഭൻ, പി.കെ.വാസു എന്നീ പുന്നപ്ര_വയലാർ സമര നേതാക്കളെല്ലാം ആര്യാട്ടുകാരാണ്.

കേരളത്തിൽ, തൊഴിലാളികൾ അവകാശങ്ങൾക്കും മാന്യതയ്ക്കും വേണ്ടി നടത്തിയ സമരത്തിലൂടെ രക്തസാക്ഷിത്വം വരിക്കേണ്ടിവന്ന ആദ്യത്തെ തൊഴിലാളി ആര്യാട്ടുകാരനായ ശ്രീ. 'ബാവ'യായിരിക്കും. തിരുവിതാംകൂർ കയർഫാക്ടറി വർക്കേഴ്സ് യൂണിയന്റെ മുൻഗാമി തിരുവിതാംകൂർ ലേബർ അസോസിയേഷനായിരുന്നു. തിരുവിതാംകൂർ കയർ ഫാക്ടറികളിൽ നിലനിന്നിരുന്ന കൊടിയ ചൂഷണത്തിനും അടിച്ചമർത്തലിനുമെതിരെ അസോസിയേഷന്റെ നേതൃത്വത്തിൽ 1936ൽ അമ്പലപ്പുഴ ചേർത്തല താലൂക്കുകളിൽ വ്യാപകമായ പണിമുടക്കം നടന്നു. ശ്രീ. R. സുഗതൻ തുടങ്ങിയ നേതാക്കന്മാരുടെ അറസ്റ്റിൽ പ്രതിഷേധിക്കാൻ തൊഴിലാളികൾ പൊലീസ് സ്റ്റേഷനുമുന്നിൽ തടിച്ചുകൂടി. തുടർന്നുണ്ടായ പൊലീസ് മർദ്ദനത്തിൽ ശ്രീ ബവാ മരിച്ചു. ശ്രീ. ബാവയുടെ കൊലപാതകത്തിൽ പ്രതിഷേധിച്ച് വീണ്ടും പണിമുടക്കും ഹർത്താലും ആചരിക്കുകയുണ്ടായി. തുടന്ന് തൊഴിലാളികൾക്ക് ചില ആനുകൂല്യങ്ങൾ അനുവദിക്കപ്പെട്ടു. കൂലിയിൽ ഒരണയുടെ വർദ്ധനവുണ്ടായി. ഈ വർദ്ധനവിനെ 'ബാവക്കാശ്' എന്ന പേരിലാണ് അറിയപ്പെട്ടിരുന്നത്. തുടർന്ന് ലേബർ അസോസിയേഷൻ തിരുവിതാംകൂർ കയർ ഫാക്ടറി വർക്കേഴ്സ് യൂണിയനായി.113/1 നമ്പരായി ടി യൂണിയൻ രജിസ്റ്റർ ചെയ്യപ്പെട്ടു. നേരത്തെ സൂചിപ്പിച്ചതുപോലെ ആര്യാട്ടുകാരനായിരുന്ന ശ്രീ. വി.കെ. അച്യുതനായിരുന്നു യൂണിയന്റെ ആദ്യ സെക്രട്ടറി. ആദരണീയനായ ശ്രീ. ടി.വി. തോമസായിരുന്നു യൂണിയന്റെ ആദ്യ പ്രസിഡന്റ്. തി

രുവിതാംകൂറിലാകെ തൊഴിലാളികളെ അവകാശ_രാഷ്ട്രീയ ബോധമുള്ളവരാക്കി മാറ്റുന്നതിൽ നിർണ്ണായകമായ പങ്കുവഹിച്ച ഈ യൂണിയന്റെ വളർച്ചയിൽ ആര്യാടിന്റെ പങ്കുവലുതാണ്. കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർ ഒരുവർഷക്കാലം ഒളിവുജീവിതം നയിച്ചത് ആര്യാടായിരുന്നു.

വളഞ്ഞവഴിയ്ക്കൽ തറവാട്ടിലെ കാരണവന്മാരായിരുന്ന ശ്രീ. കൊച്ചുകൃഷ്ണൻ, ഗോവിന്ദൻസാർ എന്നിവരാണ് പഞ്ചായത്തിൽ ആദ്യമായി ഒരു സ്കൂൾ സ്ഥാപിക്കുന്നതിന് നേതൃത്വം നൽകിയത്. കൈതത്തിൽ ക്ഷേത്രമുറ്റത്ത് ഓലഷെഡ്ഡിൽ പ്രവർത്തനം ആരംഭിച്ച ഈ സ്കൂളിൽ രണ്ടാം ക്ലാസ്വരെയാണ് ഉണ്ടായിരുന്നത്. തുടർന്ന് തട്ടാംതയ്യിൽ കുടുംബം സംഭാവന ചെയ്ത സ്ഥലത്തേക്ക് സ്കൂൾ മാറ്റിസ്ഥാപിച്ചു. ആദ്യത്തെ മാനേജരും പ്രധാന അദ്ധ്യാപകനും ശ്രീ. കൊച്ചുഗോവിന്ദൻ സാറായിരുന്നു. പിന്നീട് ഈ സ്കൂൾ സർക്കാരിന് കൈമാറി. 1930 ൽ സ്ഥാപിതമായ ലൂഥറൻ സ്കൂളാണ് പഞ്ചായത്തിലെ പ്രധാന വിദ്യാഭ്യാസ സ്ഥാപനം. യു.പി.സ്കൂളായിരുന്നു ലൂഥറൻ സ്കൂൾ നാട്ടുകാരുടെ കൂടി ശ്രമഫലമായി 1976 ൽ ഹൈസ്കൂളായി അപ്ഗ്രേഡ് ചെയ്യപ്പെട്ടു. ഉന്നതമായ അദ്ധ്യയനനിലവാരം പുലർത്തിയിരുന്ന ഈ സ്കൂൾ, പല കാരണങ്ങളാലും ഇന്ന് ശരാശരിക്ക് താഴെയാണ്.

രാജാ കേശവദാസന്റെ കാലത്ത് വേമ്പനാട്ടുകായലിന് സമാന്തരമായി ഉൾനാടൻ ജലഗതാഗതത്തിനായി നിർമ്മിച്ച ആലപ്പുഴ_ചേർത്തല കനാൽ (എ. എസ്. കനാൽ) ജനങ്ങളുടെ സന്നദ്ധ പ്രവർത്തനം സൃഷ്ടിക്കുന്ന മാറ്റങ്ങൾക്ക് ഉദാഹരണമാണ്.

പുരാതനമായ കൈതത്തിൽ ക്ഷേത്രം, ചാരംപറമ്പ് ക്ഷേത്രം തിരുവിളക്കു ക്ഷേത്രം, ആര്യാട് മുസ്ലിം പള്ളി, ആര്യാട് ചെറുപുഷ്പ ദേവാലയം, നാലാമഠം കാവ് ഇവയെല്ലാം ഈനാടിന്റെ ഒസ്യത്തുകളാണ്. നിരവധി സർപ്പക്കാവുകൾ ആര്യാടു പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായുണ്ട്. കൈതത്തിൽ ക്ഷേത്രോത്സവത്തോടനുബന്ധിച്ച് വൃത്യസ്ത ചിന്താധാരകളിൽപ്പെട്ട നിരവധി പണ്ഡിതന്മാർ സംബന്ധിക്കുന്ന സാംസ്ക്കാരിക സദസ് പതിവായിരുന്നു.

ഐക്യഭാരതം വായനശാല, ജ്ഞാനദീപഗ്രഹം സംസ്കാരോദയം, നവോത്ഥാനസമിതി, ജനോദ്ധാരണസമിതി എന്നിവയാണ് ആദ്യകാല സാംസ്ക്കാരിക പ്രസ്ഥാനങ്ങൾ. ബ്രിട്ടീഷുകാരുടെ വിഭജിക്കൽ നയത്തിനെതിരായി രാജ്യത്താകമാനം രൂപപ്പെട്ടവുന്ന ഐക്യഭാരതം പ്രസ്ഥാനത്തിൽനിന്ന് ആവേശമുൾക്കൊണ്ടുകൊണ്ടാണ് വായനശാലയ്ക്ക് ' ഐക്യഭാരതം' എന്ന പേരുനൽകിയത്. ജനങ്ങളെ കൊള്ളപ്പലിശകൊണ്ടു വീർപ്പുമുട്ടിച്ചിരുന്ന ഹുണ്ടികക്കാരിൽ നിന്ന് മോചനം നേടുന്നതിന് ഐക്യഭാരതത്തിന്റെ ആഭിമുഖ്യത്തിൽ തെങ്ങുകെട്ട് (പണയ) പദ്ധതി നടപ്പിലാക്കുകയുണ്ടായി. നാടൻ കലാരൂപങ്ങളായ തിരുവാതിര, കോൽകളി തുടങ്ങിയവവീടുവീടാന്തരം കയറി ഇറങ്ങി അവതരിപ്പിച്ച് സമാഹരിച്ച തുക കൊണ്ട് സ്ഥാപിച്ച പീപ്പിൾസ് റീഡിംഗ് റൂം ആന്റ് ലൈബ്രറിയാണ് ഇന്നത്തെ പഞ്ചായത്തു സാംസ്ക്കാരിക നിലയം. മണ്ണഞ്ചേരി പഞ്ചായത്തായിരുന്നപ്പോൾ നിർമ്മിച്ച പാതിരപ്പള്ളി കോമളപുരം റോഡാണ് പഞ്ചായത്തിലെ ആദ്യത്തെ റോഡ്.

സ്വാതന്ത്ര്യസമരത്തിനുശേഷം ഈനാടുകണ്ട ഏറ്റവും വലിയ ജനകീയ മുന്നേറ്റമായിരുന്ന സാക്ഷരതാ പ്രസ്ഥാനത്തിന് ആര്യാട് മഹത്തായ സംഭാവനകൾ നൽകിയിട്ടുണ്ട്. ജില്ലയിൽ മാതൃകാപരമായ പ്രവർത്തനം നടത്തിയ പഞ്ചായത്ത് എന്നനിലയിൽ ജില്ലാ സാക്ഷരതാ പ്രഖ്യാപനം നടന്നത് ആര്യാടായിരുന്നു. മാതൃകാപരമായ സാക്ഷരതാ പ്രവർത്തനത്തിനുള്ള അംഗീകാരമായിട്ടുകൂടിയാണ് പഞ്ചായത്തുതല വിഭവഭൂപട നിർമ്മാണത്തിനായി ജില്ലയിൽ ആദ്യം ആര്യാട് തിരഞ്ഞെടുക്കപ്പെട്ടത്.

സാക്ഷാപ്രവർത്തനത്തിന്റെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

Ward	കേന്ദ്രം	വാളണ്ടിയേഴ്സ്		നവസാക്ഷരരുടെ എണ്ണം
		ആൺ	/പെൺ	
1.	26	7	19	120
2.	20	8	12	98
3.	18	4	14	69
4.	19	2	17	140
5.	5	1	4	19
6.	19	4	15	90
7.	13	6	77	37
8.	10	2	8	78
9.	10	2	8	64
10.	22	8	14	133

തിരുവിതാംകൂറിന്റെയും അതുവഴി കേരളത്തിന്റെയും സാമൂഹ്യ_രാഷ്ട്രീയ ഭൂമികയിൽ ചേതസ്സുറ്റ മാറ്റങ്ങൾ എഴുതിചേർത്ത ചലനങ്ങൾക്കൊക്കെ നിർണ്ണായകമായ പങ്കുവഹിച്ച ഒരു പ്രദേശമാണ് ആര്യാട് ഈ നാടിന്റെ രാഷ്ട്രീയാവബോധം കരുപ്പിടിപ്പിക്കുന്നതിന് ബൗദ്ധികവും കായികവുമായ നേതൃത്വം നൽകിയ കയർ തൊഴിലാളി പ്രസ്ഥാനത്തിന് വെള്ളവും വെളിച്ചവും എല്ലാം നൽകിയ നാടാണിത് ഇന്നിന്റെ വെല്ലുവിളികളെ നേരിടുവാൻ സമ്പന്നമായ ഭൂതകാലത്തിന്റെ ആവേശം ഉൾക്കൊള്ളാനാവുക തന്നെ വേണം.

3



ഭൂമി
ജലം
ജനം

ഭൂപ്രകൃതി

കേരളത്തിലെ തീരസമതലത്തിൽപ്പെടുന്ന ഒരു പഞ്ചായത്താണ് ആര്യാട്. കിഴക്കുരേഖാംശം 76° 20'നും 76° 21'നും വടക്ക് രേഖാംശം 9° 31'നും 9° 32'നും ഇടയിലാണ് ആര്യാട് സ്ഥിതിചെയ്യുന്നത്. 'കോസ്റ്റൽ സാൻഡി സോൺ (Coastal Sandy Zone) എന്ന കാർഷിക കാലാവസ്ഥാ മേഖലയിലാണ് ആര്യാട് ഉൾപ്പെടുന്നത്.

'തീരസമതലത്തിൽപ്പെടുന്ന' ആര്യാടിന്റെ 90% പ്രദേശവും മണൽമണ്ണ് സമതലങ്ങളാണ്. പഞ്ചായത്തിന്റെ പതിനൊന്നാം വാർഡ് മാത്രമാണ് കടൽത്തീരത്തോളം എത്തുന്നത്. 1, 2 വാർഡുകൾ വേമ്പനാട് കായലിനോട് ചേർന്നാണ് കിടക്കുന്നത്. അറബിക്കടലിനോട് ചേർന്നു കിടക്കുന്ന പ്രദേശം കടലിൽ നിന്നളു മണ്ണടിഞ്ഞ് സൃഷ്ടിക്കപ്പെട്ട 'ബീച്ച്' ആണ്. വേമ്പനാട് കായലിനോട് ചേർന്നു കിടക്കുന്ന പ്രദേശം എക്കൽ അടിഞ്ഞ് ഉണ്ടായ lacustrine terrace ഉം മണൽ_മണ്ണ്, സമതലത്തിലങ്ങിങ്ങായി കാണുന്ന ചെറയി ചാലുകളും നിലങ്ങളുമാണ് മറ്റൊരു ഭൂപ്രത്യേകത.

പഞ്ചായത്തിന്റെ കിഴക്ക് വേമ്പനാട് കായലിനോട് ചേർന്ന പ്രദേശങ്ങൾ ചതുപ്പാണ്. (Tidal Marsh) നേരത്തേ ഉണ്ടായിരുന്ന 'ചതുപ്പ്' ഈ പ്രദേശത്ത് വ്യാപകമായി നികത്തപ്പെട്ടിരിക്കുന്നു. ഇത് വെള്ളക്കെട്ടിന് കാരണമായിട്ടുണ്ട്. കായൽത്തീരവും ബീച്ചുമാണ് സവിശേഷശ്രദ്ധ പതിയേണ്ട ഭൂപ്രകൃതി മേഖലകൾ അതീവ ലോലമായ പാരിസ്ഥിതികാവസ്ഥയാണ് ഇവയ്ക്കുള്ളത്.

മണ്ണ്

പഞ്ചായത്തിൽ പൊതുവേ മണൽമണ്ണ് കാണപ്പെടുന്നു. കായൽ കടൽ ഓരങ്ങളിലും കനാൽത്തീരത്തും ' അലൂവിയം' ആണ് കാണപ്പെടുന്നത്. മണൽ മണ്ണിന്റെ കീഴെ അധികം പ്രദേശങ്ങളിലും കലശി തട്ട് കണ്ടു വരുന്നു. ഫല ഭൂയിഷ്ടി കുറവും ജലസേചനം ആവശ്യമുള്ളതുമാണ് നമ്മുടെ മണൽ. പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നടത്തിയ മണ്ണു പരിശോധനയിൽ സസ്യവളർച്ചയ്ക്ക് അത്യന്താപേക്ഷിതമായ എൻ.കെ.പി.യിൽ (നൈട്രജൻ, ഫോസ്ഫറസ്, പൊട്ടാഷ്യം) നൈട്രജൻ, പൊട്ടാഷ് ഇവയുടെ അപര്യാപ്തതയുംഫോസ്ഫറസിന്റെ ആധിക്യവും വ്യക്തമായിട്ടുണ്ട്. പഞ്ചായത്തിലാകമാനം അമ്ലാംശം വളരെ കൂടുതലാണ്. അതി

നാൽ കുമ്മായം എല്ലാ മേഖലയിലും അത്യന്താപേക്ഷിതമാണ്. ജൈവവളങ്ങളുടെ അപര്യാപ്തത വളരെയേറെയുണ്ട്. ജൈവവളങ്ങളിലും അടിസ്ഥാനപോഷക മൂല്യങ്ങൾ N.P.K. തന്നെയാണ്. അതിനാൽ ജൈവവളങ്ങളുടെ അപര്യാപ്തത പരിഹരിക്കുന്നതിനുള്ള മാർഗ്ഗം ആസൂത്രണം ചെയ്യണം.

ഭൂവിനിയോഗം

പഞ്ചായത്തിന്റെ ഭൂവിസ്തൃതി 6.87/Sq. K.M. ആണ്. പ്രധാനകൃഷി, തെങ്ങ്, നെല്ല് കൂടാതെ തെങ്ങിൻ തോട്ടത്തിൽ ഇടവിളയായി കശുമാവ്, മാവ്, കവുങ്ങ്, വാഴ, കപ്പ, പയറുവർഗ്ഗങ്ങൾ, കുരുമുളക് എന്നിവ കൃഷി ചെയ്യുന്നു.

പട്ടിക 1

പ്രധാന കാർഷിക വിളകളുടെ അവയുടെ ഭൂവിസ്തൃതിയും

കാർഷികവിള	ഭൂവിസ്തൃതി
തെങ്ങ്	569 ഹെക്ടർ
കുരുമുളക്	4 ഹെക്ടർ
നെല്ല്	2.8 ഹെക്ടർ
മാവ്	3.03 ഹെക്ടർ
കശുമാവ്	9.1 ഹെക്ടർ
മുല്ല	1.5 ഹെക്ടർ
വാഴ	6.1 ഹെക്ടർ
കപ്പ	10.38 ഹെക്ടർ
പയറുവർഗ്ഗങ്ങൾ	14.8 ഹെക്ടർ
കൈതച്ച	2.5 ഹെക്ടർ
പച്ചക്കറി	31.5 ഹെക്ടർ

പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 24043 ആണ്. ഇതിൽ 4974 പേർ കർഷകരാണ്. ഒരു ഹെക്ടറിന് താഴെ കൃഷിഭൂമിയുള്ള നാമമാത്ര കർഷകർ 4909 പേരും ഒരു ഹെക്ടർ മുതൽ രണ്ടു ഹെക്ടർ വരെ കൃഷി ഭൂമിയുള്ള ചെറുകിട കർഷകർ 65 പേരുമാണ്. ഈ പഞ്ചായത്തിൽ സമ്പന്ന കർഷകർ ആരും തന്നെയില്ല.

കാലാവസ്ഥ _ ജലം

സംസ്ഥാനത്തിന്റെ പൊതു അവസ്ഥയിൽ നിന്നും വ്യത്യസ്തമായ കാലവാസ്ഥാ പ്രത്യേകതകൾ ഒന്നും തന്നെയില്ല എന്നു പറയാം. സംസ്ഥാന ശരാശരിയേക്കാൾ കുറവു മഴ മാത്രമേ ലഭിക്കുന്നുള്ളു എന്നു കാണാം. കഴിഞ്ഞ അഞ്ചു വർഷക്കാലം പെയ്ത മഴയുടെ ചിത്രം താഴെ ചേർക്കുന്നു. (പട്ടിക 2)

ശരാശരി പ്രതിവർഷ മഴലഭ്യത 281.72mm ആണ്. ഏറ്റവും അധികം മഴ ലഭിക്കുന്നത് ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണെന്ന് കാണാം. ആകെ ലഭിക്കുന്ന മഴയുടെ 59.74 ശതമാനം വരും ഇത്.

വളരെ അധികം മലിനീകൃതമായ ജലമാണ് പഞ്ചായത്തിലേത്. കായലിന്റെയും കടലിന്റേയും സാമീപ്യവും ജൈവവസ്തുക്കൾ അടിഞ്ഞ് ചീഞ്ഞ് ജലത്തിലെത്തുന്നതുമാണ് കാരണങ്ങൾ. ചെളി കലർന്നതും ബ്രൗൺ നിറത്തിലുള്ളതും, ദുർഗന്ധമുള്ളതുമായ ജലമാണ് പഞ്ചായത്തിന്റെ ഭൂരിഭാഗം സ്ഥലത്തും കാണുന്നത്. എന്നിരിക്കിലും കുടിക്കുവാൻ പര്യാപ്തമായ ഗുണനിലവാരമുള്ള ഭൂഗർഭജലത്തിന്റെ അളവ് ആശാവഹമാണെന്ന് CESS റിപ്പോർട്ടിൽ പറയുന്നു. പാതിരപ്പള്ളിക്ക് സമീപവും കോമളപുരത്തിന് കിഴക്കും കൈതത്തിൽ ക്ഷേത്രത്തിന് സമീപവുമാണ് പാനയോഗ്യമായ ഭൂഗർഭജലസമ്പത്ത് കണ്ടെത്തിയിട്ടുള്ളത്. ജലവിതാനത്തിലേക്കുള്ള കുറഞ്ഞ ആഴം 0.5 ഉം കൂടിയത് 2 ഉം മീറ്ററാണ്.

പാരിസ്ഥിതിക പ്രശ്നങ്ങൾ

1. പഞ്ചായത്തിന്റെ കിഴക്കൻ, പടിഞ്ഞാറൻ തീരദേശങ്ങളിലെ മണ്ണൊലിപ്പും തീരശോഷണവും

2. കിഴക്കൻ തീരത്തെ ചതുപ്പുകൾ നികത്തൽ, അതുമൂലമുണ്ടാകുന്ന വെള്ളക്കെട്ട്.

3. സ്വാഭാവിക ജലനിർഗ്ഗമന മാർഗ്ഗങ്ങളായിരുന്ന തോടുകളുടെ നാശം. ഇത് ഭൂഗർഭജലത്തിന്റെ മലിനീകരണത്തിന് കാരണമായി നിൽക്കുന്നു.

4. വയൽനികത്തൽ 22 ഹെക്ടർ നിലവിലുണ്ടായിരുന്ന പഞ്ചായത്തിൽ ഇന്ന് 11 ഹെക്ടറിൽ മാത്രമാണ് നെൽകൃഷിക്ക് ഇടയ്ക്കെങ്കിലും വിനിയോഗിക്കുന്നത്. ഇതും അതിവേഗം നികത്തപ്പെട്ടുകൊണ്ടിരിക്കുന്നു.

(പട്ടിക 2)

RAIN FALL DATA FROM 1990 JAN: (IN MM)

Mankompu Station

Year	Jan	Feb	Mar	Apr	May	June	July	Aug	Sept	Oct	Nov	Dec	Total
1990	22.4	25.0	83.7	37.5	624.3	516.6	565.8	177.7	154.1	336.2	254.4	47.4	2845.1
No. of days	(2)	(1)	(2)	(2)	(22)	(23)	(24)	(16)	(9)	(17)	(7)	(1)	126
1991	.6	Nil	23.6	150.8	149.5	993.7	485.7	457.4	51.5	205.6	82.6	22	2628.4
No. of days	(1)	(0)	(64)	(15)	(14)	(26)	(23)	(18)	(6)	(17)	(5)	(2)	131
1992	Nil	4.5	Nil	6.2	276.4	654.8	586.8	461	324.2	383	322.6	6.2	3025.7
No. of days	(0)	(1)	(0)	(2)	(13)	(24)	(26)	(22)	(12)	(18)	(18)	(2)	128
1993	Nil	2	7	78.1	202.4	911.5	780.8	177	181.2	604.1	203.5	35.6	3163.2
No. of days	(0)	(1)	(1)	(8)	(18)	(26)	(26)	(14)	(10)	(18)	(12)	(2)	136
1994	4.6	40.5	59	107	241.8	583	649	356	188.3	403.6	114	1.4	2748.2
No. of days	(1)	(3)	(3)	(7)	(12)	(23)	(23)	(19)	(12)	(23)	(6)	(1)	133
1995	12.2	Nil	69.6	150.8	324.9	592.6	619	425.9	343.1	218.4	117.8	Nil	2874.2
No. of days	(2)	(0)	(5)	(15)	(19)	(23)	(24)	(19)	(18)	(15)	(10)	(0)	133
1996	18.8	Nil	Nil	134.6	116.6	473.8	516.6	236.2	-	-	-	-	1496.6
No. of days	(2)	(0)	(0)	(1)	(9)	(20)	(25)	(22)					79

ഭൗമശാസ്ത്രപഠന കേന്ദ്രം തയ്യാറക്കായി ആര്യാട് പഞ്ചായത്തിന്റെ പാരിസ്ഥിതികാവലോകനം ചുവടെ ചേർക്കുന്നു.

ഭൂപ്രകൃതി	മണ്ണ്	ജലലഭ്യത	ഭൂഉപയോഗം (നിലവിൽ)	നിർദ്ദേശങ്ങൾ
തീരസമതലം (CP)	മണൽ മണ്ണ്	ഉയർന്നത്	തെങ്ങ് ഭൂരിപക്ഷവും	ബാധിച്ചത്ജലനിർഗ്ഗമന കാറ്റുവീഴ്ച മാർഗ്ഗങ്ങൾ സ്വീകരിച്ച് ഭൂഗർഭജല മലിനീകരണം തടയുക
റണൽസ് (CP2)	മണൽമണ്ണ് അലൂവിയം		തെങ്ങ് നെല്ല്	നെൽപ്പാടം നികത്തൽ തടയണം ഭൂഗർഭജല ശേഷിയെ ഇത് ഗണ്യമായി ബാധിക്കും
ചതുപ്പ് (Tidal Marsh M1)	അലൂവിയം		പച്ചപ്പടർപ്പ്	ഈ പ്രദേശം സംരക്ഷിക്കപ്പെടണം നികത്താൻ പാടില്ല. മത്സ്യക്കൃഷി പരിക്ഷിക്കാം.
ചതുപ്പ് നികത്തിയത് (M1m)	അലൂവിയം		തെങ്ങ്, നെല്ല്	ചതുപ്പ് നികത്തൽ തടയണം വെള്ളക്കെട്ടുകൾ ജലമലിനകിരണത്തിന് കാരണമാകും.
Lacustlme .Terrace	അലൂവിയം		തെങ്ങ്	തീരസംരക്ഷണ പ്രവർത്തനങ്ങൾ

ജൈവസമ്പത്ത്

പഞ്ചായത്തിലെ വളർത്തുമൃഗങ്ങളുടെ വിവരങ്ങൾ മൃഗസംരംക്ഷണം എന്ന വിഭാഗത്തിൽ വിശദമായി പട്ടികസഹിതം കൊടുത്തിട്ടുണ്ട്. ഒരു ദശാബ്ദത്തിലുണ്ടായിട്ടുള്ള വ്യതിയാനവും ഈ പട്ടികയിൽ നിന്നും വ്യക്തമാകും.

പരുന്ത്, മാടത്ത (മൈന), തത്ത, കുയിൽ, ഞാറ, മരംകൊത്തി, കുളക്കോഴി, പെരുന്മാൻ എന്നി പക്ഷികളുടെ എണ്ണത്തിൽ ഭീമമായ കുറവ് അനുഭവപ്പെടുന്നുണ്ട്. കാക്ക മാത്രമാണ് വ്യാപകമായി കാണുന്ന ഒരു പക്ഷി.

ശവംനാറി, കങ്കനുള്ളി (കൺകദളി), തുമ്പ, ആടലോടകം, കുറിഞ്ഞി, ചെത്തി, കരളുവേകം, ഒടിയൻ, കല്ലുരുക്കി, തൃത്താവ്, ആനച്ചവടി, മുക്കുറ്റി എന്നിവ മുൻപ് സുലഭമായിരുന്നു. ഈ ഔഷധസസ്യങ്ങളൊക്കെയും വളരെവേഗം അപ്രത്യക്ഷമാവുകയാണ്.

ജനപ്രകൃതി

1991 കനേഷുമാരി പ്രകാരം പഞ്ചായത്തിലെ ജനസംഖ്യ 24043 ആണ്. 12232 സ്ത്രീകളും 11811 പുരുഷന്മാരും. പുരുഷന്മാരേക്കാൾ 421 സ്ത്രീകൾ അധികമാണ്. 1000 പുരുഷന്മാർക്ക് 1035 സ്ത്രീകൾ എന്ന അനുപാതമാണ് പഞ്ചായത്തിന്റേത്. സംസ്ഥാന ശരാശരി 1036 ആണ്. ജനസാന്ദ്രത ചതുരശ്രകിലോമീറ്ററിന് 3536 ആണ്. സംസ്ഥാന ശരാശരി 749 മാത്രമാണ്. ആലപ്പുഴ ജില്ലയിലാണ് ഏറ്റവും ഉയർന്ന ജനസാന്ദ്രതയുള്ളത്. ജില്ലയുടെ ശരാശരി 1415/K.m2 പട്ടിക-ജാതി ജനസംഖ്യ 749 ഉം (417 സ്ത്രീകൾ 377 പുരുഷന്മാർ) ആണ്. 20161 പേർ സാക്ഷരരാണെന്നാണ് 91 ലെ സെൻസസ് കണക്കുകൾ സൂചിപ്പിക്കുന്നത്. ഇതിന് 10118 പേർ പുരുഷന്മാരും, 10043 പേർ സ്ത്രീകളുമാണ്. സാക്ഷരതാ ശതമാനം 83.35 ആണ്. സ്ത്രീ സാക്ഷരത 82.1 ഉം പുരുഷ സാക്ഷരത 85.6 ശതമാനവും ആണ്. 91 സെൻസസ് പ്രകാരമുള്ള സംസ്ഥാന ശരാശരി സാക്ഷരത 89.81%, സ്ത്രീസാക്ഷരത 86.17%, പുരുഷസാക്ഷരത 93.62%. ഒരു വീട്ടിലെ ശരാശരി അംഗസംഖ്യ 4.8 ആണ്. കേരളത്തിന്റേത് 5.3 ആണ്. ദേശീയശരാശരിയാകട്ടെ 5.6 ഉം. 91 കനേഷുമാരി കണക്കു പട്ടികരൂപേണ ചേർക്കുന്നു. നേരത്തേ പത്തു വാർഡുകളുണ്ടായിരുന്നപ്പോഴത്തെ സ്ഥിതിയാണത്.

1996 ഒക്ടോബറിൽ പഞ്ചായത്തിൽ നടന്ന സോഷ്യോ_ ഇക്കണോമിക് സർവ്വേയുടെ അടിസ്ഥാനത്തിലുള്ള ചില വിവരങ്ങൾ ചുവടെ ചേർക്കുന്നു. ഒറ്റദിവസം കൊണ്ട് പൂർത്തിയക്കായി സർവ്വേ ആയിരുന്നതിനാൽ നൂറുശതമാനം കൃത്യത അവകാശപ്പെടാനാവില്ല. എന്നാൽ ഓരോ മേഖലയിലേയും പൊതു അവസ്ഥ മനസ്സിലാക്കുവാൻ സർവ്വേ ഫലങ്ങൾ പര്യാപ്തമാണ്.

പട്ടിക 2

ജനസംഖ്യ പ്രായ ഗ്രൂപ്പനുസരിച്ച്

0-14		15-18		19-40		41-60		61-80		80ന് മുകളിൽ	
പെണ്ണ്	ആണ്	പെണ്ണ്	ആണ്	പെണ്ണ്	ആണ്	പെണ്ണ്	ആണ്	പെണ്ണ്	ആണ്	പെണ്ണ്	ആണ്
2454	2663	897	872	5128	4596	2289	2525	1097	837	109	69

0-14പ്രായഘടനയിൽ പെട്ടവർ ജനസംഖ്യയുടെ 22.4% വരും. 15-18 ഗ്രൂപ്പ് 7.45% 19-40 ഗ്രൂപ്പ് 41% 41-60 ഗ്രൂപ്പ് 20.21% 61-80 ഗ്രൂപ്പ് 8.15% 80ന് മുകളിൽ 0.76% എന്നിങ്ങനെയാണ്

പട്ടിക (3)

വാർഡ്	വീടുകൾ	ജനസംഖ്യ	പുരുഷൻ	സ്ത്രീ	ന്യൂനപക്ഷം		SC		ST		സാക്ഷരത		
					ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	ആൺ	പെൺ	
1	517	2749	1361	1388	171	178	18	21	..	..	1177	1124	
2	500	2403	1220	1183	148	127	46	47	2	2	1043	982	
3	579	2784	1359	1425	168	144	49	59	..	..	1168	1182	
4	631	2843	1391	1452	175	130	76	96	5	8	1186	1209	
5	367	1726	843	883	111	89	34	29	..	..	721	747	
6.	537	2412	1160	1252	136	136	27	32	1	3	1006	1020	
7.	391	1900	936	964	112	113	29	30	12	16	806	780	
8	517	2321	1131	1190	126	122	54	62	5	4	982	995	
9	340	1709	854	855	105	93	34	26	..	..	715	680	
10	657	3196	1556	1640	171	173	10	15	..	..	1314	1324	

പ്രായഘടനയനുസരിച്ചുള്ള ജനസംഖ്യാ ശതമാനം. പ്രാഥമിക സെക്കന്ററി വിദ്യാഭ്യാസ സൗകര്യങ്ങളും മറ്റും 22.4 പേർക്ക് ആവശ്യമുണ്ട്. ഏറ്റവും അധികംപേർ യുവക്കളാണെന്ന് പറയാം. 19-40 ഗ്രൂപ്പിൽപ്പെട്ടവർ 80 വയസ്സിനുമുകളിലുള്ള 178 പേരും സവിശേഷ സമൂഹശ്രദ്ധവേണ്ട വിഭാഗമാണ്.

വിദ്യാഭ്യാസ നിലവാരം

പട്ടിക 3

SSLCക്ക് താഴെ		SSLC		തൊഴിലധിഷ്ഠിത സർട്ടിഫിക്കറ്റുകൾ		ബിരുദം		ബിരുദാനന്തരബിരുദം		നവസാക്ഷരർ		നിരക്ഷരർ	
പെണ്ണ്	ആണ്	പെണ്ണ്	ആണ്	പെണ്ണ്	ആണ്	പെണ്ണ്	ആണ്	പെണ്ണ്	ആണ്	പെണ്ണ്	ആണ്	പെണ്ണ്	ആണ്
6685	5982	2265	2536	189	387	432	459	90	107	461	227	401	240

Socio Economic Survey 96

സാങ്കേതിക ബിരുദം, പ്രൊഫഷണൽ ബിരുദം എന്നിവയുടെ വിശദാംശങ്ങൾ ലഭ്യമല്ല. ലഭ്യമായ അത്രയും വിവരങ്ങളാണ് ചേർത്തിട്ടുള്ളത്. വൊക്കേഷണൽ ട്രെയിനിംഗ് ലഭിച്ചവരുടെ എണ്ണത്തിൽ സ്ത്രീകൾ വളരെ പിന്നിലാണെന്നത് സവിശേഷ ശ്രദ്ധയർഹിക്കുന്നു. നവസാക്ഷരരിൽ 67% സ്ത്രീകളാണെന്നതും നിരക്ഷരരിൽ 62.5% സ്ത്രീകളാണെന്നതും ശ്രദ്ധേയമാണ്. ജനങ്ങളുടെ 27.3% SSLC യോ അതിനുമുകളിലോ വിദ്യാഭ്യാസം സിദ്ധിച്ചവരാണ് എന്നുകാണാം. വൊക്കേഷണൽ ട്രെയിനിംഗ് ലഭിച്ചവർ 2.48% മാത്രമേയുള്ളു.

തൊഴിൽ

	സ്ത്രീ	പുരുഷൻ
സ്വയംതൊഴിൽ		
• കൃഷി	126	452
• കാർഷികേതരം	243	673
ശമ്പളജോലി	575	1143
കൂലിപ്പണി	813	3205
ജോലിയില്ലാ - ചെയ്യാൻ സന്നദ്ധർ	1116	830
വിദ്യാർത്ഥികൾ	1917	2063
കുടുംബജോലികൾ	4457	361
മറ്റുള്ളവ	128	277

Socio Economic Survey 96

മൊത്തം ജനസംഖ്യയുടെ 76 ശതമാനത്തിന്റെ കണക്കുകൾ മാത്രമാണ് മുകളിൽ കൊടുത്തിരിക്കുന്നത്. പൊതുചിത്രം വ്യക്തമാകുവാൻ ഇതു സഹായകമാകും. കാർഷികേതര കൂലിപ്പണി എന്ന വിഭാഗത്തിൽപ്പെടുന്നവരിൽ ഭൂരിപക്ഷം കയർ മേഖലയിൽ പണിയെടുക്കുന്നവരാണ്. കയർരംഗം വ്യവസായത്തിൽ വിശദമായി പ്രതിപാദിച്ചിരിക്കുന്നു. സംസ്ഥനാത്തെ പൊതുചിത്രത്തിൽ നിന്നും ഏറെയൊന്നും വ്യത്യസ്തമല്ലാത്ത ചിത്രമാണ് പഞ്ചായത്തിന്റേത്. ആലപ്പുഴ നഗരത്തോടു തൊട്ടുകിടക്കുന്നതും നഗരസ്വഭാവങ്ങൾ ഏറെ പ്രകടമാകുന്നതുമായ ഒരു ഗ്രാമം.

4



സ്ത്രീപദവി

സ്ത്രീകളുടെ പ്രാന്തവല്ക്കരണം (alienation) കേരളം നേരിടുന്ന പ്രധാന വെല്ലുവിളികളിലൊന്നായിരിക്കുന്നു. എല്ലാ ദൗർബല്യങ്ങൾക്കും നടുവിൽ നിന്നുകൊണ്ട് അഭിമാനിക്കാവുന്ന നേട്ടങ്ങൾ ഏറെ കൈയ്ത സംസ്ഥാനമാണ് കേരളം. എന്നാൽ ഈ നേട്ടങ്ങളുടെ അർഹമായ പങ്ക് കേരളത്തിന്റെ പകുതിയിലേറെ വരുന്ന സ്ത്രീകൾക്ക് ലഭ്യമായില്ല എന്നത് ഒട്ടും അഭിമാനകരമായ സംഗതിയല്ല. കേരളം ഇന്നു നേരിടുന്ന എല്ലാ വെല്ലുവിളികളും പുരുഷന്മാരേക്കാൾ തീക്ഷ്ണമായി അനുഭവിക്കേണ്ടിവരുന്ന വിഭാഗവും സ്ത്രീകളാണ്. തൊഴിലിന്റെയും സാമ്പത്തിക പദവിയുടെയും കാര്യത്തിൽ വിദ്യാഭ്യാസരംഗത്ത്, സാമൂഹ്യരാഷ്ട്രീയ മണ്ഡലങ്ങളിൽ എല്ലാം സ്ത്രീകൾക്കെതിരായ വിവേചനങ്ങൾ നിലനില്ക്കുന്നുണ്ട്. അടുത്തകാലത്തായി സ്ത്രീകൾക്കെതിരായ ശാരീരികവും മാനസീകവുമായ പീഡനങ്ങൾ കേരളത്തിൽ വർദ്ധിക്കുകയാണ്. കേരളം 9_ാം പദ്ധതിയിലൂടെ നേരിടുവാൻ ശ്രമിക്കുന്ന പ്രശ്നങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ് സ്ത്രീകളുടെ പ്രാന്തവല്ക്കണം.

ആര്യാട് പഞ്ചായത്തിലെ സ്ത്രീകളുടെ പദവി, സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയവുമായത്, ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ വിലയിരുത്താനാണ് ശ്രമം.

ആര്യാട്ടെ ജനസംഖ്യയിൽ അധികവും സ്ത്രീകളാണ്. 24043ൽ 12,232 പേർ സ്ത്രീകളാണ്. ആയിരം പുരുഷന്മാർക്ക് 1035 സ്ത്രീകൾ എന്നതാണ് അനുപാതം. സംസ്ഥാന ശരാശരി 1036 ഉം. സംസ്ഥാന ശരാശരിയിൽ നിന്ന് ഏറെ വ്യത്യസ്തമല്ലാത്ത ഒരു ചിത്രമാണിത്.

പഞ്ചായത്തിലെ സ്ത്രീകളുടെ വിദ്യാഭ്യാസ നിലവാരം 96ൽ നടന്ന Socio Economic Survey യിലൂടെ പരിശോധിച്ചിട്ടുണ്ട്. വിശദമായ പട്ടിക ജനപ്രകൃതിയിൽ നൽകിയിരിക്കുന്നതു ശ്രദ്ധിക്കുക. സാങ്കേതിക വിദ്യാഭ്യാസത്തിന്റെ കാര്യത്തിൽ നിലനില്ക്കുന്ന സ്ത്രീ പുരുഷ വ്യത്യാസം ശ്രദ്ധേയമാണ്. ഏതെങ്കിലും തരത്തിലുള്ള സാങ്കേതിക വിദ്യാഭ്യാസം ലഭിച്ചിട്ടുള്ള സ്ത്രീകൾ 1059 ആണ്. പുരുഷന്മാരാകട്ടെ 1953 ഉം. തൊഴിലധിഷ്ഠിത സർട്ടിഫിക്കറ്റ് കോഴ്സുകൾ പാസ്സായവരുടെ ചിത്രം പ്രത്യേകം അന്വേഷിച്ചിരുന്നു. ഈ വിഭാഗത്തിലെ സ്ത്രീകളുടെ എണ്ണം 189 ആണ്. പുരുഷന്മാരുടേതാകട്ടെ 459 ഉം. വിദ്യാഭ്യാസ നിലവാരത്തിന്റെ പൊതു ചിത്രമെടുത്താലും സ്ത്രീകൾ പിന്നിലാണ്. (പട്ടിക 1 കാണുക) എങ്കിലും സാങ്കേതിക വിദ്യാഭ്യാസ കാര്യത്തിലെ അന്തരം പ്രത്യേകം ശ്രദ്ധ അർഹിക്കുന്ന ഒന്നാണ് തൊഴിലധിഷ്ഠിതവും സാങ്കേതികവുമായ വിദ്യാഭ്യാസമെന്നാൽ ഉപകരണങ്ങൾക്കും പുത്തൻസാങ്കേതിക വിദ്യയ്ക്കും മേലുള്ള

നിയന്ത്രണമാണ് അഥവാ അവ കൈകാര്യം ചെയ്യുന്നതിനുള്ള സ്കിൽ ആണ്. പുത്തൻസാങ്കേതിക വിദ്യയും പുത്തൻ ഉപകരണങ്ങളും അടിസ്ഥാനപ്പെടുത്തി ഉല്പാദനമേഖല നവീകരിക്കപ്പെടുമ്പോൾ പുറന്തള്ളപ്പെടുന്നതിലേക്കാണ് ഇന്നത്തെ സ്ഥിതിവിശേഷം സ്ത്രീയെ കൊണ്ടെത്തിക്കുന്നത്. ഔപചാരിക വിദ്യാഭ്യാസ സംവിധാനങ്ങളിൽ കൂടി മാത്രമല്ല പുരുഷൻ ഉപകരണങ്ങളുടെയും യന്ത്രങ്ങളുടെയും മേൽ നിയന്ത്രണം കൈവരിക്കുന്നതിനുള്ള പരിശീലനം നേടുന്നത്. ഗ്രാമത്തിലെ വിവിധ മേഖലകളിൽ പണിയെടുക്കുന്ന ടെക്നീഷ്യൻമാരിൽ നിന്നുമാണ് പ്രധാനമായും ഇതു സ്വായത്തമാക്കുന്നത്. ഓട്ടോ മൊബൈൽ വർക്ക്ഷോപ്പ്, വെൽഡിംഗ് വർക്ക്ഷോപ്പ് തുടങ്ങിയവയൊക്കെ ഉദാഹരണം. ഇവിടെയെല്ലാം സ്ത്രീക്ക് അയിത്തം കല്പിച്ചിരിക്കുന്ന സ്ഥിതിവിശേഷം നമ്മുടെ ഗ്രാമത്തിലും കാണാം.

വിദ്യാഭ്യാസ നിലവാരം

പട്ടിക 1

	നിരക്ഷരർ	നവസാക്ഷരർ	SSLC യ്ക്കു താഴെ	SSLC	ബിരുദം	PG	ടെക്നിക്കൽ/പ്രൊഫഷണൽ
സ്ത്രീ	401	461	6885	2265	432	90	189
പുരുഷൻ	240	227	5382	2536	469	107	387

Socio Economic Survey 96

ലഭ്യമായത്രയും ആളുകളുടെ വിശദാംശങ്ങളാണ് ചേർത്തിരിക്കുന്നത്. പൊതുചിത്രം ലഭിക്കുവാൻ പര്യാപ്തമാണിത്. നിരക്ഷരരിൽ 62.6% പേർ സ്ത്രീകളാണ്. അതേസമയം നവസാക്ഷരരിൽ 67% പേരും സ്ത്രീകളാണ്. വളരെ ബോധപൂർവ്വം നടത്തിയ സാക്ഷരതായജ്ഞത്തിലൂടെ സാക്ഷരരായവരിൽ 67% പേരും സ്ത്രീകളാണെന്നത് വളരെ ശ്രദ്ധേയമാണ്.

ഈ പഞ്ചായത്തിലെ ഏക ഹൈസ്കൂൾ ലൂഥറൻ HS ആണ്. ഹൈസ്കൂൾ ക്ലാസുകളിൽ 759 പെൺകുട്ടികളാണ് പഠിക്കുന്നത്. എന്നാൽ അടച്ചുറപ്പുള്ളതും വൃത്തിയുള്ളതുമായ ഒരു മൂത്രപ്പുര പോലും ഈ സ്കൂളിനില്ല. കൊഴിഞ്ഞുപോക്ക് പഞ്ചായത്തിലെ സ്കൂളുകളിൽ നാമമാത്രമാണ്. പെൺകുട്ടികൾ കൊഴിഞ്ഞുപോകുന്നില്ല എന്നാണ് കണക്കുകൾ കാണിക്കുന്നത്. ഇതു മറ്റു പല പഞ്ചായത്തുകളിൽ നിന്നും വ്യത്യസ്തമായ ഒരു ചിത്രമായിരിക്കും (വിശദാംശങ്ങൾ വിദ്യാഭ്യാസത്തിൽ)

തൊഴിൽ

തൊഴിൽ പങ്കാളിത്തം വ്യക്തമാക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു. തൊഴിലിന്റെ കാര്യത്തിൽ നിലനില്ക്കുന്ന സ്ത്രീപുരുഷ വ്യത്യാസം മനസ്സിലാക്കുവാൻ പട്ടിക സഹായകരമായിരിക്കും.

തൊഴിൽ പങ്കാളിത്തം

പട്ടിക 2

മേഖല	സ്ത്രീ	പുരുഷൻ
കർഷകൻ	24	69
കർഷകത്തൊഴിലാളി	369	394
മൃഗസംരക്ഷണ		
മത്സ്യബന്ധനം	31	490
ഖനനം	..	15
കുടിൽ വ്യവസായം	1023	376
മറ്റു വ്യവസായങ്ങൾ	574	1689
കെട്ടിടനിർമ്മാണം	29	337
വ്യാപാരം	135	827
ഗതാഗതം		
വാർത്താവിനിമയം	34	495
മറ്റുള്ളവർ	375	702
(കനേഷുമാരി 91)		

സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തനിരക്ക് വളരെ താഴ്ന്നതാണെന്ന് കണക്കുകൾ വ്യക്തമാക്കും. കർഷകത്തൊഴിലാളികളുടെ എണ്ണത്തിൽ മാത്രമാണ് ഏകദേശ തുല്യത കാണിക്കുന്നത്. പഞ്ചായത്തിലെ കൃഷിയിടങ്ങളിൽ ലഭിക്കുന്ന തൊഴിൽകൊണ്ടല്ല ഇവർ ഈ നിലയ്ക്ക് തുടരുന്നത്. ബഹുഭൂരിപക്ഷവും കുട്ടനാടൻ പാടശേഖരങ്ങളിലാണ് പണിയെടുക്കുന്നത്. കാർഷിക രംഗത്തുണ്ടായ മാന്ദ്യം ഏറെ ബാധിച്ചത് സ്ത്രീയെയാണ്. മറ്റൊരു തൊഴിൽ മേഖലയിലും അവൾക്ക് പ്രാമുഖ്യം ലഭിക്കുന്നില്ല എന്നു കാണാം. വ്യവസായങ്ങളിലെ സ്ത്രീപങ്കാളിത്ത നിരക്ക് വളരെ മോശമാണെന്ന് പട്ടിക വ്യക്തമാക്കുന്നു.

തൊഴിൽ സംബന്ധമായ രണ്ടു പട്ടികകൾ കൂടി ചേർക്കുന്നു. 96ൽ പഞ്ചായത്തിൽ നർത്തിയ Socio Economic Survey യുടെയും കയർ ഫാക്ടറി സർവ്വേയുടെയും അടിസ്ഥാനത്തിൽ ലഭിച്ച വിവരങ്ങളാണ് പട്ടികയിൽ ചേർത്തിരിക്കുന്നത്.

തൊഴിൽ പങ്കാളിത്തം (പട്ടിക 2)

തൊഴിൽ പങ്കാളിത്തം (പട്ടിക 2)

മേഖല	സ്ത്രീ	പുരുഷൻ
സ്വയം തൊഴിൽ		
കൃഷി	126	452
കാർഷികേതരം	243	673
ശമ്പളജോലി	575	1143
കൂലിപ്പണി	813	3205
കുടുംബഭരണം	4457	361

കാർഷിക മേഖലയിൽ നിന്നും പുറന്തള്ളപ്പെട്ട പുരുഷൻ കൂലിപ്പണിയിൽ എത്തിച്ചേർന്നിരിക്കുന്നു എന്നുവേണം അനുമാനിക്കാൻ. ആര്യാടിനെ സംബന്ധിച്ചിടത്തോളം കൂലിപ്പണി എന്നത് പ്രധാനമായും കയർ ഫാക്ടറി ജോലിയാണ്. സ്ത്രീയാകട്ടെ എത്തിപ്പെട്ടത് 'കുടുംബഭരണ'ത്തിലേക്കാണ് ഇതിൽ ഭരണം എന്നത് ആലങ്കാരികമായ ഒരു പദപ്രയോഗം മാത്രം. വീടിനുള്ളിലെ കാണാപ്പണികളിലേക്കും അസ്വാതന്ത്ര്യത്തിന്റെ ഇരുട്ടറയിലേക്കും സ്ത്രീ വലിച്ചെറിയപ്പെട്ടിരിക്കുന്നു.

പട്ടിക 4
കയർ ഫാക്ടറി തൊഴിൽ

	എണ്ണം
സ്ത്രീ	681
പുരുഷൻ	1990

മൊത്തം ജനസംഖ്യയുടെ 11% പേർ കയർ ഫാക്ടറികളിൽ തൊഴിൽ ചെയ്യുന്നു. എന്നാൽ സ്ത്രീ ജനസംഖ്യയുടെ 5.56% മാത്രമാണ് കയർ മേഖലയിൽ പണിയെടുക്കുന്നത്. പുരുഷന്മാരുടെ 16.9% കയർ ഫാക്ടറികളിലാണ്.

വ്യത്യസ്ത തൊഴിൽ മേഖലകളിൽ നിലനില്ക്കുന്ന കൂലി വ്യതിയാനം സ്ത്രീകൾക്കെതിരായ വിവേചനത്തിന്റെ ചിത്രം വരച്ചുകാട്ടും.

കൂലി വ്യത്യാസം
പട്ടിക 5

മേഖല	സ്ത്രീ	പുരുഷൻ
കാർഷികം	4550	75-80
കയർ	2530	80-85
നിർമ്മാണം		
കോൺക്രീറ്റ്	70	100
കരിങ്കൽചുമട്	78	83

കൂലിവ്യത്യാസം രണ്ടുതരത്തിലുള്ളതാണ്. ഒരേ ജോലിക്ക് സ്ത്രീക്ക് വളരെ കുറഞ്ഞ കൂലികൊടുക്കുന്നരീതിയാണ് ഒന്ന്. ട്രേഡ് യൂണിയനുകളും സർക്കാരും. കോൺട്രാക്ടമാരും ചേർന്നിരുന്ന് ഉണ്ടാക്കുന്ന കരാറിന്റെ അടിസ്ഥാനത്തിലാണ് ഈ കൂലി (Agreed wage) തീരുമാനിച്ചിരിക്കുന്നത് എന്നതാണ് ഏറെ അത്ഭുതാവഹം. സ്ത്രീയ്ക്കെതിരായ ഈ അനീതി സ്ഥാപനവൽക്കരിക്കപ്പെട്ടിരിക്കുന്നു എന്നർത്ഥം. ഈ കൊടിയ പീഢനത്തെ ഏറ്റവും ന്യായമായ ഒന്നാക്കി മാറ്റിത്തീർക്കത്തക്കവിധം എന്തു കുഴപ്പമാണ് നമ്മുടെ പ്രസ്ഥാനങ്ങൾക്ക് പറ്റിപ്പോയതെന്ന് പരിശോധിക്കപ്പെടണം.

ഓരോ മേഖലയിലും അവിദഗ്ദ്ധ തൊഴിലുകളിൽ സ്ത്രീയെ തളച്ചിട്ടുകൊണ്ട് കുറഞ്ഞ വരുമാനം മാത്രം ലഭ്യമാക്കുന്നരീതിയാണ് മറ്റൊന്ന്. ഇവിടെയും ചെയ്യുന്ന ജോലിക്ക് അദ്ധ്വാനശേഷിയുടെ പുനരുൽപ്പാദനത്തിനാവശ്യമായത്ര കൂലിപോലും കൊടുക്കാറുമില്ല. കയർ മേഖലയിൽ ചകിരിയടി, കയർ പിരിച്ചുകുത്ത്, കറ്റതിരിയൽ എന്നീ അവിദഗ്ദ്ധ തൊഴിലുകളിലാണ് സ്ത്രീയെ കെട്ടിയിട്ടിരിക്കുന്നത്. കയർ തറികളിൽ തടുക്കു നെയ്യുന്ന ജോലി ഈ പഞ്ചായത്തിൽ ഒരു സ്ത്രീയും ചെയ്യുന്നില്ല. അത് തികഞ്ഞ സ്വാഭാവികതയായിട്ടാണ് സമൂഹം കാണുന്നത്. കമ്പി കാർപ്പറ്റ് നെയ്ത്ത് സ്ത്രീ ചെയ്യുന്നുണ്ട്. കുറഞ്ഞ കൂലിയേ കൊടുക്കുവാൻ കഴിയൂ എന്നതാണ് സ്ത്രീയെ ഇതേല്പിക്കുവാൻ കാരണം. കെട്ടിടനിർമ്മാണ മേഖലയിൽ മേസ്തിരി (Mason) പണി ചെയ്യുന്ന ഒരു സ്ത്രീയും പഞ്ചായത്തിലില്ല. സിമന്റ് കൂട്ടുക, കല്ലുചുമന്ന് മുകളിൽ എത്തിച്ചുകൊടുക്കുക തുടങ്ങിയ ശാരീരികാദ്ധ്വാനം കൂടുതലാവശ്യമുള്ള പണികളാണ് ഈ മേഖലയിൽ സ്ത്രീ ചെയ്യുന്നത്. അനവധി മേഖലകളിൽ ഈ പ്രവണത നിലനില്ക്കുന്നത് കാണാം.

നിരവധി തൊഴിൽമേഖലകളിൽ നിലനില്ക്കുന്നതൊഴിൽ നിഷേധമാണ് മറ്റൊരു പ്രശ്നം. കേരളാസ്പിന്നേഴ്സിൽ സ്ത്രീ തൊഴിലാളികളെ പുതുതായി നിയമിക്കുന്നില്ല. വയറിംഗ്, പ്ലംബിംഗ്, ഇലക്ട്രോണിക് സർവ്വീസിംഗ്, വാഹന റിപ്പയറിംഗ്, ഫോട്ടോഗ്രാഫി തുടങ്ങിയ മേഖലകളിൽ നിന്നെല്ലാം സ്ത്രീയെ അകറ്റി നിർത്തിയിരിക്കുന്നതുകാണാം. പല പരമ്പരാഗത തൊഴിലുകളുടെയും സാധ്യത അടയുമ്പോൾ സ്ത്രീ പറിച്ചെറിയപ്പെടുന്ന സ്ഥിതി വിശേഷമാണുള്ളത്. ഉദാ: തഴപ്പായ നെയ്ത്ത്, കടപ്പുറം കയർ പിരി.

മത്സ്യമേഖലയിൽ വിപണനവുമായി ബന്ധപ്പെട്ടാണ് സ്ത്രീകൾ പണിയെടുക്കുന്നത്. ഈ സ്ത്രീകൾക്ക് മത്സ്യവുമായി ഏറെ യാത്ര ചെയ്യേണ്ട സ്ഥിതിയാണുള്ളത്. നേരത്തേയുണ്ടായിരുന്ന മത്സ്യഫെഡ് വനിതാസ്പെഷ്യൽ ബസുകൾ നിർത്തൽ

ചെയ്തിരിക്കുകയാണ്. ഇതു പുനസ്ഥാപിക്കപ്പെടുവാൻ ശ്രദ്ധവേണം.

സാമൂഹിക_രാഷ്ട്രീയപദവി

സ്ത്രീ നിർണ്ണായകപദവി കയ്യാളുന്ന ഒരു സാമൂഹ്യ_രഷ്ട്രീയ പ്രസ്ഥാനവും ഈ പഞ്ചായത്തിലുമില്ല. ട്രേഡ് യൂണിയൻ നേതൃത്വത്തിലും സ്ത്രീകളില്ല. സ്ത്രീകൾ പ്രധാന ഭാരവാഹികളായുള്ള ക്ലബുകൾ പോലും ആര്യാട് പഞ്ചയത്തിലില്ല. സ്ത്രീകൾ സാമൂഹിക പ്രവർത്തനത്തിന് തയ്യാറാകാത്തതാണ് കാരണം എന്നു കരുതാനാവില്ല.

പഞ്ചായത്തിൽ നടന്നിട്ടുള്ള വ്യത്യസ്ത പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം കാണിക്കുന്നു പട്ടിക ചുവടെ ചേർക്കുന്നു.

പട്ടിക 6

സന്നദ്ധ പ്രവർത്തനം സ്ത്രീപങ്കാളിത്തം

പ്രവർത്തനം	സ്ത്രീ	പുരുഷൻ
വിഭവഭൂപട നിർമ്മാണം	39	49
സാക്ഷരതാ പ്രവർത്തനം	08	37
പച്ചക്കറി പരിശീലനം	13	20
സാമൂഹിക സാമ്പത്തിക		
സർവ്വേ	624	426
കയർ ഫാക്ടറി സർവ്വേ	1	14

സാമൂഹിക പ്രവർത്തനങ്ങളിൽ സ്ത്രീകൾ പുരുഷന്മാരേക്കാൾ അധികമായി പങ്കെടുക്കുന്നതിന്റെ ചിത്രമാണ് പട്ടിക പ്രദാനം ചെയ്യുന്നത്. തുടർച്ചയായി ഒന്നിലധികം ദിവസം സാമൂഹിക പ്രവർത്തനങ്ങളിലേർപ്പെടുവാൻ സ്ത്രീകൾക്ക് മനസ്സും കഴിവുമുണ്ട് എന്നും പട്ടിക വ്യക്തമാക്കും. പിന്നെ എന്തുകൊണ്ട് വ്യത്യസ്ത പ്രസ്ഥാനങ്ങളുടെ നേതൃസ്ഥാനങ്ങളിലേക്ക് സ്ത്രീകൾ എത്തിപ്പെടുന്നില്ല? സ്ത്രീകൾക്ക് തുല്യപങ്കാളിത്തം നിയമപരമായിത്തന്നെ ഉറപ്പു വരുത്തിക്കൊണ്ടാണ് പഞ്ചായത്തു വികസന സമിതി രൂപീകരിച്ചിട്ടുള്ളത്. അയൽക്കൂട്ടം മുതൽ പഞ്ചായത്തു വികസന സമിതി വരെ ഉഷാറായി സ്ത്രീകൾ പ്രവർത്തനരംഗത്തുണ്ട് എന്നതും ചില്ലറ സൂചനകൾ നൽകുന്നുണ്ട്.

ആരോഗ്യരംഗത്തെ സ്ത്രീകളുടെ പ്രശ്നങ്ങൾ തിരിച്ചറിയാൻ പാകത്തിലുള്ള വിവരങ്ങൾ പഞ്ചായത്തിൽ ലഭ്യമല്ല. PHCയിൽ സ്ത്രീകൾക്കാവശ്യമായ യാതൊരു സൗകര്യവുമില്ല. കോളറ തുടങ്ങിയ പകർച്ച വ്യാധികൾ കഴിഞ്ഞ ഒന്നുരണ്ടു വർഷമായി തിരികെ വന്നു തുടങ്ങിയിട്ടുണ്ട്. ഇത്തരം വ്യാധികൾ ഏറ്റവും അധികം പിടികൂടുന്നത് സ്ത്രീകളെയാണ്. മാതൃമരണ നിരക്ക് ശിശുമരണനിരക്ക് തുടങ്ങിയ സൂചകങ്ങളെടുത്തു പരിശോധിച്ചാൽ പഞ്ചായത്തു സംസ്ഥാന ചിത്രത്തിൽ നിന്നും വ്യത്യസ്തമല്ല. സ്ത്രീകളുടെ ആയുർദൈർഘ്യം പഞ്ചായത്തിലും കുടുതലാണ്. പ്രായഗ്രൂപ്പുതിരിച്ച് 'ജനപ്രകൃതി'യിൽ കൊടുത്തിരിക്കുന്ന പട്ടികയിൽ നിന്നും ഇതു വ്യക്തമാകും.

പഞ്ചായത്തിൽ ഒരു വനിതാ വ്യവസായ യൂണിറ്റുപോലും പ്രവർത്തിക്കുന്നില്ല. ഉണ്ടായിരുന്ന ഒരു വനിതാ വാദി യൂണിറ്റു പ്രവർത്തനരഹിതമായി. സ്വയം തൊഴിൽപദ്ധതിപ്രകാരം സ്ത്രീകൾക്ക് കാര്യമായി വായ്പ കിട്ടുന്നില്ല എന്നാണ് കാണുന്നത്. ഒറ്റ DWCRA യൂണിറ്റും പഞ്ചായത്തിൽ പ്രവർത്തിക്കുന്നില്ല. സാധ്യതയുള്ള തുറകളിലേക്ക് സ്ത്രീകൾ സംരംഭകരായി കടന്നുവരാൻ പാകത്തിൽ യാതൊരു പരിശീലനവും അവർക്ക് ലഭിക്കുന്നില്ല. വായ്പാ ലഭ്യതയും സ്ത്രീകൾക്ക് കുറവാണ്. സ്ത്രീയ്ക്കെതിരായ ശാരീരിക പീഢനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടാത്തതാണോ എന്നു പരിശോധിക്കണം. സ്ത്രീധനവും ആഢംബര വിവാഹവും പഞ്ചായത്തിലാകെ വ്യാപകമണാ്. സ്ത്രീധനം അലോസരങ്ങളും അപസ്വരങ്ങളും ഉണ്ടാക്കുന്ന കുടുംബങ്ങളുമുണ്ട്.

നിർദ്ദേശങ്ങൾ

1. **സ്ത്രീകളുടെ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ** സ്ത്രീകൾ അവിദഗ്ദ്ധ തൊഴിലുകളിൽ തളച്ചിടപ്പെട്ടിരുന്ന രീതിയ്ക്ക് അവസാനം ഉണ്ടാകണം. ചകിരിത്തടുക്ക് നെയ്തു, മേസ്തിരിപ്പണി, ആശാരിപ്പണി, ഇലക്ട്രോണിക് സർവ്വീസിംഗ്, വയറിംഗ്, പ്ലംബിംഗ് ഇവയിലൊക്കെ സ്ത്രീകൾക്ക് പരിശീലനം നൽകുവാനുള്ള പദ്ധതി ആവിഷ്ക്കരിക്കണം. പഞ്ചായത്തിൽ നിലവിലുള്ള വർക്ക്ഷോപ്പുകൾ, സർവ്വീസിംഗ് സെന്ററുകൾ എന്നിവയുമായി Link ചെയ്തു ഇത്തരം പരിശീലന പരിപാടിക്ക് പഞ്ചായത്ത് നേതൃത്വം നൽകണം.

2. സ്ത്രീകൾക്കായി വ്യവസായ യൂണിറ്റുകൾ ആരംഭിക്കുക, ഇലക്ട്രോണിക് വസ്തുക്കൾ, ഇലക്ട്രിക് ഉപകരണ നിർമ്മാണം തുടങ്ങിയവയ്ക്കൊക്കെ പ്രാധാന്യം നൽകണം. പുത്തൻസാങ്കേതിക വിദ്യയിലധിഷ്ഠിതമായ തൊഴിലുകളിന്മേൽ സ്ത്രീക്ക് നിയന്ത്രണം ലഭിക്കുക എന്നതും കൂടി ലക്ഷ്യമായിരിക്കണം. വനിതാ വ്യവസായ യൂണിറ്റ് എന്നാൽ അച്ചാർ, റെഡി മെയ്ഡ് എന്നതരത്തിലാകരുത്. ലാഭകരമായതും നിലനില്ക്കുന്നതുമായ വ്യവസായ പ്രോജക്ടുകളിൽ വനിതകൾക്ക് പരിശീലനം.

3. വികസന സമിതിയുടെ ഭാഗമായി നിലനില്ക്കുന്ന അയൽക്കൂട്ടങ്ങളിൽ വനിതാ കൂട്ടായ്മ

ഉണ്ടാകണം. സ്ത്രീകൾക്കെതിരായ നീക്കങ്ങളെ ചെറുക്കുന്നതിനുള്ള ജാഗ്രതാ സംഘങ്ങളായി അയൽക്കൂട്ടങ്ങൾ മാറണം. ഇതിനാവശ്യമായ ചർച്ചകൾ ഉടൻ ആരംഭിക്കണം.

4. പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ സ്ത്രീകൾക്കാവശ്യമായ സൗകര്യങ്ങൾ ഉണ്ടാകണം. ആഴ്ചയിൽ രണ്ടുദിവസമെങ്കിലും വനിതാ ഡോക്ടർ PHCയിൽ എത്തുവാനുള്ള സംവിധാനം ഉണ്ടാക്കണം.

5. ലൂഥറൻ HSൽ പെൺകുട്ടികൾക്കാവശ്യമായ പ്രാഥമിക സൗകര്യങ്ങൾ ഉണ്ടാക്കുക.

6. തൊഴിൽരംഗത്തെ കൂലിവ്യത്യാസം അവസാനിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനം

7. കേരളാ സ്പിന്നേഴ്സിൽ സ്ത്രീകൾക്കെതിരായി നിലനില്ക്കുന്ന തൊഴിൽ നിഷേധം അവസാനിപ്പിക്കുന്നതിനാവശ്യമായ പ്രവർത്തനം

8. സാമൂഹിക രാഷ്ട്രീയ ട്രേഡ് യൂണിയൻ സംഘടനകളിൽ സ്ത്രീകൾക്ക് നിർണ്ണായകമായ അംഗീകാരം ലഭിക്കുവാൻ വേണ്ട സമ്മർദ്ദങ്ങൾ.

9. സ്ത്രീധന സമ്പ്രദായത്തിനെതിരായ സാമൂഹിക മുന്നേറ്റം.

10. ആഢംബരവിവാഹങ്ങൾക്ക് നികുതി ഏർപ്പെടുത്തുക.

11. ചാരായം പൂർണ്ണമായും നിരോധിക്കുക. വ്യാജചാരായ വിരുദ്ധ സമിതികൾ.

12. സ്ത്രീകൾ കുടുംബ നാഥകളായിട്ടുള്ള കുടുംബങ്ങൾക്ക് പ്രത്യേക പരിഗണന നൽകുക.

13. വായനശാലകളിൽ പ്രത്യേക സമയം ഏർപ്പെടുത്തുക.

14. സ്ത്രീകളെ മോശമായി ചിത്രീകരിക്കുന്ന സിനിമകളും പരസ്യങ്ങളും പഞ്ചായത്തിൽ അനുവദിക്കില്ല എന്നു തീരുമാനിക്കുക.

15. വേശ്യാവൃത്തിയും മറ്റും തൊഴിലായി സ്വീകരിച്ചിരിക്കുന്നവർക്ക് മറ്റു തൊഴിൽ സംരംഭങ്ങൾ ഉണ്ടാക്കിക്കൊടുക്കുക.

16. വൃദ്ധജനങ്ങളുടെ സംരക്ഷണ മാർഗ്ഗങ്ങൾ ഉണ്ടാക്കണം.

17. പെൺകുട്ടികൾക്ക് സൈക്കിൾ പരിശീലനത്തിന് അവസരം വേണം.

5.1

കിഴക്ക് വേമ്പനാട്ടുകായലും പടിഞ്ഞാറ് നാഷണൽ ഹൈവേയും അരൂക്കുറ്റിയും വടക്ക് മുഹമ്മതോടും തെക്ക് ആലപ്പുഴ ടൗണിന്റെ വടക്കേ അതിർത്തിയിൽ കിഴക്കുപടിഞ്ഞാറുള്ള റോഡും അതിരിടുന്നതാണ് ഇവിടത്തെ ഭൂപ്രദേശം. 6.8 സ്ക്വയർ കിലോമീറ്റർ വിസ്തീർണ്ണമുള്ള ഈ പ്രദേശത്തിന്റെ കായലോരപ്രദേശം ചതുപ്പും ബാക്കിയുള്ളഭാഗം ചെമ്മണലുമാണ്. മുഖ്യകൃഷി തെങ്ങ്, നെല്ല്, വാഴ, മരച്ചീനി, പയറുവർഗ്ഗങ്ങൾ, പച്ചക്കറി മുതലായവയാണ്. പഴയകാലത്ത് ജനങ്ങളുടെ മുഖ്യജീവനോപാധി കൃഷിയും അതുമായി ബന്ധപ്പെട്ട മറ്റ് തൊഴിൽമേഖലയുമായിരുന്നു.

ഭൂപ്രദേശത്തിന്റെ ഏറ്റവും കൂടിയ സമുദ്രനിരപ്പിൽ നിന്നുമുള്ള ഉയരം മൂന്നു മീറ്ററും കായലോരപ്രദേശം ഒരു മീറ്ററുമാണ്. ഇവിടത്തെ എല്ലാ പ്രധാനതോടുകളും കായലുമായി ബന്ധപ്പെട്ടുകിടക്കുന്നു. ഭൂരിഭാഗം ഭൂഉടമകളും 50 സെന്റിനു താഴെ ഭൂമിയുള്ളവരാണ്. ഇതുപോലെ ആളോഹരി കൃഷിഭൂമി സംസ്ഥാനത്തിന്റേത് 0.07 ഹെക്ടറാണെങ്കിൽ പഞ്ചായത്തിന്റേത് 0.03 ആണ്.

ആദ്യകാലത്ത് കൂടുതൽ പരിചരണവും ശ്രദ്ധയും നൽകിയിരുന്നത് നെല്ലിനും തെങ്ങിനുമായിരുന്നു. പൂർണ്ണമായും മഴയെ ആശ്രയിച്ചുമാത്രമാണ് നെൽകൃഷി നടത്തിയിരുന്നത്. അക്കാലത്ത് പ്രധാന നെല്ലിനങ്ങൾ മുണ്ടകൻ, വിരുപ്പ്, അതിക്രാഴി തുടങ്ങിയവയായിരുന്നു. 6,7 മേനി മാത്രമേ വിളവു ലഭിച്ചിരുന്നുള്ളുവെങ്കിലും ഒട്ടുമുക്കാൽ കർഷകരും വിരിപ്പും മുണ്ടകനും ഒന്നിച്ചു കൃഷിയറിക്കി രണ്ടുപൂ വിളവെടുപ്പു നടത്തുന്ന ഒരു സവിശേഷരീതിയായിരുന്നു അവലംബിച്ചിരുന്നത്.



കൃഷിയും ജലസേചനവും

നെല്ലിനേക്കാൾ കൂടുതൽ ആദായകരമായിരുന്ന തെങ്ങുകൃഷിയിലാണ് ആദ്യകാലത്ത് കർഷകർ കൂടുതൽ ശ്രദ്ധിച്ചുപോന്നത്. വിത്തുതേങ്ങ തിരഞ്ഞെടുക്കുന്നതിലും നടുന്നതിലും പരിചരിക്കുന്നതിലുമെല്ലാം പ്രത്യേക ശ്രദ്ധനൽകിയിരുന്നതിനാൽ തെങ്ങിൽനിന്നുമുള്ള ആദായം പൊതുവെ മെച്ചമായിരുന്നു. അന്ന് തെങ്ങുകൃഷി രോഗവിമുക്തമായിരുന്നു. ഇന്നത്തെക്കാൾ അദ്ധ്വാനശീലരായ കൃഷിക്കാർ ആഴ്ചയിൽ കുറഞ്ഞത് മൂന്നുദിവസം കുടങ്ങളുപയോഗിച്ച് ആവശ്യാനുസരണം ജലസേചനവും നടത്തിയിരുന്നു. ജലസേചനത്തിന് ആശ്രയിച്ചിരുന്ന കുളങ്ങൾ എല്ലാവർഷവും കൃത്യമായി വെട്ടി അതിൽനിന്നും ലഭിക്കുന്ന ജൈവസമൃദ്ധമായ മണ്ണ് തെങ്ങിൻ തോപ്പുകളിൽ നിക്ഷേപിച്ചിരുന്നതുമൂലം ഉല്പാദനക്ഷമത ഉയർന്നതായിരുന്നു; ഇവിടെ കൃഷികളും സമൃദ്ധ

"മായിരുന്നു. കുരുട്ടുപിണ്ടാളൻ_കണ്ടിചേമ്പ്, വാകചേമ്പ്, താമരക്കണ്ണൻ എന്നീ ചേമ്പിനങ്ങളും ചെറുകിഴങ്ങ്, നനകിഴങ്ങ്, മുക്കിഴങ്ങ്, വടക്കൻ ചെറുവള്ളി, ഇറച്ചിമേക്ക, എലിവാലൻ മേക്ക, കൂടക്ക, മധുരക്കിഴങ്ങ്, മരച്ചീനി തുടങ്ങിയ കിഴങ്ങുവർഗ്ഗങ്ങളും പാളയൻകോടൻ, പഞ്ചവൻ, ഞാലിപ്പൂവൻ, കാളി, കപ്പക്കാളി മുതലായയിനം വാഴകളും പതിനെട്ടുമണിയൻ, കുലമറിയൻ തുടങ്ങിയ പയറുവർഗ്ഗങ്ങളും പഞ്ഞപ്പുല്ലുമാണ് അക്കാലത്ത് വ്യാപകമായി കൃഷിചെയ്തിരുന്ന ഇടവിളകൾ.

ഈ പ്രദേശത്തെ നാളികേര ഉല്പാദനത്തിൽ നിന്നുമുള്ള തൊണ്ട് മുഴുവനും ഇവിടെതന്നെ ചകിരിയാക്കി രാത്രികാലങ്ങളിൽ സ്ത്രീകൾ കയറുപിരിച്ചിരുന്നു.

തെങ്ങുകൃഷിയെ ആശ്രയിച്ച് വളർന്നുവന്ന ഒരു പരമ്പരാഗത വ്യവസായമാണ് കള്ളുചെത്ത്. നമ്മുടെ ഗ്രാമത്തിന്റെ സാമ്പത്തികനിലയെ സാരമായി സ്വാധീനിച്ച ഈ പരമ്പരാഗത വ്യവസായ വ്യാപകമായ തെങ്ങുരോഗംമൂലം ഇന്ന് തകർച്ചയുടെ വക്കത്താണ്.

1956 ഓടുകൂടിയാണ് ആലപ്പുഴ ജില്ലയിലുള്ള നമ്മുടെ ഗ്രാമത്തിലും എൻ. ഇ. എസ്. ബ്ളോക്കു മുഖേന ഇപ്പാൻ മാതൃകയിലുള്ള കടുംകൃഷി സമ്പ്രദായത്തിന്റെ ആരംഭം. കുറഞ്ഞ സ്ഥലത്തുനിന്നും വർദ്ധിച്ചതോതിലുള്ള ഉല്പാദനമാണ് ഈരീതിയുടെ ലക്ഷ്യം. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളുടെയും രാസവളങ്ങളുടെയും ഉപയോഗമാണ് ഇതിന്റെ സവിശേഷത. ഇത്തരത്തിൽ കൃഷി ചെയ്ത മാതൃകാ പച്ചക്കറിത്തോട്ടങ്ങളും നെൽപ്പാടങ്ങളും ഗ്രാമത്തിന്റെ പലഭാഗങ്ങളിലും നിലവിൽ വന്നു. ഉല്പാദനരംഗത്ത് പെട്ടെന്നൊരു വർദ്ധന ഇതുമൂലം ദൃശ്യമായി. ഇതിനാവശ്യമായ വിത്തുകളും രാസവളങ്ങളും മറ്റു കൃഷിചെലവുകളും എൻ. ഇ. എസ്. ബ്ളോക്കുകൾ വഴി നൽകിയാണ് ഇതു പ്രചരിപ്പിച്ചിരുന്നത്. 1960 കൾക്കുശേഷം ദേശീയമായി പ്രചാരത്തിൽവന്ന ഹരിതവിപ്ലവവും "ഇയ്കിസാൻ" എന്ന മുദ്രാവാക്യത്തിന്റെ സ്വാധീനവും നമ്മുടെ ഗ്രാമത്തിലും ഉണ്ടാകാതിരുന്നില്ല. അതോടെ കാർഷികരംഗത്തെ നവീന സമ്പ്രദായം കൂടുതൽ പ്രചാരത്തിലായി. നെല്ലനിങ്ങളിൽ ഐ. ആർ. 8, തൈവാൻ 3 എന്നീ അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളും T x D എന്ന സങ്കരയിനം തെങ്ങിൻതൈകളും നാട്ടിൽ കൂടുതൽ പ്രചാരണത്തിലായി. M4 എന്ന മേൽത്തരം മരച്ചീനിയും ഒട്ടുമാവിനങ്ങളും ഈ കാലഘട്ടംമുതലാണ് നമ്മുടെ ഗ്രാമത്തിൽ പ്രചാരത്തിലായത്. നെൽകൃഷിക്കനുപേക്ഷണീയമായ ജലസാമീപ്യം വർഷം മുഴുവൻ നിലനിർത്താൻ പറ്റാത്ത "കരപാടങ്ങൾ" ആണ് നമ്മുടേത്. ചെളികലർന്ന പശിമരാശി മണ്ണ് അശേഷം നമ്മുടെ പാടങ്ങൾക്കില്ല. അതിനാൽ രാസവളം പ്രയോഗിച്ചുള്ള നവീനതരം വിത്തകുളുടെ കൃഷി അപ്രായോഗികമായതിനാൽ ഇപ്പാൻ മാതൃക അധികനാൾ നിലനിന്നില്ല. കൂടുതൽ ലാഭകരമായ മറ്റു കരകൃഷികളിൽ ശ്രദ്ധതിരിഞ്ഞതോടെ നെൽകൃഷി ഏതാണ്ട് നമ്മുടെ ഗ്രാമത്തിൽ നിന്നും അപ്രത്യക്ഷമായി. ഈ കാലഘട്ടങ്ങളിൽ ഗ്രാമസേവകനാണ് കൃഷി ഉദ്യോഗസ്ഥൻ. തുടർന്ന് പഞ്ചയാത്തുകൾ തോറും നിലവിൽവന്ന കൃഷിഭവൻ കാർഷികരംഗം കൂടുതൽ സജ്ജീവമാക്കുന്നതിന് സഹായിച്ചു.

ദേശീയ കാർഷിക പക്ഷാചരണത്തിന്റെ ഭാഗമായി 4-6-85 ൽ ആര്യാട് ഫാർമേഴ്സ് ക്ലബ് ഔപചാരികമായി ഉദ്ഘാടനം ചെയ്യപ്പെട്ടു. ഇതേതുടർന്ന് കൃഷിയിൽ താൽപ്പര്യമുള്ളവരെ കണ്ടുപിടിക്കാനും കൃഷിവ്യാപകമാക്കാനുമുള്ള ബോധപൂർവ്വമായ കൂട്ടായ പരിശ്രമങ്ങൾക്ക് തുടക്കം കുറിച്ചു. ഇതിന്റെ വിജയകരമായ തുടർച്ചയായിരുന്നു അന്നത്തെ നാലാം വാർഡിൽ നിലവിൽ വന്ന പച്ചക്കറികൂട്ടുകൃഷി. ഭൂടമയുടെ സമ്മതത്തോടെ വിവിധതുറയിൽ പണിയെടുക്കുന്ന കൃഷിയിൽ താൽപ്പര്യമുള്ള 20 പേർ തുടങ്ങിയതാണ് ഈ സംരംഭം. ഒത്തൊരുമയോടെയുള്ള അവരുടെ പ്രവർത്തനം നമ്മുടെ കാർഷികമേഖലയിൽ നവചൈതന്യം ഉണർത്തിവിടാൻ സഹായകമായി.

ഈ സംഘശ്രമത്തിന് പഞ്ചായത്ത് പ്രവർത്തിക്കുന്ന സർവ്വീസ് സഹകരണബാങ്ക് സഹായം നൽകുമെന്ന് പ്രതീക്ഷിച്ചത്. അസ്ഥാനത്തായി എന്ന കാര്യം പ്രത്യേകം സൂചിപ്പിക്കേണ്ടിയിരിക്കുന്നു. മൂന്നുവർഷം ഈ കൂട്ടുകൃഷി തുടർച്ചയായി നടത്താൻ പുറമേനിന്ന് യാതൊരു സമ്പാത്തിക സഹായവും ലഭിച്ചില്ല. എങ്കിൽപ്പോലും മൂന്നുവർഷവും വിജയകരമായി പദ്ധതി തുടരാൻ കഴിഞ്ഞത് അവരുടെ സേവന സന്നദ്ധതയും കൃഷിയോടുള്ള പ്രത്യേക താൽപ്പര്യവും കൊണ്ടുമാത്രമാണ്. ഇതിന്റെ ചുവടുപിടിച്ച് ഗ്രാമത്തിന്റെ മറ്റു പല ഭാഗങ്ങളിലും കൂട്ടുകൃഷി സംരംഭങ്ങൾ ആരംഭിച്ചത് നമ്മുടെ നാടിന്റെ കാർഷിക പുരോഗതിയെ ഏറെ സഹായിച്ചിട്ടുണ്ട്. തുടർന്ന് പഞ്ചായത്തിൽ നടന്ന ശ്രദ്ധേയമായ ഒരു കാർഷിക സംരംഭമായിരുന്നു 100 അടുക്കളത്തോട്ട നിർമ്മാണ പദ്ധതി. വീട്ടുമുറ്റത്തെ പച്ചക്കറികൃഷി പ്രചാരത്തിൽ വരാൻ ഈ സംരംഭം ഏറെ സഹായിച്ചു.

മുൻ മുഖ്യമന്ത്രിയായിരുന്ന സി. അച്യുതമേനോൻ നമ്മുടെ പഞ്ചായത്തിൽ നടന്ന കൂട്ടായ

കർഷകസംരംഭങ്ങളെ അഭിനന്ദിച്ചുകൊണ്ട് കർഷ കർക്കയച്ച സന്ദേശത്തിൽ കാർഷികവിളകൾക്ക് ജൈവവളങ്ങളുടെ പ്രാധാന്യം പ്രത്യേകം ഊ ന്നിപ്പറയുകയും രാസവളങ്ങൾ അമിതമായി ഉപ യോഗിക്കുന്നതിനെതിരെ വിരൽചൂണ്ടുകയും ചെ യ്തിരുന്നു.

ഓണത്തിന് 1000 ഏത്തക്കുല എന്ന ആകർ ഷകമായ മുദ്രാവാക്യവുമായി 1000 മേൽത്തരം നേന്ത്രവാഴ വിത്തുകളും വളവും കീടനാശിനിയും സൗജന്യനിരക്കിൽ വിതരണം ചെയ്തു. ഏറെ ക്കുറെ ലക്ഷ്യത്തിലെത്തിച്ചേർന്ന മറ്റൊരു കാർ ഷികസംരംഭമായിരുന്നു ഇത്.

1986 ലാണ് പട്ടുനൂൽ ഉൽപ്പാദനത്തിന് സ ഹായിക്കുന്ന മൾബറി കൃഷിയുടെ തോട്ടങ്ങൾ നമ്മുടെ പഞ്ചായത്തിൽ നിലവിൽവന്നത്. ഇന്ത്യൻ ഓവർസീസ് ബാങ്കിന്റെ സാമ്പത്തികസഹായം ഈ രംഗത്തെ കർഷകർക്ക് ഒരു താങ്ങായിരുന്നു. ഇതി ന്റെ പ്രാരംഭത്തിൽ കാർഷിക വ്യവസായരംഗത്തെ ഉന്നതരിൽ പലരും ഈ ഗ്രാമത്തിൽ സന്ദർശിച്ച് വേണ്ട പ്രേരണ മൾബറി കൃഷിക്കാർക്ക് നൽകി യിട്ടുണ്ട്. ഇവിടെ ഉല്പാദിപ്പിച്ച കൊക്കൂൺ ഗുണ മേന്മ ഏറിയതാണെന്ന് കേന്ദ്ര സിൽക്കുബോർ ഡ് അഭിപ്രായപ്പെട്ടിട്ടുണ്ട്. ദക്ഷിണേന്ത്യയിലെ മൾ ബറി കൃത്തക സംസ്ഥാനങ്ങളായ തമിഴ്നാടും കർ ണ്ണാടകയും ഈ കാർഷികവ്യവസായം കേരള ത്തിൽ വേരുന്നി അഭിവൃദ്ധിപ്പെടുന്നത് ഇഷ്ടപ്പെ ടുന്നില്ല എന്ന് അവരുമായുള്ള കാർഷിക വ്യാവ സായിക ബന്ധത്തിൽ നിന്നും മനസ്സിലാക്കാൻ കഴി ഞ്ഞിട്ടുണ്ട്. ആയതിനാൽ ഈ സംരംഭം തുടർച്ച യായി കൊണ്ടുപോകാൻ പല കർഷകർക്കും ക ഴിഞ്ഞില്ല. എങ്കിലും നമ്മുടെ പഞ്ചായത്തിൽ ചില കർഷകർ ഈ നാണ്യവിളകൃഷിയിൽ ഇപ്പോഴും തുടരുന്നു.

തെങ്ങുകൃഷിക്ക് അശാസ്ത്രീയമായി രാസ വളം പ്രയോഗിക്കുകയും മതിയായതോതിൽ ജൈ വവളം പ്രയോഗിക്കാതിരിക്കുകയും ചെയ്ത സാ ഹചര്യത്തിൽ ഉല്പാദനം കുറഞ്ഞുവരാൻ തുടങ്ങി. കാറ്റുവീഴ്ചരോഗം വ്യാപകമായതോടെ അവസ്ഥ രൂക്ഷമായി. ഇതു പരിഹരിക്കാൻ സ്വീകരിച്ച സർ ക്കാർ സംവിധാനങ്ങളും വേണ്ടത്ര വിജയിച്ചില്ല. തെങ്ങുകൃഷി ആദായകരമല്ലാതെ വന്നപ്പോൾ ഇ തിൽനിന്നും മറ്റുരംഗങ്ങളിലേക്ക് ശ്രദ്ധതിരിച്ചതോ ടെ ഗ്രാമത്തിൽ നിലവിലിരുന്ന പ്രമുഖ വിളക ളായ തെങ്ങിന്റെയും നെല്ലിന്റെയും കൃഷിഗുരുത രമായ പ്രതിസന്ധിയെ നേരിടാൻ തുടങ്ങി. ഇന്ന് തെങ്ങുകൃഷി ഏതാണ്ട് ഉപയോഗിക്കപ്പെട്ട അവ സ്ഥയിലാണ്. യാതൊരുവിധ പരിപാലനവും നടക്കുന്നില്ല. ആര്യാട് സർവ്വീസ് സൊസൈറ്റിയി ലെ പ്രതിവർഷ രാസവളവില്പന അഞ്ചുടണ്ണിൽ താഴെമാത്രമാണ്.

തെങ്ങിൽനിന്നും കിട്ടുന്ന നാളികേരത്തിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു.

പട്ടിക 1

വിളവിസ്തീർണ്ണം	569 ഹെക്ടർ
ആകെ ഉല്പാദനം	(പ്രതിവർഷം) 649894
ഉല്പാദനക്ഷമത	1142/hecter/year
സംസ്ഥാനശരാശരി	5888/ha/year
ദേശീയശരാശരി	7032/ha/year

(Socio Economic Survey 96)
Economic Review '95

കൃഷിഭവൻ ശരാശരി രേഖകൾ
വിളവിസ്തീർണ്ണം

പട്ടിക 2

തെങ്ങ്	569 ഹെക്ടർ
നെല്ല്	11.7
വാഴ	6.1
കപ്പ	10.38
പച്ചക്കറി	31.5
കുരുമുളക്	4.6
പയറ്	14.8
കുറ്റിമുല്ല	1.5
മാവ്	3.03
കൈതച്ചക്ക	2.5

(കൃഷിഭവൻ രേഖകൾ)

തെങ്ങിന്റെ ഉല്പാദനക്ഷമത പട്ടിക ഒന്നിൽ കാണിച്ചിരിക്കുന്നു. ഹെക്ടറിന് പ്രതിവർഷം 1142 നാളികേരമാണ് ഇന്ന് ലഭിക്കുന്നത്. മൊത്തം കൃ ഷിഭൂമിയുടെ (569 ഹെക്ടർപുരയിടവും 22 ഹെ ക്ടർ നിലവും അടക്കം 591 ഹെക്ടർ ആകെ കൃ ഷിഭൂമി) 96% സ്ഥലത്തും വിളവിറക്കിയിരിക്കുന്ന നാളികേരത്തിന്റെ സ്ഥിതി ഈ പട്ടികയിൽനിന്നും വ്യക്തമാണ്. ദേശീയ ശരാശരിയേക്കാൾ വളരെ താഴെയാണ് സംസ്ഥാനത്തിന്റെ ശരാശരി നാളി കേര ഉല്പാദനം. സംസ്ഥാന ശരിശരിയുടേതിന്റെ അഞ്ചിൽ ഒന്നുമാത്രമാണ് പഞ്ചായത്തിന്റെ നാളി കേര ഉല്പാദനക്ഷമത! ഇത്രയും അധികംസ്ഥലത്ത് വിളയിറക്കിയിരിക്കുന്ന നാളികേരത്തിന്റെ പൊതു സ്ഥിതി ഇതാണ്. ബാക്കിയുള്ള വിളകളെല്ലാം തന്നെ ഇടവിളകളായി കൃഷിചെയ്യുന്നവയാണ്.നിരവധി

കാരണങ്ങളാൽ നാളികേരകൃഷി നാട്ടുകാർ ഉപേക്ഷിച്ചു എന്നുവേണം മനസ്സിലാക്കുവാൻ. 80% തെങ്ങുകളും രോഗബാധിതമാണെന്ന് പറയപ്പെടുന്നു. വിശ്വസനീയമായ കണക്കുകൾ ലഭ്യമല്ല എന്നത് പ്രശ്നമാണ്. വിള പരിപാലനം എന്നത് ഏതാണ്ട് ഇല്ല. എന്നുതന്നെ പറയാം. മണ്ണിന്റെ സവിശേഷത കണക്കിലെടുത്ത് രണ്ടുംദിവസത്തിലൊരിക്കൽ നടത്തിയിരുന്ന 'കൈനന' എന്ന ജലസേചനരീതി പാടേ നിന്നുപോയിരിക്കുന്നു വെള്ളത്തിനോട് വളരെ വേഗം പ്രതികരിക്കുന്ന വിളയാണ് എന്നിരുന്നിട്ടും ജലസേചനം എന്നത് ഈ രംഗത്ത് ഇല്ലാതായിരിക്കുന്നു. രോഗം, നാളികേര വിപണിയുടെ പ്രശ്നങ്ങൾ എന്നിവ ചേർന്നു കെടുത്തിയ കർഷകന്റെ ആവേശം നാളികേര കൃഷിയെ അനാഥമാക്കി. ഈരംഗത്ത് ഉണർവ്വേകാൻ സാർത്ഥകമായ ഒരു സാമൂഹിക ഇടപെടലും നടന്നില്ല. കേരകർഷകസംഘങ്ങൾപോലുള്ള കൂട്ടായ്മകളാകട്ടെ 'ലക്ഷ്യം' നഷ്ടപ്പെട്ട് മരണപ്പെടുകയും ചെയ്തു.

22 ഹെക്ടർ നിലമുള്ളതിൽ 117 ഹെക്ടർ സ്ഥലത്തുമാത്രമാണ് നെൽകൃഷിയുള്ളത്. ബാക്കി ഭൂമി തരിശിടുകയോ കാർഷികേതരമായ ആവശ്യങ്ങൾക്ക് വിനിയോഗിക്കുകയോ ചെയ്തിരിക്കുന്നു. പഞ്ചായത്തിലെ പൊതു കാർഷിക ചിത്രം ദയനീയമാണെന്നർത്ഥം.

പട്ടിക3

തരിശ് കാരണങ്ങൾ

സമ്പത്തികബുദ്ധിമുട്ട്	188
ലഭകരമല്ല	19
തൊഴിലാളികൾ ലഭ്യമല്ല	0
തൊഴിൽതർക്കം	1
വിളലഭ്യമല്ല	4
നോക്കാൻ ആളില്ല	15
കൃഷിയോഗ്യരല്ല	18
മറ്റുകാരണങ്ങൾ	145

(Socio Economic Survey 96)

തരിശ് ഇടുന്നതിന്റെ കാരണങ്ങളാണ് പട്ടികപ്പെടുത്തിയിരിക്കുന്നത്. സാമ്പത്തികബുദ്ധിമുട്ടാണ് പ്രധാനപ്രശ്നമായി കാണുന്നത്. പ്രാഥമികകാർഷിക സഹകരണ സംഘത്തിന്റെ പ്രവർത്തനങ്ങൾ വിമർശനാത്മകമായി പരിശോധിക്കപ്പെടണം. തൊഴിലാളികൾ ലഭ്യമല്ല എന്ന കാരണത്താൽ ഒരു കുടുംബവും ഭൂമി തരിശിടുന്നില്ല എന്നത് ശ്രദ്ധേയമാണ്. മറ്റു കാരണങ്ങൾ എന്നു സൂചിപ്പിച്ചിരിക്കുന്നവയുടെ വിശദാംശങ്ങൾ ലഭ്യമല്ല.

പ്രശ്നങ്ങൾ

1. തെങ്ങുകൃഷിക്ക് നേരിട്ടിരിക്കുന്ന കാറ്റുവീഴ്ച രോഗത്തിന് ഫലപ്രദമായ പ്രതിവിധി കർഷകനു ലഭിക്കുന്നില്ല.
2. കാറ്റുവീഴ്ചയ്ക്കെതിരെ പ്രതിരോധശേഷിയുള്ള തെങ്ങിൻതൈ ഇനങ്ങൾ വേണ്ടത്ര ലഭ്യമല്ല.
4. വേനൽക്കാലത്ത് മതിയായ ജലസേചന സൗകര്യം ലഭ്യമല്ല. നാളികേര കൃഷിയ്ക്കുള്ള ജലസേചനം ഒരിക്കലും ജലസേചനത്തിന്റെ പരിധിയിൽ പെടുത്തിയില്ല.
5. പഞ്ചായത്തിൽ പൊതുവെ മണ്ണിനു ഫലഭൂയിഷ്ടത കുറവാണ്.
6. നല്ല നടീൽവസ്തുക്കൾ കർഷകർക്ക് യഥാസമയം ന്യായവിലയ്ക്ക് കിട്ടുന്നില്ല.
7. ജൈവവളങ്ങൾ വേണ്ടത്ര അളവിൽ ഉപയോഗിക്കാൻ കർഷകർക്ക് കഴിയുന്നില്ല.
9. കാർഷിക ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നില്ല.
10. കൃഷിയെ ബാധിക്കുന്ന രോഗകീടബാധകൾക്കെതിരെ ഫലപ്രദമായ പ്രതിരോധനടപടികൾ യഥാകാലം പ്രയോഗിക്കുവാൻ കർഷകർക്ക് കഴിയുന്നില്ല.
11. നെൽകൃഷി ലാഭകരമല്ലാത്തതിനാൽ പാടങ്ങൾ തരിശിടുന്നു.
12. പച്ചക്കറികൃഷി ഒറ്റപ്പെട്ട പ്രവർത്തനമായി ഒതുങ്ങിനിൽക്കുന്നു.
14. നിലവിലുള്ള കൃഷിരീതികൾ പൊതുവെ അശാസ്ത്രീയമാണ്. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലല്ല വളപ്രയോഗം.
15. കൃഷിഭവനിൽനിന്നും കർഷകർക്കു ലഭിക്കേണ്ട സഹായങ്ങളും ഉപദേശവും അപര്യാപ്തമാണ്.
16. കാർഷിക വായ്പലഭിക്കാൻ കർഷകർ ബുദ്ധിമുട്ട് അനുഭവിക്കുന്നു.
17. വിള ഇൻഷ്വറൻസ് ആനുകൂല്യം അപര്യാപ്തമാണ്.
18. കാർഷിക അഭിവൃദ്ധിയെ പ്രോത്സാഹിപ്പിക്കുന്ന തരത്തിലുള്ള അംഗീകാരവും പ്രോത്സാഹനവും നൽകുന്നില്ല.
20. കിഴക്കൻതീരത്തെ മണ്ണൊലിപ്പ്.
21. കിഴങ്ങുവർഗ്ഗങ്ങളുടെ കൃഷിവികസിപ്പിക്കാനുള്ള സംവിധാനങ്ങൾ അപര്യാപ്തമാണ്.
22. കാർഷിക ഉപകരണങ്ങൾ കർഷകന് ന്യായവിലയ്ക്ക് ലഭിക്കുന്നില്ല.
23. ഉല്പന്ന വിപണന രംഗത്തുനിന്നും ഇടത്തട്ടുകാരെ ഒഴിവാക്കുന്നതിനുള്ള സംവിധാനങ്ങളില്ല.

24. നൂതന കൃഷി സംരംഭങ്ങൾ വേണ്ടത്രയില്ല.
25. കാർഷികരംഗത്ത് വേണ്ടത്ര ഗ്രൂപ്പുപ്രവർത്തനവും പരിശീലനവും ഇല്ല.
26. പഴവർഗ്ഗ കൃഷി വേണ്ടത്ര പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല.
28. കാർഷിക ആവശ്യത്തിനുള്ള വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് കർഷകർ കൂടുതൽ ബുദ്ധിമുട്ട് അനുഭവിക്കുന്നു.
29. അനുയോജ്യമായ കാർഷിക വികസന സ്കീമുകൾ നടപ്പാക്കുന്നതിൽ കൃഷിഭവൻ വേണ്ടത്ര ശ്രദ്ധനൽകുന്നില്ല.

സാദ്ധ്യതകൾ

1. തെങ്ങുകൃഷി കൂടുതൽ മെച്ചമാകുന്നതിന് ആമേഖലയിൽ ശാസ്ത്രീയമായ സമീപനം ആവശ്യമായിരിക്കുന്നു. കാറ്റുവീഴ്ചയ്ക്കെതിരെ പ്രതിരോധശേഷിയുള്ള തെങ്ങിൻതൈകൾ കർഷകർക്ക് ന്യായമായ വിലയ്ക്ക് ലഭിക്കുന്നതിനുള്ള ഫലപ്രദമായ സംവിധാനം കാർഷിക വികസന സമിതിയുമായി ആലോചിച്ച് നടപ്പാക്കണം. രോഗബാധിത തെങ്ങുകൾ വെട്ടിമാറ്റുന്നതിന് തെങ്ങൊന്നിന് ഏറ്റവും കുറഞ്ഞത് 500 രൂപയെങ്കിലും കർഷകന് നൽകേണ്ടതാണ്. വെട്ടിമാറ്റുന്ന സ്ഥലത്ത് രോഗപ്രതിരോധ ശേഷിയുള്ള തൈകൾ ശാസ്ത്രീയമായരീതയിൽ വച്ചുപിടിപ്പിക്കുന്നതിന് കർഷകരെ പ്രാപ്തരാക്കണം. ഹ്രസ്വകാല വായ്പകളും ദീർഘകാല വായ്പകളും മതിയായതോതിൽ ലഭിച്ചാൽ മാത്രമേ ഈനീതി ഫലപ്രദമാകുകയുള്ളു.

തെങ്ങുകൃഷിക്ക് അനുപേക്ഷണീയമായ ശാസ്ത്രീയവളപ്രയോഗത്തിന് സഹായിക്കുന്ന വിധത്തിൽ ജൈവവളങ്ങളുടെയും രാസവളങ്ങളുടെയും ന്യായവിലയ്ക്കുള്ള ലഭ്യത ഉറപ്പുവരുത്തേണ്ടതുണ്ട്. ജൈവവളങ്ങൾ വേണ്ടത്ര ലഭിക്കുന്നതിന് കന്നുകാലി വളർത്തലും കോഴിവളർത്തലും വ്യാപിപ്പിക്കുന്നതിനുള്ള ഫലപ്രദമായ നടപടികൾ സ്വീകരിക്കണം. രാസവളങ്ങൾ പ്രയോഗിക്കുമ്പോൾ കൃഷി ഉദ്യോഗസ്ഥരുടെ വിദഗ്ദ്ധ ഉപദേശം ലഭിക്കണം. വളപ്രയോഗം ഫലപ്രദമാക്കണമെങ്കിൽ തെങ്ങിൻ തോപ്പുകളിൽ ജലസചന സൗകര്യം മെച്ചപ്പെടുത്തണം. ജലസേചനത്തിനായി നിലവിലുള്ള കുളങ്ങൾ വെട്ടി സംരക്ഷിക്കുന്നതിനും പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും കാർഷിക ആവശ്യത്തിനുപയോഗിക്കുന്ന വൈദ്യുതി ലഭിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തണം. ചിലകുമിൾ രോഗങ്ങൾമൂലം വ്യാപകമായുണ്ടാകുന്ന കൂമ്പുചീയൽ ചെമ്പൻചെല്ലി, കൊമ്പൻചെല്ലി, ആക്രമണം, ഓലചീയൽ, ചെന്നീരൊലിപ്പ്, കീടങ്ങളുടെ ആക്രമണം എന്നിവയിൽ നിന്ന് തെങ്ങിനെ സംരക്ഷിക്കുന്നതിനുള്ള അറിവ് കർഷകനു നൽകാൻ വേണ്ട സംവിധാനങ്ങൾ ഉണ്ടാകേണ്ടതാണ്. രോഗബാധയ്ക്കും കീടബാധയ്ക്കുമെതിരെയുള്ള ഫലപ്രദമായ നിവാരണമാർഗ്ഗങ്ങൾ പഞ്ചായത്തിന്റെ എല്ലാഭാഗത്തും ഒരേസമയത്ത് നടത്തണം. തെങ്ങിൻതോട്ടത്തിൽ ഓരോ മാസവും ചെയ്യേണ്ട സംരക്ഷണപണികൾ ഏതെല്ലാമെന്ന് ശാസ്ത്രീയമായി തയ്യാറാക്കിയ ലഘുലേഖകൾ കർഷകർക്കിടയിൽ സൗജന്യമായി വിതരണം ചെയ്യുകയും ഇടയ്ക്കിടെ സെമിനാറുകൾ സംഘടിപ്പിച്ച് കൃഷിപ്പണികൾ വിലയിരുത്തുകയും ചെയ്യണം. സമയാസമയത്ത് നാളികേരത്തിന്റെ വിളവെടുപ്പിനും തെങ്ങിൻമണ്ടയിലുള്ള കീടരോഗപ്രതിരോധ നടപടികൾക്കും പരിചയസമ്പന്നരായ തൊഴിലാളികളുടെ സേവനം ലഭ്യമാക്കുന്നതിന് സത്വരനടപടികൾ കൈക്കൊള്ളണം. പഞ്ചായത്തിലെ വാർഡടിസ്ഥാനത്തിൽ ആവശ്യമായ എണ്ണം തെങ്ങുകയറ്റ തൊഴിലാളികളുടെ സംഘടന രൂപീകരിക്കുകയും അവർക്ക് ജോലിസംരക്ഷണം ഉറപ്പുവരുത്തി ഇൻഷ്വറൻസ് കവറേജ് നൽകി സുരക്ഷിതത്വം ഉറപ്പുവരുത്തുകയും വേണം. അവരുടെ ജോലിഭാരം ലഘൂകരിക്കുവാൻ തെങ്ങുകയറ്റയന്ത്രം വാർഡ് അടിസ്ഥാനത്തിൽ നൽകുകയും വേണം. തെങ്ങിന് കാലാകാലങ്ങളിൽ മരുന്നുതളിക്കുന്നതിന് ഇപ്പോൾ പഞ്ചായത്തിന്റെ അധീനതയിലുള്ള "റോക്കർ സ്പ്രേയർ" പലതും കേടുവന്നതും എണ്ണത്തിൽ പരിമിതവുമാണ്. അവ അടിയന്തരമായി റിപ്പയർ ഉപയോഗയോഗ്യമാക്കുകയും ഓരോ വാർഡിലും കുറഞ്ഞത് മൂന്നു സ്പ്രേയറുകളെങ്കിലും ഉണ്ടെന്ന് ഉറപ്പുവരുത്തുകയും വേണം. പഞ്ചായത്തിൽ കുറഞ്ഞത് ഒന്നോരണ്ടോ മാതൃകാ തെങ്ങിൻതോട്ടങ്ങൾ കൃഷിഭവന്റെ ആഭിമുഖ്യത്തിൽ സ്ഥാപിക്കേണ്ടതാണ്.

2. നെൽകൃഷി നമ്മുടെ പഞ്ചായത്തിൽ ലാഭകരമല്ല എന്നുള്ളതാണ് ഇപ്പോഴത്തെ അനുഭവം. അതുകൊണ്ടുതന്നെ 22 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്തിരുന്നത്.. 11.7 ഹെക്ടർ ആയി കുറഞ്ഞിരിക്കുന്നു. നമ്മുടെ നെൽപ്പാടങ്ങളുടെ ഫലഭൂയിഷ്ടിക്കുറവും, വർഷകാലത്ത് നീർവാഴ്ചയ്ക്കുള്ള തടസങ്ങളും വേനൽക്കാലത്ത് നെൽകൃഷിക്കാവശ്യമായ ജലം നിർത്താൻ കഴിയാത്തതുമാണ് ഇതിനു കാരണം. മാർച്ച് മുതൽ ജൂൺ വരെയുള്ള കാലത്ത് ഇപ്പോൾ തരിശായിട്ടിരിക്കുന്ന

പാടങ്ങളിൽ കൃഷിചെയ്യാവുന്നതാണ്. എന്നാൽ അധികജലം ഒഴുകിപ്പോകുന്നതിനുള്ള സൗകര്യം തോടുകൾ-പാടത്തോടുചേർന്ന് ഉണ്ടായിരിക്കേണ്ടതാണ്. ജൂലൈ മുതൽ ഒക്ടോബർവരെയുള്ള മാസങ്ങളിൽ ഈ പാടങ്ങളിൽ നെൽകൃഷി ചെയ്യണമെങ്കിൽ ജലവിതാനം നെൽചുവട്ടിൽ നിർത്തത്തക്കവിധത്തിൽ ചെളിനിരത്തേണ്ടതാണ്. ഇതിനുള്ള സാദ്ധ്യതപഞ്ചായത്ത് സമഗ്രമായി ആലോചിച്ച് ആവശ്യമായ സഹായം നൽകുന്നതിനുള്ള സമീപനം സ്വീകരിക്കണം. 10 മേനിക്കുള്ളിൽ വിളവുലഭിക്കുന്ന ഉല്പാദന ക്ഷമതയാണ് നമ്മുടെ പഞ്ചായത്തിലെ പാടങ്ങളുടെ പൊതുസ്ഥിതി. മൂന്നാം വിളയായി പയറ്, എള്ള്, നിലക്കടല, മധുരക്കിഴങ്ങ്, പച്ചക്കറി, പഞ്ഞപ്പുല്ല്, പച്ചിലവളച്ചെടി എന്നിവ കൃഷിചെയ്ത് നെൽപ്പാടങ്ങൾ വർഷത്തിലുടനീളം കൃഷിയോഗ്യമാക്കാവുന്നതാണ്.

3. നമ്മുടെ പഞ്ചായത്തിൽ നടത്തിയ സാമൂഹ്യസാമ്പത്തിക സർവ്വേയുടെ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷിയുടെ മൊത്തം വിസ്തൃതി കേവലം 31.5 ഹെക്ടർ മാത്രമാണ്. ഈ കൃഷി ഒറ്റപ്പെട്ട സംരംഭങ്ങളായി ഒതുങ്ങി നിൽക്കുന്നതായി കാണാം. ശരിയായ ആസൂത്രണത്തിലൂടെ പച്ചക്കറികൃഷി വ്യാപകമാക്കാൻ സാദ്ധ്യതയുള്ള ഒരു ഗ്രാമമാണ് നമ്മുടേത്.

മെച്ചമായ പച്ചക്കറികൃഷിക്ക് അത്യുല്പാദനശേഷിയുള്ളതും ഗുണമേന്മയുള്ളതുമായ വിത്തിനങ്ങൾ കർഷകർക്കു ലഭിക്കുന്നതിനുള്ള സംവിധാനം പഞ്ചായത്തടിസ്ഥാനത്തിൽ ഉണ്ടാകണം. ശാസ്ത്രീയമായി കൃഷിചെയ്യുന്നതിനുള്ള പരിജ്ഞാനം കർഷകർക്ക് നൽകാനുള്ള ഏർപ്പാട് ഉണ്ടാകണം. പച്ചക്കറി കൃഷിക്ക് ഏറ്റവും അത്യാവശ്യമായ ഘടകമാണ് ജൈവവളങ്ങളുടെ ലഭ്യത. എല്ലാ വീട്ടുവളപ്പിലും കമ്പോസ്റ്റ് വളക്കുഴികൾ സ്ഥാപിക്കുന്നതിനുള്ള സഹായം കർഷകർക്ക് ലഭ്യമാക്കണം. ചാണകം, കോഴിവളം, പച്ചിലവളം ഇവ പച്ചക്കറികൃഷിക്ക് മതിയായ അളവിൽ ലഭിക്കുന്നതിന് കന്നുകാലി വളർത്തലിനും കോഴിവളർത്തലിനും വളച്ചെടി വളർത്തലിനും കർഷകർക്ക് വേണ്ടത്ര പ്രോത്സാഹനവും സഹായവും നൽകണം. നമ്മുടെ പ്രദേശത്തുനിന്നും ചാണകം മറ്റു പ്രദേശങ്ങളിലേക്ക് കൊണ്ടുപോകുന്നത് നിരുത്സാഹപ്പെടുത്തുകയും ഇവിടെയുള്ള കർഷകർ തന്നെ അത് ഉപയോഗിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യണം. ഇത്തരത്തിൽ കർഷകരെ സഹായിച്ചാൽ നമ്മുടെ ഗ്രാമത്തിലുള്ള തരിശായിക്കിടക്കുന്ന ഒട്ടുമുക്കാൽ സ്ഥലവും പച്ചക്കറികൃഷിക്ക് ഉപയുക്തമാക്കാവുന്നതാണ്. വേനൽക്കാല പച്ചക്കറികൃഷിക്ക് ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു ഘടകമാണ് നിത്യേനയുള്ള ജലസേചനം. ഇതിനായി 5 സെന്റിലധികം സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്ന കർഷകന് $^1/_2$ എച്ച്.പി. മോട്ടോർ പമ്പുസെറ്റ് വാങ്ങുന്നതിനുള്ള സഹായം ചെയ്യണം.

നമ്മുടെ ഗ്രാമത്തിൽ നീർവാർച്ച സൗകര്യത്തിന് മുൻകാലത്തുണ്ടായിരുന്ന തോടുകൾ മിക്കതും ഇപ്പോൾ ഇല്ലാത്തതിനാൽ വർഷകാലപച്ചക്കറികൃഷി നശിച്ചുപോകാതിരിക്കാൻ മുൻപുണ്ടായിരുന്ന തോടുകൾ എല്ലാം തന്നെ പുനസ്ഥാപിച്ച് പ്രധാനതോടുകളുമായി ബന്ധിപ്പിക്കുകയും ഈ പ്രധാനതോട്ടിൽ എത്തിച്ചേരുന്ന വെള്ളം പരിധിക്കപ്പുറം കെട്ടിനിൽക്കാത്തവിധം പ്രധാനതോട്ടിൽ ഷട്ടർ സംവിധാനം ഉണ്ടാക്കുകയും വേണം. കൂടാതെ പുതുതായി പച്ചക്കറി കൃഷിക്ക് ഉപയോഗപ്പെടുത്തുന്ന സ്ഥലവുമായി ബന്ധപ്പെടുത്തി ചെറുതോടുകൾ വെട്ടി ഇടതോടുകളുമായി ബന്ധിപ്പിക്കണം. ഏപ്രിൽ, മേയ് മാസത്തോടെ പഞ്ചായത്തിലെ എല്ലാതോടുകളും വെട്ടി സംരക്ഷിക്കുന്നതിനുള്ള ഒരു സംവിധാനം ആലോചിക്കണം. ചിലവുകുറഞ്ഞ ജൈവകീടനാശിനികൾ നിർമ്മിക്കുന്നതിനും പ്രയോഗിക്കുന്നതിനും വേണ്ട ഉപദേശം കൃഷിഭവന്റെ ആഭിമുഖ്യത്തിൽ നൽകേണ്ടതാണ്. അന്തർ വ്യാപനശേഷിയുള്ള രാസകീടനാശിനികൾ പ്രയോഗിക്കേണ്ടിവരുന്ന സന്ദർഭങ്ങളിൽ വിദഗ്ദ്ധരായ ആളുകളുടെ സേവനം കർഷകർക്കു ലഭ്യമാക്കണം.

പച്ചക്കറികൃഷി ഗ്രാമത്തിൽ വ്യാപകമായി വരുന്ന അവസരത്തിൽ മിച്ചം വരുന്ന ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനും അതു വിപണനം നടത്തി കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനും പൊതു സംവിധാനം പഞ്ചായത്തടിസ്ഥാനത്തിൽ നിലവിൽ വരുത്തണം. കൂടാതെ സംഭരണകേന്ദ്രത്തിൽ പച്ചക്കറി കേടുകൂടാതെ സൂക്ഷിക്കാനുള്ള ശീതീകരണ സംവിധാനവും ഇതോടനുബന്ധിച്ച് ഉണ്ടായിരിക്കണം.

സ്ഥിരമായി പച്ചക്കറി കൃഷിഗ്രാമത്തിൽ തുടരുന്നതിന് ആവശ്യമായ വിത്തു സംഭരണകേന്ദ്രവും ശാസ്ത്രീയമായി സംവിധാനം ചെയ്ത പച്ചക്കറി നഴ്സറിയും സ്ഥാപിക്കണം. അത്യുല്പാദനശേഷിയുള്ള പുതിയ പച്ചക്കറി ഇനങ്ങൾ കാർഷിക സർവ്വകലാശാലകൾ പ്രചാരത്തിനായി പുറത്തിറക്കുമ്പോൾ തന്നെ പരീക്ഷണാടിസ്ഥാനത്തിൽ കൃഷിചെയ്ത് നമ്മുടെ ഗ്രാമത്തിന് അനുയോജ്യമാണോ എന്ന് പരിശോധിക്കുവാനുള്ള സംവിധാനം ഈ നഴ്സറിയോടനുബന്ധിച്ച് സംഘടിപ്പിക്കണം.

പച്ചക്കറികൃഷിയിൽ കൂട്ടായ സംരഭത്തിന് ഉപ യോഗിക്കുവാൻ പറ്റിയ സ്ഥലങ്ങളാണ് ഇപ്പോൾ നമ്മുടെ ഗ്രാമത്തിലുള്ള ഒട്ടുമുക്കാൽ തരിശുഭൂപ്ര ദേശങ്ങളും. സ്വന്തമായി പച്ചക്കറി കൃഷിക്ക് ഭൂമി യില്ലാത്തവരും നമ്മുടെ ഗ്രാമത്തിലെ സാമൂഹ്യ സംഘടനകളും അനുയോജ്യമായ സംഘങ്ങൾ രൂ പീകരിച്ച് ഇത്തരം തരിശ് ഭൂമികൾ പച്ചക്കറി കൃ ഷിക്ക് ഉപയോഗപ്പെടുത്തുവാൻ പഞ്ചായത്ത് നേ തൃത്വം നൽകണം.

4. അനുയോജ്യമായ കൃഷിഭൂമി ഒട്ടുംതന്നെ ലഭ്യമല്ലാത്തവർക്കുപോലും പച്ചക്കറികൃഷിചെ യ്യാൻ പ്രേരിപ്പിക്കുന്ന മാർഗമാണ് പോളിത്തീൻ ചാക്കുകളിലും മട്ടുപ്പാവുകളുടെ മുകളിലുമുള്ള പച്ചക്കറികൃഷി. ഇടതൂർന്നു മറ്റു ഫലവൃക്ഷങ്ങൾ ഉള്ള വീട്ടുവളപ്പിൽ പോലും കുമ്പളം, ചുര തുട ങ്ങിയ പച്ചക്കറി ഇനങ്ങൾ കൃഷിചെയ്യാൻ പ്രോ ത്സാഹിപ്പിച്ചാൽ ഗ്രാമത്തിലെ സമസ്ത ജനങ്ങൾ ക്കും പച്ചക്കറികൃഷയിൽ പങ്കാളികളാകാവുന്നതാ ണ്. നാമാവിശേഷമായിക്കൊണ്ടിരിക്കുന്ന കുരു ട്ടുപിണ്ടാളൻ ചേമ്പ്, കുലമറിയൻ പയറ്, 18 മണി യൻ പയറ്, മുക്കിഴങ്ങ്, ഇറച്ചിമേക്ക, ഏത്തമുട്ടൻ മരച്ചീനി പഞ്ഞപ്പുല്ല് തുടങ്ങിയവ സംരക്ഷിച്ചാൽ നമ്മുടെ പരമ്പരാഗത കാർഷികസമ്പത്ത് നിലനിർ ത്താൻ കഴിയും .

നമ്മുടെ ഗ്രാമത്തിലെ വിളസാന്ദ്രത വർദ്ധി പ്പിക്കാൻ ഉതകുന്നതാണ് തെങ്ങിൻ തോപ്പിലെ അനുയോജ്യമായ ഇടവിളകൾ. വാഴ, ചേന, ചേ മ്പ്, കാച്ചിൽ എന്നിവയുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ സംഭരിച്ച് സൗജന്യനിരക്കിൽ വിത രണം ചെയ്യുന്നതിനുള്ള സംവിധാനം പഞ്ചായ ത്തടിസ്ഥാനത്തിൽ ഉണ്ടാകണം.

നമ്മുടെ ഗ്രാമത്തിൽ പൂകൃഷി വ്യാപിച്ചു കൊണ്ടിരിക്കുകയാണ്. ഇതിൽ പ്രധാനമാണ് കു റ്റിമുല്ലകൃഷി. നിലവിൽ ഈ രംഗത്തുള്ള സൊ സൈറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കണം. മുല്ലപ്പൂവിന് ഇന്നുള്ള വില വർദ്ധിച്ചുകിട്ടുന്നതി നായി പഞ്ചായത്തടിസ്ഥാനത്തിൽ പൂശേഖരിച്ച് വിപണനം ചെയ്ത് ഇടത്തട്ടുകാരെ ഒഴിവാക്കു ക. ശാസ്ത്രീയകൃഷിരീതിയും രോഗനിവാരണ മാർഗ്ഗങ്ങളെക്കുറിച്ചുള്ള അറിവും കർഷകർക്കു നൽകുവാൻ കൃഷി ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പുവരുത്തണം. പത്രമാദ്ധ്യമങ്ങളിൽ മുല്ലപ്പൂ വിന്റെ മാർക്കറ്റുവില പ്രസിദ്ധീകരിക്കുന്നതിനുള ഏർപ്പാടുകൾ ഉണ്ടാക്കണം. മൾബറികൃഷി ഔ ഷധസസ്യതോട്ടം, എന്നിവയുടെ മാതൃകാതോ ട്ടങ്ങൾ സ്ഥാപിക്കാൻ വ്യക്തികളെ പ്രോത്സാഹി പ്പിക്കണം.

കാർഷിക മേഖലയെ സഹായിക്കുന്ന ഗ്രാ മത്തിലെ കാർഷികവികസനബാങ്ക്, കൃഷിഭവൻ, പഞ്ചായത്ത് കാർഷികവികസന സമിതി എന്നിവ യുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ കർഷകർക്ക് കൂടുതൽ സഹായകരമായ വിധ ത്തിൽ ഇവയുടെ പ്രവർത്തനങ്ങളെ ഏകോപി പ്പിക്കാനുള്ള ഒരു ഉന്നതാധികാരസമിതി പഞ്ചാ യത്തടിസ്ഥാനത്തിൽ രൂപീകരിക്കേണ്ടതാണ്. ഇപ്പോൾ നിലവിലുള്ള മുഴുവൻ കാർഷിക വിക സനയൂണിറ്റുകളെയും പഞ്ചായത്തിന്റെ ആഭിമു ഖ്യത്തിൽ പുനഃസംഘടിപ്പിക്കേണ്ടതാണ്.

5. കാർഷികരംഗത്തെ ഒരു നൂതന സംരഭ മായ കൂൺകൃഷിയിൽ പരിശീലനവും പ്രോത്സാ ഹനവും നൽകിയാൽ കൃഷിഭൂമി അൽപംപോ ലും ഇല്ലാത്തവർക്കുപോലും ഈ രംഗത്തേയ്ക്ക് കടന്നുവന്ന് ആദായകരമായ കൃഷിയിൽ ഏർപ്പെ ടാവുന്നതാണ്.

ജലസേചനം

ഈർപ്പം പിടിച്ചുനിർത്താൻ ശേഷിക്കുറവുള്ള മൺപ്രകൃതിയാണ് ആര്യാടിന്റേത്. ഈ ഒരു സവി ശേഷത കണക്കക്കിലെടുത്തുകൊണ്ടുള്ള ജലസേചന ജല നിർഗമനമാർഗ്ഗങ്ങളാണ് ഇവിടെ നിലവിലു ണ്ടായിരുന്നത്. പഞ്ചായത്തിലെ സൂക്ഷ്മത ഡ്രെ യിനേജ് സംവിധാനത്തെ വേമ്പനാട് കായലും പടി ഞ്ഞാറു അറബിക്കടലും ഗണ്യമായി സ്വാധീനിക്കു ന്നു എന്നാണ് CESS റിപ്പോർട്ട് പാടശേഖരങ്ങ ളെയും കായലിനെയും ബന്ധിപ്പിക്കുന്ന നിരവധി തോടുകളുടെ ശൃംഖല ഈ യാഥാർത്ഥ്യം കണ ക്കിലെടുതുകെത്തണ്ടുള്ള ഒരു സംവിധാനമായി രുന്നു. നിരവധി തോടുകൾ പ്രധാനതോട്ടിലേ യ്ക്ക് വന്നുചേരുകയും പ്രധാനതോടു കായലു മായും ബന്ധപ്പെട്ടു കിടക്കുകയും ചെയ്തിരുന്ന ഈ രീതിയ്ക്ക് ഇന്നു നിലവിലില്ല. ചെറിയ തോ ടുകൾ ഒട്ടുമുക്കാലും നികത്തപ്പെട്ടുകഴിഞ്ഞു. കഴിഞ്ഞ ആറുവർഷത്തെ മഴയുടെ കണക്കു ചു വടെ ചേർക്കുന്നു.

RAIN FALL DATA FROM 1990 JAN: (IN MM)
Mankompu Station

Year	Jan	Feb	Mar	Apr	May	June	July	Aug	Sept	Oct	Nov	Dec	Total
1990	22.4	25.0	83.7	37.5	624.3	516.6	565.8	177.7	154.1	336.2	254.4	47.4	2845.1
No. of days	(2)	(1)	(2)	(2)	(22)	(23)	(24)	(16)	(9)	(17)	(7)	(1)	(126)
1991	.6	Nil	23.6	150.8	149.5	993.7	485.7	457.4	51.5	205.6	82.6	22	2628.4
No. of days	(1)	(0)	(64)	(15)	(14)	(26)	(23)	(18)	(6)	(17)	(5)	(2)	(131)
1992	Nil	4.5	Nil	6.2	276.4	654.8	586.8	461	324.2	383	322.6	6.2	3025.7
No. of days	(0)	(1)	(0)	(2)	(13)	(24)	(26)	(22)	(12)	(18)	(18)	(2)	(128)
1993	Nil	2	7	78.1	202.4	911.5	780.8	177	161.2	604.1	203.5	35.6	3163.2
No. of days	(0)	(1)	(1)	(8)	(18)	(26)	(26)	(14)	(10)	(18)	(12)	(2)	(136)
1994	4.6	40.5	59	107	241.8	583	649	356	188.3	403.6	114	1.4	2748.2
No. of days	(1)	(3)	(3)	(7)	(12)	(23)	(23)	(19)	(12)	(23)	(6)	(1)	(133)
1995	12.2	Nil	69.6	150.8	324.9	592.6	619	425.9	343.1	218.4	117.8	Nil	2874.2
No. of days	(2)	(0)	(5)	(15)	(19)	(23)	(24)	(19)	(18)	(15)	(10)	(0)	(133)
1996	18.8	Nil	Nil	134.6	116.6	473.8	516.6	236.2	-	-	-	-	1496.6
No. of days	(2)	(0)	(0)	(1)	(9)	(20)	(25)	(22)					(79)

മഴവെള്ളത്തെ പടിച്ചുനിർത്താനുള്ള മണ്ണിന്റെ ശേഷിക്കുറവിനെ പരിഹരിച്ചിരുന്നത് സ്വാഭാവിക ജലസംഭരണികളായിരുന്ന കുളങ്ങളാണ്. വർഷാവർഷം വെട്ടിസംരക്ഷിച്ചുപോന്നിരുന്ന ഈ കുളങ്ങൾ ഇന്ന് നാശോൻമുഖമായിക്കൊണ്ടിരിക്കുന്നു

ഉപയോഗത്തിലിരിക്കുന്ന ജലസേചന സംവിധാനം

കുടുംബങ്ങളുടെഎണ്ണം

കിണർ	840
കുഴൽകിണർ	1792
കുളം	587
തോട്, കായൽ	344
മറ്റുള്ളവ	191

(Socio Economic Survey 96)

കുഴൽക്കിണറുകളാണ് വ്യാപകമായി ഉപയോഗിക്കപ്പെടുന്ന ജലസ്രോതസ്. കുളങ്ങൾ 15.6% വരും. സംരക്ഷിക്കപ്പെടാതെപോയ കുളങ്ങളുടെ സ്ഥാനത്താണ് ഇന്ന് കുഴൽ കിണറുകൾ. കുഴൽ കിണറുകളുടെ ഉപയോഗത്തെ സംബന്ധിച്ച് നിരവധി തർക്കങ്ങൾ നിലവിലുണ്ട്. ഉപരിതല ഈർപ്പം നിലനിർത്തുക എന്ന ഈ മണ്ണിന് ഏറ്റവും അനിവാര്യമായ ധർമ്മം കുളങ്ങൾക്ക് മാത്രമേ നിർവ്വഹിക്കാൻ സാധിക്കൂ.

മണ്ണിന്റെ സവിശേഷത കണക്കിലെടുത്തുകൊണ്ട് വേനൽക്കാലത്ത്, രണ്ടുദിവസങ്ങളിടവിട്ട് കൈനന നടത്തുന്ന സംവിധാനം നിലവിലുണ്ടായിരുന്നു. ഇത് ഏറെ ഫലപ്രദമായിരുന്നു. ജലസേചനത്തോട് വളരെവേഗം പ്രതികരിക്കുന്ന തെങ്ങിനുള്ള ജലസേചനത്തിന്റെ കാര്യത്തിൽ തികഞ്ഞ അലംഭാവമാണ് നാം കാട്ടുന്നത്. പഞ്ചായത്തിലെ മൊത്തം കൃഷിഭൂമിയു

ടെ 96% സ്ഥലത്ത് കൃഷിയിറക്കിയിരിക്കുന്ന തെങ്ങിനുള്ള ജലസേചന സംവിധാനങ്ങൾ ആസൂത്രിതമായി ആവിഷ്ക്കരിക്കേണ്ടതുണ്ട്.

പട്ടിക

പമ്പുസെറ്റിന്റെ ഉപയോഗം

കിണറ്റിൽനിന്ന് പമ്പുചെയ്യുന്നവർ	1792
കുളത്തിൽനിന്ന്	437
തോട്, പുഴ	40

(Socio Economic Survey 96)

കാർഷിക ആവശ്യങ്ങൾക്കൊപ്പം ഗാർഹിക ആവശ്യങ്ങൾക്കും കുഴൽ കിണറുകൾ ഉപയോഗിക്കുന്നരീതിയാണുള്ളത്.

പ്രശ്നങ്ങൾ

1. തെങ്ങുകൃഷിക്കാവശ്യമായ ജലസേചന സംവിധാനമില്ലായ്മ.
2. സ്വാഭാവിക ജലസംഭരണികളായിരുന്ന കുളങ്ങളുടെ നാശം
3. ജലനിടഗ്മന മാർഗ്ഗങ്ങളായിരുന്ന തോടുകൾ വ്യാപകമായി നികത്തപ്പെടുന്നു.
4. മണ്ണിന് അനുയോജ്യമായ ജലസേചന സംവിധാനങ്ങൾ അന്യംനിന്നുപോകുന്നു
5. കുഴൽക്കിണറുകളുടെ വ്യാപനം സൃഷ്ടിക്കുന്ന പരിസ്ഥിതി പ്രശ്നങ്ങൾ.

സാധ്യതകൾ

1. തെങ്ങുകൃഷിക്കുതകുന്ന മണ്ണിനനുയോജ്യമായ ജലസേചന സംവിധാനങ്ങൾ ആവിഷ്ക്കരിക്കുക. ഈ രംഗത്തെ സാമൂഹ്യ ഇടപെടൽ ഉയർത്തിക്കൊണ്ടുവരിക.
2. നിലവിലുള്ള കുളങ്ങൾ സംരക്ഷിക്കുന്നതിനുള്ള സമഗ്രപദ്ധതി.
3. നിലവിലുണ്ടായിരുന്ന കൈതോടുകൾ പുനരുദ്ധരിക്കുന്നതിനുള്ള സമഗ്രപദ്ധതി ആവിഷ്ക്കരിക്കുക.
4. പഞ്ചായത്തിലെ പ്രധാന പൊതുകുളങ്ങൾ (ഉദാ: പ്ലാശുകുളം) വശങ്ങൾ കെട്ടിയും ചെളിനീക്കിയും സംരക്ഷിക്കുക.
5. കാവുകളുടെ സംരക്ഷണം
6. പറമ്പുകിളയ്ക്കുക, കൂനവയ്ക്കുക തുടങ്ങിയിട്ടുള്ള നാടൻ ഈർപ്പസംരക്ഷണ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുക.





മൃഗപരിപാലനം
മത്സ്യബന്ധനം

പതിനൊന്നു വാർഡുകൾ ഉൾക്കൊള്ളുന്ന ആര്യാട് പഞ്ചായത്തിന്റെ വിസ്തീർണ്ണം 6.87 സ്കയർ കിലോമീറ്ററാണ്. ഇവിടത്തെ ചെറുകിട പരിമിത കർഷകരാണ് ജനസംഖ്യയിലെ ഭൂരിപക്ഷം. 10 സെന്റിൽ കൂടുതൽ ഭൂമി സ്വന്തമായുള്ളവർ തുലോം പരിമിതമാണ്. കൃഷി ഭൂമിയുടെ കാര്യത്തിലും ഏതാണ്ട് ഇതു തന്നെയാണ് സ്ഥിതി. വലിയ പാടശേഖരങ്ങളോ കൃഷിഭൂമിയോ ഇവിടെ ഇല്ലെന്നു പറയാം.

ഇവിടത്തെ തൊഴിലാളികൾ കാർഷിക വൃത്തിയുമായി ബന്ധപ്പെട്ട തൊഴിലുകൾക്ക് പ്രധാനമായും ആശ്രയിക്കുന്നത് കുട്ടനാടൻ പാടശേഖരങ്ങളെയാണ്. അല്പമാത്രമായി പിടിച്ചുനില്ക്കുന്നത് ചെറുകിട കയർ വ്യവസായം മാത്രമാണ്. എന്നാൽ ഈ മേഖലയിൽ നിന്നുള്ള വരുമാനത്തിന്റെ കാര്യത്തിൽ ആശാവഹമായ പുരോഗതി ഉണ്ടായിട്ടുണ്ടെന്നു പറയാനാവില്ല. ഒരാളുടെ ശരാശരി പ്രതിദിന വരുമാനം 5 രൂപ മാത്രമാണെന്നാണ് കണക്കാക്കപ്പെടുന്നത്. ഈ പശ്ചാത്തലത്തിൽ ജനങ്ങളുടെ പ്രതിശീർഷ വരുമാനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കുവാനും ഉപതൊഴിലിനുള്ള സാദ്ധ്യത വികസിപ്പിക്കാനും ആരോഗ്യപരിപാലനം പുഷ്ടിപ്പെടുത്താനും സഹായകമായ പദ്ധതികൾ മൃഗസംരക്ഷണ മേഖലയിൽ വിജയകരമായി ആവിഷ്ക്കരിച്ചു നടപ്പാക്കാവുന്നതാണ്.

കേരളത്തിന്റെ ആഭ്യോഹരി വരുമാനത്തിന്റെ 10.58% ലഭിക്കുന്നത് മൃഗസംരക്ഷണ മേഖലയിൽ നിന്നാണ്. ഇതിനുവേണ്ടിവരുന്ന ചെലവാകട്ടെ മൊത്തം ചെലവിന്റെ 1.33% ൽ താഴെ മാത്രമാണ് താനും. ഇതിന്റെയർത്ഥം മറ്റു പല മേഖലകളെയും അപേക്ഷിച്ച് കുറഞ്ഞ മുതൽ മുടക്കിൽ കൂടുതൽ വരുമാനമുണ്ടാക്കാനും തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിയുന്ന ഒന്നാണ് മൃഗസംരക്ഷണമേഖല എന്നാണ്.

കാർഷിക മേഖലയുടെ അനുബന്ധമായി വികസിപ്പിച്ചെടുക്കേണ്ടതാണ് മൃഗസംരക്ഷണ മേഖല. അതുകൊണ്ടുതന്നെ കാർഷിക മേഖലയിൽ ഉണ്ടാകുന്ന മുരടിപ്പ് സ്വാഭാവികമായും മൃഗസംരക്ഷണ മേഖലയെയും ബാധിക്കും. പാടങ്ങളും കുളങ്ങളും തോടുകളും വ്യാപകമായി നികത്തപ്പെടുന്നതും പാടങ്ങൾ തരിശിടുന്നതും അതുവഴി കാർഷികമേഖലയിൽ ഉൽപ്പാദനം കുറയുന്നതും പ്രത്യക്ഷത്തിൽ തന്നെ മൃഗസംരക്ഷണ മേഖലയെ ബാധിക്കുന്നു. വൈക്കോൽ, തീറ്റപ്പുല്ല് എന്നിവയ്ക്കുണ്ടാവുന്ന ക്ഷാമമാണ് മുഖ്യപ്രശ്നം. കേരളത്തിലെങ്ങും അനുഭവപ്പെ

ടുന്ന ഈ പ്രതിഭാസം ആര്യാട് പഞ്ചായത്തിലും കാണാം. ഇത്തരം വസ്തുതകളുടെ പശ്ചാത്തലത്തിൽ വേണം ഇവിടത്തെ മൃഗസംരക്ഷണ മേഖലയുടെ വികസനത്തിനുവേണ്ടി നടപ്പാക്കേണ്ട കാര്യങ്ങളെപ്പറ്റി ആലോചിക്കാൻ.

പശു, ആട് എന്നിവയാണ് ഈ പഞ്ചായത്തിലെ പ്രധാന വളർത്തുമൃഗങ്ങൾ. കൂടാതെ കോഴിവളർത്തലും കണ്ടുവരുന്നു. ഇവയിൽ നിന്നും ലഭിക്കുന്ന വിവിധ ഉൽപ്പന്നങ്ങളും അവയുടെ ഉപോൽപ്പന്നങ്ങളും സമ്പത്തുല്പാദന മേഖലയിൽ ഗണ്യമായ സംഭാവന നൽകുന്നുണ്ട്. പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനത്തിനൊപ്പം നമ്മുടെ സാമൂഹ്യ സാമ്പത്തിക ജീവന വ്യാപാരങ്ങളെ പലവിധത്തിൽ സഹായിക്കുന്നതിലും മൃഗസംരക്ഷണമേഖല പങ്കുവഹിക്കുന്നുണ്ട്. വ്യാവസായിക ആവശ്യത്തിനുള്ള തുകൽ, എല്ല്, ജലാറ്റിൻ, കൊഴുപ്പ് എന്നിവ മൃഗങ്ങളുടെ സംഭാവനയാണ്. ഔഷധവ്യവസായത്തിനാവശ്യമായ ഹോർമോൺ, വാക്സിൻ, എൻസൈമുകൾ എന്നിവ ഈ മേഖലയുടെ കനിവുകൊണ്ട് ലഭിക്കുന്നവയാണ്. പല ഔഷധങ്ങളും മനുഷ്യരിൽ പരീക്ഷിക്കുന്നതിനു മുൻപ് പരീക്ഷണ വിധേയമാക്കുന്നത് മൃഗങ്ങളിലാണ്. കാർഷിക മേഖലയെ ശക്തിപ്പെടുത്തുന്നതിലും മൃഗങ്ങൾ വഹിക്കുന്നു പങ്ക് ചില്ലറയല്ല. ജൈവവളം ഉണ്ടാക്കുന്നതിനും നിലം ഉഴുന്നതിനും മൃഗങ്ങളെയാണ് പ്രയോജനപ്പെടുത്തുന്നത്. ജൈവവാതക നിർമ്മാണത്തിലും മൃഗങ്ങൾക്കാണ് നിർണ്ണായക പങ്ക്. കന്നുകാലി സമ്പത്തിന്റെ 94% ഗ്രാമപ്രദേശങ്ങളിലെ ചെറുകിട നാമമാത്ര കർഷകരുടെ കയ്യിലായതുകൊണ്ട് ഈ മേഖലയുടെ വികസനം മൊത്തത്തിൽ ഗ്രാമീണ സമ്പദ്ഘടനയെ ശക്തിപ്പെടുത്തും. സമൂഹത്തിൽ ഭൂരിപക്ഷം വരുന്ന സ്ത്രീകൾക്ക് തൊഴിലും വരുമാനവും നൽകുന്ന കാര്യത്തിലും മൃഗസംരക്ഷണ മേഖല ശ്രദ്ധേയമായ പങ്കുവഹിക്കുന്നുണ്ട്.

1986, 1996 എന്നീ വർഷങ്ങളിലെ കന്നുകാലി കനേഷുമാരി ചുവടെ ചേർക്കുന്നു. കഴിഞ്ഞപത്തുവർഷത്തിനിടയിൽ കന്നുകാലി വളർത്തൽ രംഗത്തുണ്ടായ വ്യതിയാനം മനസ്സിലാക്കാൻ ഇതു സഹായകമാകും.

വളർത്തുമൃഗങ്ങളും പക്ഷികളും_ ആര്യാട്

വർഷം

മൃഗങ്ങളുടെ ഇനം	1986	1996	കുറവയുള്ളത്
സങ്കരയിനം പശു	902	1002	396
സങ്കരയിനം കാള	97	66	..
നാടൻ പശു	257	1015	8
നാടൻ കാള	23	4	..
എരുമ	9	10	2
പോത്ത്	ഇല്ല	4	..
ചെമ്മരിയാട്	1	ഇല്ല	
മുട്ടനാട്	163	ലഭ്യമല്ല	
പെണ്ണാട്	847	440	
പന്നി	2	4	
പട്ടി	744	119	
താറാവ്	1465	921	
കോഴി	10291	5128	
കാട	ഇല്ല	ഇല്ല	

മൃഗസംരക്ഷണ സ്ഥാപനങ്ങൾ

പഞ്ചായത്തിലെ രണ്ടാംവാർഡിൽ 26.3.96 ൽ ആരംഭിച്ച ഒരു മൃഗാശുപത്രിയും മൂന്നാം വാർഡിൽ 9.10.1986 ൽ സ്ഥാപിച്ച ഒരു ഗോസംവർദ്ധക ഉപകേന്ദ്രവുമാണ് ഉള്ളത്. രണ്ടാം വാർഡിലും അഞ്ചാംവാർഡിലും 2.4.86 ൽ ആരംഭിച്ച ഓരോ ക്ഷീരസഹകരണ സംഘങ്ങൾ ഉണ്ട്. ഈ രണ്ടു സംഘങ്ങളിലും കൂടി 380 പേർ അംഗങ്ങളായിട്ടുണ്ടെങ്കിലും പ്രതിദിനം പാൽശേഖരണം 600 ലിറ്റർ മാത്രമാണ്. പഞ്ചായത്തിൽ ഉല്പാദിപ്പിക്കുന്ന പാലിന്റെ 50% മാത്രമോ ഈ സംഘങ്ങൾ വഴി വിപണനം ചെയ്യപ്പെടുന്നുള്ളൂ. 10-15% വീട്ടാവശ്യത്തിനും ശേഷിക്കുന്ന 35% ത്തോളം പാൽ ഹോട്ടലുകളിലും വീടുകളിലും വിൽക്കുകയുമാണ് ചെയ്യുന്നത്. (പട്ടിക 2, 3 കാണുക)

പട്ടിക 2 മൃഗസംരക്ഷണസ്ഥാപനം

സ്ഥാപനത്തിന്റെ പേര്	തുടങ്ങിയത്	സ്റ്റാഫ്	ശരാശരി ഒരു ദിവസം	
			കേസ്	ഇൻസിമിനേഷൻ
മൃഗാശുപത്രി	26.3.1996	3	8	ഇല്ല
ഗോവർദ്ധക ഉപകേന്ദ്രം	9.10.1986	1	ഇല്ല	3

പട്ടിക 3 സഹകരണസ്ഥാപനങ്ങൾ

സ്ഥാപനത്തിന്റെ പേര്	ആരംഭിച്ചത്	സ്റ്റാഫ്	അംഗങ്ങൾ	പ്രതിദിന ശേഖരണം
ക്ഷീര സഹകരണസംഘം ആര്യാട് തെക്ക്	4.4.1986	3	192	150 ലിറ്റർ
ക്ഷീര സഹകരണസംഘം കൈതത്തിൽ	2.4.1986	3	188	450 ലിറ്റർ

പാരമ്പര്യ ചികിത്സാ സമ്പ്രദായമോ, അംഗീകൃത അറവുശാലയോ ആര്യാട് പഞ്ചായത്തിലില്ല. രണ്ടോ മൂന്നോ നാടൻ ബീജദാന (വിത്തുകാള) കേന്ദ്രങ്ങളുണ്ട്. അപൂർവ്വം ചിലരിൽ ജ്യോതിഷം, മന്ത്രം ചൊല്ലൽ തുടങ്ങിയ അന്ധവിശ്വാസങ്ങളും കാണാം.

കാലികളിൽ സാധാരണ കണ്ടുവരുന്ന രോഗങ്ങൾ ; അകിടുവീക്കം, വിരശല്യം, കുളമ്പുപനി, വയറിളക്കം, ദഹനക്കേട്, മൂടന്തൽപനി, പുഴുക്കടി എന്നിവയാണ് സാധാരണ കണ്ടുവരുന്നരോഗങ്ങൾ. ഒറ്റപ്പെട്ട കിറ്റോസിസ് 'ഹൈപ്പോകാൽസീനിയ' എന്നിവയും കാണാം കോഴികളിൽ വസന്തരോഗവും കണ്ടുവരുന്നു.

8-ാം പഞ്ചവത്സരപദ്ധതികാലത്ത് നടപ്പാക്കിയ സ്കീമുകൾ.

1. **പൗൾട്രി വികസനം** : 35 രൂപാ വിലയുള്ള കോഴിക്ക് 15 രൂപാ സബ്സിഡി നൽകികൊണ്ട് 20 രൂപാ പ്രകാരം 400 ഗുണഭോക്താക്കൾക്ക് 5 പിടക്കോഴികുഞ്ഞുങ്ങളെ വീതം നൽകുന്ന പദ്ധതി
2. **ആടുവളർത്തൽ വികസനം** : ഒരാടിന്റെ വിലയിൽ 50%, ഇൻഷ്വറൻസ് ചാർജ്ജ് സഹിതം, 450 രൂപ സഹായധനം കൊണ്ട് രണ്ട് പെണ്ണാട്ടിൻ കുട്ടികൾ ഉൾപ്പെട്ട 20 യൂണിറ്റ് അനുവദിച്ചു.
3. ഓരോ വർഷവും രണ്ട് ഗോരക്ഷാക്യാമ്പുകൾ വീതം നടത്തി.
4. പേവിഷബാധ നിർമ്മാർജ്ജന പരിപാടി

മൃഗസംരക്ഷണമേഖലയിലെ പ്രത്യേക ഊന്നൽ (Thrust Areas)നൽകേണ്ട മേഖലകൾ.

1. പാലുൽപാദനം
2. മുട്ടയുല്പാദനം
3. മാംസോല്പാദനം
4. തെരുവ് നായ്ക്കളെ നശിപ്പിക്കൽ

1. പാലുല്പാദനം : പഞ്ചായത്തിലെ ജനസംഖ്യ 24043 ആണ് ആളൊന്നിന് പ്രതിദിനം 250 മില്ലി ലിറ്റർ പാലാണ് ലോകാരോഗ്യ സംഘടന (WHO) ശുപാർശ ചെയ്തിരിക്കുന്നത്. ഇതുകണക്കാക്കിയാൽ പഞ്ചായത്തിലെ മൊത്തം ജനങ്ങൾക്ക് പ്രതിദിനം 6023 ലിറ്റർ പാൽവേണം. എന്നാൽ ഇപ്പോഴത്തെ പ്രതിദിനപാലുല്പാദനം 1286 ലിറ്റർ ആണ്. ജനങ്ങളുടെ പ്രതിദിന ഉപഭോഗം 1972 ലിറ്റർ ആണ്. ഇതിൽ തന്നെ 686 ലിറ്റർ പാൽ അന്യാശ്രയം വഴിയാണ് ലഭിക്കുന്നത്. അതുകൊണ്ട് പാലുല്പാദനത്തിൽ പഞ്ചായത്തിന് സ്വയം പര്യാപ്തത കൈവരിക്കണമെങ്കിൽ 4737 ലിറ്റർ പാൽകൂടി ഉൽപാദിപ്പിക്കേണ്ടിയിരിക്കുന്നു. (അവലംബം Socio Economic Servey 96) ഇത്രയും പാലുല്പാദിപ്പിക്കാൻ, ശരാശരി 10 ലി. പാലുല്പാദിപ്പിക്കാൻ കഴിയുന്ന 473 പശുക്കളെകൂടി വളർത്തേണ്ടിയിരിക്കുന്നു. 473 പശുക്കളിൽ 3 എണ്ണം അടങ്ങുന്ന ഓരോ യൂണിറ്റ് വിഭാവിച്ചാൽ തന്നെ 157 കർഷകർക്കും 3 പശുക്കളെ വീതം ലഭിക്കുകയും കുറഞ്ഞത് ഓരോ കർഷകനും വർഷത്തിൽ ഏകദേശം 35.000 രൂപാ ആദായം ലഭിക്കുകയും ചെയ്യും. ഈ രംഗത്തെ വികസനത്തിന് വേണ്ടി മോഡൽ ഡയറിഫാം, മൃഗസംരക്ഷണ കിറ്റ് പ്രോഗ്രാം എന്നീപദ്ധതികൾ നടപ്പാക്കാവുന്നതാണ്.

2 മുട്ടയുല്പാദനം : ആരോഗ്യമുള്ള ഒരാൾക്ക് ഒരു ദിവസം പകുതി മുട്ടയാണ് ലോകാരോഗ്യസംഘടന നിർദ്ദേശിച്ചിട്ടുള്ളത്. അങ്ങനെയെങ്കിൽ മൊത്തം ജനങ്ങൾക്ക് പ്രതിദിനം 12046 മുട്ട ആവശ്യമാണ്. ഇപ്പോഴത്തെ ഉപഭോഗം പ്രതിദിനം 2022 മുട്ട ആണ്. പഞ്ചായത്തിലെ പ്രതിദിന മുട്ടയുൽപാദനം 1428 മുട്ട ആണ്. അതായത് 10618 മുട്ടകൂടി ഉല്പാദിപ്പിച്ചുകൊണ്ടേ ഈ രംഗത്ത് പഞ്ചായത്തിന് സ്വയം പര്യാപ്തത കൈവരിക്കാനാവൂ. അതിനുവേണ്ടി 16,000 ലേറെ മുട്ടക്കോഴികളെ കൂടി വളർത്തണം. വീടൊന്നിന് ശരാശരി 3 കോഴികളെ വളർത്തണം എന്നർത്ഥം ഒപ്പം താറാവ്, കാട എന്നിവ വളർത്തിയും മുട്ടയുല്പാദനം വർദ്ധിപ്പിക്കാൻ കഴിയും.

3. മാംസോല്പാദനം : പാൽ, മുട്ട എന്നിവയിലേതുപോലെ തന്നെ മാംസത്തിന്റെ കാര്യത്തിലും ലോകാരോഗ്യസംഘടന ചില നിർദ്ദേശങ്ങൾ വച്ചിട്ടുണ്ട്. ഇതനുസരിച്ച് ഒരാൾ പ്രതിദിനം 15 Gm മാംസം എങ്കിലും കഴിച്ചിരിക്കണം. എന്നാൽ ഈ അളവിൽ മാസം കഴിക്കുന്നില്ലെന്നു മാത്രമല്ല ശുദ്ധമായ മാംസം ലഭിക്കുന്നില്ലെന്ന സ്ഥിതിയുമുണ്ട്.

മാംസവിപണനത്തിൽ നിലവിലുള്ള അപാകതകൾ.

a. രോഗമുള്ള മൃഗങ്ങളെ അറക്കുന്നു.
b. ക്ഷീണിച്ച് അവശരായ മൃഗങ്ങളെ അറക്കുന്നു.
c. അശാസ്ത്രീയവും ക്രൂരവുമായ അറവു രീതി
d. വിപണനം ചെയ്യുന്ന മാംസം പലപ്പോഴും മണ്ണ് പ്രാണകം, രക്തം മുതലായവ കലർന്നതാണ്.
e. പാതയോരങ്ങളിലെ വില്പന
f. മാംസപരിശോധനയുടെ അഭാവം
g. അണുബാധയുള്ളതും ചത്തതുമായ മൃഗങ്ങളെ അറക്കുന്നു.

മാംസോല്പാദനവും ഉപഭോഗവും

മാംസോല്പാദനത്തിന്റെ കാര്യത്തിലും പഞ്ചായത്തിന് സ്വയം പര്യാപ്തത കൈവരിക്കാൻ ഏറെ ദൂരം മുന്നോട്ട് പോകേണ്ടതുണ്ട്. ലോകാരോഗ്യസംഘടനയുടെ നിഷ്കർഷയനുസരിച്ച് പഞ്ചായത്തിലെ മൊത്തം ജനങ്ങൾക്കും പ്രതിദിനം 361 കിലോഗ്രാം മാംസം വേണം.

താഴെ പറയുന്ന നാലു പ്രോജക്ടുകൾ നടപ്പാക്കുന്നത് ആശാസ്യമായിരിക്കും.

1. ഇറച്ചിക്കോഴിവളർത്തൽ : ആര്യാട് പഞ്ചായത്തിൽ നിലവിൽ ഒരു ബ്രോയിലർ മാത്രമാണുള്ളത്.

2. ആടുവളർത്തൽ : ശാസ്ത്രീയമായ രീതിയിൽ കൂട് കെട്ടി ആരും തന്നെ ആടിനെ വളർത്തുന്നില്ല. തീറ്റരീതിയും അശാസ്ത്രീയമാണ്. വൃക്ഷനാശവും

കാലിത്തീറ്റയുടെ വില കൂടുതലും ഇതിന് കാരണമാകുന്നു. ഇത് പരിഹരിക്കാൻ കഴിയുന്നത്ര വൃക്ഷങ്ങൾ (മുരിക്ക്, പ്ലാവ്, സുബാബൂൾ, പ്ലാശ് ശീമകൊന്ന) അതിരുകളിൽ വച്ചു പിടിപ്പിക്കുന്നത് നന്നായിരിക്കും. ഇത്കൂടി ഫലപ്രദമാക്കിയാൽ ചൂരുങ്ങിയ ചിലവിൽ തീറ്റകൊടുത്ത് കർഷകർക്ക് ആവശ്യമായ പാൽ വീട്ടിൽ തന്നെ ഉൽപ്പാദിപ്പിക്കക്കൻ കഴിയും ഇത്തരം ആടുകളുടെ ഉൽപ്പാദനക്ഷമത കുറയുമ്പോൾ അവയെ അറവുമാടുകളാക്കി വിൽപ്പന നടത്തുവാനും കഴിയും. അതുകൊണ്ടാണ് Goat is gold and poorman's cow (ആട് കനകമാണ് ഒപ്പം പാവപ്പെട്ടവന്റെ പശുവുമാണ്.) എന്ന് പറയുന്നത്.

3 കാളക്കുട്ടി വളർത്തൽ : പഞ്ചായത്തിലുണ്ടാകുന്ന 80-90% മുരിക്കുട്ടികളും പോത്തിൻ കുട്ടികളും കാലാകാലങ്ങളിൽ വിരുദ്ധിക്കാത്തതുകൊണ്ടും സംരക്ഷിക്കാത്തത് കൊണ്ടും ചത്തുപോകുന്നു. അതുകൊണ്ട് അവയെ നന്നായി സംരക്ഷിച്ച് ഒരു വയസ്സ് കഴിയുമ്പോൾ അറക്കുവാൻ കൊടുക്കാവുന്നതാണ്.

IV പന്നിവളർത്തൽ : പന്നിവളർത്തലിൽ പലർക്കും താൽപര്യമുണ്ടെങ്കിലും പന്നിക്കുഞ്ഞുങ്ങളുടെ പരിമിതി, പരിശീലനക്കുറവ്, ഹോട്ടൽ വെയ്സ്റ്റ്, അറവുശാല വെയ്സ്റ്റ് എന്നിവയുടെ ലഭ്യത കുറവ് കൊണ്ടും സാമൂഹ്യ വിലക്കുകൾ കൊണ്ടും ഇത് നന്നായി വികസിപ്പിക്കാൻ സാധിക്കുന്നില്ല.

പ്രസ്തുത പ്രോജക്റ്റുകൾ വിജയകരമായി നടപ്പാക്കുന്നതിന് പഞ്ചായത്തുതലത്തിൽ ശാസ്ത്രീയമായി സംവിധാനം ചെയ്ത ഒരു അംഗീകൃത അറവുശാല അത്യാവശ്യമാണ്.

ഈ പ്രോജക്റ്റുകൾ വഴി പഞ്ചായത്തിന് ആവശ്യമായ മാംസം ഉൽപ്പാദിപ്പിക്കാൻ കഴിയും എന്നതിന് പുറമെ തൊഴിൽ സദ്ധ്യത വർദ്ധിപ്പിക്കാനും അതുവഴി പഞ്ചായത്തിന്റെ വരുമാനം ഉയർത്തികൊണ്ടുവരാനും സാധിക്കും (പട്ടിക 4 കാണുക) പട്ടിക : ഉൽപ്പാദനം ,ആവശ്യകത, ഉപഭോഗം, ലക്ഷ്യം (പ്രതിദിനം

ഇനം	ഉൽപ്പാദനം	പ്രതിശീർഷ ആവശ്യകത	ഉപഭോഗം	ലക്ഷ്യം
പാൽ	1286.ലി	250 ലി	1972 ലി	6023 ലി.
മുട്ട	1248	പ്രതിമുട്ട	2022	10,618
മാംസം		15 ഗ്രാം	100 Kg.	361.Kg

4. തെരുവ് നായ്ക്കളെ നശിപ്പിക്കൽ: മൃഗങ്ങളിൽ നിന്നും മനുഷ്യരിലേയ്ക്ക് പകരുന്ന ഏറ്റവും ഭയാനകവും മാരകവുമായ രോഗമാണ് പേവിഷബാധ. ഈ രോഗത്തിന്റെ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ വിജയിക്കാൻ അലഞ്ഞുതിരിയുന്ന തെരുവ് നായ്ക്കളെ നശിപ്പിക്കേണ്ടതും എല്ലാം വളർത്തുനായ്ക്കളേയും പേവിഷയ്ക്കെതിരെ കുത്തിവച്ച് ലൈസൻസ് വാങ്ങേണ്ടതുമാണ്. എന്നാൽ ഇതു ഫലപ്രദമായി നടക്കാറില്ല.

മൃഗസംരക്ഷണമേഖലയിലെ പ്രശ്നങ്ങൾ
ഗ്രാമസഭയിൽ ഉയർന്ന പ്രശ്നങ്ങൾ:

1. കാലിത്തീറ്റയുടെ വിലകൂടുതൽ
2. കാലാനുസൃതമായ അടിസ്ഥാന സൗകര്യങ്ങൾ

പോലുമില്ലാത്ത മൃഗാശുപത്രിയും ഉപകേന്ദ്രവും

3. ക്ഷീരവിപണന സംഘങ്ങൾ വഴി പാൽ വിപണനം നടത്തുന്ന കർഷകർക്ക് മതിയായ വിലലഭിക്കാതെ വരുന്നു.

4. പുല്ല്, വൈക്കോൽ എന്നിവയുടെ ലഭ്യതകുറവ്.

മറ്റ്പ്രശ്നങ്ങൾ

5. മൃഗസംരക്ഷണ മേഖലവയിലെ വിവിധ പദ്ധതികളെപ്പറ്റിയും അവയുടെ നേട്ടങ്ങളെപ്പറ്റിയും ഗുണഭോക്താക്കളായിട്ടുള്ള പൊതുജനങ്ങൾക്ക് വേണ്ടത്ര ധാരണയില്ല

6. അലഞ്ഞുതിരിയുന്ന തെരുവ് നായ്ക്കളെ നശിപ്പിക്കുന്നില്ല. കാലികളെ വളർത്തുന്നതിനുള്ള സാമ്പത്തിക സഹായ ലഭ്യമാക്കുന്നില്ല. വായ്പ നൽകുന്നതിൽ ധനകാര്യസ്ഥാപനങ്ങൾ വിമുഖത കാണിക്കുന്നു.

8. നല്ല രീതിയിൽ പാൽ ഉൽപാദിപ്പിക്കുന്ന പശുക്കളെപ്പോലും പലരും ഇൻഷ്വർ ചെയ്യാറില്ല.

9. കോഴിവസന്തക്കെതിരെ കുത്തിവെയ്പ് ഫലപ്രദമായി നടത്താത്തത്കൊണ്ട് കോഴികൾ വ്യാപകമായി ഒറ്റയടിക്ക് ചത്തൊടുങ്ങുന്നു. ഇത് അത്യന്തികമായി കോഴിവളർത്തലിനെ നിരുത്സാഹപ്പെടുത്തുന്നതിലേക്ക് ചെന്നെത്തുന്നു.

10 മൃഗാശുപത്രിയും ഗോവർദ്ധന ഉപകേന്ദ്രവും 1/2 കി. മി. അകലത്തിൽ യഥാക്രമം രണ്ടും മൂന്നും വാർഡുകളിലായി പഞ്ചായത്തിന്റെ കിഴക്കേഅറ്റത്ത് സ്ഥിതി ചെയ്യുന്നതിനാൽ മറ്റ് വാർഡിലുള്ളവർക്ക് അതിന്റെ സേവനം ലഭിക്കാൻ ബുദ്ധിമുട്ടുന്നു.

11. കുളമ്പുരോഗത്തിനെതിരെ പ്രതിരോധകുത്തിവയ്പ് എടുക്കുവാൻ പലരും വിമുഖത കാണിക്കുന്നു.

കർഷകർക്ക് അംഗീകാരം ലഭിക്കുന്നില്ല.

13. കാലാകാലങ്ങളിൽ കിടാക്കളെ വിരയിളക്കാറില്ല.

14. സർക്കാരിൽ നിന്നും സൗജന്യമായോ സൗജന്യനിരക്കിലോ കിട്ടുന്ന വകകൾ ഉപഭോക്താക്കൾതന്നെ മറിച്ചുവിൽക്കുന്ന പ്രവണത കണ്ടുവരുന്നു.

15. ഈ മേഖലയിലുള്ള കുറഞ്ഞ വനിതാ പങ്കാളിത്തം.

16. സാങ്കേതിക പരിജ്ഞാനമില്ലാത്തവരുടെ മൃഗചികിത്സ

17 കർഷകരുടെ ആവശ്യാനുസരണം ഗുണമേന്മയുള്ള പക്ഷി മൃഗാദികളുടെ ദൗർലഭ്യം

18 ഭാരിച്ച ചികിത്സാ ചിലവ്.

പരിഹാരമാർഗ്ഗങ്ങൾ

1. കുറഞ്ഞ വിലക്ക് കാലിത്തീറ്റയും കോഴിത്തീറ്റയും ലഭ്യമാക്കുക. ഇതിനായി പ്രാദേശികമായി ലഭ്യമായ വിഭവങ്ങൾ സമാഹരിച്ച് സഹകരണാടിസ്ഥാനത്തിൽ തീറ്റനിർമ്മാണയൂണിറ്റുകൾ സ്ഥാപിക്കണം. അസംസ്കൃത സാധനങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും നിയന്ത്രിത വിലയ്ക്ക് ഗുണനിലവാരമുള്ള തീറ്റ ലഭിക്കുന്നതിനും പ്രാദേശികമായി തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും ഇത് സഹായിക്കും.

2. **മൃഗാശുപത്രിയിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുക.** ആശുപത്രികക്ക സ്വന്തമായി ഒരു കെട്ടിടം തന്നെ വേണം. ഒപ്പം അവശ്യത്തിന് ഫർണിച്ചറും ഉണ്ടാവണം. റഫ്രിജറേറ്റർ, മൈക്രോസ്കോപ്പ്, റി ഏജന്റസ്, സെൻസിറ്റിവിറ്റി ടെസ്റ്റിനുള്ള സംവിധാനം, പശുക്കളെ കെട്ടിപരിശോധിക്കുന്നതിന് കൂട് (Trews), സ്റ്റെറിലൈസർ, പ്രാഥമിക സൗകര്യങ്ങൾ, എന്നിങ്ങനെ എല്ലാ ആധുനിക സൗകര്യങ്ങളും അടിയന്തിരമായി മൃഗാശുപത്രിയിൽ സ്ഥാപിക്കണം ഒപ്പം രോഗചികിത്സക്ക് ആവശ്യമായ മരുന്നുകളും വേണം. ഇപ്പോഴത്തെ മൃഗാശുപത്രിയിൽ കൃത്രിമ ബീജദാനസൗകര്യമില്ലാത്തതിനാൽ പലകർഷകരും ആലപ്പുഴയെ ആശ്രയിക്കുന്നു.

3. ക്ഷീരകർഷകർക്ക് കാലിതീറ്റയിനത്തിൽ മിൽമ നൽകുന്ന സബ്സിഡി ഗണ്യമായി വർദ്ധിപ്പിക്കുകയും പാലിന് അർഹമായ വില ഉറപ്പുവരുത്തുകയും വേണം.

4. പുല്ല്, വൈക്കോൽ എന്നിവ വളർത്തുന്നതിനും സംപുഷ്ടീകരിക്കുന്നതനുമുള്ള സഹായവും അതിനുള്ള പരിശീലനവും നൽകണം. തീറ്റപ്പുൽ കൃഷിചെയ്യുവാൻ വിത്തും വളവും സൗജന്യനിരക്കിൽ ക്ഷീരവികസനവകുപ്പിൽ നിന്നും വിതരണം ചെയ്യുക. പഞ്ചായത്ത് പുറമ്പോക്ക് സ്ഥലങ്ങൾ തീറ്റപ്പുല്ലു കൃഷിക്കുവേണ്ടി ലേലവ്യവസ്ഥയിൽ ഉപയോഗിക്കാവുന്നതാണ്. നമ്മുടെ പ്രധാനകൃഷികളിലൊന്നായി തെങ്ങിന്റെ ഇടയിലും പുൽകൃഷി ചെയ്യാവുന്നതാണ്. കുട്ടനാട് പോലുള്ള ദ്രേശങ്ങളിൽ നിന്നും കൊയ്തു കഴിഞ്ഞാലുടൻ വൈയ്ക്കോൽ സംഭരിച്ച് അത് യൂറിയ ട്രിറ്റ്മെന്റ് (4%) നടത്തി പോഷക

മൂല്യം വർദ്ധിപ്പിക്കാനും ഇതിലൂടെ കാലിതീറ്റയുടെ അളവ് കുറയ്ക്കാനും കഴിയും.

പഞ്ചായത്തിൽ പണ്ട് നെൽകൃഷി ചെയ്തിരുന്ന ചില പാടങ്ങൾ ഇപ്പോൾ തരിശായി കിടക്കുകയാണ്. ഇത്തരം തരിശുപാടങ്ങളിൽ കന്നുകാലിക്കു നൽകാൻ കഴിയുന്ന നല്ലയിനം തീറ്റപ്പുല്ല് കൃഷിചെയ്യാവുന്നതാണ്. മിച്ചം വരുന്ന തീറ്റപ്പുല്ല് സൈലേജ് ആക്കി സൂക്ഷിക്കാവുന്നതാണ്.

5. മൃഗസംരക്ഷണമേഖലയിൽ നടപ്പാക്കുന്ന വിവിധസഹായപദ്ധതികളെപ്പറ്റി വ്യാപകമായ ബോധവൽക്കരണം നടത്തണം.

6. അലഞ്ഞുതിരിയുന്ന തെരുവ് നായ്ക്കളെ നശിപ്പിക്കുക. പഞ്ചായത്തിലെ മൊത്തം നായ്ക്കളേയും കുത്തിവയ്ക്കുകയും പഞ്ചായത്തിൽ നിന്ന് അവയ്ക്ക് ലൈസൻസ് നൽകുകയും വേണം.

7. കാലികളെ ലഭിക്കുന്നതിനുള്ള സാമ്പത്തിക സഹായം നബാർഡിൽ (National Bank for Agriculture and Rural Developement) (NABARD) നിന്ന് ലഭ്യമാണ്. ഇത് നടപ്പിലാക്കാൻ പഞ്ചായത്ത് ഗ്യാരന്റി നൽകിയാൽ മാത്രം മതി.

8. എല്ലാ പശുക്കളെയും നിർബന്ധമായി ഇൻഷ്വർ ചെയ്യിപ്പിച്ച് കർഷകർക്ക് ആത്മവിശ്വാസം നൽകുക.

കോഴിക്കുഞ്ഞിനെ ഒരാഴ്ച പ്രായമാകുമ്പോഴും എട്ടാമത്തെ ആഴ്ചയിലും പിന്നെ ഓരോവർഷത്തിലും കോഴികൾക്കും വസന്തരോഗത്തിനുമെതിരെ നിർബന്ധമായും കുത്തിവയ്പ് നടത്തണം.

കോഴിക്കൂട്ടിൽ നിന്ന് യഥാസമയം കാഷ്ഠം നീക്കം ചെയ്യാത്തതുമൂലം കൂട്ടിൽ അമോണിയയുടെ അളവ് കൂടുകയും ഇത് ശ്വാസതടസ്സം കോഴികളിൽ ഉണ്ടാക്കി ചത്തൊടുങ്ങുന്നു. ഇത് ഒഴിവാക്കാനുള്ള ബോധവൽക്കരണം അനിവാര്യമാണ്.

10 പഞ്ചായത്തിൽ നിലവിലുള്ള മൃഗാശുപത്രിയും ഗോവർധന ഉപകേന്ദ്രവും മൃഴുവൻ ജനങ്ങൾക്കും പ്രയോജനപ്പെടുത്താവുന്ന വിധത്തിൽ പഞ്ചായത്തിന്റെ ഹൃദയഭാഗത്തേക്ക് മാറ്റി സ്ഥാപിക്കുകയും പുതിയ ഗോവർധന ഉപകേന്ദ്രങ്ങൾ സ്ഥാപിക്കുകയും ചെയ്യാവുന്നതാണ്.

11. കുളമ്പ്രോഗത്തിനെതിരായ കുത്തിവെയ്പ് (ബൂസ്റ്റർ ഡോസ് ഉൾപ്പടെ) നിർബന്ധമായി നടത്തിയിരിക്കണം. ഇത് സംബന്ധിച്ച് ബോധവർക്കണവും നടത്തേണ്ടതാണ്.

12. കർഷകരെ അംഗികരിക്കുകയും പ്രോൽസാഹിപ്പിക്കുകയും ചെയ്യുന്ന തരത്തിൽ പഞ്ചായത്തുതലത്തിൽ കർഷക അവാർഡുകൾ ഏർപ്പെടുത്തുക.

13. യഥാസമയം കന്നുകാലികളുടെ വിരയിളക്കണം.

14. സർക്കാർ സൗജന്യം മതിയായ രീതിയിൽ ഉപയോഗപ്പെടുത്തുകയും അതിനുവേണ്ടി ബോധവൽക്കരണം നടത്തുന്നതിനോടൊപ്പം തന്നെ ആയവ പാലിക്കാത്തവരിൽ നിന്നും പിഴ ഇടാക്കാനുള്ള നടപടികൾ സ്വീകരിക്കണം.

മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങളിൽ സ്ത്രീകളുടെ പരമാവധി പങ്കാളിത്തം ഉറപ്പാക്കാൻ വേണ്ടതു ചെയ്യണം.

16. മൃഗങ്ങളുടെ ചികിത്സ അതിന് പരിശീലനം സിദ്ധിച്ചവരെകൊണ്ട് മാത്രമേ നടത്താവൂ.

17. കർഷകരുടെ ആവശ്യത്തിനുസരിച്ച് പക്ഷിമൃഗാദികളെ നല്കുന്നതിനുള്ള സംവിധാനം ഉണ്ടാകണം

മറ്റ് നിർദ്ദേശങ്ങൾ

1. 'വെച്ചൂർ' പശുക്കളെപ്പോലുള്ള നല്ലയിനം നാടൻ പശുക്കൾ കാലഹരണപ്പെട്ടുപോകാതിരിക്കാനുള്ള ജാഗ്രത വേണം.

2. നല്ലരീതിയിൽ പാലുല്പാദനം കൂട്ടുവാൻ വേണ്ടി 'പ്രൊവൺബുൾ സെവൻ' ഉപയോഗിക്കുക

3.'സ്കൂൾ പൗൾട്രി ക്ലബ്' മുഖേന കുട്ടികളിൽ കോഴിവളർത്തൽ പ്രോൽസാഹിപ്പിക്കുകയും സമ്പാദ്യശീലം വളർത്തുകയും ചെയ്യുക.

4. പശുക്കളിൽ കണ്ടുവരുന്ന വന്ധ്യതാനിവാരണത്തിനായി ക്യാമ്പുകൾ കൂടുതൽ ശക്തിപ്പെടുത്തുക.

5. പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശം വേമ്പനാട്ടുകായലുമായി തൊട്ടുരുമ്മി കിടക്കുന്നതിനാൽ അവിടെയുള്ള കർഷകരിൽ താറാവ് വളർത്തൽ പ്രോൽസാഹിപ്പിക്കാൻ കഴിയും .

മൃഗസംരക്ഷണമേഖലയിൽ ആര്യാട് പഞ്ചായത്തിന്റെ നിലവിലുള്ള പഞ്ചായത്ത് സൗകര്യങ്ങൾ (Infrastructure) പ്രയോജനപ്പെടുത്തി നടപ്പാക്കാവുന്ന പദ്ധതികളുടെ ഏകദേശരൂപമാണ് മേൽ വിവരിച്ചത്.

മത്സ്യബന്ധനം

അറബിക്കടൽ പടിഞ്ഞാറും, വേമ്പനാട്ട് കായൽ കിഴക്കും അതിരുകൾ നിക്കുന്ന പഞ്ചായത്ത് ആണ് ആര്യാട് പഞ്ചായത്തിന്റെ പതിനെന്നാം വാർഡ് മാത്രമാണ് കടലിനോടുചേർന്ന് കിടക്കുന്നത്. ഒരു കി. മി. കടൽതീരം മാത്രമാണ് ആര്യാടിനുള്ളത്. 1,2 വാർഡുകൾ വേമ്പനാടുകായിനോട് ചേർന്നാണ് കിടക്കുന്നത്. 2. കി. മീറ്ററോളം കായൽ തീരമാണുള്ളത്. മറ്റു തടാകങ്ങളൊ പുഴകളൊ ആര്യാടിനില്ല. കടലിൽ നിന്നും വേമ്പനാടുകായലിൽ നിന്നുമാണ് പ്രധാനമായും മത്സ്യബന്ധനം നടക്കുന്നത്. 1,2,11 വാർഡുകളിൽ ആണ് മത്സ്യത്തൊഴിലാളികൾ വസിക്കുന്നത്. മത്സ്യബന്ധനവുമായി ബന്ധപ്പെട്ട തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവരുടെ വിശദാംശങ്ങൾ പട്ടിക ഒന്നിൽ

പട്ടിക 1

	വള്ളം	ബോട്ട്	ലോഡിംഗ്	വിപണനം
കടൽ	200	20	15	50
കായൽ	215	–	–	60

മത്സ്യവിപണനത്തിൽ ഏർപ്പെട്ടിരിക്കുന്ന കായൽ മേഖലയിലെ തൊഴിലാളികളിൽ 60/ പേർ സ്ത്രീകളാണ് (100%) കടൽ മേഖലയിൽ 30/50 സ്ത്രീകൾ ആണ്. (60%). മത്സ്യ വിപണനത്തിനായി വളരെ ദൂരെ ഉള്ള മാർക്കറ്റുകളെയും വീടുകളെയും ആണ് സ്ത്രീകൾ ആശ്രയിക്കുന്നത്. കായൽ മേഖലകളിലെ സ്ത്രീകൾ അധികവും നഗരത്തിലെ വീടുകളിൽ ആണ് മത്സ്യം വിറ്റഴിക്കുന്നത്. മത്സ്യം വഹിച്ചുള്ള യാത്ര വളരെ ദുഷ്കരമാണ്. മത്സ്യഫെഡിന്റെ വനിതാ സ്പെഷ്യൽ വാഹനങ്ങൾ നേരത്തെ ഉണ്ടായിരുന്നു. അവ ഇപ്പോൾ നിർത്തൽ ചെയ്തിരിക്കുകയാണ്. ഇവ പുന സ്ഥാപിക്കേണ്ടത് അടിയന്തിര പ്രാധാന്യമുള്ള സംഗതി ആണ്. മത്സ്യം പിടിക്കുന്ന ജോലിയിൽ ഏർപ്പെടുന്ന സ്ത്രീകൾ നാമമാത്രമാണ്. കടൽ മേഖലയിൽ തീരെ ഇല്ലെന്നു തന്നെ പറയാം കായൽ മേഖലയിൽ ഏതാനും സ്ത്രീകൾ മത്സ്യബന്ധനത്തിൽ ഏർപ്പെട്ടിട്ടുണ്ട്. വിപണനരംഗത്താണ് സ്ത്രീകൾ ഏറെയും .

കടലിൽ മത്സ്യം പിടിക്കാൻ പോവുന്നവർക്ക് വ്യാപകമായി 'രക്തവാതം' എന്നറിയപ്പെടുന്ന രോഗം കാണപ്പെടുന്നുണ്ട്. കടലിൽ പോകാത്തവർക്ക് ഈ രോഗം വരാറില്ല എന്നു പറയപ്പെടുന്നു.

കടലിൽ നിന്നും ലഭിക്കുന്ന മത്സ്യങ്ങൾ

മാസം	മത്സ്യം /ലഭ്യത
ജനുവരി,	മത്തി അയല, സ്രാവ്,
ഫെബ്രുവരി മാർച്ച് , ഏപ്രിൽ, മെയ്	ഏട്ട, നെമ്മീൻ (ചൂടുകാലം കാറ്റ്, പൊതുവെ മത്സ്യ ലഭ്യത കുറവ്)
ജൂൺ, ജൂലൈ, ഓഗസ്റ്റ് സെപ്റ്റംബർ	ചെമ്മീൻ അയല മത്തി, നെത്തോലി (കൊഴുവ) ചൂടൻ വറ്റ, മങ്കട) (കടൽക്ഷോഭത്തിന്റെ ഈ കാലത്ത് ചാകരപ്പടുകളിൽ നിന്നുമാണ് മത്സ്യം ലഭിക്കുന്നത്.)
ഒക്ടോബർ, നവംബർ ഡിസംബർ	മത്തി, സ്രാവ്, അയല, മാച്ചാൻ

കടൽ മേഖലകളിൽ നിന്നും ഏറ്റവും അധികം ലഭിക്കുന്ന മത്സ്യം മത്തി, അയല എന്നിവ ആണ്. മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ, ജൂലൈ ആഗസ്റ്റ് മാസങ്ങളിൽ ആണ് പൊതുവെ മത്സ്യ ലഭ്യത വളരെ കുറഞ്ഞിരിക്കുന്നത്. ഇത് പൊതുവെ വറുതിയുടെ കാലമാണ്. മാർച്ച് മെയ് കാലത്ത് സാധാരണയായി കടൽ 'കരിഞ്ഞു' കിടക്കുന്നു എന്നാണ് പറയപ്പെടുന്നത്.

നേരത്തെ സുലഭമായിരുന്ന പലമത്സ്യ ഇനങ്ങളും ഇന്ന് അപ്രത്യക്ഷമായികൊണ്ടിരിക്കുകയാണ്. പാലച്ചൊറക്, വലിയസ്രാവ് വലിയ തെരണ്ടി, ആകോലി, കടൽവാള നാരൻചെമ്മീൻ തുടങ്ങിയവയൊക്കെ നാശോന്മുഖമായി കൊണ്ടിരിക്കുന്ന മത്സ്യഇനങ്ങൾ ആണ്. കടലും കായലും ആയി ബന്ധിച്ചിരുന്ന നിരവധി തോടുകളുടെ നാശം പല മത്സ്യങ്ങളുടെയും കുറവിനും വംശനാശത്തിനുതന്നെയും കാരണമായിട്ടുണ്ടെന്നു തൊഴിലാളികൾ പറയുന്നു.

കടൽ മത്സ്യബന്ധനമേഖലയിലെ പരമ്പരാഗതതൊഴിലാളി ഇന്നും ഇടത്തട്ടുകാരന്റെ കൊടിയ ചൂഷണം നേരിടുന്നുണ്ട്. വള്ളം, വല ഔട്ട്ബോർഡ് എഞ്ചിൻ എന്നിവ വാങ്ങുന്നതിനായി മത്സ്യഫെഡ് നൽകുന്ന വായ്പ വളരെ അപര്യാപ്തമാണ്. മതിയാകാതെ വരുന്ന വായ്പ തരകന്മാരിൽ നിന്നും വാങ്ങുകയാണ് ചെയ്യു

ന്നത്. 100 രൂപയ്ക്കക്ക പ്രതിമാസം 10 രൂപ നിരക്കിലാണ് സാധാരണയായി ഇക്കൂട്ടർ പലിശ ഈടാക്കുന്നത്. (120% പലിശ) വള്ളത്തിലെ മത്സ്യത്തിന്റെ വില പേശി ഉറപ്പിക്കുന്നത് കമ്മീഷൻ ഏജന്റുമാരാണ്. ഇതും വമ്പിച്ച ചൂഷണത്തിന് വഴിയൊരുക്കുന്നുണ്ട്. മത്സ്യത്തൊഴിലാളിക്ഷേമ സംഘങ്ങൾ രണ്ടെണ്ണമാണ് കടൽ മേഖലയിൽ പ്രവർത്തിക്കുന്നത്. ഇവിടെ അനർഹരായവർ കടന്നുകൂടുകയും ആനുകൂല്യങ്ങൾ തട്ടിയെടുക്കുകയും ചെയ്യുന്നതായി തൊഴിലാളികൾക്ക് ആക്ഷേപമുണ്ട്.

മത്സ്യബന്ധനത്തിൽ ഉപയോഗിക്കുന്ന ഉപകരണങ്ങളിലും ഉരുക്കളിലും വമ്പിച്ച മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. ട്രോളിംഗും അടക്കം-കൊല്ലിവലയും മത്സ്യസമ്പത്തിനെ ക്ഷയിപ്പിച്ചിട്ടുണ്ടെന്നാണ് നാട്ടുകാരുടെ പക്ഷം ഫാക്ടറികപ്പൽ എന്നറിയപ്പെടുന്ന വിദേശട്രോളറുകളെ പരമ്പരാഗത തൊഴിലാളി ഈ രംഗത്തെ ഏറ്റവും വലിയ ഭീഷണി ആയി കരുതുന്നു. 100 മാർ അകലെ (300 മീറ്റർ) ആധുനിക കപ്പലുകൾ മീൻ പിടിക്കുന്നുണ്ട് എന്ന് മത്സ്യത്തൊഴിലാളികൾ പറയുന്നുണ്ട്. ചെമ്മീൻ സമ്പത്തിന്റെ നാശത്തിന് ഇത് കാരണമായിട്ടുണ്ട്. പഴയ തണ്ടുവളങ്ങൾ ഡിംഗി വള്ളങ്ങൾ, ചെറിയ ഡിസ്കോവള്ളങ്ങൾ ഫൈബർബോട്ടുകൾ എന്നിവയാണ് ഇവിടെ ഉപയോഗിക്കുന്ന ഉരുക്കൾ.

കായൽ മേഖലയിൽ 250 പേരാണ് ഇവിടെ പ്രവർത്തി എടുക്കുന്നത്. മത്സ്യബന്ധനം, കായൽ കക്കാവാരൽ എന്നീ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ ആണ് ഇവർ. മത്സ്യബന്ധനം കക്കാവാരൽ എന്നീസംരകഭങ്ങളിൽ സ്ത്രീ തൊഴിലാളികൾ നാമമാത്രമാണ്. ധീവരസമുദായത്തിൽപ്പെട്ടവരാണ് പ്രധാനമായും. കായൽ മത്സ്യബന്ധനത്തിനെ ആശ്രയിച്ച് ഉപജീവനം നടത്തുന്നത്. തണ്ണീർമുക്കം ബണ്ടും കുട്ടനാട്ടിലെ അശാസ്ത്രീയമായ കൃഷിരീതികളും കായൽ മത്സ്യബന്ധനത്തെ ദോഷകരമായി ബാധിച്ചിട്ടുണ്ട്. ഓരുവെള്ളത്തിൽ ജീവിതചക്രത്തിന്റെ ഒരു ഭാഗം പൂർത്തിയാക്കേണ്ട മത്സ്യങ്ങളുടെ എല്ലാം നാശത്തിന് ബണ്ട് കാരണമായി . കുട്ടനാടൻ നെൽപാടങ്ങളിൽ തളിക്കുന്ന നൂറുകണക്കിന് ടൺ വിഷവസ്തുക്കൾ കായലിലേയ്ക്ക് ഒഴുകിയെത്തുന്നത് അടുത്തകാലത്ത് പ്രത്യക്ഷപ്പെട്ട മത്സ്യരോഗത്തിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. വരാൽ,പൂവാലൻ പറൽ, കാരി, വാള എന്നീ മത്സ്യങ്ങൾ മത്സ്യരോഗം മൂലം ചത്തൊടുങ്ങിയ ഇനങ്ങൾ ആണ്. ഒരിടവേളയ്ക്കുശേഷം മത്സ്യരോഗം വീണ്ടും പ്രത്യക്ഷപ്പെട്ടിരിക്കുന്നു. കായൽ ചെമ്മീൻ, കണമ്പ്, പൂമീൻ, കാളാഞ്ചി, പ്രാഞ്ഞിൽ എന്നിവ എല്ലാം വംശനാശഭീഷണിയെ നേരിടുന്ന കായൽ മത്സ്യങ്ങൾ ആണ്. തോട്ടപൊട്ടിക്കൽ നഞ്ചുകലക്കൽ എന്നീ അശാസ്ത്രീയവും മാരകവുമായ രീതികളും ഈ മേഖലയിൽ നിലനില്ക്കുന്നുണ്ട്. കായൽ മത്സ്യത്തൊഴിലാളികൾക്ക് ത്വക്കുരോഗവും നേത്രരോഗവും വ്യാപകമാണ്. കാരണം ഇലമലിനീകരണമാണോ എന്ന് പരിശോധിക്കപ്പെടണം. കക്കാവാരുന്നത് പ്രധാനമായും കക്കായ്ക്കുവേണ്ടിയാണ്. കക്കായിറച്ചി കുടുംബത്തിന്റെ നിത്യചിലവിന് വകയുണ്ടാക്കികൊടുക്കുന്നു. ആറുമാസം കൊണ്ട് രണ്ടിഞ്ച് വലിപ്പം വെയ്ക്കുന്ന കക്കയാണ് ഈ പ്രദേശത്ത് കാണുന്നത്. ഇന്ന് കൊല്ലിവലകൾ ഉപയോഗിച്ച് കക്ക പിടിക്കുന്ന രീതിയാണ് നിലനിൽക്കുന്നത്. ഇങ്ങനെ 6mm മാത്രം വലുപ്പമുള്ളതും വാരിയെടുക്കൽ ഇത് വരുത്തിവെയ്ക്കുന്ന വിനാശം ചെറുതല്ല. കക്കാഇറച്ചി നേരത്തെ ഇവിടെ പ്രാദേശികമായി വില്പന നടത്തുകയായിരുന്നു. 1990 കളിൽ കക്കായിറച്ചി ഫ്രാൻസ്, ബ്രിട്ടൺ, അമേരിയ്ക്ക എന്നീ രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യപ്പെടുക ഉണ്ടായി. കക്കാസഹകരണസംഘം മുഖേനയാണ് തൊഴിലാളികൾ കയറ്റുമതിക്കാർക്ക് ഇറച്ചി വിറ്റിരിക്കുന്നത്. പല കാരണങ്ങളാലും ഇത് ഇന്ന് നിലച്ചിരിക്കുന്നു. (വിശദാംശങ്ങൾ സഹകരണം അദ്ധ്യായത്തിൽ)

കടലാക്രമണം, മണ്ണൊലിപ്പ്, തീരശോഷണം എന്നിവ ബന്ധപ്പെട്ട സ്ഥലങ്ങളിൽ പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. കടൽ മേഖലയിൽ വേണ്ടത്ര മലവിസർജ്ജനസംവിധാനം ഇല്ലാത്തത് ആരോഗ്യപ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്.

പ്രശ്നങ്ങൾ

1. അടക്കം കൊല്ലിവലകൾ, ട്രേഡിംഗ്, ഫാക്ടറി കപ്പൽ മത്സ്യസമ്പത്ത് ശോഷണം
2. നിരവധി മത്സ്യഇനങ്ങളുടെ വംശനാശം
3. കടലാക്രമണം കായൽ തീര മണ്ണൊലിപ്പ്, തീരശോഷണം.
4. കടൽ മേഖലയിലെ ഇടത്തട്ടുകാരുടെ ചൂഷണം
5. കടൽ മത്സ്യത്തൊഴിലാളികൾക്ക് പ്രാഥമിക സൗകര്യങ്ങളുടെ അപര്യാപ്തത. കക്കൂസ് വീട്
6. കൈവശഭൂമിക്ക് പട്ടയം കിട്ടാമെത വരിക.
7. മത്സ്യത്തൊഴിലാളിക്ഷേമ സംഘങ്ങളുടെ കാര്യക്ഷമതതയില്ലായ്മ.

ജലമലിനീകരണം, കായൽ മത്സ്യ സമ്പത്ത് ശോഷണം, മത്സ്യരോഗം

9. കക്കാവാരൽ : അശാസ്ത്രീയമായ കക്കാ വാരൽ മത്സ്യബന്ധനരീതികൾ
10 സ്ത്രീതൊഴിലാളികളുടെ പ്രശ്നങ്ങൾ

നിർദ്ദേശങ്ങൾ

a) കടലാക്രമണം തടയുന്നതിനും, തീരം സംരക്ഷിക്കുന്നതിനും പുത്തൻ സാദ്ധ്യതകൾ ആരായുക (കണ്ടൽ ചെടികൾ വെച്ചുപിടിപ്പിക്കുക) Geotextiles ഉപയോഗിച്ചുള്ള ഹരിത വൽക്കരണം (കായൽ) etc.

b. മത്സ്യബന്ധന വിപണനരംഗത്തെ സ്ത്രീ തൊഴിലാളികൾക്ക് കൂടുതൽ തൊഴിൽ സാദ്ധ്യതകൾ സൃഷ്ടിക്കുക വനിതാ സഹകരണ മത്സ്യ സംസ്കരണ ശാല തുടങ്ങിയ സാധ്യതകൾ വിപണനത്തിലേർപ്പെടുന്ന സ്ത്രീതൊഴിലാളികൾക്ക് കടത്തു സൗകര്യ ഉണ്ടാക്കുക.

c. കായൽ മേഖലയിലെ മത്സ്യ രോഗത്തെ സംബന്ധിച്ച് വിശദമായ പഠനം നടത്തുക.

d. വംശനാശം നേരിടുന്ന ഇനങ്ങളുടെ സംരക്ഷണത്തിനായ് പദ്ധതികൾ ആവിഷ്കരിക്കുക.

e. തണ്ണീർമുക്കം ബണ്ടിന്റെ റെഗുലേഷൻ ശാസ്ത്രീയമാക്കുക. കൂടുതൽ പാടശേഖരങ്ങളിലെ അപകടകാരികൾ ആയ കീടനാശിനികളുടെ ഉപയോഗം നിയന്ത്രിക്കുക.

f. മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിൽ കക്കൂസ് സൗകര്യം വർദ്ധിപ്പിക്കുക. 2 വർഷം കൊണ്ട് എല്ലാ മത്സ്യതൊഴിലാളികുടുംബത്തിനും സുരക്ഷിതമായ കക്കൂസ്

g. മത്സ്യത്തൊഴിലാളികളുടെ ഭവനനിർമ്മാണ പദ്ധതി വിപുലമാക്കുക.

h. മത്സ്യഫെഡ് തുടങ്ങിയവ നൽകുന്ന ലോണുകൾ വർദ്ധിപ്പിക്കുക. ഇടത്തട്ടുകാരിൽ നിന്നും സംരക്ഷിക്കുക

i. കടൽ, കായൽ മേഖലകളിലെ കൂടി വെള്ളപ്രശ്നം പരിഹരിക്കുവാൻ പദ്ധതികൾ ആവിഷ്കരിക്കുക.

j. കക്കാഇറച്ചിക്ക് പ്രാദേശിക വിപണന സംവിധനങ്ങൾ ഏർപ്പെടുത്തുക. കക്കാ ഇറച്ചി സംസ്കരണസാധ്യതകൾ ആരായുക.

k. കടൽ മത്സ്യത്തിനെ നശിപ്പിക്കുന്ന വിദേശട്രോളറുകൾ നിരോധിക്കുക. കായൽ മേഖലയിലെ അശാസ്ത്രീയമായ മത്സ്യബന്ധനരീതികൾ നിർത്തലാക്കുവാൻ വേണ്ട പ്രവർത്തനം

ഉദാ : കൊല്ലിവല ഉപയോഗിച്ചുകൊണ്ടുള്ളകക്കാവാരൽ

നഞ്ചുകലക്കിയും, തോട്ടപൊട്ടിച്ചുമുള്ള മീൻപിടുത്തം)

1,2, വാർഡുകളിലെ നിരവധി തോടുകൾ, ചതുപ്പുകൾ എന്നിവിടങ്ങളിൽ മത്സ്യകൃഷി ADAK സഹായത്തോടെ.







വ്യവസായം

ഈ നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ വിദേശ കയർ ഫാക്ടറികൾ സ്ഥാപിക്കപ്പെടുന്നതോടെയാണ്. പഞ്ചായത്തിൽ വ്യവസായങ്ങളുടെ തുടക്കം. ബ്രിട്ടീഷ് കമ്പനിയായ ആസ്പിൻവാൾ ആയിരുന്നു ആദ്യത്തെ കയർ ഫാക്ടറിയും, ആദ്യത്തെ വ്യവസായ സ്ഥാപനവും: കായലിനോട് ചേർന്ന് പഞ്ചായത്തിന്റെ കിഴക്കേ അറ്റത്തായാണ് ഈ ഫാക്ടറി സ്ഥാപിക്കപ്പെട്ടത്. ആസ്പിൻ വാൾ കമ്പനിയുടെ വക കുറെ വസ്തുക്കൾ ഇന്നും ആപ്രദേശത്ത് കിടക്കുന്നുണ്ട്. നഗരത്തിലെ കൂലിയേക്കാൾ 6.25% കൂലി കുറച്ച് കൊടുത്താൽ മതി എന്ന കാരണത്താലാണ് ഈ വൻകിട കമ്പനി ആര്യാട് സ്ഥാപിക്കപ്പെട്ടത്. ഈ ഫാക്ടറിയിലെ സ്ത്രീകൾക്ക് കൊടുത്തിരുന്ന കൂലിയാകട്ടെ തികഞ്ഞ പട്ടിണികൂലിയായിരുന്നു. രണ്ടാം ലോക മഹായുദ്ധത്തിന്റെ സമയത്ത് പട്ടാള ടെൻഡുകൾ വലിച്ചു കെട്ടുന്നതിനുള്ള വീതികൂടിയ കോട്ടൺ ടേപ്പ് ആസ്പിൻ വാൾ കമ്പനിയിൽ ഉണ്ടാക്കിയിരുന്നു. സ്ത്രീ തൊഴിലാളികളെയാണ് പ്രധാനമായും ഈ ജോലിക്ക് ഉപയോഗിച്ചിരുന്നത്. ആണുങ്ങളെല്ലാം നിർബന്ധിത പട്ടാളസേവനത്തിനും സ്ത്രീകളെല്ലാം ടേപ്പ് നിർമ്മാണത്തിനും എന്നതായിരുന്നുവെത്രെ സ്ഥിതി.

1200 തൊഴിലാളികൾ പണിയെടുത്തിരുന്ന ഒരു കൂറ്റൻ കയർഫാക്ടറി ആയിരുന്നു ആസ്പിൻ വാൾ

അക്കാലത്ത് പഞ്ചായത്തിലെവിടെയും ചെറുകിടകയർഫാക്ടറികൾ ഉണ്ടായിരുന്നില്ല. കളത്തുങ്കൽ പോത്തൻ എന്നയാൾക്കു മാത്രമാണ് പുങ്കാവിൽ ഒരു കയർ ഫാക്ടറിയുണ്ടായിരുന്നത്. ശ്രീ നാരായണപ്രസ്ഥാനത്തിൽ നിന്ന് ആവേശമുൾകൊണ്ട പുരോഗമന വാദിയായിരുന്ന ശ്രീ വാടപ്പുറം ബാവ തൊഴിലാളികൾക്കിടയിൽ പുരോഗമനാശയങ്ങൾ പ്രചരിപ്പിക്കുന്നതിൽ നിർണ്ണായകമായ പങ്ക് വഹിച്ചു. ഇംപീരിയൽ കയർ ഫാക്ടറിയിലെ മൂപ്പനായിരുന്ന ശ്രീ. ബാവ 'തൊഴിലാളി' എന്ന പേരിൽ ഒരു പത്രം പ്രസിദ്ധീകരിച്ചിരുന്നു. തൊഴിലാളികൾ പത്രം വാങ്ങണമെന്നത് നിർബന്ധമായിരുന്നു. പത്രത്തിന്റെ വില കഴിച്ചു മാത്രമെ കൂലി നൽകുമായിരുന്നുള്ള. തിരുവിതാംകൂർ ലേബർ അസോസിയേഷനും തിരുവിതാംകൂർ കയർഫാക്ടറി വർക്കേഴ്സ് യൂണിയനും രൂപീകരിക്കപ്പെട്ടതും ഈ യൂണിയനുകൾ നാടിന്റെയാകെ രാഷ്ട്രീയ സാമൂഹ്യചരിത്രത്തിലെ ഉശിരൻ ചിത്രങ്ങൾ കോറിയിട്ടതുമെല്ലാം കയർതൊഴിലാളികളുടെ രാഷ്ട്രീയ സമരങ്ങളുടെ കഥയാണ്. വൻകിട കയർഫാ

ക്ടറികളൊക്കെ ക്രമേണ രംഗംവിട്ടു. ഇന്ന് കയർ ഫാക്ടറികൾ ആകെ വികേന്ദ്രീകരിക്കപ്പെട്ടിരിക്കുന്നു. പക്ഷേ കയർ ഫാക്ടറികളിന്മേലുള്ള നിയന്ത്രണം ഇന്ന് വൻകിട കയറ്റുമതിക്കാർക്കാണെന്നുമാത്രം. 459 ചെറുകിട കയർഫാക്ടറികളിലായി 1610 കയർ തറികളുണ്ട്. ഈ കയർ ഫാക്ടറികളുടെ പൊതു സ്ഥിതി ആകെ പരിശോധിക്കേണ്ടതുണ്ട്.

പഞ്ചായത്തിൽ ആധുനിക വ്യവസായ സ്ഥാപനങ്ങളൊന്നും തന്നെയില്ല. കായലിലെ കക്കാ സംസ്കരണവുമായി ബന്ധപ്പെട്ട രണ്ടു ചൂളകൾ പ്രവർത്തിക്കുന്നു. എല്ലാ വാർഡുകളിലും ഏതാനും ഫർണീച്ചർ യൂണിറ്റുകൾ നിലവിലുണ്ട്. ഖാദി മേഖലയിലുണ്ടായിരുന്ന രണ്ടു വ്യവസായ യൂണിറ്റുകൾ പ്രവർത്തനരഹിതമായി.

കയർ മേഖല

കയർമേഖലയുടെ പൊതുചിത്രം വ്യക്തമാക്കുന്ന പട്ടിക ചുവടെ ചേർക്കുന്നു:

പട്ടിക 1,2,3,4

പട്ടിക 1 കയർഫാക്ടറി സർവേ 96

വാർഡ്	ചെറുകിട കയർ ഫാക്ടറി (എണ്ണം)	വൻകിട കയർ ഫാക്ടറി	ഫിനിഷിംഗ് ഫാക്ടറി	ആകെ തറികളുടെ എണ്ണം	തൊഴിലാളികൾ		കയറ്റുമതി ഫാക്ടറി	തൊണ്ടാട്ടി ഫാക്ടറി	മറ്റുള്ള ഫാക്ടറി
					സ്ത്രീ	പുരുഷൻ			
I	7	-	..	36	14	25	1	6	-
II	123	-	-	335	125	364	-	123	-
III	30	-	-	101	35	101	9	27	
IV	67	-	-	214	61	171	6	67	
V	35	-		157	55	356	8	18	(കർണ്ണൂർ) 10
VI	22	1	1	85	39	95	4	16	കയർ കൂപ്പ് 3
VII	29	-	.	128	72	117	12	10	കയർ കൂപ്പ് 7
VIII	24	-	1	72	34	68		22	കയർകൂപ്പ് 2
IX	29	..	-	80	32	80	1	22	കർണ്ണൂർ: 1 കയർ കോർപ്പറേഷൻ 6
X	15	1 (സഹകരണം)	1	94	33	141	2	14	-
XI	75	-	4	306	179	472	27	48	..
Total	457	2	7	1610	681	1990	64	357	28

ആകെയുള്ള 459 കയർ ഫാകടറികിലായി 2677 പേർ കയർ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന പണിയിൽ ഏർപ്പെട്ടിരിക്കുന്നു. 681 സ്ത്രീകളും 1990 പുരുഷന്മാരും മൊത്തം തൊഴിലാളികളുടെ 25.5% സ്ത്രീകളാണ്. ഇപ്പോൾ ശരാശരി 20 ദിവസത്തെ ജോലിയാണ് പ്രതിമാസം ലഭിക്കുന്നത്. തറികളിൽ കയറുല്പന്നങ്ങൾ നിർമ്മിക്കുന്നു ജോലിയിൽ പുരുഷന്മാർ മാത്രമെ ഏർപ്പെടുന്നുള്ളു. സ്ത്രീകൾ അവിദഗ്ദതൊഴിലാളികളായി തളച്ചിടപ്പെട്ടിരിക്കുകയാണ്. അതുകൊണ്ടുതന്നെ കയർ രംഗത്ത് പണിയെടുക്കുന്ന സ്ത്രീയുടെ പ്രതിദിനശരാശരി വരുമാനം പുരുഷന്റേതിന്റെ 1/4 മാത്രമേ വരുന്നുള്ളു. കയറ്റുപായ (Matting) നിർമ്മാണ ഫാക്ടറികൾ 64 ഉം ചകിരി, തടുക്ക് നിർമ്മാണ ഫാക്ടറികൾ 367 മാണ്. മറ്റുള്ളവ 28 എണ്ണമാണുള്ളത്.

459 കയർ ഫാക്ടറികളിൽ 457 എണ്ണവും ചെറുകിടഫാക്ടറികളാണ്. ഒരു ചെറുകിടഫാക്ടറിയിൽ ശരാശരി മൂന്നു തറികളാണുള്ളത്. മൊത്തം ജനസംഖ്യയുടെ 11.1% പേർ പഞ്ചായത്തിൽ തന്നെയുള്ള കയർഫാക്ടറികളിൽ നേരിട്ട് ജോലി ചെയ്യുന്നു. 19 . 60 പ്രായഗ്രൂപ്പിൽപ്പെട്ട ആളുകൾ 18.4% വരും. ഇത് നേരിട്ടു തൊഴിലെടുക്കുന്നവരുടെ കണക്ക് മാത്രമാണ്. ലോഡിംഗ ഫിനിഷിംഗ്, സംഘാടനപ്രവർത്തനങ്ങൾ തുടങ്ങിയ പണികളിലേർപ്പെട്ടിരിക്കുന്നവർ ഇതിനു പുമെയാണ് കയർ വ്യവസായത്തെ ഈ ഗ്രാമം എത്രമേൽ ആശ്രയിക്കുന്നു എന്നത് ഇതിൽ നിന്ന് വ്യക്തമാണ്. കയർ വ്യവസായരംഗം വ

പട്ടിക 2

കയർ ഫാക്ടറി ആര്യാട് വിപണനം

	ഫാക്ടറികളുടെ എണ്ണം
നേരിട്ട് കയറ്റുമതി	4
കയറ്റുമതിക്കാർക്ക് നേരിട്ട്	28
കയറ്റുമതിക്കാർക്ക് ഇടനിലക്കാർ വഴി	424
സഹകരണ മേഖലയ്ക്ക്	1

(കയർ ഫാക്ടറി സർവ്വേ 96)

പട്ടിക 3

അസംസ്കൃത വസ്തു സംഭരണം	ഫാക്ടറികളുടെ എണ്ണം
ഇടനിലക്കാർവഴി	446
നേരിട്ട്	13

കയർ ഫാക്റി സർവ്വേ 96

കയർ ഫാക്ടറി ആര്യാട്

അസംസ്കൃത വസ്തു വിനിയോഗം	Kg./മാസം)
ചകിരി	170553 Kg.
കയർ	83719 Kg.

11_ാം വാർഡിലെ 28 കയറ്റുപായ ഫാക്ടറികളുടെയും 48 ചകിരിത്തടുക്ക് ഫാക്ടറികളുടെയും വിവരം ലഭ്യമല്ല. അതൊഴികെയുള്ള കണക്കാണിത്.
(കയർ ഫാക്ടറി സർവ്വേ 96)

ളരെയധികം ശ്രദ്ധിച്ച് ആസൂത്രണം ചെയ്യേണ്ടതിന്റെ ആവശ്യകതയിലേയ്ക്കാണത്. വിരൽ ചൂണ്ടുന്നത്. കയർ ഉല്പന്നരംഗത്ത് മറ്റു രാജ്യങ്ങളും മറ്റ് ഇൻഡ്യൻ സംസ്ഥാനങ്ങളും ആധുനിക പ്രവണതകൾക്കൊപ്പിച്ച് ചുവടുവെച്ച് നീങ്ങുമ്പോൾ ആലപ്പുഴയുടെ കയർ വ്യവസായം ഇന്നും പഴഞ്ചൻ സങ്കേതങ്ങളിലധിഷ്ഠിതമാണ്.

ചെറുകിട കയർ ഉല്പാദകർ വമ്പിച്ച ചൂഷണത്തെ അഭിമുഖീകരിക്കുകയാണ്. വിപണനത്തിന്റെ രീതി പരിശോധിച്ചാൽ ഇത് വ്യക്തമാകും (പട്ടിക 2) 456 ചെറുകിട ഉൽപാദകരിൽ 28 പേർ മാത്രമാണ് കയറ്റുമതിക്കാർക്ക് നേരിട്ട് ഉൽപന്നങ്ങൾ വില്കുന്നത്. 424 ഫാക്ടറിഉടമകൾ ഇടനിലക്കാർ വഴിയാണ് കയറ്റുമതിക്കാർക്കു ഉല്പന്നങ്ങൾ എത്തിക്കുന്നത്. കയറ്റുമതിക്കാർ ഓർഡർ നല്കുന്നത് ഇടനിലക്കാർക്കാണെന്നർത്ഥം. ഈ ഇടനിലക്കാരുടെ ദയാദാക്ഷിണ്യങ്ങൾക്കനുസരിച്ചാണ് ചെറുകിക്കാർക്ക് ഓർഡർ ലഭികുന്നക്ക്. സഹകരണമേഖലയുടെ അപര്യാപ്തത പട്ടിക 2 ൽ നിന്ന് വ്യക്തമാണ്. സൗത്ത് ഇൻഡ്യൻ കയർ സൊസൈറ്റിയുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശങ്ങൾ സഹകരണം എന്ന അദ്ധ്യായത്തിൽ ചേർത്തിട്ടുണ്ട്.

ഓർഡർ സ്വീകരിക്കുകയും ചെറുകിടക്കാർക്ക് വിതരണം ചെയ്യുകയും ചെയ്യുന്ന പണിമാത്രമല്ല ഇടനിലക്കാർ ചെയ്യുന്നത്. മറിച്ച് ചെറുകിട കയർ ഫാക്ടറിക്കാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളും, സേവനങ്ങളും (ബ്ലീച്ചിംഗ്, ഡൈയിംഗ്, മുതലായവ) ലഭ്യമാക്കുന്നതും ഇടനിലക്കാരാണ്. (പട്ടിക -3) 446 ചെറുകിട ഫാക്ടറികൾക്ക് ഇടനിലക്കാർ വഴിയാണ് അസംസ്കൃത പദാർത്ഥങ്ങൾ ലഭിക്കുന്നത് അസംസ്കൃത പദാർത്ഥങ്ങൾ ഏറെയും ഇന്ന് മറ്റു സംസ്ഥാനങ്ങളിൽ നിന്നാണിറക്കുമതി ചെയ്യുന്നത്. വലിയ അളവിൽ ഇവ ഇറക്കുമതി ചെയ്യാൻ മൂന്നു തറി ഉടമകൾക്ക് കഴിയാതെ വരുന്നതുമൂലം തന്നെ ഇവർ ഇത്തരത്തിലുള്ള ഇടനിലക്കാരുടെ ചൂഷണത്തിന് വിധേയരാവുന്നു. ഫിനിഷിംഗ് പ്രവർത്തനങ്ങൾ, ചായം മുക്കൽ, ബ്ലീച്ചിംഗ് തുടങ്ങിയ വയ്ക്കാക്കെയും ഇടനിലക്കാരെ ആശ്രയിക്കേണ്ട സ്ഥിതിയാണ് നിലവിലുള്ളത്. ആകെ 71 ഫാക്ടറികൾക്ക് മാത്രമാണ് ബ്ലീച്ചിംഗ സൗകര്യമുള്ളത്. ബ്ലീച്ചിംഗ് ചാർജ്ജായി ഇടനിലക്കാർ ഈടാക്കുന്ന തുക ഈ രംഗത്തെ ചൂഷണത്തിലേക്ക് വെളിച്ചം വീശും. 30 കിലോഗ്രാം വരുന്ന ഒരു കെട്ട് ചകിരിയുടെ ബ്ലീച്ചിംഗ് ചാർജ്ജ് 275 രൂപയാണ്. ഒരു കെട്ട് ചകിരിയുടെ യഥാർത്ഥ ബ്ലീച്ചിംഗ് ചാർജ്ജ് 150 രൂപയ്ക്ക് താഴെയാണ്. 30 kg ചകിരിയുടെ മേൽ 125 രൂപയാണ് ഇടനിലക്കാർ അധികമായി തട്ടിയെടുക്കുന്നത്. സ്ധാരണ കയർതൊഴിലാളിയാണ് ഇന്നത്തെ 2 ഉം 3 ഉം തറികളുടെ ഉടമകളായിട്ടുള്ളത്. ഒരു തറി മാത്രമുള്ള ഫാക്ടറി വളരെയധികമുണ്ട്. ചുരുക്കത്തിൽ കയർതൊഴിലാളികളുടെ ഇന്നത്തെ "സായ്പ്പന്മാർ" കയറ്റുമതിക്കാരും ഇടനിലക്കാരുമാണെന്നർത്ഥം

വളരെ പ്രാചീനങ്ങളായ സംവിധാനങ്ങളാണ് ഇന്നും ഉല്പാദനരംഗത്തുള്ളത്. (ചായം മുക്കൽ , ഡിസൈനിംഗ് എന്നിവയിലെല്ലാം) ചകിരിത്തടുക്കിന്റെ പടങ്ങൾ ഡിസൈൻ ചെയ്യുന്നത് ഇന്നും ഗ്രാഫ് പേപ്പറിൽ വരച്ചു നോക്കി തന്നെയാണ് അയൽ സംസ്ഥാനങ്ങളിലും മറ്റും CAD തുടങ്ങിയ സംവിധാനങ്ങൾ ഈ രംഗം പുരോഗമിക്കുകയാണ്. ഈ പ്രവണത തിരിച്ചറിഞ്ഞ് ഉൽപന്നവൈവിദ്ധ്യത്തിലും ഗുണനിലവാരത്തിലും ശ്രദ്ധിച്ചില്ലെങ്കിൽ കയർ വ്യവസായം പൂർണ്ണമായും ഇവിടെ നിന്നും കുടിയിറങ്ങും ഇത്തരം ആധുനിക പ്രവണതകൾ സ്വാംശീകരിച്ച് ഇവിടുത്തെ തൊഴിൽ പ്രശ്നങ്ങൾക്കനുസൃതമായി അനുകൂലനം നടത്തി എല്ലാവർക്കും എത്തിക്കേണ്ട കയർ കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങൾ ഈ രീതിയിൽ വളരുന്നുണ്ടോയെന്ന് സംശയമാണ്. അസംസ്കൃത പദാർത്ഥങ്ങളുടെ ലഭ്യത വലിയൊരു പ്രശ്നമായി തീർന്നിട്ടുണ്ട്. തെങ്ങുകൾക്കുണ്ടായ രോഗം, ഉല്പാദനക്കുറവ് എല്ലാം

കാരണമാണ്. ഉല്പാദിപ്പിക്കപെടുന്ന പച്ചതൊണ്ടുതന്നെ സംഭരിച്ച് ലഭ്യമാക്കാൻ കഴിയുന്നില്ല. എന്നതും പ്രശ്നമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ആവശ്യമുള്ളത്രകയർ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനും കയർ ഫെഡ് പോലുള്ള സ്ഥാപനങ്ങൾ ഇനിയും കാര്യക്ഷമമാക്കേണ്ടിയിരിക്കുന്നു.

ബ്ലീച്ചിംഗ് പ്രക്രിയ ചില്ലറ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്. ബ്ലീച്ചിംഗിനുശേഷം. ഒഴുക്കിവിടുന്ന മലിനജലം ഭൂമിയിൽ താഴുകയും, തൊട്ടടുത്തുള്ള കുടിവെള്ള സ്രോതസുകളെ മലിനീകരിക്കുകയും ചെയ്യുന്നുണ്ട്. ഈ മലിനജലം ട്രീറ്റ് ചെയ്യുന്നതിനാവശ്യമായ സംവിധാനത്തെക്കുറിച്ച് ആലോചിക്കേണ്ടിയിരിക്കുന്നു.

കയർ രംഗത്തെ പ്രശ്നങ്ങൾ

1. ഇടനിലക്കാരുടെയും, കയറ്റുമതിക്കാരുടെയും കൊടിയ ചൂഷണം
2. അസംസ്കൃത സാധനങ്ങളുടെ ലഭ്യതക്കുറവ്.
3. കയർ വ്യവസായത്തിൽ നിലനില്കുന്ന വമ്പിച്ച സ്ത്രീ വിവേചനം.
4. ഈ രംഗത്തെ പഴഞ്ചൻ സാങ്കേതികത
5. വിപണനപ്രശ്നങ്ങൾ
6. ബ്ലീച്ചിംഗ്, ഡൈയിംഗ് തുടങ്ങിയ സംവിധാനങ്ങളുടെ കേന്ദ്രീകരണം
7. ബ്ലീച്ചിം സെന്ററുകൾ ഉയർത്തുന്ന പാരിസ്ഥിതിക പ്രശ്നങ്ങൾ
8. ആഭ്യന്തര മാർക്കറ്റില്ലായ്മ.

സാദ്ധ്യതകൾ

a) ഫാക്ടറികൾക്കാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ സംഭരിക്കുന്നതിനും, സേവന സംവിധാനങ്ങൾ ഉണ്ടാക്കുന്നതിനും ആവശ്യമായ കൂട്ടായ്മകൾ സൃഷ്ടിക്കപ്പെടണം. പഞ്ചായത്തിലെ 9 ാം വാർഡിൽ നിലനില്കുന്ന കോമൺ ഫെസിലിറ്റി സെന്റർ മാതൃകയാക്കാവുന്നതാണ്. ഡയിംഗ് സംവിധാന ആധുനികവൽക്കരിക്കുന്നതിന് ജനകൂട്ടായ്മ സംഘങ്ങൾക്ക് കഴിയണം. എല്ലാവിധഫിനിഷിംഗ് ജോലികളും ചെയ്യാനാവശ്യമായ സംവിധാനങ്ങളെക്കുറിച്ചാലോചിക്കാവുന്നതാണ്.

b) പഞ്ചായത്തടിസ്ഥാനത്തിൽ തൊഴിലാളികൾക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനങ്ങളുണ്ടാകണം.ഇതിന് പഞ്ചായത്ത് സമിതിയുടേയും ഉല്പാദകരുടേയും കൂട്ടായ നേതൃത്വത്തിൽ പരിപാടി ആവിഷ്കരിക്കണം.

c) ഡിസൈനിംഗ് രംഗത്ത് CAD ഉപയോഗപ്പെടുത്താൻ വേണ്ട സംവിധാനങ്ങൾ ആലോചിക്കണം.

d) കയർ ഉല്പന്നങ്ങളുടെ പുത്തൻ സാദ്ധ്യതകൾ ആരായണം (ഉദാ Geo Textiles)

e) ഉല്പന്ന വിപണനരംഗത്ത് നിന്ന് കുറഞ്ഞപക്ഷം ഇടനിലക്കാരെയെങ്കിലും ഒഴിവാക്കുവാൻ പാകത്തിൽ ചെറുകിട ഉല്പാദക തൊഴിലാളികൂട്ടായ്മകൾക്ക് കഴിയണം. അതിനാവശ്യമായ പ്രവർത്തനം

f) വനിതകളെ ഈ രംഗത്തുള്ള വിദഗ്ദ തൊഴിലുകളിൽ നെയ്ത്ത് ഫിനിഷിംഗ്, ഷൂട്ടിംഗ് etc പരിശീലിപ്പിക്കുവാൻ സംവിധാനം ഉണ്ടാകണം. ചകിരിയടി തുടങ്ങിയ അവിദഗ്ദമായതും കുറഞ്ഞമൂല്യോല്പാദനമുള്ളതുമായ മേഖലകളിൽ സ്ത്രീകൾ തളച്ചിടപ്പെടുന്ന രീതിക്ക് അറുതിവരുത്തണം.

g) കയർ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കണം. ആധുനികമായ തൊണ്ടഴുക്കൽ സംവിധാനങ്ങളും തൊണ്ടടിക്കൽ സംവിധാനങ്ങളും ആലോചിക്കണം. ചകിരിച്ചോർ തുടങ്ങിയവയുടെ പുനർവിനിയോഗം കൂടി കണക്കിലെടുക്കണം

h) ബ്ലീച്ചിംഗ് മലിനജലം ട്രീറ്റ് ചെയ്യുന്നതിനാവശ്യമായ സംവിധാനം

കക്കാ വ്യവസായം

ആര്യാട് പഞ്ചായത്തിലെ ഒന്നാം വാർഡിൽ രണ്ട് കക്കാ വ്യവസായ ചൂളകൾ പ്രവർത്തിക്കുന്നുണ്ട്. ഒന്ന് സൊസൈറ്റി മേഖലയിലും മറ്റൊന്ന് സ്വകാര്യമേഖലയിലുമാണ്. കേരളമിനിലൈം ഖാദി സൊസൈറ്റിയിൽ 34 തൊഴിലാളികൾ പ്രവർത്തിക്കുന്നുണ്ട്. കുമ്മായം നിർമ്മിക്കുന്ന പ്രവർത്തനമാണ് അവിടെ നടക്കുന്നത്. സ്വകാര്യ മേഖലയിൽ പ്രവർത്തിക്കുന്ന ഫാക്ടറിയിൽ 30 തൊഴിലാളികൾ ജോലിയെടുക്കുന്നുണ്ട്. കക്കാ നീറ്റുന്ന പ്രവർത്തനമാണ് അവിടെയും നടക്കുന്നത്. ആര്യാട് മണ്ണഞ്ചേരി പഞ്ചായത്തുകളിലെ കായൽ മേഖലയിൽനിന്നും കോമളപുരത്തെ സൊസൈറ്റി സംഭരിക്കുന്ന കക്കായുടെ അളവ് താഴെ പട്ടികയിൽപ്പെടുത്തിയിരിക്കുന്നു.

കക്കാ സംഭരണം

ടൺ കണക്കിൽ

വർഷം	ജനു	ഫെബ്.	മാർച്ച്	ഏപ്രിൽ	മെയ്	ജൂൺ	ജൂലൈ	ആഗസ്റ്റ്	സെപ്തം	ഒക്ടോ.	നവം	ഡിസം.
93	591-880	496-680	773-940	559-840	504-580	257-560	328 -..	473-	409	540	525	385.200
94	957-000	804-....	686-500	675-.....	586-500	375-940	346-500	310-300	347-880	519-...	631-500	961-000
95	817-500	711-...	686-500	576-940	454-780	606-720	407-100	341-680	151-020	282-860	327-660	377-680
96	505-920	519-720	488-500	377-100	541-460	173-640	195-200	161.420	135.4001	193-00		

കക്കാ വ്യവസായ സംരംഭങ്ങളുടെ സാദ്ധ്യതയിലേക്കാണിത് വിരൽ ചൂണ്ടുന്നത്. കക്കാ വ്യവസായരംഗത്ത് നിരവധി പ്രശ്നങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. കക്കായ്ക്കുപകരം ലൈം സ്റ്റോൺ വ്യവസായങ്ങളിൽ ഉപയോഗിക്കുന്നതു മൂലം കക്കായുടെ മാർക്കറ്റിൽ ഇടിവുണ്ടായിരിക്കുന്നതാണ് പ്രശ്നം. അമ്ലാംശം കൂടുതലുള്ള മണ്ണിൽ കുമ്മായം ഉപയോഗിക്കേണ്ടതാണെങ്കിലും ഇത് പ്രോത്സാഹിപ്പിക്കപ്പെടുന്നില്ല. കക്കാ ഉപയോഗിക്കുന്ന ഫാക്ടറികളുടെ സാദ്ധ്യതകൾ പരിശോധിക്കപ്പെടണം.

ഏതാനും ഫർണിച്ചർ യൂണിറ്റുകൾ പഞ്ചായത്തിന്റെ പല ഭാഗങ്ങളിലായി പ്രവർത്തിക്കുന്നുണ്ട്. സ്വയംതൊഴിൽ വായ്പയും മറ്റും എടുത്ത് വ്യവസായം നടത്തുവാൻ ശ്രമിക്കുന്നവരൊക്കെയും ഫർണിച്ചർ വ്യവസായം,സിമന്റ് വ്യവസായം എന്നിവയിലേക്കാണ് കടന്നുവരുന്നത്. അതുകൊണ്ടുതന്നെ ഈരംഗത്ത് വിപണി ഒരു പ്രധാനപ്രശ്നമാകുന്നുണ്ട്. സിമന്റ് ഉൽപ്പന്ന നിർമ്മാണരംഗം കുറെയേറെ പ്രതിസന്ധികളെ നേരിടുന്നുണ്ട്. നേരത്തെ നിയന്ത്രിതവിലയ്ക്ക് ലഭിച്ചുകൊണ്ടിരുന്ന സിമന്റും കമ്പിയും ഇന്ന് ലഭ്യമാകുന്നില്ല. ഈരംഗത്ത് ഇനി അധികമൊന്നും പിടിച്ചുനില്ക്കാനാവില്ല എന്ന സ്ഥിതിസംജ്ഞാതമായിരിക്കുന്നു.

ചെറുകിട വ്യവസായങ്ങൾ ആരംഭിക്കുവാൻ വൈദ്യുതി ലഭ്യമാകാത്തത് ഒരു പ്രതിസന്ധിയായി ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. പഞ്ചായത്തിൽ നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ബൾബുകളത്രയും മാറ്റി ട്യൂബുകളാക്കുവാനുള്ള നിർദ്ദേശം നിലവിലുണ്ട്. ഇലക്ട്രോണിക് ചോക്ക് നിർമ്മാണ യൂണിറ്റിന് സാദ്ധ്യതയുണ്ട്. പഞ്ചായത്തിന്റെ മുൻ കയ്യിൽ ഈ യൂണിറ്റ് സ്ഥാപിക്കപ്പെടുകയും നിയന്ത്രിത വിലയ്ക്ക് ഉല്പന്നങ്ങൾ വിറ്റഴിക്കാനും ശ്രമിക്കണം.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. എല്ലാ വാർഡിലും 'റാട്ട്' ഉപയോഗിച്ചുള്ള കയർ പിരിയൂണിറ്റുകൾ ആരംഭിക്കുക.
2. കൊപ്രാ സംഭരണ സംസ്കരണ യൂണിറ്റ് ആരംഭിക്കുക.
3. അച്ചാർ, കറിപ്പൊടി യൂണിറ്റുകൾ.
4. സോപ്പ് നിർമ്മാണം സാമൂഹ്യമായ പ്രചരണം നടത്തി സ്വീകാര്യത ഉണ്ടാക്കണം.
5. നാളികേരപ്പൊടി യൂണിറ്റ്
6. ചിരട്ട, തെങ്ങിന്റെ ഇതരവസ്തുക്കൾ ഉപയോഗിച്ചുള്ള കരകൗശല വസ്തുനിർമ്മാണം.
7. ഇലക്ട്രോണിക് വ്യവസായം.
8. വ്യവസായ സംരംഭകർക്ക് പരിശീലനം സാദ്ധ്യതയുള്ള പ്രോജക്ടുകൾ ഉണ്ടാക്കാൻ പരിശീലിപ്പിക്കൽ.
9. പ്ലാസ്റ്റിക് മോൾഡിംഗ് യൂണിറ്റുകൾ 1.25 ലക്ഷം രൂപ മൂലധനംവരും 58 ഫാക്ടറികൾ സ്ഥാപിക്കുക.
10. വ്യവസായപ്രദർശനം പ്രചരണം എന്നിവ നടത്തുക.
11. വനിതകൾക്കായി പ്രത്യേക വ്യവസായയൂണിറ്റുകൾ ആരംഭിക്കുക.
12. തഴപ്പായ് നെയ്ത്ത് തുടങ്ങിയ പരമ്പരാഗത മേഖലയിലെവ്യവസായങ്ങൾ സഹകരണാടിസ്ഥാനത്തിൽ പുനഃസംഘടിപ്പിക്കുകയും വിപണന സംവിധാനമേടപ്പെടുത്തുകയും ചെയ്യുക.
13. കോമളപുരത്ത് ദശാബ്ദങ്ങളായി വെ

റുതെയിട്ടിരിക്കുന്ന ടാറ്റാകമ്പനിയെന്നറയിപ്പെടുന്ന പ്രദേശം (ഇപ്പോൾ ഹിന്ദുസ്ഥാൻ ലിവറിന്റെ സ്ഥലം) ഏറ്റെടുത്ത് മിനി വ്യവസായ എസ്റ്റേറ്റായി രൂപപ്പെടുത്തുക.

14. വ്യവസായ സംരംഭകരോട് ബാങ്കുകൾ കാണിക്കുന്ന അവഗണനയ്ക്ക് പരിഹാരം കാണുക. നാട്ടിൻപുറത്ത് നിന്നും പണം സമാഹരിച്ച് മറ്റു സ്ഥലങ്ങളിലേക്ക് കടത്തിക്കൊണ്ടു പോകുന്ന അവസ്ഥയ്ക്ക് മാറ്റം വന്നേ മതിയാകൂ.

15. കയർബാങ്ക്, ഫൈബർ ബാങ്ക്, ജൂട്ട് ബാങ്ക് എന്നിവ സ്ഥാപിച്ച് ചെറുകിട കയർ ഫാക്ടറി മേഖലയെ സഹായിക്കുക.

16. വ്യവസായരംഗത്ത് സ്ത്രീകൾക്ക് പങ്കാളിത്തം ഉറപ്പിക്കാനുള്ള പദ്ധതികൾ ആവിഷ്ക്കരിക്കുക. വ്യാവസായികരംഗത്ത് സ്ത്രീകൾ അവിദഗ്ദ്ധ തൊഴിലുകളിൽ തളച്ചിടപ്പെടുന്ന അവസ്ഥയ്ക്ക് പരിഹാരം ഉണ്ടായേ മതിയാകൂ.

17. **നോട്ടുബുക്ക് നിർമ്മാണം** പഞ്ചായത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കുമാവശ്യമായ നോട്ടുബുക്കുകൾ നിർമ്മിക്കുന്നതിനുള്ള പ്രവർത്തനം, ഹാർഡ് ബോർഡ് യൂണിറ്റ് ഇതിനനുബന്ധമായി ആരംഭിക്കുക.

പഞ്ചായത്തിലെ നിലവിലുള്ള (SSI) വ്യവസായങ്ങളുടെ ലിസ്റ്റ്

വാർഡ്	യൂണിറ്റിന്റെ സ്വഭാവം	യന്ത്രം/ മോട്ടോർ
I	പൊടിമില്ല്	10 HP
II.	പൊടിമില്ല്	5 HP
	ഷിയറിംഗ് ഫാക്ടറി	15 HP
III	അരുപ്പുമില്ല്	20 HP
		25 HP
IV	പൊടിമില്ല്	10 HP
	അരുപ്പുമില്ല്	16 HP
	ഓയിൽമില്ല്	15 HP
V	ഫർണിച്ചർ	9 HP
	ഷിയറിംഗ് ഫാക്ടറി	15 HP
VI	പൊടിമില്ല്	1 20 HP
	ഷിയറിംഗ് ഫാക്ടറി	2 20 HP
		15 HP
VII	പൊടിമില്ല്	2 20 HP
		2 10HP
		3 10HP
	ഷിയറിംഗ് ഫാക്ടറി	10 HP
	ഓയിൽ മിൽ	10 HP
VIII	ഷിയറിംഗ് ഫാക്ടറി 20 HP	
	പൊടിമില്ല്	5 HP
	ഷിയറിംഗ് ഫാക്ടറി	1 15 HP
		2 20 HP
	ഫർണിച്ചർ	5 HP
IX	കയർ റബറൈസിംഗ്	25 HP
	ഷിയറിംഗ് ഫാക്ടറി	20 HP
	ഫ്ലവർ മിൽ	5 HP
	ഐസ് പ്ലാന്റ്	25 HP

(പഞ്ചായത്തു രേഖകൾ)



5.4



ഊർജ്ജം ഗതാഗതം മാർക്കറ്റ്

ആര്യാടു പഞ്ചായത്തിലെ പ്രധാന ഊർജ്ജ സ്രോതസ്സുകൾ വിറകും വൈദ്യുതിയുമാണെന്നു പറയാം പാചകത്തിനും വെളിച്ചത്തിനും മറ്റു ഗാർഹിക ആവശ്യങ്ങൾക്കുമായാണ് ഊർജ്ജ ഉപഭോഗത്തിന്റെ പ്രധാന പങ്കും വിനിയോഗിച്ചിരിക്കുന്നത്.

ഊർജ്ജ ഉപഭോഗം പാചകത്തിന്

സ്രോതസ്	കുടുബങ്ങളുടെ എണ്ണം
LPG	318
മണ്ണെണ്ണ	183
വിറക്	4294
മറ്റുജൈവവസ്തുക്കൾ	213
തെങ്ങിൽ നിന്നുള്ള വസ്തുക്കൾ	251

5259 വീടുകളിൽ 96 ൽ നടത്തിയ സോഷ്യോ എക്കണോകിക് സർവ്വേയുടെ അടിസ്ഥാനത്തിൽ ലഭിച്ച വിവരങ്ങളാണു മുകളിൽ . പാചകാവശ്യത്തിന് 81.6% വീടുകളിൽ ഉപയോഗിക്കുന്നത് വിറക് ആണെന്നു കാണാം. വിറകിന്റെ ഉപയോഗത്തിൽ തന്നെ ചില സവിശേഷതകൾ കൂടി കാണാനാകും തെങ്ങിൽ നിന്നുള്ള വസ്തുക്കൾ പാചകാവശ്യത്തിന് ഉപയോഗിക്കുന്ന. വീടുകൾ കേവലം 4.8 ശതമാനം മാത്രമാണ്. മറ്റു ജൈവ വസ്തുക്കൾ ഉപയോഗിക്കുന്നവരാകട്ടെ 4.05% വീടുകളിലും. മൊത്തം വിറകാവശ്യത്തിന്റെ വലിയൊരു പങ്ക് തെങ്ങിൽ നിന്നും തൊടിയിലെ മറ്റു ജൈവവസ്തുക്കളെയും ആശ്രയിച്ചു നിറവേറ്റിയിരുന്ന ജനങ്ങൾ ഇന്ന് വിലയ്ക്കു വാങ്ങുന്ന വിറകിനെയാണ് ആശ്രയിക്കുന്നത്. ചുരുക്കത്തിൽ പാചകാവശ്യത്തിനുപയോഗിക്കുന്ന വിറകിന്റെ 90 ശതമാനത്തിലധികം പുറമേ നിന്ന് വില കൊടുത്തുവാങ്ങുകയാണ് ചെയ്യുന്നത്. പ്രതിമാസം 4,69,800 കിലോഗ്രാം വിറക് പഞ്ചായത്തിലെ ജനങ്ങൾ വാങ്ങി ഉപയോഗിക്കുന്നു എന്നാണ് മേൽ സൂചിപ്പിച്ച സർവ്വേ വ്യക്തമാക്കുന്നത്. ആയതിന്റെ വിലയായി 755846 രൂപ ചെലവഴിക്കുന്നുണ്ട്. 1.6 രൂപയാണ് ഒരു കിലോഗ്രാം പച്ചവിറകിന് നല്കുന്ന വീല. ഒരു കുടുംബം പ്രതിമാസം ശരാശരി 90 Kg. വിറക് ഉപയോഗിക്കുന്നു എന്നു കാണാം.

6.04 ശതമാനം വീടുകളിൽ മാത്രമാണ് LPG ഉപയോഗിക്കുന്നത്. 3.48 ശതമാനം വീടുകളിൽ മണ്ണെണ്ണയും ഉപയോഗിക്കുന്നു. ഉയർന്ന സാമ്പത്തിക ശേഷിയുള്ള വളരെ ചെറിയ ശതമാനം ആളുകൾക്കുമാത്രമേ LPG ലഭ്യമായിട്ടുള്ളു. മണ്ണെണ്ണ ലഭ്യമല്ല എന്നതാവാം പാചകാവശ്യത്തിന് മണ്ണെണ്ണ ഉപയോഗം ഇത്ര നാമമാത്രമാകാൻ കാരണം.

ഊർജ്ജരംഗത്തെ ഏതൊരു വികസനപരിപാടിയും വിറകിന്റെ ലഭ്യതയെയും കാര്യക്ഷമമായ വിനിയോഗത്തെ

യും ഊന്നുന്നതായിരിക്കണം എന്നാണ് ഈ കണക്കുകൾ വെളിവാക്കുന്നത് വിറകുപയോഗിക്കുന്ന അടുപ്പുകളുടെ സ്വഭാവം കൂടി പരിഗണിച്ചാൽ ഈ രംഗത്ത് അടിയന്തിരമായി നടത്തേണ്ട ഇടപെടലുകൾ എന്തൊക്കെയെന്നു വ്യക്തമാകും

അടുപ്പിന്റെ സ്വഭാവം	കുടുംബങ്ങളുടെ എണ്ണം
കല്ലടുപ്പ് (മൂന്നുകല്ല്)	1884
വശങ്ങൾ അടച്ച സാധാരണ അടുപ്പ്	2938
ദക്ഷത കൂടിയ അടുപ്പ് (പരിഷത് അടുപ്പുകൾ)	333

(Socio Economic Servey 96)

(വിറകും മറ്റു ജൈവ വസ്തുക്കളും ഉപയോഗിക്കുന്ന വീടുകളേക്കാൾ അധികം വീടുകളുടെ കണക്കുകൾ ഇവിടെ വന്നിരിക്കുന്നു. LPG മണ്ണെണ്ണ തുടങ്ങിയവ ഉപയോഗിക്കുന്ന വീടുകളിലും വിറകടുപ്പുകളുള്ളതാവാം കാരണം)

മൊത്തം അടുപ്പുകളുടെ 36.55% പ്രാചീനമായ മൂന്നു കല്ലടുപ്പുകളാണ്. വശങ്ങളടച്ച സാധാരണ അടുപ്പ് 57% പരിഷത് അടുപ്പുമാതിരി ദക്ഷത (Efficiency) കൂടിയ അടുപ്പുകൾ കേവലം 6.5 ശതമാനം മാത്രമാണ് ഉപയോഗത്തിലുള്ളത്. കാര്യക്ഷമത താഴെ ചേർക്കുന്നു.

മൂന്നു കല്ലടുപ്പ്	10% ന് താഴെ
വശങ്ങൾ അടച്ച സാധാരണ അടുപ്പ്	12%
പരിഷത് അടുപ്പ്	27.25%

നിലവിലുള്ള മൂന്നു കല്ലടുപ്പുകളും സാധാരണ അടുപ്പുകളും ദക്ഷത കൂടിയ അടുപ്പുകളാക്കി മാറ്റിയാൽ വിറകിന്റെ ഉപയോഗം വലിയൊരളവിൽ കുറയ്ക്കാൻ കഴിയും

ഈ രംഗത്തെ പ്രശ്നങ്ങൾ

1. ബഹുഭൂരിപക്ഷം വീടുകളിലും പാചകാവശ്യത്തിന് വിറകാണുപയോഗിക്കുന്നത്

2. മുൻകാലങ്ങളിൽ തെങ്ങിൽ നിന്നും മറ്റുപറമ്പു വൃക്ഷങ്ങളിൽ നിന്നും ലഭിച്ചിരുന്ന ജൈവവസ്തുക്കൾ ഇന്ന് വേണ്ടത്ര ലഭ്യമാല്ലാതായിരിക്കുന്നു. അതു കൊണ്ട് പുറത്തു നിന്നു വലിയതോതിൽ വിറകിനെ ആശ്രയിക്കേണ്ടിവന്നിരിക്കുന്നു.

3. ബഹുഭൂരിപക്ഷം വീടുകളിലും പ്രാചീനമായ മൂന്നുകല്ലടുപ്പുകളും, സാധാരണ അടുപ്പുകളുമാണ് ഉപയോഗിക്കുന്നത്. ഈ അടുപ്പു സൃഷ്ടിക്കുന്ന ആരോഗ്യപ്രശ്നങ്ങളാണ് ഏറ്റവും ഗുരുതരം. കൂടാതെ സാമ്പത്തിക നഷ്ടവും ഊർജ്ജദുർവ്യയവും വരുത്തിവയ്ക്കുന്നു.

ഉപയോഗിക്കുന്ന വിറകിന്റെ 90 ശതമാനത്തിലധികം പുറമേനിന്നും (പ്രധാനമായും ചങ്ങനാശ്ശേരി കോട്ടയം) വരുന്നതാണ്. വനശോഷണവും, മറ്റനവധി കാരണങ്ങളും വിറകിന്റെ വിലയിൽ ഗണ്യമായ വർദ്ധനവുണ്ടാക്കാനാണ് സാധ്യത.

സാധ്യതകൾ

1. ദക്ഷത കൂടിയ അടുപ്പിന്റെ പ്രചാരണം /പഞ്ചായത്തിലെ മുഴുവൻ മൂന്നു കല്ലടുപ്പുകളും വരുന്ന രണ്ടു വർഷം കൊണ്ട് മാറ്റി ദക്ഷത കൂടിയ അടുപ്പുസ്ഥാപിക്കണം.

2. പച്ചിലവളത്തിനും വിറകാവശ്യങ്ങൾക്കുമായി പഞ്ചായത്തുപുറമ്പോക്കിനെയും മറ്റുപൊതു സ്ഥലങ്ങളെയും ഹരിതവല്കരിക്കുക

3. ഊർജ്ജം ലാഭിക്കുവാനുതകുന്ന പാചകരീതികളുടെ പ്രചരണം

(b) വൈദ്യുതി

പഞ്ചായത്തിൽ വൈദ്യുതി ലഭിക്കുന്നത് പാതിരപ്പള്ളി 66 K.V. സബ്സ്റ്റേഷനിൽ നിന്നും ആലപ്പുഴ 66 KV സബ്സ്റ്റേഷനിൽ നിന്നുമാണ്. പഞ്ചായത്തിലെ വൈദ്യുത ഉപഭോഗത്തിന്റെ 80.0 ശതമാനം ഗാർഹികവും രണ്ടുശതമാനം കാർഷികവും 12.5 % വ്യാവസായികവും 5.5 ശതമാനം വാണിജ്യവുമാണ്. (KSEB രേഖകൾ) പഞ്ചായത്തിലെ ഇലക്ട്രിക് ലൈനുകളുടെ സ്ഥിതി ഇപ്രകാരമാണ്.

11 K.V ലൈൻ	15 KM
LT 3 ഫേസ് ലൈൻ	19 K.M.
LT2 ഫേസ് ലൈൻ	4.3 K.M.
LT സിംഗിൾ ഫേസ്	148 KM

പഞ്ചായത്തിൽ നിലവിലുള്ള ട്രാൻസ്ഫോർമറുകളുടെ വിശദാംശങ്ങൾ താഴെ പട്ടികപ്പെടുത്തുന്നു.

No	Capacity	സ്ഥാപിച്ചിരിക്കുന്ന സ്ഥലം.
1	160 KVA	പാതിരപ്പള്ളി
2	160 KVA	ഐക്യഭാരതം ഇംഗ്ഷൻ
3	100 KVA	വള്ളാപ്പാടിപ്പാലം (കാരിക്കുഴി)
4	100 KVA	റൂറൽ ആശുപത്രിയുടെ തെക്കുവശം (കവല)
5	160 KVA	കൈതത്തിൽ
6	100 KVA	പുതുക്കുളം പമ്പിന് പടിഞ്ഞാറ ഇംഗ്ഷൻ
7	100 KVA	സർഗ്ഗാലംഗ്ഷൻ
8	100 KVA	സർഗ ഇംഗ്ഷൻ മിഴക് (ആര്യാട)
9	100 KVA	SSEM സ്കൂളിനടുത്ത്
10	160 KVA	പുങ്കാവു ഇംഗ്ഷൻ
11	250 KVA	തുമ്പോളി (NH)
12	160 KVA	തീർത്ഥശ്ശേരി
13	160 KVA	ചെട്ടികാട് സൗത്ത്
14	100 KVA	പാതിരപ്പള്ളി ബണ്ട്

വെളിച്ചത്തിനും ആധുനിക ഗൃഹോപകരണങ്ങളുടെ ഉപയോഗത്തിനുമാണ് വൈദ്യുതി പ്രധാനമായും ഉപയോഗിക്കുന്നത്. പഞ്ചായത്തിലെ തെരുവു വിളക്കുകളുടെ എണ്ണം ഇപ്രകാരമാണ്

ബൾബ് 236 ട്യൂബ് 38

ആര്യാട്വൈദ്യുത ഉപകരണങ്ങളുടെ ഉപയോഗം	
ഫാൻ	2296
മിക്സി	959
അയൺബോക്സ്	637
ഫ്രിഡ്ജ്	424
വാഷിംഗ് മെഷിൻ	105
ഹീറ്റർ	161
ടെലിവിഷൻ	1637
പമ്പുസെറ്റ്	1309
ബൾബ്	9684
ട്യൂബ്	1871

(Socio Economic Survey '96)

ഉപകരണങ്ങളുടെ എണ്ണം കൃത്യമായി വെളിപ്പെടുത്താൻ ഇനങ്ങൾ തയ്യാറകാത്തതിനാൽ കണക്കിൽ കൃത്യത അവകാശപ്പെടാനാവില്ല. 10-15 ശതമാനം കണ്ടു വർദ്ധനവുണ്ടാകാനാണ് സാധ്യത.

31.13% വീടുകളിൽ ടെലിവിഷനുണ്ട് 24.9% വീടുകളിൽ പമ്പുസെറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. വെളിച്ചത്തിനായി ഉപയോഗിക്കുന്ന ഉപകരണങ്ങളിൽ 86.9% ദക്ഷത കുറഞ്ഞ ബൾബുകളാണ് എന്ന് കാണാം 40W, 60W, 100W ബൾബുകളാണ്. പ്രചാരത്തിലുള്ളത്. 60 W 100 W ബൾബുകളാണ് അധികവും ഇവിടെ പ്രവർത്തിക്കുന്നത് 9684 ബൾബുകൾക്കു (ശരാശരി 60 W എന്നു കണക്കാക്കി) 40 W ട്യൂബുകളായി മാറ്റി സ്ഥാപിച്ചാൽ ലാഭിക്കാവുന്ന വൈദ്യുതിയുടെ കണക്ക് താഴെ കൊടുക്കുന്നു. കുറഞ്ഞ വോൾട്ടതയിലും കാര്യക്ഷമമായി വെളിച്ചം നല്കുവാൻ ട്യൂബുകൾക്കു കഴിയും എന്നതാണ് പ്രധാന നേട്ടം

9684 (60W) ബൾബുകൾക്കു പ്രതിദിനം
വേണ്ടിവരുന്ന വൈദ്യുതി 1743 യൂണിറ്റ്
(ശരാശരി) ഒരു ബൾബു 3 മണിക്കൂർ പ്രവർത്തിക്കും എന്ന കണക്കിൽ
40 W ട്യൂബാക്കിയാലുള്ള ഊർജ്ജ ലാഭം 581 യൂണിറ്റ് വളരെയധികം ഊർജ്ജം (വൈദ്യുതി) കുടിച്ചു വറ്റിക്കുന്ന ഉപകരണമാണ് ഹീറ്റർ ഇതു പരമാവധി ഉപയോഗിക്കാതിരിക്കുകയാണ് വേണ്ടത്.

പ്രശ്നങ്ങൾ

1. വോൾട്ടേജ് ക്ഷാമം
2. പവർകട്ട് വൈദ്യുത തടസ്സം
3. കാര്യക്ഷമതയില്ലാത്ത വൈദ്യുത ഉപകരണങ്ങൾ
4. ഏകദേശം 350 വീടുകൾ വൈദ്യുതീകരിക്കുന്നതിനുള്ള അപേക്ഷ നല്കി കണക്ഷൻ കിട്ടാൻ കാത്തിരിക്കുന്നവരായുണ്ട്

സാധ്യതകൾ പരിഹാരങ്ങൾ

പഞ്ചായത്തിലെ വോൾട്ടേജ് ക്ഷാമം ഹരിഹരിക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ

a) ടച്ചു ക്ലിയറൻസ് (വർഷത്തിൽ രണ്ടു-തവണ പുനരർപ്പണദിനത്തിൽ എല്ലാവാർഡുകളിലും ടച്ചു ക്ലിയറൻസ് നടന്നത് ഓർക്കുക)

KSEB അധികൃതർ താഴെപ്പറയുന്ന ട്രാൻസ്ഫോർമറുൾ സ്ഥാപിക്കണമെന്ന നിദ്ദേശം വച്ചിട്ടുണ്ട്.

Sl No. Location of Transformers	Capacity	11 KV Line	LT Lines	Amount
1. ചെമ്പന്നാ	160 KVA	1.300 KM	0.300 Km	358000
2 ചാരംപറമ്പ് ട്രാൻസ്ഫോർമർ	160 KVA	0.600 km	0.300 Km	24800
3 ഉള്ളാടത്തറ ട്രാൻസ്ഫോർമർ	160 KVA	0.800 km	0.200 km	2,79000
4 സി.കെ ട്രാൻസ്ഫോർമർ ഗുരുപുരം	160 KVA		0.200 km	153000
5 കൈതത്തിൽ ട്രാൻസ്ഫോർമർ	160 KVA	.500 Km	0.300 Km	2 32000
6 അയ്യകോട്ടി ട്രാൻസ്ഫോർമർ	160 KVA	0.700 km	0.500 km	287000/
7 ESI ഡിസ്പെൻസറിക്കു സമീപം	160 KVA	0.400km	.500 km	240000/
8 പുതുവൽപള്ളിക്കൂടത്തിനു സമീപം	160 KVA		0.200 Km	141000
9 ഭാവനാട്രാൻസ്ഫോർമർ	160 KVM	0.500km	0.300 km	232000/

2. കാര്യക്ഷമതയുള്ള ഉപകരണങ്ങളുടെ ഉപയോഗം

a) പഞ്ചായത്തിൽ ഉപയോഗിക്കുന്ന മുഴുവൻ ബൾബുകളും വരുന്ന 5 വർഷം കൊണ്ടുമാറ്റി 40 W ട്യൂബുകൾ സ്ഥാപിക്കുക. (ഇലക്ട്രോണിക് ചോക്ക് അടക്കം)

b) പമ്പുസെറ്റുകൾക്കു കാര്യക്ഷമതയുള്ള വാൽവുകളും മറ്റും ഉപയോഗിക്കുക

c) ഹീറ്റർ പോലെയുള്ള ഉപകരണങ്ങൾ നിരുത്സാഹപ്പെടുത്തുക.

d) റ്റി.വി. യുടെ പ്രവർത്തനം regulate ചെയ്യുക

c) ഇലക്ട്രോണിക് ചോക്കുനിർമ്മാണ യൂണിറ്റുകളുടെ സാധ്യത പരിഗണിക്കുക

f) വൈകുന്നേരം 6 മണിമുതൽ 10 മണിവരെ മോട്ടോർ, ഹീറ്റർ, മിക്സി, ഗ്രൈൻഡർ തേപ്പുപെട്ടി മുതലായ ഉപകരണങ്ങൾ പ്രവർത്തിപ്പിക്കാതിരിക്കുക.

വൈദ്യുത ഉല്പാദനം വർദ്ധിപ്പിക്കുക എന്നത് അനിവാര്യമാണ്. അതിനാവശ്യമായ നടപടികൾ ഉണ്ടായേ തീരൂ. പണിപൂർത്തിയാകാതെ കിടക്കുന്ന പദ്ധതികൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനാവണം ആദ്യശ്രദ്ധ. താപനിലയങ്ങളുടെ ഒരു ശൃംഖലതന്നെ ഉണ്ടാവണം. കായംകുളം താപനിലയം അടിയന്തിരമായി പൂർത്തികരിക്കണം. പാരമ്പര്യേതര ഊർജ്ജ സ്ത്രോതസ്സുകളുടെ സാധ്യതകയും പരിശോധിക്കണം

ഗതാഗതം മാർക്കറ്റ്

ആലപ്പുഴ തണ്ണീർമുക്കം റോഡാണ് പഞ്ചായത്തിൽ ആദ്യമായി നിർമ്മിക്കപ്പെട്ട റോഡ്. പഞ്ചായത്ത് നിർമ്മിച്ച ആദ്യത്തെ റോഡ് എന്നുപറയാവുന്നത് കോമളപുരം-പാതിരപ്പള്ളി റോഡാണ്. റോഡുവരുന്നതിന് മുമ്പ് ആളുകൾ കാൽനടയായി 'കോട്ടവാതുക്കൽ' (ഇന്നത്തെ മുല്ലയ്ക്കൽ) പോയാണ് സാധനങ്ങൾ വാങ്ങുകയും വില്ക്കുകയും ചെയ്തിരുന്നത്. തലച്ചുമടായി കൊണ്ടുപോയിരുന്ന സാധനങ്ങൾ ഇടയ്ക്കിറക്കിവച്ച് വിശ്രമിക്കുന്നതിനുള്ള ചുമടുതാങ്ങികൾ ഇടയ്ക്കിടെ ഉണ്ടായിരുന്നു. അതിലൊന്നിന്റെ അവശിഷ്ടം ഇന്നും കോമളപുരത്തുകാണാം. നേരത്തേ ചരക്കുഗതാഗതത്തിനായി ഇനപങ്കാളിത്തത്തോടെ നിർമ്മിച്ച ഇലമാർഗ്ഗമായിരുന്നു എ. എസ്. കനാൽ. ഇന്ന് AS കനാൽ മൂടപ്പെട്ടു മലിനീകൃതമായി കിടക്കുകയാണ്. 449 ചെറുകിട കയർ ഫാക്ടറികൾ പ്രവർത്തിക്കുന്ന ആര്യാട്, റോഡു ശൃംഖല ഒട്ടൊക്കെ വികസിച്ചേ മതിയാകുമായിരുന്നുള്ളൂ. നിലവിലുള്ള റോഡുകളുടെ വിശദാംശങ്ങൾ താഴെ പട്ടികപ്പെടുത്തിയിട്ടുണ്ട്. പഞ്ചായത്തിന്റെ പതിനൊന്നാം വാർഡിൽകൂടി റെയിൽവേ ലൈനുകൾ കടന്നുപോകുന്നുണ്ട്. റെയിൽവേ സ്റ്റേഷൻ പഞ്ചായത്തതൃത്തിയിൽ ഇല്ല. NH 47 പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗത്തുകൂടിയാണ് കടന്നുപോകുന്നുണ്ട്. നാഷണൽ ഹൈവേക്ക് പടിഞ്ഞാറ് ഒരു വാലുപോലെയാണ് 11-ാം വാർഡുകിടക്കുന്നത്. AS കനാലിലൂടെയും വേമ്പനാട്ടു കായലിലൂടെയും നേരത്തേയുണ്ടായിരുന്ന ഗതാഗതം നിലച്ചുപോയി. പഞ്ചായത്തിലെ ഇന്നത്തെ റോഡു ലഭ്യത സംസ്ഥാന ശരാശരിയുടെ ഇരട്ടിവരും എന്നിട്ടും നിലവിലുള്ളത്രയും റോഡുകൾക്ക് കൂടി പുതിയ നിർദ്ദേശങ്ങൾ ഉയർന്നുവന്നിരിക്കുകയാണ്. റോഡുമാതിരിയുള്ള മരാമത്തുൻമുഖവികസനസമീപനം നാടിനെ എങ്ങും എത്തിക്കില്ലാ എന്നതു പൊതുവെ ചർച്ച ചെയ്യപ്പെടുന്നുണ്ട്. നേരത്തേ ലഭിച്ചിരുന്ന ഫണ്ടിന്റെ ഏതാണ്ട് മുക്കാൽ പങ്കും ഇത്തരം വികസന പ്രവർത്തനങ്ങൾ നടത്താനായിരുന്നു നീക്കിവച്ചിരുന്നത്. റോഡുകൾക്കായുള്ള ഓട്ടത്തിനിടയിൽ നാം സ്വാഭാവിക ജലനിർഗ്ഗമന മാർഗ്ഗങ്ങളായിരുന്ന തോടുകളെയും മറ്റും മറന്നു. വെള്ളം ഒഴുകിപ്പോകുന്നതിനുള്ള യാതൊരു സൗകര്യവും സൃഷ്ടിക്കാതെ റോഡുകൾ പണിതു. ഇന്ന് പലസ്ഥലത്തും വെള്ളക്കെട്ടും തരിശുമൊക്കെയായി തിരിച്ചടിക്കുകയാണീ പ്രശ്നം. ഗ്രാമസഭാ ചർച്ചകളിൽ തോടിന്റെ പ്രാധാന്യം ഉയർന്നു കേട്ടു.

പഞ്ചായത്തിലെ റോഡുകളുടെ വിശദാംശങ്ങൾ ചുടവെ ചേർക്കുന്നു.

റോഡ് ലഭ്യത വാർഡടിസ്ഥാനത്തിൽ

ആര്യാട് പഞ്ചായത്ത് നിലവിലുള്ള റോഡുകൾ

Ward	No.	റോഡിന്റെ പേര്	നീളം	വീതി	ടാർ	പൂഴി	ടാറിംഗ് നിർദ്ദേശം
I	01	കുറ്റിപ്പുറം _ കൈതക്കുളങ്ങര	300M	3.5M		✓	
	02	തിരുവിളക്ക്_കൃഷ്ണപിള്ള ജൂംഗ്.	600M	4M		✓	✓
	03	കൃഷ്ണപിള _ ചെമ്പത്തറ	400 M	4M		✓	✓
	04	ശങ്കരശ്ശേരി_മുനിസിപ്പൽ ലിമിറ്റ്	350 M	4M		✓	
	05	രാജീവ് jn._ഗുരുദവേ വയനശാല	400 M	4M		✓	
	06	കറുകയിൽ _ ശങ്കരശ്ശേരി	270 M	2.5M		✓	
	07	HMC Jn. പൊങ്ങശ്ശേരി	320 M	2.5M		✓	
	08	ആസ്പിരിൻവാൾ _ മുദ്രസ (PWD)	2520M	5.5M	✓		
II	01	ദേവസ്വംവെളി_വാലേച്ചിറ	460 M	3.5M		✓	
	02	കൃഷിഭവൻ_മുറ്റത്തിൽ	450M	3.5M		✓	
	03	ഗുരുദവേ_പുളിക്കൽകോളനി	50M	2M		✓	
	04	ആരാധന_സർഗ്ഗ	380M	54M		✓	✓
	05	ചാരംപറമ്പ് റോഡ്	200 M	4M		✓	✓
III	01	സർഗ്ഗ_കുറുന്തല	350 M	4.5 M	✓		
	02	SNjn_കൈതകുളങ്ങര	1750 M	5.5M		✓	
	03	ഗാന്ധി Jn._പള്ളി Jn.	350 M	5M		✓	
	04	SS സ്കൂൾ _കൈതക്കുളങ്ങര	270 M	3M		✓	
IV	01	കൈതത്തിൽ_ അനുപമ	450 M	5M	✓		
	02	അനുപമ_കുറ്റിടകോളനി	300 M	3M		✓	
	03	അനുപമ_കോമളപുരം	1000 M	4M		✓	✓
	04	സോക്കർ_കുക്കു Jn.	450 M	2M		✓	

	05	കോമളപുരം_പൊക്കലയിൽ	400M	2.5M		✓	
	06	കൈതത്തിൽ_നികർത്തിൽകോളനി	350M	2M		✓	
	07	കോമളപുരം_ ഊറ്റുംചാൽ	400 M	2M		✓	
	08	S.N. Jn. മടയാംതോട്	150 M	5M		✓	
V	01	സാംസ്ക്കാരികനിലയം_കുറുന്തല	1450 M	6M	✓	✓	✓
	02	N.S.Jn. _ ചേരുങ്കൽ	400 M	4M		✓	✓
	03	N.S.Jn._ കൈതത്തിൽ	300M	4.5M		✓	✓
	04	LHS _ നെടിയാംപോള	350 M	4M		✓	
	05	നെടിയാംപോള_നവാദൾ	420 M	3M		✓	✓
	06	അയ്യൻകാളി Jn._ഗുരുപുരം	1100 M	5M	✓	✓	✓
	07	കുക്കു Jn. _ നെടിയാംപോള	350 M	3.5M		✓	
VI	01	SS സ്കൂൾ _ ആദിപ്പറമ്പ്	360 M	3.5M		✓	✓
	02	നവാദർശ _ വ്യാസപുരം Jn.	600 M	4.5M		✓	✓
	03	കാരിക്കുഴി_കോളഭാഗം	600 M	5M		✓	✓
	04	വ്യാസപുരം_ SN കോർണർ	275 M	4.5M		✓	✓
	05	രാമവർമ്മ _ SN തീയേറ്റർ	1100 M	4.5M		✓	✓
	06	ഡിംഗ്ലിംഗ് Jn. _ മുനിസിപ്പൽ ലിമിറ്റ്	200 M	5M	✓		
VII	01	എവർഷൈൻ_ലൂമിനസ് റോഡ്	380 M	3.5M		✓	
	02	ശാസ്ത്രിപുരം _ മുനിസിപ്പൽ ലിമിറ്റഡ്	200 M	4.5M		✓	✓
	03	AKG to തലവടി	810 M	4M		✓	
VIII	01	നെയ്ത്താളി _ ASകനാൽ	200 M	2M		✓	
	02	PHC_NH 47	450M	3M		✓	✓
	03	PHC _ വില്ലേജ് ഓഫീസ്	550M	4M		✓	
	04	പാതിരപ്പള്ളി _ പമ്പുഹൗസ്	50 M	3M		✓	
IX	01	പമ്പുഹൗസ് _ AS കനാൽ	220 M	4M		✓	✓
	02	രാജീവ് Jn _ രാമവർമ്മ കോളനി റോഡ്	200 M	3.5M		✓	
X	01	പൂങ്കാവ് കുരിശടി _ അഴിയകത്ത്	650 M	3.7M		✓	✓
	02	പൂന്തോപ്പ് _ AS കനാൽ	330 M	2.5M		✓	
	03	നെഹ്റു Jn. _ ASകനാൽ	300 M	3.5M		✓	✓
	04	AKG Jn. _ AS കനാൽ	200M	3M		✓	
XI	01	തീർത്ഥശ്ശേരി _ അഴിയകത്തുറോഡ്.	650 M	3.7M		✓	✓
	02	തീർത്ഥശ്ശേരി _ പൂങ്കാവ്	400 M	5.5M		✓	✓
	03	പണിക്കവീട് _ വെളിയിൽ	500 M	4M		✓	
	04	തിയ്യശ്ശേരി _ ചാപ്പ	750 M	4M		✓	
	05	കളത്തിൽ _ N.H റോഡ്	300 M	2M		✓	

പട്ടിക 2

വാർഡ്	ആകെനീളം	
1	5160 M	2520 മീറ്റർ ടാറിട്ടത് (ആസ്പിരിൻ വാൾ റോഡ്)
2	2040 M	
3	2720 M	350 മീറ്റർ ടാറിട്ടത്
4	3500	450 "
5	4320	1170 "
6	3135	200 "
7	1390	"
8	1250	"
9	420	"
10	1460	"
11	2600	"
ആകെ	28015	"

പഞ്ചായത്ത് റോഡ് രജിസ്റ്റർ

ആലപ്പുഴ തണ്ണീർമുക്കം റോഡ്, പൂന്തോപ്പ് കുറ്റുവേലി റോഡ് എന്നീ PWD റോഡുകൾ ആര്യാട് വഴി കടന്നുപോകുന്നുണ്ട്. 2520 മീറ്റർ വീതമാണ് രണ്ടു റോഡുകളുടെയും നീളം. ഇവ രണ്ടും ടാറിട്ടതാണ്. ആസ്പിൻ വാൾ _ കോമളപുരം _ പാതിരപ്പള്ളി (ടാറിട്ടത്) റോഡും PWD റോഡാണ് 2 കി.മീറ്ററാണ് ഇതിന്റെ നീളം. ആലപ്പുഴ തണ്ണീർമുക്കം റോഡ് സംസ്ഥാന ഹൈവയോക്കുന്നതിന് സംസ്ഥാന സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

ഒന്നാം പട്ടികയിൽ റോഡുകളുടെ വിശദാംശങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നു. വാർഡടിസ്ഥാനത്തിൽ ലഭ്യമായ റോഡ് നീളത്തിന്റെ ക്രോഡീകൃത ചിത്രമാണ് പട്ടിക രണ്ടിൽ. ആകെ 28015 മീറ്റർ പഞ്ചായത്ത് റോഡും 7040 മീറ്റർ PWD റോഡും പഞ്ചായത്തിലുണ്ട്. NH47 പഞ്ചായത്തിൽകൂടിയാണ് കടന്നുപോകുന്നത്. ആര്യാട് ചതുരശ്ര കി.മീറ്ററിന് 5.16 കി.മീ റോഡാണുള്ളത്. സംസ്ഥാന ശരാശരിയാകട്ടെ 3.2 കി.മീ/ ച. കി.മീറ്ററാണ്. സംസ്ഥാന ശരാശരിയേക്കാൾ വളരെ ഉയർന്ന റോഡ് ലഭ്യതയാണ് ആര്യാടിന്റെ തെന്നർത്ഥം. PWD റോഡുകളടക്കം 11730 മീറ്റർ ടാറിട്ടറോഡാണ് ആര്യാടുള്ളത്. സംസ്ഥാന ശരാശരിയേക്കാൾ ഉയർന്ന റോഡുലഭ്യതയുണ്ടായിട്ടും പഞ്ചായത്തിൽ രൂക്ഷമായ യാത്രാക്ലേശം അനുഭവിക്കുന്ന പ്രദേശങ്ങൾ ഇനിയുമുണ്ടെങ്കിൽ അക്കാര്യം പരിശോധിക്കിപ്പെടണം.

നിലവിലുള്ള റോഡുകളിൽ മിക്കതും റിപ്പയറിംഗ് ആവശ്യമുള്ളവയാണ്. ടാറിംഗ് നിർദ്ദേശം നിലവിലുള്ള റോഡുകളുടെ വിവരം ഒന്നാം പട്ടികയിൽ നിന്നും ലഭിക്കുന്നതാണ്. റിപ്പയറിംഗ് ആവശ്യമായി വന്നരിക്കിന്ന റോഡുകളുടെ പട്ടിക ചുവടെ ഗ്രാമസഭാനിർദ്ദേശം)

റിപ്പയറിംഗ് നിർദ്ദേശം _ പട്ടിക 3

വാർഡ്	നമ്പർ	റോഡിന്റെ പേര്	വിശദാംശങ്ങൾ
I	01	കൃഷ്ണപിള്ള Jn. _ ചെമ്പത്തറ	മൂലേപ്പറമ്പ് തോട്ടിൽ പൈപ്പ് ഇട്ട് കലുങ്കുനിർമ്മിക്കണം
	02	ശങ്കരശ്ശേരി _ കുറ്റിപ്പുറം റോഡ്	
	03	ഗുരുപുരം റോഡ്	
II	01	കൃഷ്ണിഭവൻ _ മറ്റത്തിൽറോഡ്	
	02	ഗുരുദേവ _ മുരുംവെള്ളി	
	03	ആരാധന _ സർഗ്ഗറോഡ്	
	04	ചാറംപറമ്പ് റോഡ്	
	05	ദേവസ്വം വെളി _ വാലേച്ചിറ	
III	01	XI സ്റ്റാർ _ ആസ്പിൻവാൾ റോഡ്	
	02	SS സ്കൂൾ _ കൈതക്കുളങ്ങര റോഡ്	
IV	01	അനുപമ _ കോമളപുരം റോഡ്	
	02	കോമളപുരം _ പൊക്കലയിൽ	
	03	സോക്കൽ Jn. _ കുക്കു Jn. റോഡ്	
	04	കോമളപുരം _ ഊറ്റംചാൽ	
V	01	LHS _ നെടിയാംപോള	
	02	ഗുരുപുരം _ നവാദർശ	
	03	NS Jn. _ചേരുങ്കൽ റോഡ്	
	04	നെടിയാംപോള റോഡ്	
VI	01	SN _ വ്യാസപുരം റോഡ്	
	02	ശാസ്ത്രിപുരം റോഡ്	
	03	വ്യാസപുരം _ SN കോർണർ	
	04	കാരിക്കുഴി _ കോളഭാഗം	
	05	ഡിംഗ്ലിംഗ് Jn. _ മുനിസിപ്പൽ ലിമിറ്റ	
VII	01	ശാസ്ത്രിപുരം _ ആശ്രമം	250 മീറ്റർ ടാറിംഗ്
	02	വ്യാസപുരം - S.N. കോർണർ	
	03	എവർഷൈൻ _ ലുമിനസ്	മെയിന്റനൻസ്
	04	AKG _ ടാക്ക് കയർവർക്ക്	
VIII	01	PHC _ NH 47	റോഡ് ടാർ ചെയ്യണം
	02	PHC _ വില്ലേജ് ഓഫീസ്	മെയിന്റനൻസ്
	03	അനുപമ _ കുറ്റിടയിൽ	അറ്റകുറ്റപ്പണികൾ

IX	01	പമ്പ്ഹൗസ് _ AS കനാൽ	മെയിന്റനൻസ്
X	01	പൂന്തോപ്പ് _ AS കനാൽ	മെയിന്റനൻസ്
XI	01	കളത്തിൽ _ NH റോഡ്	
	02	തുമ്പോളി പള്ളിയ്ക്ക് വടക്കുവശത്തുനിന്ന് കിഴക്കോട്ടുള്ള റോഡ്	150 മീറ്റർ പൂർത്തിയാക്കുക
	03	തീർത്ഥശ്ശേരി l_ പൂങ്കാവ്	പഞ്ചായത്തിന്റെ 300 മീറ്റർ റിപ്പയർ ചെയ്യണം
	04	ബീച്ച് റോഡ്	ടാറിംഗ്

നിലവിലുള്ളവയിൽ ബഹുഭൂരിപക്ഷം റോഡുകളും റിപ്പയർ ആവശ്യമുള്ള റോഡുകളാണ്. പലതും ഗതാഗതയോഗമല്ലാത്തതിനാൽ മത്സ്യവിപണനം, കയർ വ്യവസായം എന്നിവയ്ക്ക് വളരെയധികം ബുദ്ധിമുട്ടുണ്ടാകുന്നു എന്ന് ഗ്രാമസഭാ ചർച്ചകൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

പട്ടിക 4
പുതിയ റോഡ് വഴി നിർദ്ദേശം

വാർഡ്	നമ്പർ	റോഡിന്റെ പേര്,	വഴി വിശദാംശങ്ങൾ
I	01	വേമ്പനാടൻ റോഡ്	ഗുരുമന്ദിരത്തിനുകിഴക്കുനിന്നും തേവതോട്ടിൽ പാലം വരെ
	02	പള്ളിമുക്ക് _ മിയാത്ത്	പള്ളിമുക്കിന് വടക്കു വശത്തുനിന്ന് കിഴക്കോട്ടുചെന്ന് തെക്കോട്ടാണ്
	03	ആര്യാട് HS _ വേമ്പനാടൻ (01)	AHS ന് വർക്കുവശത്തുകൂടി കിഴക്കോട്ട്
	04	ചെമ്പത്തറ സ്രാമ്പിക്കൽപാലം പുതുക്കിപണിയുക	
II	01	ആരാധന _ പള്ളിഇട്ടി റോഡ്	
III	01	വാളശ്ശേരി റോഡ്	എർത്ത്വർക്ക് പൂർത്തീകരിച്ചു
	02	തിരുവിളക്ക് _ ആസ്പിൻവാൾ	സർഗ്ഗയ്ക്ക് തെക്കോട്ട്
	03	Shopping complex _ കൃഷിഭവൻ	ഷോപ്പിംഗ് കോംപ്ലക്സിനു തെക്കുവശത്തുനിന്നും കിഴക്കോട്ട് എർത്തുവർക്ക് പൂർത്തീകരിച്ചു.
	04	ശങ്കരശ്ശേരി കുറ്റിപ്പുറം റോഡ് _ മൂലേപ്പറമ്പിൽ തോട്	
IV	01	Health സെന്റർ വളയംചിറ	
V	01	ചേരുങ്കൽ _ നെടിയാംപോള	
	02	കൈതത്തിൽ ക്ഷീരസൊസൈറ്റി _ കണ്ടത്തിൽ റോഡ്	
VI	01	S.S. സ്കൂൾ-ആദി പറമ്പ് റോഡ്	
	02	S.S. സ്കൂൾ - SN തീയേറ്റർ വ്യാസപുരം -റോഡ്	ഷാപ്പിന് തെക്കുവശത്തുനിന്നും പടിഞ്ഞാറേയ്ക്ക്.
	03	ചേരുങ്കൽ - ലൂമിനസ് റോഡ്	
	04	നവാർദർശ - ഗുരുപുരം	
	05	ഡിംക്ലിംഗ് - S N തീയേറ്റർ - വ്യാസപുരം റോഡ്	

	06	കൈതകുളങ്ങര മാർക്കറ്റ് - വ്യാസപുരം S.N തീയേറ്റർ റോഡ്	
VII	01	ശാസത്രിപുരം - സുരേന്ദ്രൻ കയർവർക്ക്സ് 40 MM	
	02	സുരേന്ദ്രൻ കയർവർക്ക്സ് - എവർഷൈൻ	
	03	പഷ്ണമ്പലം - ഐക്യാരോരതം.	
VIII	01	കണിയാം വെളി കോളനി - ബണ്ട്	വഴി ശരിയായി
	02	കന്നുകുഴികോളനി - അനുപമ	കുറ്റിടയിൽ കോളനി വഴി പൂർത്തിയായി
	03	പാതിരപ്പള്ളി ബണ്ട് - കല്ലുച്ചിറ	
	04	വെളിയിൽ സുരേന്ദ്രൻ - കൈതത്തിൽ ക്ഷേത്രം	
	05	മലയാള കലാഭവൻ-പമ്പ് ഹൗസ്	
IX	01	മറ്റത്തിൽ റോഡ്	പൂർത്തികരണം
	02	മറ്റത്തിൽ റോഡ്-രാമവർമ്മ കോളനി	വഴി എർത്ത് വർക്ക് പൂർത്തികരിച്ചു
	03	എ.എസ്. കനാൽ- പൂങ്കാവ് റോഡ്	എന്ന വർക്ക് പൂർത്തീകരിച്ചു.
X	01	മിയ്യാത്ത് - പുതുവൽ റോഡ്	
	02	AKG Jn പടിഞ്ഞാറു - നെഹ്റു ജൂംങ്ഷൻ പടിഞ്ഞാറ്	
	03	ജോബിന്റെ പടിഞ്ഞാറ് - കുന്നുങ്കൽ പാലം	
XI	01	കൊടിവീട് Jn - ഗുരുമന്ദിരം	350 M
	02	തുമ്പോളി മുൻസിപ്പൽ റോഡ്-JRY റോഡ്	400 M
	03	തുമ്പോളി മുൻസിപ്പൽ റോഡ് അഴിയകത്ത് റോഡ്	250 M

റോഡുകളുടെ നിർമ്മാണത്തിനായി സന്നദ്ധപ്രവർത്തനം എല്ലാവാർഡുകളിലും വാഗ്ദാനം ചെയ്യപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ കുറേകാലമായി പഞ്ചായത്തിനു പുതുതായി നിർമ്മിക്കുന്ന പൂഴി റോഡുകളെല്ലാം തന്നെ ജനപങ്കാളിത്തത്തോടെയാണ് നിർമ്മിക്കപ്പെട്ടിട്ടുള്ളത്. പുതിയ കലുങ്കുകൾ വരെ ജനങ്ങൾ നിർമ്മിച്ച് വഴിപൂർത്തിയാക്കിയ അനുഭവവും പഞ്ചായത്തിലുണ്ട്. ഏറ്റവും അത്യാവശ്യം വേണ്ട റോഡുകൾ തിരിച്ചറിഞ്ഞാൽ അവ ജന പങ്കാളിത്തത്തോടെ പൂർത്തീകരിക്കുന്നതിനാവശ്യമായ പ്രവർത്തനം ആസൂത്രണം ചെയ്യണം. ആസ്പിൻ വാൾ റോഡിലൂടെ നേരത്തെയുണ്ടായിരുന്ന ബസ് സർവ്വീസ് നിലവിലില്ലാതായിട്ട് കാലമേറെയായി. പഞ്ചായത്തിൽ ഒറ്റബസ് ടെർമിനലുമില്ല. ആലപ്പുഴ കൂറ്റുവേലി വഴിയും ബസ് സർവീസ് നിലച്ചിരിക്കുകയാണ്. നേരത്തെയുണ്ടായിരുന്ന ബസ് സർവ്വീസുകളെല്ലാം പുന:സ്ഥാപിക്കാൻ നടപടി വേണം.

പഞ്ചായത്തിലെ ഒറ്റ റോഡിനും (ടാറിട്ട) കാണസൗകര്യമില്ല. എല്ലാ റോഡുകളും മഴക്കാലമാകുമ്പോഴേക്കും തകരാറിലാകുന്നു. മുഴുവൻ റോഡുകൾക്കും കാണയുണ്ടാക്കണം. റോഡിന്റെ ആയുസ് വർദ്ധിപ്പിക്കാനും അതുവഴി പണം ലാഭിക്കാനും സാധിക്കും.

പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ വയലുകൾ, തോടുകൾ, എന്നിവ നികത്തപ്പെടുന്നില്ല എന്നും നിർഗമനമാർഗങ്ങൾ അടയുന്നില്ല എന്നും ഉറപ്പുവരുത്തണം.

ഇനിയും ആര്യാട്, റോഡുകൾ നിർമ്മിക്കുന്നത് വളരെ സൂക്ഷമതയോടെ, ആവശ്യകത പരിഗണിച്ചുമാത്രമായിരിക്കണം.

മാർക്കറ്റ്

പഞ്ചായത്തിൽ പ്രധാനമായും രണ്ടു പബ്ലിക് മാർക്കറ്റുകളാണുള്ളത്. കോമളപുരം, പഞ്ചായത്ത് ഒന്നാം വാർഡിലെ മാർക്കറ്റ് (പള്ളിമുക്ക്) എന്നിവ. പാതിരപ്പള്ളി മാർക്കറ്റ് മാരാരിക്കുളം തെക്കുപഞ്ചായത്തിലാണെങ്കിലും പഞ്ചായത്തിലെ ജനങ്ങൾ പ്രധാനമായി ആശ്രയിക്കുന്നത് ഈ മാർക്കറ്റിനെയാണ്. മുൻകാലത്ത് പ്രൗഢി ഉണ്ടായിരുന്ന കോമളപുരം, മാർക്കറ്റ് ഇന്ന് നാശോന്മുഖമാണ്. എന്നാൽ പഞ്ചായത്ത്, കോമളപുരത്ത് നിർമ്മിച്ച ഷോപ്പിംഗ് കോംപ്ലക്സ് പുത്തൻ ഉണർവ്വ് പ്രദാനം ചെയ്യും എന്നു പ്രതീക്ഷിക്കാം. കോമളപുരത്ത് ഷോപ്പിംഗ് കോംപ്ലക്സിനോട് ചേർന്ന് ഫിഷ് സ്റ്റാൾ സ്ഥാപിക്കേണ്ടതാണ്. ഫിഷ്സ്റ്റാൾ സ്ഥാപിക്കുമ്പോൾ സ്ത്രീകൾക്ക് പ്രത്യേകസൗകര്യമുണ്ടായിരിക്കുവാൻ ശ്രദ്ധിക്കണം. മാർക്ക

റ്റിൽ സ്ത്രീകൾക്കായി വൃത്തിയുള്ള മൂത്രപ്പുര ഉണ്ടാക്കണം.

പഞ്ചായത്തിലെ പ്രധാന ഉല്പന്നങ്ങൾ കയറുല്പന്നങ്ങളും, നാളികേരവുമാണ്. കയറുല്പന്നങ്ങളുടെ വിപണനവുമായി ബന്ധപ്പെട്ടും, അസംസ്കൃത പദാർത്ഥവുമായി ബന്ധപ്പെട്ടും നടക്കുന്ന കൊടിയ ചൂഷണം വ്യാവസായം എന്ന അദ്ധ്യായത്തിൽ വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. കയർവ്യവസായത്തിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങൾ സംഭരിക്കുന്നതിനും, ഉല്പന്നങ്ങൾ വിപണം നടത്തുന്നതിനും വേണ്ട കൂട്ടായ്മ ഉണ്ടായേ മതിയാകൂ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും ഒരുതറി രണ്ടുതറി മുതലാളി-തൊഴിലാളികളെ രക്ഷപ്പെടുത്തുവാൻ ഇതനിവാര്യമാണ്. നാളികേരത്തിന്റെ കാര്യത്തിൽ ഏറെക്കാലമായി ഈ പ്രശ്നം നിലനില്ക്കുകയാണ്. നാളികേരം ഉല്പാദനം വളരെ കുറവായതിനാൽ തന്നെ കർഷകർക്ക് ദൂരസ്ഥലങ്ങളിൽ കൊണ്ടുപോകാനും അതുവിപണനം നടത്തുന്നതിനും സാധിക്കുന്നില്ല. വിപണി വിലയിലും വളരെ താഴ്ന്ന വിലയ്ക്ക് നാളികേരം വില്കുവാൻ നിർബന്ധിതരാകുന്ന സാഹചര്യമാണ് നിലവിലുള്ളത്. നാളികേരസംഭരണം സംസ്കരണം സംവിധാനങ്ങൾ ഇവിടെ ഉണ്ടാകണം



5.5



വിദ്യാഭ്യാസം സംസ്കാരം

ആര്യാട് പഞ്ചായത്തിൽ രണ്ടു പൊതു വിദ്യാലയങ്ങളാണുള്ളത്. ലൂഥറൻ ഹൈസ്കൂളും വളഞ്ഞവഴിക്കൽ സൻമാർഗ്ഗ ദീപിക ലോവർ പ്രൈമറി സ്കൂളും (VVSDLPS). പഞ്ചായത്ത് പ്രദേശത്ത് ഔപചാരിക വിദ്യാലയം ആദ്യമായി സ്ഥാപിതമായത് ഈ നൂറ്റാണ്ടിന്റെ ആരംഭദശയിലാണ് ആദ്യത്തെ സ്കൂളും VVSDLP സ്കൂൾ തന്നെയാണ്. അമ്പലങ്ങൾ, പള്ളികൾ, കാവുകൾ തുടങ്ങിയ ആരാധനാലയങ്ങളോട് ബന്ധപ്പെട്ട സംഘടനകളാണ് ആദ്യകാലങ്ങളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് പ്രേരണ നൽകിയിട്ടുള്ളത്. അക്കാലങ്ങളിൽ ആശാൻ കളരികളും ആയോധനക്കളരികളും ഈ പ്രദേശത്ത് പ്രവർത്തിച്ചിരുന്നു. ശ്രീനാരായണ ഗുരുവിന്റെയും SNDP യോഗത്തിന്റെയും പ്രവർത്തനങ്ങളും ഇന്നാട്ടിൽ ഔപചാരിക വിദ്യാഭ്യാസത്തിന്റെ ആവിർഭാവത്തിന് പ്രേരകമായി.

VVSDLP സ്കൂൾ

ആരംഭത്തിൽ കൈതത്തിൽ ക്ഷേത്രമൈതാനത്തിൽ രൂപംകൊണ്ടു. പിന്നീട് ഇന്നുകാണുന്ന സ്ഥലത്തേക്ക് മാറ്റിസ്ഥാപിക്കപ്പെട്ടു. അക്കാലത്ത് SNDP ശാഖ 299 ന്റെയും വളഞ്ഞവഴിക്കൽ കുടുംബത്തിലെ കാരണവരായ ശ്രീ കൊച്ചുഗോവിന്ദനാശാന്റെയും കൂട്ടു നേതൃത്വത്തിലാണ് സ്കൂളിന്റെ ഭരണം നടന്നിരുന്നത്. തുടർന്ന് ശ്രീ. പത്മനാഭൻ ബി. എ. (ഇദ്ദേഹമായിരുന്നു പഞ്ചായത്തിലെ ആദ്യത്തെ ബിരുദധാരി) എന്ന മഹാന്റെ മനേജ്മെന്റിൽ സ്കൂളിന്റെ വളർച്ച പുരോഗമിച്ചു. ആദ്യകാലത്ത് ഗവൺമെന്റിൽനിന്ന് അദ്ധ്യാപക ഗ്രാന്റായി കിട്ടിയിരുന്നത് ഏഴുരൂപയായിരുന്നു. ശമ്പളമിനത്തിൽ SNDP യിൽ നിന്ന് മൂന്നുരൂപ കൂടെ നൽകിപ്പോന്നു. അങ്ങനെ അദ്ധ്യാപകനു പത്തു രൂപ ശമ്പളം കിട്ടിയിരുന്നു പിൽക്കാലത്ത് ശമ്പളമിനത്തിൽ SNDP യുടെ വിഹിതം കൊടുക്കാൻ നിവൃത്തിയില്ലാതെ വരികയാൽ സ്കൂളിന്റെ മാനേജുമെന്റ് മുഴുവനായും ഗവൺമെന്റിലേക്ക് വിട്ടുകൊടുക്കുകയും ചെയ്തു. അങ്ങനെ VVSDLPS ഗവൺമെന്റ് സ്കൂളായിത്തീർന്നു.

ലൂഥറൻ ഹൈസ്കൂൾ

ഏതാണ്ട് VVSDLPS ന്റെ ബാല്യദശയിൽ തന്നെ ലൂഥറൻ സ്കൂളിന്റെയും ആരംഭം കുറിച്ചു. മതപ്രചരണാർത്ഥം ഭാരതത്തിൽ പ്രവർ

ത്തിച്ചിരുന്ന അമേരിക്കൻ മിഷനറിമാരുടെ സംഘടനയായ ലൂഥറൻ മിഷന്റെ ആഭിമുഖ്യത്തിൽ 1930 ലാണ് ഈ സ്കൂൾ സ്ഥാപിച്ചത്. സാമ്പത്തികവും ഭരണപരവുമായ നേതൃത്വം നല്കി സ്കൂളിനെ ഉയർന്ന നിലവാരത്തിൽ കൊണ്ടുവരുന്നതിന് മിഷനറിമാർക്ക് കഴിഞ്ഞിരുന്നു. ആദ്യകാല മാനേജർമാരായി പ്രവർത്തിച്ചിരുന്ന റവ. കെ. എം. സോൺ, റവ. ഡി. എസ്. ഷൂവാല, റവ. എച്ച്. ഇ. ഹെയാൻലെയിൻ എന്നീ അമേരിക്കൻ മിഷനറിമാർ നാടിന്റെ എല്ലാ വിധമായ ഉയർച്ചയിലും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഫറ്റവും ഉന്നതനിലവാരം പുലർത്തിയിരുന്ന ഈ വിദ്യാലയത്തിൽ മുന്നോക്ക പിന്നോക്ക ജാതി മത വ്യത്യാസം പരിഗണിക്കാതെ എല്ലാപേർക്കും സൗജന്യ വിദ്യാഭ്യാസം നൽകിയിരുന്നു. ഔപചാരിക വിദ്യാഭ്യാസത്തോടൊപ്പം അനൗപചാരിക വിദ്യാഭ്യാസം കൂടെ ഇവിടെ ലഭ്യമായിരുന്നു. സ്കൂളിന്റെ ആരംഭംമുതൽ 1960 വരെ ഏകദേശം 30 വർഷം സ്കൂളിന്റെ എല്ലാവിധ ചെലവുകളും മിഷനറിമാരാണ് വഹിച്ചിരുന്നത്. 1960 മുതൽ ഗവൺമെന്റിൽനിന്നും ഗ്രാന്റ് വാങ്ങിത്തുടങ്ങി.

വളർച്ചയുടെ ആദ്യഘട്ടത്തിൽ ഏഴാം ക്ലാസുവരെയുള്ള മലയാളം മിഡിൽ സ്കൂളായും പിന്നീട് തേഡ് ഫാറം വരെയുള്ള ഇംഗ്ലീഷ് മിഡിൽ സ്കൂളായും 1976 മുതൽ പൂർണ്ണ ഹൈസ്കൂളായും ഉയർത്തപ്പെട്ടു. ഈ സ്കൂൾ ഹൈസ്കൂളായി ഉയർത്തപ്പെടുന്നതുവരെ സെക്കണ്ടറി വിദ്യാഭ്യാസത്തിനായി ഈഗ്രാമത്തിലെ കുട്ടികൾ ആലപ്പുഴ പട്ടണത്തിലെ സ്കൂളുകളെയാണ് ആശ്രയിച്ചിരുന്നത്. അക്കാരണം കൊണ്ടുതന്നെ ഗ്രാമത്തിലെ ഭൂരിപക്ഷം കുട്ടികൾക്കും ഹൈസ്കൂൾ വിദ്യാഭ്യാസം നേടാൻ കഴിഞ്ഞിരുന്നില്ല. മാനേജുമെന്റ് അനുഭാവം കാട്ടിയതിന്റെ വെളിച്ചത്തിൽ 1972ലെ വിജയദശമിനാളിൽ ലൂഥറൻ UPS അപ്ഗ്രേഡിംഗ് കൗൺസിൽ രൂപംകൊണ്ടു. നിരന്തരമായി നാലുവർഷക്കാലം പ്രവർത്തിച്ചതിന്റെ ഫലമായാണ് പഞ്ചായത്തിന് ഒരു ഹൈസ്കൂൾ എന്ന ചിരകാല സ്വപ്നം സാക്ഷാൽക്കരിക്കപ്പെട്ടത്. അപ്ഗ്രേഡിംഗ് കൗൺസിലിന്റെ പ്രസിഡന്റ് പരേതനായ ശ്രീ. വി.കെ.രാമൻ ചെമ്പഴന്തി, വൈസ് പ്രസിഡന്റ് പരേതനായ ശ്രീ. കെ. കാർത്തികേയൻ കേരളകൗമുദി, സെക്രട്ടറി ശ്രീ. വി. എൻ. വിദ്യാനന്ദൻ, ജോയിന്റ് സെക്രട്ടറി ശ്രീ. വി.വിജയൻ, ട്രഷറർ ശ്രീ. വി. പളനിക്കുട്ടി, സ്കൂൾ മാനേജർ റവ. ഡി. ജോൺഹുഡ്, പ്രാദേശിക നേതാക്കൾ ശ്രീ. സി.കെ.കേശവൻ, ശ്രീ. എസ്.ദാമോദരൻ, സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി ടി.സി. എലിസബത്ത് എന്നിവരുടെ മഹത്തായ സേവനങ്ങൾ നന്ദിപൂർവ്വം സ്മരിക്കേണ്ടതുണ്ട്.

ഈ സ്കൂളിലെ ഒന്നാമത്തെ വിദ്യാർത്ഥി എന്ന ബഹുമതി (Admission No. 1) ലഭിച്ച ശ്രീ കെ. എൻ. പത്മനാഭൻ ഈ സ്കൂളിൽ തന്നെ ദീർഘകാലം അദ്ധ്യാപകനായും ഹെഡ്മാസ്റ്ററായും സേവനം അനുഷ്ഠിക്കുകയെന്ന അപൂർവ്വ ഭാഗ്യത്തിന് ഉടമകൂടിയാണ്.

1970 മുതൽ പി.ടി. എ. യുടെ പ്രവർത്തനം സ്കൂളിൽ നടന്നുവരുന്നു. പി.ടി. എ.യുടെ കൂടെ ശ്രമഫലമായി സ്കൂളിന്റെ ഭൗതികസാഹചര്യങ്ങൾ മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. പി.ടി. എ. ഫണ്ട് ശേഖരിച്ച് 1976 ൽ ഏകദേശം 8000 രൂപ വിലയുള്ള മൈക്ക് സിസ്റ്റം സ്കൂളിൽ ഏർപ്പെടുത്തിയിട്ടുള്ളത് ശ്രദ്ധേയമാണ്.

ദൗർഭാഗ്യമെന്ന് പറയട്ടെ ഹൈസ്കൂളായി ഉയർത്തപ്പെട്ടതിന് ശേഷം വിദ്യാഭ്യാസ നിലവാരത്തിൽ അനഭിലഷണീയമായ പിന്നോക്കാവസ്ഥയാണ് അനുഭവപ്പെടുന്നത്. കലാകായിക രംഗങ്ങളിലും സ്കൂളിന് ആശാവഹമായ സ്ഥാനം ഇന്ന് ലഭ്യമല്ല. എന്നാൽ കാർഷികരംഗത്ത് ഒരു കുതിച്ചുകയറ്റം തന്നെ കാണുന്നത് ആശയ്ക്ക് വകനൽകുന്നു. കഴിഞ്ഞ അദ്ധ്യയനവർഷം

പട്ടിക I ആര്യാട് പഞ്ചായത്ത് കുട്ടികളെ സംബന്ധിക്കുന്ന വിവരങ്ങൾ

സ്കൂളിന്റെ പേര്	കുട്ടികളുടെ എണ്ണം			SC/ST കുട്ടികളുടെ എണ്ണം			തോറ്റുപഠിക്കുന്നവർ						പഠനം നിറുത്തിയവർ						ശ്രദ്ധിക്കുന്നവർ
							SC/ST കുട്ടികൾ			മറ്റുള്ളവർ			SC/ST കുട്ടികൾ			മറ്റുള്ളവർ			
	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	
VVSDLP സ്കൂൾ	230	214	444	15	11	26	..	2	2	15	6	21	–	–	–	–	–	–	–
ലൂഥറൻ എച്ച്. എസ്	955	789	1744	41	36	77	8	3	11	53	19	72	..	..	..	5	..	5	5
ആകെ	1185	1003	2188	56	47	103	8	5	13	68	25	93	...	..	..	5	...	5	5

പട്ടിക 2 സ്കൂളിന്റെ പൊതുവിവരം

സ്കൂളിന്റെ പേര്	H.S/ U.P/ L.P/ Preprimary	സ്കൂളിന്റെ ഉടമസ്ഥത					കുട്ടികളുടെ എണ്ണം			അദ്ധ്യാപകരുടെ എണ്ണം				സ്കൂൾ കോമ്പസിന്റെ വിസ്തീർണ്ണം	കളിസ്ഥലത്തിന്റെ വിസ്തീർണ്ണം	നിന്നും ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലത്തിന്റെ വിസ്തീർണ്ണം
		സർക്കാർ	വാടക കെട്ടിടം	സ്വന്തം	എയ്ഡഡ്	അംഗീകാരമില്ലാത്തത്	ആൺ	പെൺ	ആകെ	ആകെ അദ്ധ്യാപകർ	നിലവിലുള്ളവർ	ഒഴിവുകൾ	തികയാൻ വേണ്ടിവരുന്നവർ			
VVSDLP സ്കൂൾ	L.P	✓		സ്വന്തം	..	..	230	214	444	9	8	..	1	50 സെന്റ്	ഇല്ല	ഇല്ല
ലൂഥറൻ H.S	L.P. U.P. & H.S			സ്വന്തം	✓	..	955	789	1744	59	57	2	ഇല്ല	4 ഏക്കർ	1 ഏക്കർ	ഇല്ല
ആകെ							1185	1003	2188	68	65	2	1			

പട്ടിക 2 തുടർച്ച

സ്കൂളിന്റെ പേര്	മറ്റുകുറിപ്പുകൾ (ചുറ്റുമതിൽ അറ്റകുറ്റപ്പണി, ഫർണിച്ചർ റിപ്പയർ തുടങ്ങിയവ സംബന്ധിച്ച്)
V.V.S.D.L.P.S.	20 അടിനീളത്തിൽ ചുറ്റുമതിൽ കെട്ടണം.
L.H.S	ചുറ്റുമതിൽ പൂർണ്ണമല്ല. അറ്റകുറ്റപ്പണികൾ കൃത്യമായി നടക്കുന്നില്ല. ഒരു പുതിയ കെട്ടിടത്തിന് അടിസ്ഥാനമിട്ടിട്ട് 4 വർഷം കഴിഞ്ഞിട്ടും പൂർത്തീകരിച്ചില്ല.

ലൂഥറൻ സ്കൂളിൽ രൂപംകൊണ്ട കുട്ടികളുടെ കർഷകസംഘത്തിന് കൃഷിത്തോട്ടനിർമ്മാണത്തിൽ (പച്ചക്കറി) ജില്ലാതലത്തിൽ ഒന്നാംസ്ഥാനവും 6500 രൂപയുടെ സമ്മാനവും നേടാൻ കഴിഞ്ഞത് സംസ്ഥാന തലത്തിൽ വരെ ശ്രദ്ധിക്കപ്പെട്ട ഒരു വൻ നേട്ടമായി കരുതപ്പെടുന്നു

വി.വി. എസ്.ഡി. എൽ.പി. സ്കൂൾ, ലൂഥറൻ എച്ച്. എസ്. (എൽ.പി., യു.പി. വിഭാഗം ഉൾപ്പെടെ) എന്നീ രണ്ടു സ്കൂളുകളിലായ 12188 കുട്ടികൾ മാത്രമാണ് ഈ പഞ്ചായത്തിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്നത്. ഇതിൽ 1003 പേർ പെൺകുട്ടികളാണ്. (45.8%) (പട്ടിക 1)

6-14 പ്രായ ഗ്രൂപ്പിൽ 3522 കുട്ടികളാണ് ആര്യാട് പഞ്ചായത്തിലുള്ളത്. (സാമൂഹ്യ സാമ്പത്തിക സർവേ 96) ഈ പഞ്ചായത്തിലെ പൊതുസ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ കുറച്ചുപേർ തൊട്ടടുത്ത പഞ്ചായത്തിൽ നിന്നും എത്തുന്നവരാണ്. അങ്ങനെയാകുമ്പോൾ പഞ്ചായത്തിലെ 6-14 പ്രായഗ്രൂപ്പിലെ പകുതിയോളം കുട്ടികൾ തങ്ങളുടെ വിദ്യാഭ്യാസ ആവശ്യത്തിനായി മറ്റു സ്ഥലങ്ങളിലേക്ക് പോവകുയോ അൺ എയ്ഡഡ് സ്കൂളുകളെ ആശ്രയിക്കുകയോ ചെയ്തിരിക്കുന്നു എന്നു കാണാം.

ഇന്നുനിലവിലുള്ള ഭൗതികസാഹചര്യം വച്ച് ഈ രണ്ടു സ്കൂളുകളിലായി ഇന്നുള്ളതിലധികം കുട്ടികളെ ഉൾക്കൊള്ളാൻ കഴിയുമെന്നാണ് കണക്കാക്കുന്നത്. ഇതിനായി ഇനി ആവശ്യമുള്ളവ എന്തൊക്കെയാണെന്നു നോക്കാം.

പട്ടിക 3 സ്കൂളിന്റെ ഭൗതിക സാഹചര്യങ്ങൾ സംബന്ധിച്ച വിവരങ്ങൾ

സ്കൂളിന്റെ പേര്	ആകെ ഡിവിഷനുകളുടെ എണ്ണം	കെട്ടിടങ്ങളുടെ എണ്ണം			മുറികളുടെ എണ്ണം			ഇനി ആവശ്യമുള്ള കെട്ടിടങ്ങളുടെ എണ്ണം	നിലവിലുള്ള കെട്ടിടങ്ങളുടെ എണ്ണം	ആകെ ക്ലാസ്സുമുറികളുടെ എണ്ണം	നിലവിലുള്ള ക്ലാസ്സുമുറികളുടെ എണ്ണം	പ്രവർത്തിക്കുന്ന ഷിഫ്റ്റുകളുടെ എണ്ണം	കുടിവെള്ള സ്രോതസ്സ്	നിലവിലുള്ള സ്രോതസ്സ് തികയുമോ	ഇനി ആവശ്യമുള്ളവ				
		സ്ഥിരം	അർദ്ധസ്ഥിരം	താൽക്കാലികം	സ്ഥിരം	അർദ്ധസ്ഥിരം	താല്ക്കാലികം								ഡസ്ക്	ബെഞ്ച്	മേശ	കസേര	ശൗചാലയം
V.V.S.D.L.P.S.	12	2	1	ഇല്ല	9	3	–	ഇല്ല	2	10	1	1	പൈപ്പ്	ഇല്ല	25	25	3	5	ഉണ്ട്
L.H.S	42	6	3	–	30	15	–	ഉണ്ട്	3	50	3	–	പൈപ്പ്	ഇല്ല	200	250	10	40	ഉണ്ട്

ധികം പേരെ ഉൾക്കൊള്ളുക സാധ്യമല്ല. ആലപ്പുഴ നഗരത്തോടുള്ള സാമീപ്യവും ഉയർന്ന യാത്രാസൗകര്യവും കുട്ടികൾ മറ്റു സ്കൂളുകളിൽ പോകുവാൻ പ്രേരകമായിട്ടുണ്ട് എന്നു വേണം കണക്കാക്കുവാൻ.

നിലവിലുള്ള സ്കൂളുകളിലെ അക്കാദമിക ഭൗതിക സാഹചര്യങ്ങൾ വിശദമാക്കുന്ന പട്ടികതാഴെ ചേർക്കുന്നു.

പട്ടിക 4
അക്കാദമിക് സൗകര്യങ്ങൾ

സ്കൂളിന്റെ പേര്.	VVSDLP സ്കൂൾ	ലൂഥറൻസ് എച്ച്. എസ്
ലൈബ്രറി	ഉണ്ട്	ഉണ്ട്
ലാബറട്ടറി	ഇല്ല	ഉണ്ട്
സയൻസ് കോർണർ പഠനോപകരണങ്ങൾ	ഇല്ല	ഉണ്ട്
(മാപ്പുകൾ, ചാർട്ടുകൾ, ഗ്ലോബുകൾ, ...) ദൃശ്യശ്രാവ്യ ഉപകരണങ്ങൾ എണ്ണം റേഡിയോ	1	ഉണ്ട്
ടേപ്പ്റിക്കാർഡർ	ഇല്ല	ഇല്ല
ടെലിവിഷൻ	ഇല്ല	ഇല്ല
വി.സി. ആർ., വി.സി.പി	ഇല്ല	ഇല്ല
സിനിമാ പ്രൊജക്ടർ	ഇല്ല	ഇല്ല
സ്ലൈഡ് പ്രൊജക്ടർ	ഇല്ല	ഇല്ല
ഓവർഹെഡ് പ്രൊജക്ടർ	ഇല്ല	ഇല്ല
കമ്പ്യൂട്ടർ	ഇല്ല	ഇല്ല
ആവശ്യമായ ബ്ലാക്ക് ബോർഡുകളുടെ എണ്ണം	9	9
നിലവിലുള്ള ബ്ലാക്ക് ബോർഡുകളുടെ എണ്ണം	9	28
95-96 ൽ ലഭിച്ച അദ്ധ്യയന ദിവസം	191	189
സമരങ്ങളിലൂടെ നഷ്ടപ്പെട്ട അദ്ധ്യയന ദിനങ്ങൾ	ഇല്ല	ഇല്ല
പ്രത്യേകപൊതു അവധികളിലൂടെ നഷ്ടമായ അദ്ധ്യയന ദിനങ്ങളുടെ എണ്ണം	ഇല്ല	ഇല്ല
മാതൃസംഗമം സജ്ജീവം /സജ്ജീവമല്ല	ഇല്ല	ഇല്ല
ക്ലാസ്റും പി.ടി. എ.കൾ പ്രവർത്തിക്കുന്നു/ പ്രവർത്തിക്കുന്നില്ല	ഇല്ല	ഇല്ല

ഡസ്ക്, ബഞ്ച്, മൂത്രപ്പുര തുടങ്ങിയ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത പട്ടികയിൽ നിന്നും വ്യക്തമാണ്. VVSDLP സ്കൂളിൽ 222 കുട്ടികൾക്കായി ഒരു മൂത്രപ്പുരയും ലൂഥറൻസ് സ്കൂളിൽ 581 കുട്ടികൾക്കായി ഒരു മൂത്രപ്പുരയും മാത്രമാണുള്ളത്. 758 പെൺകുട്ടികൾ ഹൈസ്കൂൾ ക്ലാസുകളിൽ പഠിക്കുന്ന ലൂഥറൻ എച്ച്. എസിൽ പെൺകുട്ടികൾക്കായി അടച്ചുറപ്പുള്ളതും പൈപ്പു സൗകര്യമുള്ളതുമായ ഒരു മൂത്രപ്പുര പോലുമില്ല.

രണ്ടു സ്കൂളിലും പഠനോപകരണങ്ങൾ അപര്യാപ്തമാണ്. VVSD LP സ്കൂളിലാകട്ടെ പഠനോപകരണങ്ങൾ തീരെയില്ല എന്നു കാണാം. എൽ.പി. വിഭാഗം കുട്ടികളുടെ അദ്ധ്യയനത്തിന് പഠനോപകരണങ്ങൾ ഒഴിച്ചുകൂടാനാവാത്തതാണ്. ലൂഥറൻ എച്ച്. എസിൽ ആവശ്യമായ ബ്ലാക്ക് ബോർഡുകൾ തന്നെയില്ല എന്ന വസ്തുത പട്ടികയിൽ നിന്നും വ്യക്തമാണ്. മാതൃസംഗമം, ക്ലാസ് റൂം PTA എന്നിവയുടെ പ്രവർത്തനങ്ങളും പട്ടികയിൽ നിന്നും മനസ്സിലാകും.

പഠന നിലവാരം ആശാവഹമല്ല തന്നെ മൊത്തം SSLC വിദ്യാർത്ഥികളിൽ 46.5% മുപ്പതിനുതാഴെ മാർക്കേ വാങ്ങുന്നുള്ളൂ. 30 ശതമാനത്തിനും 40 ശതമാനത്തിനും ഇടയിൽ മാർക്കുകരസ്ഥമാക്കുന്നവർ 19.1% വരും മറ്റു ക്ലാസുകളിലെ സ്ഥിതിയും വ്യത്യസ്തമല്ല. VVSDLP സ്കൂളിലെ മൂന്നാം ക്ലാസ് വിദ്യാർത്ഥികളിൽ 20 ശതമാനം പേർ 30 ൽ താഴെ മാർക്കുവാങ്ങുന്നവരാണ്. (കൂടുതൽ വിവരങ്ങൾ പട്ടിക 5ൽ കാണുക)

പട്ടിക 5
അക്കാദമിക് നിലവാരം

സ്കൂളിന്റെ പേര്	ക്ലാസ്	ആകെ കുട്ടികൾ	കുട്ടികളുടെ പൊതുനിലവാരം					SSLC വിജയശതമാനം				
			30% ൽ താഴെ മാർക്ക് വാങ്ങുന്നവർ	30-40 ശതമാനം വാങ്ങുന്നവർ	40-50 ശതമാനം വാങ്ങുന്നവർ	50-60 ശതമാനം വാങ്ങുന്നവർ	60-80 കൂടുതൽ വാങ്ങുന്നവർ	91-92	92-93	93-94	94-95	95-96
VVSDLP സ്കൂൾ	3	110	22	13	21	17	37					
	4	118	16	15	26	26	35					
ലൂഥറൻ എച്ച്. എസ്.	3	122										
	4	133										
	5	155										
	6	148										
	7	204										
	8	288										
	9	266										
	10	204	95	39	27	27	16	48.75	57.35	48.77	46.63	50

ലൂഥറൻ HSലെ SSLC റിസൾട്ട് ക്രമേണ കുറഞ്ഞുവരുന്ന ചിത്രവും പട്ടികയിൽ നിന്നും ലഭിക്കും. 95-96 ലെ SSLC വിജയശതമാനം 50% ആണ്. സംസ്ഥാന ശരാശരി 51 ശതമാനമാണ്

പഞ്ചായത്തിൽ ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ ഒഴികെ മറ്റു സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ല തന്നെ. 6 ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളിലായി 550 വിദ്യാർത്ഥികൾ പഠിക്കുന്നു. കാര്യക്ഷമവും നിലവാരം ഉള്ളതുമായ ചുരുക്കെഴുത്ത പരിശീലന കേന്ദ്രം ഇല്ലെന്നു തന്നെ പറയാം.

പ്രീ പ്രൈമറി

ICDS ബ്ലോക്കിൽപ്പെട്ട പഞ്ചായത്തല്ലാത്തതിനാൽ ആര്യാട് അംഗനവാടികൾ പ്രവർത്തിക്കുന്നില്ല. സർക്കാർ പ്രീപ്രൈമറികളും ഇവിടെ പ്രവർത്തിക്കുന്നില്ല. പ്രീ പ്രൈമറി രംഗത്ത് പഞ്ചായത്തിൽ തികഞ്ഞ അരക്ഷിതാവസ്ഥയാണ് നിലനിൽക്കുന്നത്. അശാസ്ത്രീയമായ ഇംഗ്ലീഷ് മീഡിയം പ്രീ പ്രൈമറികളിലേക്ക് കുട്ടികളെ വിടുന്ന പ്രവണതയ്ക്ക് ഈ സ്ഥിതി വിശേഷം ആക്കംകൂട്ടിയിട്ടുണ്ട്.

പഞ്ചായത്തിൽ 2 ഇംഗ്ലീഷ് മീഡിയം അൺ എയ്ഡഡ് സ്കൂളുകൾ പ്രവർത്തിക്കുന്നു. മാതാ ഹയർ സെക്കന്ററി സ്കൂളും സഹോദരൻ സ്മാരക ഇംഗ്ലീഷ് മീഡിയം സ്കൂളും. ഈ സ്ഥാപനങ്ങളിലെ ബഹുഭൂരിക്ഷം വിദ്യാർത്ഥികളും നഗരത്തിൽ നിന്നോ മറ്റു പഞ്ചായത്തുകളിൽനിന്നോ വരുന്നവരാണ്.

പഞ്ചായത്തുതല വിദ്യാഭ്യാസ സമിതി

പഞ്ചായത്തിലെ സ്കൂൾ വിദ്യാഭ്യാസ മേഖലയിൽ സാമൂഹിക ഇടപെടൽ വളർത്തേണ്ടതിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലാണ് 96 ൽ പഞ്ചായത്തിൽ വിദ്യാഭ്യാസ സമിതി പ്രവർത്തനം ആരംഭിച്ചത്.

എൽ.പി.വിഭാഗം കുട്ടികളുടെ മിനിമം പഠനനിലവാരം ഉറപ്പാക്കുക, SSLC റിസൾട്ട് മെച്ചപ്പെടുത്തുക, സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങൾ വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെയാണ് സമിതി പ്രവർത്തിക്കുന്നത്. ലൂഥറൻ എച്ച്. എസിലെ നടപ്പുവർഷത്തെ SSLC വിദ്യാർത്ഥികൾക്കായി നടത്തിയ ടെസ്റ്റിൽ 47% കുട്ടികൾ 30% ൽ താഴെ മാർക്കുമാത്രമാണ് വാങ്ങിയത്. ഈ കുട്ടികളെത്തന്നെ വ്യത്യസ്ത ഗ്രൂപ്പുകളാക്കിത്തിരിച്ച് പ്രത്യേകം ക്ലാസുകൾ നൽകുന്നുണ്ട്. സ്കൂൾ പഠന സമയത്തിനു മുൻപും പിൻപുമാണ് ക്ലാസുകൾ. സ്കൂളിലെ അദ്ധ്യാപകരെ കൂടാതെ റിട്ടയർ ചെയ്ത അദ്ധ്യാപകരും രക്ഷിതാക്കളും സാമൂഹിക പ്രവർത്തകരും സമിതിയോടു സഹകരിക്കുന്നുണ്ട്. LP വിഭാഗം കുട്ടികൾക്കായി നടത്തിയ ടെസ്റ്റിൽനിന്നും 20% കുട്ടികളുടെയും അക്ക_ അക്ഷരജ്ഞാനം വളരെ താഴ്ന്നതാണെന്ന് മനസ്സിലാക്കുവാൻ സാധിച്ചു. ഈ മേഖലയിലെ മിനിമം പഠന നിലവാരം ഉറപ്പാക്കുന്നതിനാവാശ്യമായ പ്രവർത്തനം ആവിഷ്ക്കരിച്ചു നടപ്പിലാക്കിവരുന്നു. പഞ്ചായത്തിലെ ഏക ഹൈസ്കൂളായ ലൂഥറൻ എച്ച്. എസ് എയ്ഡഡ് സ്കൂളാണ് ഈ സ്കൂളിന്റെ പ്രവർത്തനത്തിൽ ഇടപെടുന്നതിൽ നിരവധി തട

സ്സങ്ങൾ നേരിടുന്നുണ്ട്. സ്കൂളിന്റെ മാനേജ്മെന്റ് സംബന്ധമായ തർക്കങ്ങൾ കോടതിയിൽ ആയതിനാൽ ഫലത്തിൽ സ്കൂളിനു മാനേജ്മെന്റില്ലാത്ത അവസ്ഥയാണുള്ളത്. ഈ സ്കൂളിന്റെ നിലവാരം മെച്ചപ്പെട്ടത്തുന്നതിന് അദ്ധ്യാപകരും നാട്ടുകാരും പഞ്ചായത്തും ചേർന്ന പുത്തൻകൂട്ടായ്മ ഉയർത്തിക്കൊണ്ടുവന്നേ മതിയാവൂ.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ രണ്ടു സ്കൂളുകളിലെയും കുട്ടികളുടെ എണ്ണം ക്രമേണ കുറയുന്നു.

2. ഏക ഹൈസ്കൂളായ ലൂഥറൻ എച്ച്. എസിന്റെ ഗുണനിലവാരത്തകർച്ച

3. ഡെസ്ക്ക്, ബഞ്ച്, ബ്ലാക്ക് ബോർഡ് മൂത്രപ്പുര മുതലായ ഭൗതിക സാഹചര്യങ്ങളുടെ അപര്യാപ്തത.

4. ഭൗതികസാഹചര്യങ്ങളുടെ അപര്യാപ്തതമൂലം VVSD സ്കൂളിൽ നിലനില്ക്കുന്ന ഷിഫ്റ്റ് സമ്പ്രദായം.

5. ലൂഥറൻ എച്ച്. എസിൽ വിദ്യാർത്ഥി സമരംമൂലം നഷ്ടപ്പെടുന്ന അദ്ധ്യയനദിനങ്ങൾ

6. പ്രീ പ്രൈമറി സ്ഥാപനങ്ങളുടെ അഭാവം.

7. പാഠപുസ്തകങ്ങൾ കൃത്യസമയത്ത് ലഭിക്കാതിരക്കൽ

8. പഠനോപകരണങ്ങളുടെയും അദ്ധ്യാപക പുനപരിശീലനത്തിന്റെയും അഭാവത്തിൽ വിരസമാകുന്ന ക്ലാസുകൾ.

9. PTA, MPTA ക്ലാസ് റൂം PTA എന്നിവയുടെ കാര്യക്ഷമതയില്ലായ്മ

10. VVSD LPS ലെ അദ്ധ്യാപക വിദ്യാർത്ഥി അനുപാതം 1.50 ആണ്.

സാധ്യതകൾ/പരിഹാരങ്ങൾ

1. പഞ്ചായത്തിലെ കുട്ടികൾക്ക് LP, UP വിദ്യാഭ്യാസത്തിനായി പുറത്തു പോകേണ്ടിവരുന്നത് ഒഴിവാക്കണം. VVSDLP സ്കൂൾ U.P സ്കൂളായി അപ്ഗ്രേഡ് ചെയ്യണം.

2. പഞ്ചായത്തിൽ ഒരു വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂൾ ആരംഭിക്കണം

3. പഞ്ചായത്തിന്റെ നേതൃത്വത്തിൽ എല്ലാ വാർഡിലും 1-2 പ്രീപ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കണം.

4. പഞ്ചായത്തിൽ DIET തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായത്തോടെ അദ്ധ്യാപകർക്ക് ആവശ്യമായ പരിശീലനങ്ങൾ സംഘടിപ്പിക്കുക.

5. പരീക്ഷാ സമ്പ്രദായത്തിൽ മൗലികമായ മാറ്റം വരുത്തുക. പരീക്ഷകൾ നടത്തുവാൻ പഞ്ചായത്ത് അടിസ്ഥാനത്തിൽ അക്കാദമിക് ഗ്രൂപ്പുകൾ ഉണ്ടാക്കുക.

6. പാഠപുസ്തകങ്ങൾ വർഷാരംഭത്തിൽ തന്നെ വിതരണം ചെയ്യുക.

7. സ്കൂളുകളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുക. ലൂഥറൻ ഹൈസ്കൂളിൽ പെൺകുട്ടികൾക്ക് അടിയന്തരമായി മൂത്രപ്പുര നിർമ്മിക്കുക PTA പഞ്ചായത്ത് എന്നിവ ഇതിനു മുൻകൈയെടുക്കുക.

8. കുറഞ്ഞ ചെലവിലുള്ള പഠനോപകരണങ്ങൾ നിർമ്മിക്കുക. ഇതിനാവശ്യമായ വർക്ക്ഷോപ്പ് സംഘടിപ്പിക്കുക. പഠനോപകരണങ്ങൾ എല്ലാ സ്കൂളുകൾക്കും പൊതുവായി ഉപയോഗിക്കാൻ കഴിയണം.

9. കൃഷി, കൈത്തൊഴിൽ എന്നിവയിൽ കുട്ടികൾക്ക് പ്രായോഗിക പരിശീലനം നൽകാൻ പഞ്ചായത്ത് മുൻകൈയെടുക്കുക.

പട്ടിക 6

സമ്പത്തികാനുകൂല്യം ലഭിക്കുന്ന വിദ്യാർത്ഥികളുടെ വിവരം

സ്കൂളിന്റെ പേര്	ഇനം	പട്ടികജാതി			പട്ടികവർഗ്ഗം			മറ്റു പിന്നോക്കവിഭാഗം			മറ്റുള്ളവർ		
		ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
VVSDLPS	സ്കോളർഷിപ്പ്										2	-	2
	ലംപ്സംഗ്രാന്റ്	15	9	24	1	1	2						
	മുസ്ലിം ഗേൾസ് സ്കോളർഷിപ്പ്												
	അംഗവൈകല്യം												
	സ്റ്റൈപ്പന്റ്				1	1	2						
ലൂഥറൻ HS	സ്കോളർഷിപ്പ്										5	3	8
	ലംപ്സംഗ്രാന്റ്	65	63	128	2	1	3						
	മുസ്ലിം ഗേൾസ് സ്കോളർഷിപ്പ്							-	34	34			
	അംഗവൈകല്യം										1	1	
	സ്റ്റൈപ്പന്റ്												

10. കുട്ടികളെ പഠിപ്പുമുടക്കാതെയും അക്രമം ഒഴിവാക്കികൊണ്ടുള്ളതുമായ സമരമാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ പ്രേരിപ്പിക്കുക.

11. PTA, MPTA എന്നിവ സജീവമാക്കുക SSLC ക്ലാസുകളിൽ ക്ലാസ് റൂം PTA ഏർപ്പെടുത്തുക.

12. ലൂഥറൻ എച്ച്. എസിലെ SSLC റിസൾട്ട് അഞ്ചുവർഷംകൊണ്ട് 25% 30% വർദ്ധിപ്പിക്കുക, ഇതിന്റെ തുടക്കമെന്ന നിലയിൽ ഈ വർഷം റിസൾട്ട് 10% വർദ്ധിപ്പിക്കാൻ കഴിയണം.

13. അദ്ധ്യയനത്തിൽ ദൃശ്യ ശ്രാവ്യ ഉപകരണങ്ങളുടെ ഉപയോഗം വർദ്ധിപ്പിക്കുക.

14. VVSDLPS ൽ ഷിഫ്ട് സമ്പ്രദായം നിർത്തലാക്കുക അതിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുക. ഈ സ്കൂളിനോടനുബന്ധിച്ച ഒരു സർക്കാർ Pre-Primary School നുവേണ്ടി പരിശ്രമിക്കുക.

15. പഞ്ചായത്തുലെ മൊത്തം സ്കൂൾ വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിനായി വിദ്യാഭ്യാസം സമിതി പ്രവർത്തനം വിപുലപ്പെടുത്തുക School Complex പ്രവർത്തനം ഉഷാറാക്കുക.

16. ഉച്ചക്കഞ്ഞി വിതരണം പഞ്ചായത്തിന്റെ ഉത്തരവാദിത്വത്തിലാക്കുക.

വിരസവും ജീവനില്ലാത്തതുമായ സ്കൂൾ വിദ്യാഭ്യാസ സംവിധാനത്തെ മധുരതരമാക്കി തീർക്കുന്നതിനാവശ്യമായ നിരവധി പ്രവർത്തനങ്ങൾ ജനകീയരീതിയിൽ നടപ്പാക്കാവുന്നതേയുള്ളു. അവയൊക്കെ ഏറ്റെടുക്കുകയും സ്കൂൾ വിദ്യാഭ്യാസത്തിന് സജീവത കൈവരുത്തുകയും ചെയ്തുകൊണ്ടുമല്ലാതെ പൊതുവിദ്യാഭ്യാസ സംവിധാനത്തെ രക്ഷിക്കാനാവില്ല ഇതിനാകട്ടെ ബഹുജനങ്ങളും അദ്ധ്യാപകരും പഞ്ചായത്ത് സമിതിയും എല്ലാം ചേർന്ന് ഒരു പുതിയ മുന്നണി തുറക്കുക തന്നെ വേണം.

സംസ്കാരം

കൃഷിയും കന്നുകാലിവളർത്തും ആട്ടവും പാട്ടും-അവിടെ നിന്നുതന്നെ ആരംഭിക്കുന്നു. ആര്യാടിന്റെയും സാംസ്ക്കാരിക പൈതൃകം ശ്രീനാരായണ ഗുരുവും അയ്യങ്കാളിയും, നാടുവാഴിത്തത്തിനും ജന്മിത്തത്തിനുമെതിരെ നടന്ന പുന്നപ്ര_വയലാർ സമരവും ബ്രിട്ടീഷുകാടക്കെതിരെ നടന്ന ഐതിഹാസികമായ ഇന്ത്യൻ സ്വാതന്ത്ര്യസമരവും അതോടൊപ്പം വളർന്നുവന്ന കലാസാംസ്ക്കാരിക വിദ്യാഭ്യാസ പ്രവർത്തനങ്ങളുമെല്ലാമെല്ലാം ഈ പ്രദേശത്തെ ജനങ്ങളെ സഹൃദയരും സാമൂഹ്യ വീക്ഷണമുള്ളവരുമാക്കി. വിവിധ മതസ്ഥരും അവരുടെ ആരാധനാലയങ്ങളും ധാരാളമുള്ള ഈ നാട്ടിൽ ഒരിക്കൽപ്പോലും ജാതിമത ചിന്താഗതികളുടെ അടിസ്ഥാനത്തിൽ കലഹങ്ങൾ ഉണ്ടായതായി അറിവില്ല. ഹിന്ദുക്കളും മുസ്ലീങ്ങളും ക്രിസ്ത്യാനികളും അവരുടെ അമ്പലങ്ങളും പള്ളികളുമെല്ലാം ഇടകലർന്ന സൗഹൃദത്തിന്റെയും ഐക്യത്തിന്റെയും കഥപറയുന്ന നാട്.

സാംസ്ക്കാരിക പ്രവർത്തനങ്ങൾക്ക് ഒരു കാലത്ത് അവസരമുണ്ടാക്കിയ ഈ നാട്ടിലെ പ്രധാനപ്പെട്ട കൈതത്തിൽ ക്ഷേത്രാങ്കണത്തിലാണ് ഈ ഗ്രാമത്തിന്റെ ആദ്യത്തെ സ്കൂൾ ആരംഭിച്ചത്.

ശ്രീനാരായണ ഗുരു തന്റെ സഞ്ചാരവേളയൽ ആര്യാടുള്ള വളഞ്ഞവഴിക്കൽ, ചാരംപറമ്പ്, കുടുംബങ്ങളിൽ വന്നുതാമസിച്ചിരുന്നു. 1932ൽ ആണ് ഈ ഗ്രാമത്തിൽ SNDP പ്രസ്ഥാനത്തിന് തുടക്കമിട്ടത്. നമ്മുടെ നാടിന്റെ സാംസ്ക്കാരിക പ്രവർത്തനങ്ങളുടെ ഒരു വലിയ കണ്ണിയായിരുന്നു SNDP. അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പടി പടിയായി കുറച്ചുകൊണ്ട് വരുന്നതിന് ഇതു സഹായിച്ചിട്ടുണ്ട്.

1938 ൽ ആരംഭിച്ച ജ്ഞാനദീപ ഗൃഹം ഗ്രന്ഥശാലയാണ് ആദ്യത്തെ അനൗപചാരിക വിദ്യാഭ്യാസ കേന്ദ്രം. പ്രശസ്തനായ സാഹിത്യകാരൻ എം.കെ. സാനു Ex. M.L.A ഇതിന്റെ ആദ്യകാല സംഘാടകരിൽ ഒരാളാണ്. സാധാരണക്കാരന്റെ സർവ്വകലാശാലയെന്നറിയപ്പെടുന്ന ഐക്യഭാരത വായനശാല, പ്രബോധിനി, സാംസ്ക്കാരികോദയം, ആര്യാട് ഗ്രാമപഞ്ചയാത്ത് സാംസ്ക്കാരിക കേന്ദ്രമായി ഉയർത്തിയ പീപ്പിൾസ് റീഡിംഗ്റൂം & ഗ്രന്ഥശാല, അനുപമ, സംഗീത, ലൂമിനസ് എവർഷൈൻ, വളഞ്ഞവഴിക്കൽ റിക്രിയേഷൻ ഹൗസ്, ചലഞ്ചേഴ്സ്, SN കലാസമിതി, മഞ്ഞില, നവാദർശ, മാനിഷാദ, എ.സി.സി., യുവദർശന, കൈരളി തുടങ്ങി ഒട്ടേറെ വായനശാലകളും കലാ കായിക സംഘടനകളുമുണ്ടിവിടെ.

മലയാളക്കരയിൽ ഏറെ പ്രസിദ്ധിയാർജ്ജിച്ചിട്ടുള്ള നാടക ബാലെ ട്രൂപ്പ് ആയ മലയാള കലാഭവൻ, കേൻ ഗവൺമെന്റ് ഗ്രാന്റ് നേടി പ്രവർത്തിക്കുന്ന ആര്യാട് ഭാർഗ്ഗവൻ ആന്റ് ടീം എന്നീ നാടക സമിതികളും ആര്യാടുള്ളവയാണ്.

എല്ലാ വാദ്യങ്ങളും ചെണ്ടയ്ക്ക് താഴെയെന്നാണല്ലോ പറയുന്നത്. ആ ചെണ്ടമേളം പഠിപ്പിക്കുകയും മറ്റും ചെയ്യുന്ന വളഞ്ഞവഴി

ക്കൽ കലാഭവനും ആര്യാടിന് അഭിമാനിക്കാവുന്ന ഒന്നാണ്.

ആണ്ടോടാണ്ടു നടക്കുന്ന ഉത്സവങ്ങളിലും പെരുന്നാളുകളിലും ജാതിമതഭേദമെന്യേ എല്ലാവരും പങ്കെടുക്കുന്നു. ദൂരെയുള്ള ബന്ധുക്കളും അടുത്ത സുഹൃത്തുക്കളും ആണ്ടിലൊരിക്കൽ എല്ലാം മറന്ന് ഒത്തുകൂടുന്നതിനും ആഹ്ലാദിക്കുന്നതിനും സൗഹൃദം പങ്കുവയ്ക്കുന്നുതിനും ഇവ അവസരമൊരുക്കുന്നു. അതോടൊപ്പം നടക്കുന്ന സാംസ്ക്കാരിക സമ്മേളനങ്ങളും കലാപരിപാടികളും, ആസ്വദിക്കാനും അറിവ് നേടാനും ഉപകരിക്കുന്നു.

വിദ്യാഭ്യാസത്തിലും വസ്ത്രധാരണത്തിലും ആഹാരരീതിയിലും ഭാഷയിലും കാഴ്ചപ്പാടിലും ശീലങ്ങളിലുമെല്ലാം ആഴത്തിലുള്ള മാറ്റം വന്നിരിക്കുന്നു. സവിശേഷമായ നമ്മുടെ സാംസ്ക്കാരികത്തനിമ നമുക്ക് നിലനിർത്താൻ കഴിയുന്നില്ല.

പത്രങ്ങളും ടെലിവിഷനും പോലെയുള്ള മാദ്ധ്യമങ്ങൾ ലോകത്തെ അറിയാനും വിവിധ രാജ്യങ്ങളുടെ സംസ്ക്കാരം മനസ്സിലാക്കാനും മറ്റ് കഴിയുന്നില്ലെന്നുമാത്രമല്ല, ഇന്ത്യാ ഗവൺമെന്റിന്റെ പുത്തൻസാമ്പത്തികനയം വിദേശ സാമ്രാജ്യത്വശക്തികൾക്ക് യഥേഷ്ടം ഇന്ത്യയിൽ വന്ന് നമ്മുടെ സാംസ്ക്കാരിക മേഖല കയ്യടക്കാൻ പച്ചക്കൊടികാണിച്ചിരിക്കുകയാണ്.

ലോകത്തിനു തന്നെ ആവേശം നൽകുന്ന ഇന്ത്യയുടെ സാംസ്ക്കാരത്തിനുമേലുള്ള കടന്നാക്രമണത്തെ എതിർത്ത് പരാജയപ്പെടുത്താൻ സർക്കാരിന്റെ കണ്ണുതുറപ്പിക്കാൻ, ജനങ്ങൾക്ക് പുതിയ അവബോധമുണ്ടാക്കാൻ, നാം തന്നെ മുൻകൈയെടുക്കണം. അതിന് കഴിയുന്ന ശക്തമായ സാംസ്ക്കാരിക ശൃംഖല നമുക്കുണ്ട്. കൂടാതെ വിവിധ രാഷ്ട്രീയപ്രസ്ഥാനങ്ങൾ മഹിളാസംഘടനകൾ, വിദ്യാർത്ഥി യുവജനപ്രസ്ഥാനങ്ങൾ, മഹിളാസമാജങ്ങൾ എല്ലാം ഈ അധാർമ്മികതയ്ക്കെതിരെ സജീവമാക്കണം. ഗ്രന്ഥശാലകളും വായനശാലകളും വായനശീലം വളർത്തിയെടുക്കുന്നതിന് കൂടുതൽ ജാഗ്രതപുലർത്തുക.

ആര്യാട് ഗ്രാമ പഞ്ചായത്ത്
നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

ക്രമനമ്പർ	പേര്	സ്ഥാപകവർഷം	അംഗങ്ങളുടെ എണ്ണം	ഗ്രന്ഥങ്ങളുടെ എണ്ണം	ഗ്രേഡ്	പ്രതിദിനസവിമരണം	മറ്റ് പ്രവർത്തനങ്ങൾ	ഗ്രാന്റ്	കെട്ടിടം സ്വന്തം/ അല്ല
1.	ആര്യാട് ഗ്രാമപഞ്ചായത്ത് ഗ്രന്ഥശാല ആന്റ് പീപ്പിൾസ് റീഡിംഗ് റൂം	1971	392	8362	A	200	വായനശാല പ്രവർത്തനം	ഇല്ല	സ്വന്തം
2.	ജ്ഞാനദീപഗൃഹം ഗ്രന്ഥശാല	1939	1356	4250		450	വായനശാല, ആർട്ട് ആന്റ് സ്പോർട്ട് ക്ലബ്, ജ്ഞാനദീപം,ചിൽഡ്രൻസ് ക്ലബ്	ഉണ്ട്	സ്വന്തം
3.	ഐക്യഭാരതഗ്രന്ഥശാല	1944	807	6928		765	വായനശാല, ബാലവിദ്യാലയം, ആർട്ട് ആന്റ് സ്പോർട്ട് ക്ലബ് വെൽഫെയർ സൊസൈറ്റി	ഇല്ല	സ്വന്തം
4.	പ്രബോധിനി വായനശാല ആന്റ് ഗ്രന്ഥശാല	1957	145	1500		330	വായനശാല, ജനവിദ്യാകേന്ദ്രം, ആർട്ട് ആന്റ് സ്പോർട്ട് ക്ലബ്	ഉണ്ട്	സ്വന്തം
5.	സാംസ്ക്കാരികോദയം	1948	205	3357	D	520	വായനശാല	ഉണ്ട്	

ധാരാളം അറിവുകൾ നേടാനും നമ്മെ സഹായിക്കുന്നു. എന്നാൽ നല്ലതിനേക്കാളേറെ തിന്മകൾ നൽകുന്നതിൽ മനുഷ്യ മനസുകളെ ദൂഷിപ്പിക്കുന്ന വിധം നമ്മുടെ മാദ്ധ്യമങ്ങൾ അധഃപ്പതിക്കുകയാണ്. നാം അഭിമാനം കൊള്ളുന്ന ഭാരത സംസ്ക്കാരത്തിനുമേൽ അറപ്പുളവാക്കുന്ന പുത്തൻ സംസ്ക്കാര അടിച്ചേൽപ്പിക്കപ്പെടുന്നു. സിനിമകളിലൂടെയും ടി.വിയിലൂടെയും വ്യത്തികെട്ട സെക്സിന്റെ അതിപ്രസരം കുടുംബാന്തരീക്ഷം വരെ നശിപ്പിക്കുന്നു. ഇതിനെതടയാൻ

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന പ്രധാന ആർട്ട് സ്പോർട്ട്സ് ക്ലബുകൾ

1. എസ്. എൻ.കലാസമിതി
2. ആരാധനാ റീഡിംഗ് റൂം ആന്റ് ആർട്ട്സ് ക്ലബ്
3. നവോദയാ വായനശാലാ ആന്റ് ആർട്ട്സ് ക്ലബ്
4. സർഗ്ഗം ആർട്ട്സ് സ്പോർട്ട്സ് ക്ലബ്
5. അനുപമാ വായനശാലാ ആന്റ് സ്പോർട്ട്സ് ക്ലബ്.
6. സംഗീത ആർട്ട്സ് ആന്റ് സ്പോർട്ട്സ് ക്ലബ്.

7. എവർഷൈൻ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്
8. ലൂമിനസ് ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്.
9. എവർഷൈൻ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്.
10. നവാദർശാ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്.
11. കലാലയാ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്.
12. മാനിഷാദ ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്.
13. മഞ്ഞില റിക്രിയേഷൻ ക്ലബ്.
14. കൈരളി ആർട്സ് ആന്റ് സ്പോർട്സ് ക്ലബ്.
15. വളഞ്ഞവഴിക്കൽ റിക്രിയേഷൻ ഹൗസ്.

സാധ്യതകൾ

1. പഞ്ചായത്തിലെ മണ്ണുജല സംരക്ഷണ സമിതി വിദ്യാഭ്യാസ സമിതി, ആരോഗ്യസമിതി എന്നിവ പോലെ ഒരു സാംസ്ക്കാരിക സമിതി ഉണ്ടാക്കുക.
2. പഞ്ചായത്തിലെ നിരവധി ആർട്സ് ആന്റ് സ്പോർട്സ് ക്ലബുകളുടെ പ്രവർത്തനം ഏകോപിപ്പിക്കുന്നതിനുവേണ്ടി ഒരു പഞ്ചായത്തുതല ഉപദേശക സമിതി ഉണ്ടാക്കുക.
3. പഞ്ചായത്തു ലൈബ്രറിയുടെ പ്രവർത്തനം ഊർജ്ജസ്വലമാക്കുകയും സ്ത്രീകൾക്കു വായിക്കാൻ പ്രത്യേകസമയം ഏർപ്പെടുത്തുകയും ചെയ്യുക.
4. സർക്കുലേറ്റ് ലൈബ്രറികൾ പ്രവർത്തിക്കുന്നതിനുള്ള സാധ്യത പരിശോധിക്കുക.
5.പ്രാദേശികമായി ഇന്നുള്ള നാടൻ പാട്ടുകൾ, ഐതിഹ്യങ്ങൾ എന്നിവ ശേഖരിച്ച് രേഖപ്പെടുത്തി വയ്ക്കാനുള്ള സംവിധാനം ഉണ്ടാക്കുക.
6. നാടൻ കലാ കായിക മേളകൾ പഞ്ചായത്തുതലത്തിൽ സംഘടിപ്പിക്കുക.
7. വയാനശാലകളും ഗ്രന്ഥശാലകളും ഇല്ലാത്ത വാർഡുകളിലും ജനസാന്ദ്രതകൂടുതലുള്ള ഭാഗങ്ങളിലും വായനസൗകര്യങ്ങൾ ഏർപ്പെടുത്തുക.
8. പഞ്ചായത്തു വായനശാലയുടെ പ്രവർത്തനസമയം രാത്രി ഒന്നുരണ്ടുമണിക്കൂർ അനുവദിക്കുക.
9. പഞ്ചായത്തു വായനശാലയേയും ഐക്യഭാരത വായനശാലയെയും റഫറൻസ് ഗ്രന്ഥശാലയാക്കി ഉയർത്തുക.

5.6

പൊതുജന ആരോഗ്യം എന്നാൽ ആശുപത്രികളും ഡോക്ടറും, മരുന്നും ചേരുന്നതല്ല. പാനയോഗ്യമായ ജലവും പോഷണമൂലമുള്ള ആഹാരവും ശുദ്ധവായുവും, ശുചിയായ പരിസരവും ചേർന്നാണ് ഒരു ജനതയുടെ ആരോഗ്യകാര്യങ്ങൾ നിർണ്ണയിക്കുന്നത്. ആശുപത്രിയ്ക്കും ഡോക്ടർക്കും പൊതു ജനാരോഗ്യ ആസൂത്രണത്തിൽ രണ്ടാം സ്ഥാനമാണുള്ളത്. പഞ്ചായത്തിലെ ജനങ്ങൾക്കാകെ ശുദ്ധമായ കുടിവെള്ളം ലഭ്യമാക്കാൻ കഴിയുമെങ്കിൽ 'പൊതുജനാരോഗ്യരക്ഷയിൽ' വമ്പിച്ചൊരുമുന്നേറ്റം നടത്തുവാനായി എന്നുപറയാം.

പഞ്ചായത്തിലെ കുടിവെള്ള ലഭ്യതസംബന്ധിച്ച് പട്ടിക ചുവടെചേർക്കുന്നു.

പഞ്ചായത്തിലെ 46.58% വീടുകളിലും



പട്ടിക 1

ആര്യാട് പഞ്ചായത്ത്-കുടിവെള്ള സ്രോതസ്

വാർഡ്	കുടുംബങ്ങളുടെ എണ്ണം				
	പൈപ്പ്	കിണർ/കുളം	പൊതു കിണർ	നദി/തോട്	മറ്റുള്ളവ
1	240	247	18	—	30
2	233	243	16	7	2
3	204	275	38	—	11
4	119	191	20	2	41
5	150	199	15	1	34
6	177	360	21	—	20
7	304	120	6	—	2
8	190	135	16	1	18
9	309	165	27	—	11
10	239	72	11	—	14
11	275	297	13	5	88
ആകെ	2440 46.58%	2310 44.1%	201 3.9%	16 0.3%	271 5.1%

അവലംബം : Socio Economic Survey)

കുടിവെള്ളം ആരോഗ്യം

പട്ടിക 2
കുടിവെള്ളക്ഷാമം

വാർഡ്	ഉണ്ട്	ഇല്ല
1	147	530
2	132	382
3	132	393
4	125	260
5	128	273
6	230	345
7	176	256
8	110	243
9	166	247
10	199	125
11	410	220
ആകെ	1955 (37.4%)	3224 (61.66%)

1.04% വീടുകളുടെ വിവരം ലഭ്യമല്ല.
(അവലംബം: Socio Economic Survey)

കേരള വാട്ടർ അതോറിറ്റി വിതരണം ചെയ്യുന്നപൈപ്പുവെള്ളമാണ് ഉപയോഗിക്കുന്നത്. കേരള വാട്ടർ അതോറിറ്റിക്ക് കോമളപുരത്തും പാതിരപ്പള്ളിയിലുമായി രണ്ടു ജല സംഭരണികളുണ്ട്. 44.1% കുടുംബങ്ങൾ കിണറിനേയോ, കുളങ്ങളേയോ ആണ് ആശ്രയിക്കുന്നത്. ഇതിലേറെയും കിണറുകളും കുഴൽകിണറുകളുമാണ്. പഞ്ചായത്തിൽ ആകെ 1792 കുഴൽ കിണറുകളാണ് ഉള്ളത്. (Socio Economic Survey '96) കുളങ്ങൾ ഉപയോഗിക്കുന്ന കുടുംബങ്ങൾ നാമമാത്രമാണ്. നേരത്തേ ജലസേചനത്തിനും കുടിവെള്ളത്തിനുമായി കുളങ്ങളെയാണ് പ്രധാനമായും ആശ്രയിച്ചിരുന്നത്. ഇന്ന് കുളങ്ങൾ സംരക്ഷിക്കപ്പെടാതെ നാമാവശേഷമായികൊണ്ടിരിക്കുകയാണ്. കുടിവെള്ളത്തിനായി നദികളേയും തോടുകളേയും ആശ്രയിക്കുന്ന കുടുംബങ്ങൾ ഇല്ല എന്നുതന്നെപറയാം. (0.3%) ഈ സ്രോതസിനെ ആശ്രയിക്കുന്ന 16 കുടുംബങ്ങൾക്ക് ശുദ്ധമായ കുടിവെള്ളം കൊടുക്കുന്നതിനുള്ള പദ്ധതി അടിയന്തിരമായി ആവിഷ്ക്കരിക്കണം. മറ്റുള്ളവ എന്ന വിഭാഗത്തിൽപെടുന്ന വീടുകളുടെ വിശദാംശങ്ങൾ പരിശോധിക്കപ്പെടണം. 44.1% വീടുകളിൽ ഉപയോഗിക്കുന്ന കിണർ വെള്ളത്തിന്റെ കാര്യത്തിൽ സവിശേഷശ്രദ്ധ ആവശ്യമാണ്. ഈ വിഭാഗത്തിൽ അധികവും വരുന്നത് കുഴൽ കിണറുകളാണ്. പഞ്ചായത്തിലെ ജലം ഏറെയും Organicelly Polluted (ജൈവമാലിന്യം നിറഞ്ഞ) ആണെന്ന് CESS റിപ്പോർട്ടിൽ പറയുന്നു. കുഴൽ കിണറുകളിലെ ജലത്തിന്റെ ഗുണനിലവാരം ഒരിക്കലും പരിശോധിക്കപ്പെടുന്നില്ല. പൊതുകിണർ എന്ന വിഭാഗത്തിൽപെടുന്നത് പഞ്ചായത്ത്/ബ്ലോക്ക് കിണറുകൾ മാത്രമല്ല. സ്വകാര്യ കിണറുകളും പൊതുവായി ഉപയോഗിക്കപ്പെടുന്നത്. അതുംകൂടിചേർന്ന കണക്കാണിത്. ചുരുക്കത്തിൽ പഞ്ചായത്തിലെ 53.5% വീടുകളിലും ഒരു തലത്തിലും ഗുണനിലവാരം ഉറപ്പാക്കാത്ത വെള്ളമാണ് കുടിക്കാനായി ഉപയോഗിക്കുന്നത്. CESS റിപ്പോർട്ടിലും പഞ്ചായത്തിലെ പ്രധാനപ്രശ്നമായി ചൂണ്ടിക്കാട്ടിയിട്ടുള്ളത് കുടിവെള്ളപ്രശ്നമാണ്.

കുടിവെള്ളക്ഷാമമുള്ള വീടുകൾ 37.4% വരും. ഇതാകട്ടെ ലഭിക്കുന്ന ജലത്തിന്റെ ഗുണനിലവാരവുമായി ബന്ധപ്പെട്ട ഒരു ചിത്രമല്ല. മറിച്ച് ജലലഭ്യതയെമാത്രം ആശ്രയിച്ചു കൊണ്ടുള്ള ഒരു കണക്കാണിത്. പഞ്ചായത്തിലെ 37.4% വീടുകൾക്ക് ആവശ്യത്തിന് അളവ് വെള്ളംപോലും ലഭിക്കുന്നില്ല എന്നർത്ഥം. (പട്ടിക:2) K.W.A. ജലവിതരണ ശൃംഖലയെ ആശ്രയിക്കുന്ന കുടുംബങ്ങൾ കുടിവെള്ളക്ഷാമം നേരിടുന്നുണ്ട്. കുടിവെള്ള ലഭ്യതയുടെ വാർഡ്അടിസ്ഥാനത്തിലുള്ള വ്യതിയാനവും ശ്രദ്ധിക്കേണ്ടതുണ്ട്. 11-ാം വാർഡിലാണ് ഏറ്റവും രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്നത് എന്ന് പട്ടികയിൽനിന്നും വ്യക്തമാകും. കടലോര പ്രദേശമാണിത്. മത്സ്യത്തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന വാർഡാണിത്. ഇവിടെയുള്ള കിണറുകൾ കുഴൽകിണറുകൾ എന്നിവയിലെ വെള്ളം ഉപയോഗയോഗ്യമല്ലാത്തതാണ് പ്രധാനകാരണം.

പഞ്ചായത്തിലെ ജലം പൊതുവെ മലീനീകൃതമാണെങ്കിലും പാനയോഗ്യമായ ഭൂഗർഭജല സ്രോതസ്സിന്റെ നില ആശാവഹമാണെന്നു CESS റിപ്പോർട്ട് പറയുന്നു. പാതിരപ്പള്ളി, കൈതത്തിൽ ക്ഷേത്രത്തിനുസമീപം, കോമളപുരം കിഴക്ക് എന്നിവടങ്ങളിലാണ് ശുദ്ധജലശേഖരം കണ്ടെത്തിയിട്ടുള്ളത്.

കേരള വാട്ടർ അതോറിട്ടിക്ക് പഞ്ചായത്തിൽ കോമളപുരത്തും, പാതിരപ്പള്ളിയിലുമായി രണ്ട് ജല സംഭരണികളുണ്ട് പാതിരപ്പള്ളിയിൽ അറുപത്തിഎണ്ണായിരം ലിറ്റർ ശേഷിയും കോമളപുരത്ത് തൊണ്ണൂറായിരം ലിറ്റർ ശേഷിയും ഉള്ള സംഭരണികളാണുള്ളത്. കോമളപുരത്തെ ടാങ്കിൽനിന്നും 21 കിലോമീറ്റർ നീളത്തിലും പാതിരപ്പള്ളിയിൽനിന്നും 12 കിലോമീറ്റർ നീളത്തിലും വിതരണകുഴലുകൾ സ്ഥാപിച്ച് 500 പബ്ലിക്ക് ടാപ്പിലൂടെയും 200 ഹൗസ് കണക്ഷനിലൂടെയും ജലവിതരണം നടത്തുന്നു. രണ്ടു സംഭരണികളിലും 10 HP മോട്ടോറുകൾ പമ്പിംഗിനായി ഉപയോഗിക്കുന്നു. മൂന്നു ഷിഫ്റ്റിലായി 6 ജീവനക്കാർജോലി ചെയ്യുന്നു. 24 മണിക്കൂറും പമ്പിംഗ് നടത്തുന്നു. കോമളപുരത്തുലഭിക്കുന്ന കുടിവെള്ളം വാട്ടർ അതോറിട്ടിയുടെ വിലയിരുത്തൽപ്രകാരം ജില്ലയിലുള്ള മറ്റു

കുഴൽകിണറുകളിൽനിന്നും ലഭിക്കുന്ന ശുദ്ധജലവുമായി താരതമ്യപ്പെടുത്തുമ്പോൾ ഏറ്റവും നല്ല വെള്ളമാണ് എന്ന പ്രത്യേകതയുമുണ്ട്. കോമളപുരം പമ്പ്ഹൗസിൽനിന്നും വരൾച്ചകാലത്ത് മറ്റു പഞ്ചായത്തുകളിലേയ്ക്കും ജലം നൽകുന്നുണ്ട്.

1972-ൽ കമ്മീഷൻ ചെയ്ത പാതിരപ്പള്ളിയിലെ പമ്പുഹൗസ് മൂന്നുവർഷം മുൻപുകുഴിച്ച കുഴൽകിണറിൽനിന്നുള്ള ജലമാണ് സംഭരണിയിലേക്ക് പമ്പുചെയ്യുന്നത്. കാലപ്പഴക്കം മൂലം ഈ കുഴൽക്കിണറിൽനിന്ന് ആദ്യം കിട്ടിയിരുന്ന അത്ര ജലം ഇപ്പോൾ ലഭിക്കുന്നില്ല. ഇതുമൂലം പമ്പുഹൗസ് പ്രവർത്തിക്കുന്നതിനു മുടക്കുന്ന പണത്തിന്റെ മുഴുവൻ പ്രയോജനവും നമുക്കു കിട്ടുന്നില്ല. വരൾച്ച സമയമായ ഏപ്രിൽ, മേയ് മാസങ്ങളിൽ ജലദൗർലഭ്യം അനുഭവപ്പെടുന്നു.

ഇതിനു പരിഹാരമായി ഇപ്പോൾ നിലവിലുള്ള സ്ഥലത്ത് ഒരു പുതിയ കുഴൽക്കിണർ കുഴിക്കുകയോ അല്ലെങ്കിൽ ആര്യാടുപഞ്ചായത്ത് സാംസ്ക്കാരിക നിലയത്തിനു സമീപം കേന്ദ്ര ഗവൺമെന്റ് പഠനത്തിനായി നിർമ്മിച്ചിട്ടുള്ള കുഴൽക്കിണർ വാട്ടർഅതോറിറ്റിക്കു കൈമാറ്റി അവിടെനിന്നും നിലവിലുള്ള പാതിരപ്പള്ളി ഉന്നതതല ജലസംഭരണിയിലേക്ക് പമ്പിംഗ് ആരംഭിക്കുകയോ ചെയ്യേണ്ടതാണ്.

പഞ്ചായത്തിന്റെ എല്ലാപ്രദേശങ്ങളിലും ശുദ്ധജലം എത്തിക്കാൻ കഴിഞ്ഞിട്ടില്ല. ജലവിതരണ കുഴലുകളുടെ പോരായ്മയാണ് ഇതിനുകാരണം. ആയതിനാൽ അടിയന്തിരമായി ജലവിതരണകുഴലുകൾ ഇല്ലാത്ത സ്ഥലങ്ങളിൽ അവ സ്ഥാപിക്കാൻ നടപടിയെടുക്കണം. ജല വിതരണക്കുഴലുകൾ സ്ഥാപിക്കുമ്പോൾ അവ വരും കാലമുള്ള ജനസാന്ദ്രതകൂടി കണലെടുത്ത് കുഴലുകളുടെ വ്യാസവർദ്ധനയും ഗുണമേന്മയും ഉറപ്പാക്കണം. ഇപ്പോൾ നിലവിലുള്ള വിതരണക്കുഴലുകളിൽ ഈ പോരായ്മ കടന്നുകൂടിയതാണ് ഒരുപരിധിവരെ ജലവിതരണം കാര്യക്ഷമമാകാത്തതിന്റെ കാരണം ഇപ്പോൾ നിലവിലുള്ള പബ്ലിക്ക് ടാപ്പുകളിൽ ഉപയോഗിക്കുന്ന ടാപ്പുകളുടെ ഗുണനിലവാരം വളരെ മോശമാണ്. അതുമൂലം നമുക്കുലഭിക്കുന്ന വെള്ളത്തിന്റെ നല്ലൊരു ഭാഗം പാഴായിപോകുന്നു.

1972 കാലത്ത് സ്ഥാപിച്ച ടാപ്പുകൾ പലതും ഇപ്പോഴും കേടുകൂടാതെ നിലനിൽക്കുന്നുമുണ്ട് എന്ന വസ്തുതയും ചൂണ്ടിക്കാണിക്കുന്നു.

മൂന്നു ഷിഫ്റ്റുകളിലായി 6 ജീവനക്കാർ 24 മണിക്കൂറും പമ്പിംഗ് നടത്തി പഞ്ചായത്തിലൊട്ടാകെ മുഴുവൻ ജനങ്ങൾക്കും കൂടിവെള്ളം എത്തിക്കുവാനുള്ള കൂടിവെള്ള ലഭ്യത നമുക്കുനിലവിലുണ്ട്. എന്നിരുന്നാലും ഇതു പരിപൂർണ്ണമായി പ്രയോജനപ്പെടുത്താൻ കഴിഞ്ഞില്ല കാരണങ്ങൾ പലതാണ്.

1. വോൾട്ടേജ് ക്ഷാമം- വൈകിട്ട് ഏകദേശം മൂന്നുമണിക്കൂർ സമയം നിത്യേന വോൾട്ടേജ് ക്ഷാമം മൂലം പമ്പിംഗ് നടത്താൻ കഴിയുന്നില്ല. ഇതു പരിഹരിക്കുന്നതിന് കോമളപുരത്തും പാതിരപ്പള്ളിയിലും പമ്പുഹൗസുകളുടെ അടുത്ത് ചെറിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക. അവയിൽ നിന്നും മറ്റുകണക്ഷനുകൾ കൊടുക്കാതിരിക്കുക.

ടാപ്പുകൾ കേടായതുമൂലം വിതരണ കുഴലുകൾ പൊട്ടി ശുദ്ധജലം ദിവസങ്ങളോളം പാഴായി പോകുന്ന സ്ഥിതി നിലവിലുണ്ട്. പൈപ്പു വെള്ളം പാഴായി പോകുന്നതുകണ്ടാൽ അടിയന്തിര പരിഹാരം കാണുന്നതിന് ഓരോ അയൽകൂട്ടങ്ങളിലും സന്നദ്ധ സമിതികളോ, കമ്മിറ്റികളോ രൂപീകരിച്ച് ചുമതല നൽകണം. ഓരോ പൊതുടാപ്പിനും പരിപാലന സമിതി അലോചിക്കാവുന്നതാണ്. പമ്പ് ഹൗസുകളുടെ പ്രവർത്തനം പഞ്ചായത്ത് കമ്മിറ്റിയോ, പഞ്ചായത്ത് നിയമിക്കുന്ന മറ്റു കമ്മിറ്റികളോ കൂടെ കൂടെ പരിശോധിക്കുന്നത് ഇതിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സഹായിക്കും.

ശുചിത്വം

പൊതുജനാരോഗ്യ സംവിധാനം ആസൂത്രണം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട പ്രധാന മേഖലയാണ് ശുചിത്വം.

ആര്യാട് പഞ്ചായത്ത് - കക്കൂസ് ഉപയോഗം

വാർഡ്	സെപ്റ്റിക് ടാങ്ക്	സാധാരണ	കായൽ/കനാൽ	മറ്റുള്ളവ
1	141	285	55	34
2	116	287	58	35
3	129	354	1	23
4	73	282	3	32
5	120	247	3	21
6	171	370	1	24
7	113	289	5	25
8	36	272	16	10
9	129	282	47	32
10	83	173	70	22
11	124	358	43	127
ആകെ	1215 (23.92%)	3179 (62.57%)	302 (5.94%)	385 (7.57%)

അവലംബം : Socio Economic Survey)

കായലുകളും കനാലുകളും മല വിസർജ്ജനത്തി നായി ഉപയോഗിക്കുന്ന 302 കുടുംബങ്ങളെ സർവ്വേ യിലൂടെ കണ്ടെത്തിയിട്ടുണ്ട്. സർവ്വേചെയ്യപ്പെട്ട വീടു കളുടെ 5.94% വരും ഇത്. കായൽ, കടൽ, കനാൽ തീരവാർഡുകളിലാണ് ഇതേറെയും. മറ്റുള്ളവ എന്ന ഗണത്തിൽ വരുന്നത് പ്രധാനമായും തുറസായസ്ഥ ലത്തെ മലവിസർജനമാണ് ഈരീതി ഏറ്റവും അധികം അവംലംബിക്കുന്നത്. കടലോര പ്രദേശത്താ ണെന്നു കാണാം. (Ward XI) മേൽ രണ്ടു വിഭാഗങ്ങ ളിലുംപെട്ടരീതി അവലബിക്കുന്ന കുടുംബങ്ങളുടെ ശതമാനം 13.51% വരും. 'സാധാരണ' എന്ന ഗ്രൂപ്പിൽപ്പെട്ടകക്കൂസുകളിൽ നല്ലൊരുപങ്ക് തീരെ സുരക്ഷിതമല്ല. ടാങ്കുകളും മറ്റും പൊട്ടിയോലിച്ച് വമ്പിച്ച ആരോഗ്യപ്രശ്നം ഇവ സൃഷ്ടിക്കുന്നുണ്ട്. 8, 9, 10 വാർഡുകൾ A.S. കനാലിനോട് ചേർന്നു കിട ക്കുന്ന വാർഡുകളാണ്. കനാൽ മല വിസർജ്ജനത്തി നായി ഉപയോഗിക്കുന്നവരുടെ എണ്ണം ഇവിടെ കൂടു തലാണെന്നുകാണാം. 1,2 വാർഡുകൾ വേമ്പനാട്ടുകാ യലിനോട് ചേർന്നു കിടക്കുന്ന വാർഡുകളും കായലും മല വിസർജ്ജനത്തിനായി ഉപയോഗിക്കു ന്നുണ്ട്.

CRSP കക്കൂസുകൾ 41 എണ്ണം മാത്രമാണ് കഴിഞ്ഞ വർഷം പഞ്ചായത്തിൽ നിർമ്മിച്ചു നല്കിയ ത്. ഈ ഇനത്തിൽ 102500 രൂപ വികസനവകുപ്പ് വഴി ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. കക്കൂസുകളുടെ ആവശ്യകത വെച്ചു പരിശോധിക്കുമ്പോൾ ഇത് തീരെ അപര്യാപ്തമാണെന്ന് കാണാം. ഗ്രാമസഭകളിലെ ചർച്ച കളുടെ വെളിച്ചത്തിൽ കക്കൂസ് നിർമ്മാണത്തിൽ അനുഭവപ്പെടുന്നപ്രയാസങ്ങൾ അവയ്ക്കുള്ള പരിഹാ രങ്ങൾ താഴെകാണാം വിധം സംഗ്രഹിക്കാം.

തടസ്സകാരണം	പരിഹാരം
സാമ്പത്തിക പരാധീനത	സർക്കാർ, അർദ്ധ സർക്കാർ സ്ഥാപന ങ്ങൾ, സന്നദ്ധസംഘടന കൾ തുടങ്ങിയവയുടെ സഹായത്താൽ സാമ്പ ത്തിക സമാഹരണം നടത്തി സെപ്റ്റിക് ടാങ്ക് കക്കൂസുകൾ നിർമ്മിച്ചു കൊടുക്കാവുന്നതാണ്.
കോളനികളിലും ജന ങ്ങൾ താമസി ക്കുന്ന മറ്റു സ്ഥല ങ്ങളിലും സ്ഥല പരിമി തിമൂലം കക്കൂസ് നിർമ്മിക്കുവാൻ കഴി യാത്തവർക്ക്	പൊതുവായി ഒരു സെപ്റ്റിക് ടാങ്കു നിർമ്മിച്ച് ഇതു പരിഹ രിക്കാവുന്നതാണ്.
ആവശ്യകത വേണ്ടത്ര ബോദ്ധ്യപ്പെടാത്തതി നാൽ	ആരോഗ്യ ബോധ വൽക്കരണ യൂണീ റ്റിന്റെ പ്രവർത്തനം വിപുലമാക്കുക. ആരോഗ്യപ്രവർത്തക രെ-ഉദ്യോഗസ്ഥരെ ബന്ധപ്പെടുത്തി അയൽകൂട്ടങ്ങളിൽ ചർച്ചാക്ലാസ്സുകൾ, ഫിൽഡ് പബ്ലിസിറ്റി വിഭാഗത്തിന്റെ പ്രദർശ നങ്ങൾ, ലഘുലേഖ കൾ, സ്ലൈഡുകൾ, വീഡിയോ പ്രദർശന ങ്ങൾ മുതലായവ വഴി ബോധവൽക്കരണം നട ത്തുക.

കോളനികളിലെ കക്കൂസുകൾ വർഷകാല ങ്ങളിൽ പൊട്ടിയൊലിച്ച് ഒഴുകുന്ന മലിനജലം ഇന്നൊരു വൻ ഭീഷണിയാണ്. കോളനികളിൽ സെപ്റ്റിക് ടാങ്കോടുകൂടിയ പൊതുകക്കൂസുകൾ സ്ഥാപക്കുന്നതുവഴി ഇതിനെസംബന്ധിച്ച് ഗ്രാമസഭ കളൽ ഉയർന്നുവന്നിട്ടുള്ള പരാതി ഒഴിവാക്കാവുന്ന താണ്. മലിനീകരിക്കപ്പെട്ട എ. എസ്. കനാൽ മറ്റൊരു ഭീഷണിയാണ്. പായൽനിറഞ്ഞ് വെള്ളം കെട്ടികിട ക്കുന്നതുമൂലം കൊതുകുകൾ പെരുകുന്നതിനും മാര കരോഗങ്ങൾ പകരുന്നതിനും ഈ തോട് കാരണമാ കുന്നു. ജനകീയ ആസൂത്രണപരിപാടിയുടെ ഭാഗ മായി വമ്പിച്ച ഒരു സന്നദ്ധ പ്രവർത്തനത്തിലൂടെ എ. എസ്. കനാൽ ശുചീകരിക്കാൻ സാധിക്കണം.

പഞ്ചായത്തിലെ എല്ലാ വാർഡുകളിലും കയർഫാക്ടറികളിലെ ബ്ലീച്ചിങ്ങിന് ഉപയോഗിക്കുന്ന കെമിക്കലുകൾ കലർന്നവെള്ളം ഒഴുക്കി വിടുന്നപ്ര വൃത്തി വലിയ ഭീഷണിയായി തീർന്നിരിക്കുന്നു.

ഇതിനു പരിഹാരമായി എല്ലാ വാർഡുക ളിലും കോമൺ ഫെസിലിറ്റി സെന്ററുകൾ സ്ഥാപിച്ച് അവയിലെ മലിന ജലം ശുദ്ധീകരിക്കാനുള്ള ഏർപ്പാ ടുണ്ടാക്കുക.

എല്ലാ വാർഡുകളിലും മഴക്കാലത്ത് പെയ്തുവെള്ളം ഒഴുകി പോകുന്നതിന് ഉപയോഗി ച്ചുകൊണ്ടിരുന്ന തോടുകൾ റോഡുകളായി രൂപാ ന്തരം പ്രാപിച്ചതുമൂലം നിരവധി സ്ഥലങ്ങൾ വെള്ളം കെട്ടികിടന്ന് ആരോഗ്യത്തിനു ഭീഷണിയാകുന്നു. പെയ്ത വെള്ളം അപ്പോഴപ്പോൾ ഒഴുകി പോകത്ത ക്കവിധം റോഡുകളുടെ സമീപത്ത് കാണകെട്ടുക.

ചപ്പുചവറുകളും മാലിന്യങ്ങളും അമിതമായി

പെരുകുന്നതുമൂലം അവ ചീഞ്ഞളിഞ്ഞ് പരിസരമലിനീകരണം ഉണ്ടാകുന്നതായി എല്ലാ വാർഡു ഗ്രാമസഭകളിൽനിന്നും പരാതിയുണ്ടായി. ഇവ പരിഹരിക്കുന്നതിനായി കമ്പോസ്റ്റു കുഴി ഉണ്ടാക്കി കമ്പോസ്റ്റ് നിർമ്മാണം ആലോചിക്കാവുന്നതാണ്.

പൊതുജനാരോഗ്യം

ആരോഗ്യസ്ഥിതി, ആളക്കുന്നതിനുള്ള സൂചകങ്ങൾ പരിശോധിച്ചാൽ 'ആര്യാട്' കേരളത്തിന്റെ പൊതുസ്ഥിയോടൊത്തുപോകുന്നു. എന്നുവേണം കരുതുവാൻ. ആയുർദൈർഘ്യം, മാതൃമരണനിരക്ക്, ശിശുമരണനിരക്ക് എന്നിവയിലൊക്കെയുള്ള പഞ്ചായത്തിന്റെ സ്ഥിതി പരിശോധിക്കുന്നതിനാവശ്യമായ സ്ഥിതി വിവരക്കണക്കുകൾ PHC യിലോ മറ്റു സ്ഥാപനങ്ങളിലോ ലഭ്യമല്ല. എന്നാൽ ചില സൂചനകൾ ലഭ്യമാണ്. പ്രായഗ്രൂപ്പനുസരിച്ചുള്ള ജനസംഖ്യ ജനപ്രകൃതിയിൽപരിശോധിച്ചിട്ടുണ്ട്. 60-നുമേൽ പ്രായമുള്ളവർ 2290പേർവരും. ഇതിൽ 1315പേരും സ്ത്രീകളാണ്. സ്ത്രീകളുടെ ആയുർദേർഘ്യം പഞ്ചായത്തിലും കൂടുതലാണ് എന്ന സൂചനയാണിതുതരുന്നത്.

1995-96 വർഷത്തിൽ PHC യിൽ റിപ്പോരട്ട് ചെയ്യപ്പെട്ട കേസുകളിൽ 55 എണ്ണം ജലജന്യരോഗങ്ങളായിരുന്നു. 26 വായു ജന്യരോഗങ്ങളും, 6 പ്രാണിജന്യരോഗങ്ങളും, 18107 മറ്റു രോഗങ്ങളും റിപ്പോർട്ടുചെയ്യപ്പെട്ടു എന്നാണ് HPC രേഖകൾ സൂചിപ്പിക്കുന്നത്. മറ്റു രോഗങ്ങൾ എന്ന വിഭാഗത്തിൽ പെട്ട വയുടെ വിശദാംശങ്ങൾ ഒന്നും ലഭ്യമല്ലാത്തതിനാൽ രോഗസംബന്ധമായ വിശകലനം നടത്തുന്നതിന് നിർവാഹമില്ല. കോളറ ജില്ലയിലാകെ പടർന്നുപിടിച്ച സമയത്ത് പഞ്ചായത്തിൽ 2 കോളറാമരണങ്ങൾ ഉണ്ടായിട്ടുണ്ട്. 180 കേസുകൾ റിപ്പോർട്ടുചെയ്യപ്പെട്ടിരുന്നു. ഇവർ ചികിത്സനേടിയത് പഞ്ചായത്തിനു വെളിയിലുള്ള ആശുപത്രികളിൽനിന്നായിരുന്നു.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ആയുർവ്വേദ വൈദ്യശാലകളും, ഹോമിയോ ചികിത്സ നടത്തുന്ന സ്ഥാപനങ്ങളും അലോപ്പതി ചികിത്സനടത്തുന്ന സ്ഥാനപങ്ങളും സ്വകാര്യവ്യക്തികൾ നടത്തിയിരുന്നു. 1988-ൽ ആര്യാട് പഞ്ചായത്ത് റൂറൽ ആശുപത്രി എന്ന സ്ഥാപനം ആരംഭിച്ചു. പ്രസ്തുതസ്ഥാപനം ഇന്ന് ആര്യാട് PHC ആയി ഉയരുകയും അതിന്റെ കീഴിൽ 3 സബ് സെന്ററുകൾ പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ഹോമിയോ, ആയുർവ്വേദ സർക്കാർ സ്ഥാപനങ്ങളില്ല. കൂടാതെ സൗജന്യ സേവനം നടത്തുന്ന ഒരു പ്രകൃതിചികിത്സാ കേന്ദ്രവും ഉണ്ട്.

പഞ്ചായത്തിൽ കിടത്തി ചികിത്സാ സൗകര്യങ്ങളുള്ള ആശുപത്രികൾ ഇല്ല. പഞ്ചായത്തിൽനിന്നും 3 Km സഞ്ചരിച്ചാൽ കിടത്തി ചികിത്സാ സൗകര്യമുള്ള ഹോമിയോ ജില്ലാ ആശുപത്രിയും 6 Km സഞ്ചരിച്ചാൽ മെഡിക്കൽ കോളേജ് ആശുപത്രിയും 7 Km സഞ്ചരിച്ചാൽ കിടത്തി ചികിത്സിക്കുന്ന ആയുർവ്വേദ ആശുപത്രിയും ലഭ്യമാണ്, കഴിഞ്ഞ 8 വർഷങ്ങളിൽ പഞ്ചായത്തിലെ രോഗങ്ങളുടേയും രോഗികളുടേയും എണ്ണം കാലാനുഗതമായി വർദ്ധിച്ചതായിട്ടാണ് മനസ്സിലാക്കുന്നത്.

സ്ഥാപനങ്ങളും സേവനങ്ങളും

ആര്യാട് പഞ്ചായത്തിലെ ആരോഗ്യരംഗത്തെ പൊതുസ്ഥാപനങ്ങൾ താഴെ പറയുന്നവയാണ്.
പ്രൈമറി ഹെൽത്ത് സെന്റർ - 1
മാതൃശിശു സംരക്ഷണകേന്ദ്രം - 4
ഇവയിലെല്ലാം കൂടി 24 ജീവനക്കാരാണുള്ളത്.

പഞ്ചായത്തിലെ സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

നമ്പർ	സ്ഥാപനങ്ങൾ	ഇനം	കെട്ടിടം സ്വന്തം/വാടക	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം
1	ആര്യാട് പ്രൈമറി ഹെൽത്ത് സെന്റർW8	PHC	സ്വന്തം	1988	18
2	മാതൃശിശു സംരക്ഷണ കേന്ദ്രം തെക്കനാര്യാട് W4	FWC	സ്വന്തം	1960	1
3	സബ് സെന്റർ തുമ്പോളി W.11	FWC	സ്വന്തം	—	1
4	സബ് സെന്റർ ഐക്യഭാരതം W.6	FWC	വാടക	—	2
5	സബ് സെന്റർ ചെമ്പന്തറ W.1	FWC	വാടക	—	2

- 11-ാം വാർഡിലെ കുടുംബക്ഷേമ കേന്ദ്രത്തിൽ കറണ്ടു ചാർജ് അടയ്ക്കാത്തതിനാൽ വൈദ്യുതിബന്ധം വിച്ഛേദിച്ചിരിക്കുന്നു. ഇത് പുന:സ്ഥാപിക്കണം.
- റൂറൽ ആശുപത്രിയിൽ രാവിലെ 8.30 മുതൽ 11.30 വരെ മാത്രമേ ഡോക്ടർമാരുടെ സേവനം ലഭ്യമാകുന്നുള്ളു. ഉച്ചയ്ക്കുശേഷം മറ്റു ജീവനക്കാരുടെ സേവനം മാത്രമേലഭ്യമാകുന്നുള്ളു.
- PHC പഞ്ചായത്തിലെ ജനങ്ങളുടെ ആരോഗ്യ കേന്ദ്രമായി മാറുന്നതിനുള്ള പ്രവർത്തനം ആവിഷ്ക്കരിക്കണം.
- സ്ത്രികളുടെ പ്രത്യേക ആരോഗ്യപ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിനുതകുംവിധം PHC യിൽ

സംവിധാനങ്ങളുണ്ടായിരിക്കണം.

- ജില്ലയിൽ പൊതുവെ പകർച്ചവ്യാധികൾ വർദ്ധിച്ചു വരികയാണ് പകർച്ചവ്യാധി തടയുന്നതിനുള്ള ജനകീയ പ്രവർത്തനങ്ങൾ ഉണ്ടാകണം.
- വാർഡുതലത്തിൽ ആരോഗ്യവിദ്യാഭ്യാസ പരിപാടികൾ നടപ്പിലാക്കുവാൻ ആരോഗ്യസമിതിക്കു കഴിയണം.
- സമഗ്ര ആരോഗ്യ പദ്ധതിക്രമപ്പെടുത്തിയെടുക്കണം.
- 30 സെന്റ് സ്ഥലം സ്വന്തമായുള്ള തുമ്പോളി സബ്സെന്റർ O.P. ഡിസ്പെൻസറിയാക്കി മാറ്റണം.
- സബ് സെന്ററില്ലാത്ത ചെമ്പന്തറ വാർഡിൽ കിടക്കകളോടുകൂടിയ ഒരു ആശുപത്രിസ്ഥാപിക്കണമെന്ന് നിർദ്ദേശം വന്നിട്ടുണ്ട്.
- പഞ്ചായത്തിലെ ജനങ്ങളുടെ കായികപരിശീലനത്തിനും യോഗാഭ്യാസത്തിനും ഉതകുന്ന ഒരു യോഗ പരിശീലനകേന്ദ്രം പഞ്ചായത്തിന്റെ കീഴിൽ സ്ഥാപിക്കുക. ശരിയായ പരിശീലനം നൽകുക വഴി ജനതയുടെ കായികവും മാനസികവും ആയ ആരോഗ്യം മെച്ചപ്പെടുത്തുന്നതിന് ഇത് സഹായകമാവും
- പഞ്ചായത്തിൽ നിലവിൽ ഒരു പൊതുശ്മശാനം ഇപ്പോൾ ഇല്ല. ജനസാന്ദ്രതകൂടുന്നതും വീടുകളുടെ എണ്ണം വർദ്ധിക്കുന്നതുകൊണ്ടും ഭാവിയിൽ പൊതുശ്മശാനം അത്യാവശ്യമായിവരുന്നു. ആയതുമുന്നിൽ കണ്ട് ഭൂമിശാസ്ത്രപരമായ സൗകര്യം കൂടി പരിഗണിച്ചുകൊണ്ട് ഒരു ശ്മശാനം സ്ഥാപിക്കണം.
- സമൂഹത്തിലെ ഒരു മുഖ്യ ആശ്രിതവിഭാഗമായ വൃദ്ധ ജനങ്ങൾക്ക് കൂടുതൽ സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഒരു വയോജന ആരോഗ്യകേന്ദ്രം സ്ഥാപിക്കേണ്ടതാണ്. പ്രായമായവരുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ പ്രത്യേകം കൈകാര്യം ചെയ്യുവാൻ പരിശീലനം നേടിയവരെ ഉപയോഗിച്ച് അവരുടെ ആരോഗ്യപരവും, മാനസികവുമായ ഉയർച്ചയ്ക്കാവശ്യമായ പദ്ധതികൾ രൂപപ്പെടുത്തേണ്ടതാണ്.
- ചികിത്സാരംഗത്ത് വളരെഗുണം ചെയ്യുന്ന സംവിധാനമായ ഹെൽത്ത് കാർഡ് ആരോഗ്യപ്രവർത്തകരുടേയും സന്നദ്ധപ്രവർത്തകരുടേയും സഹായത്തോടെ നടപ്പിലാക്കണം. ചികിത്സക്കായി എത്തുന്ന വ്യക്തിയുടെ മുൻകാല ആരോഗ്യനിലയെകുറിച്ചുള്ള വിവരങ്ങൾ രോഗനിർണ്ണയം വേഗത്തിലും കൃത്യമാക്കുന്നതിനും സഹായിക്കും. രക്തഗ്രൂപ്പ് തുടങ്ങിയ അടിസ്ഥാന വിവരങ്ങൾ ഈ കാർഡിൽ രേഖപ്പെടുത്തുകയും വേണം.
- രക്തദാനത്തിന്റെ പ്രാധാന്യം ജനങ്ങളെ ബോധ്യപ്പെടുത്തണം, രക്തദാനത്തെക്കുറിച്ച് നിലവിലുള്ള ഭയാശങ്കകൾ ദൂരീകരിക്കുക, നേത്രദാനത്തിന്റെ മഹത്വം ബോധ്യപ്പെടുത്തുക വഴി ദാതാക്കളുടെ രജിസ്ട്രേഷൻ വ്യാപകമാക്കുക. ജില്ലാ നേത്രദാനബാങ്കുമായി ബന്ധപ്പെട്ട് പ്രവർത്തനം കാര്യക്ഷമമാക്കുക.
- പഞ്ചായത്തു നിവാസികളുടെ പൊതു ആരോഗ്യസ്ഥിതി മെച്ചപ്പെടുത്തുവാൻ പുകവലി, പുകയിലകൂട്ടിയുള്ള മുറുക്ക്, പാൻ മസാലകളുടെ ഉപയോഗം. മദ്യപാനം, കഞ്ചാവ്, മയക്കുമരുന്നുകളുടെ ഉപയോഗം എന്നിവ പ്രചരണബോധവല്ക്കരണപ്രവർത്തനങ്ങൾവഴി നിയന്ത്രണ വിധേയമാക്കണം. നിലവിലുള്ള സാഹചര്യങ്ങൾ പൂർണ്ണമായി പ്രയോജനപ്പെടുത്തി ആരോഗ്യരംഗത്തെ സ്ഥാപനങ്ങളേയും സന്നദ്ധ സംഘടനകളേയും കൂട്ടിയിണക്കിയാൽ "ആര്യാട് ഗ്രാമം ശുചിത്വഗ്രാമം ആരോഗ്യഗ്രാമം" എന്ന സ്വപ്നം യാഥാർത്ഥ്യമാക്കി മാറ്റുവാൻ നമുക്കുകഴിയണം.



5.7



പട്ടികജാതി/പട്ടികവർഗ്ഗം

ആര്യാട് പഞ്ചായത്തിലെ ആകെയുള്ള 5239 വീടുകളിൽ 190 എണ്ണം പട്ടികജാതി കുടുംബങ്ങളാണ്. പട്ടികജാതി ജനസംഖ്യ 794ഉം (317 പുരുഷന്മാരും, 417 സ്ത്രീകളും) പട്ടികവർഗ്ഗ ജനസംഖ്യ58 (25 പുരുഷന്മാരും, 33സ്ത്രികളും) ആണ്.

പട്ടികജാതി കോളനി ആര്യാട് പഞ്ചായത്തിൽ ഇല്ല. എങ്കിലും പഞ്ചായത്തിന്റെ 11 വാർഡുകളിലും വിവിധ കോളനികളിൽ ഇവർ കൂടുതൽ പേരും താമസിച്ചുവരുന്നു. ബാക്കിയുള്ളവർ ഒറ്റപ്പെട്ടവീടുകളിൽ താമസിക്കുന്നു.

ഒറ്റപ്പെട്ട വീടുകളിൽ താമസിക്കുന്നവർ കോളനിനിവാസികളേക്കാൾ അല്പം കൂടി മെച്ചപ്പെട്ട ജീവിതമാണ്. 5 സെന്റ് സ്ഥലത്തിൽ കൂടുതൽ ഉള്ള കുറെയധികം പേർ ഉള്ളതുകൊണ്ട് അവർക്ക് വീട്ടുമുറ്റത്തെ കൃഷിഎങ്കിലും ചെയ്യാൻപറ്റും. കോളനിനിവാസികൾക്ക് സ്ഥല സൗകര്യമില്ലാത്തതിനാൽ കൃഷി താൽപ്പര്യമുള്ളവരാണെങ്കിലും അതിന് അവസരം ഇല്ല.

കോളനികളിൽ അടിസ്ഥാന സൗകര്യങ്ങളായ ശുദ്ധജലവും വൈദ്യുതിയും കക്കൂസും വളരെ പരാജയത്തിലാണ്. വളരെ കുറച്ച് പേർക്ക് മാത്രമാണ് ഇത് മൂന്നും ഉള്ളത്.

എ. എസ്. കനാലിന്റെ ഭാഗത്ത് കോളനിയിൽ ഭൂമി, പട്ടയ പ്രശ്നംഉണ്ട്. കൂലിപ്പണിക്കാരനായ തമിഴ്നാട് സ്വാദേശിഇവിടെ താമസമുണ്ട്. ഇവർക്ക് വിദ്യാഭ്യാസ പുരോഗതിയ്ക്കായി സർക്കാരിൽനിന്നും ഗ്രാന്റുകൾ കിട്ടുന്നുണ്ട്. എങ്കിലും ഈ തുക വളരെ കുറവാണെന്നതാണ് വസ്തുത. പഠനം ഇടയ്ക്ക് മുടങ്ങുന്നതിന്റെ കാരണം അന്വേഷിക്കുമ്പോൾ ഇവർ സാമ്പത്തികബുദ്ധിമുട്ടുകളാണ് പറയുന്നത്. കോളേജുതലകുട്ടികൾ ഗ്രാന്റുതുകകൾ ദുരുപയോഗപ്പെടുത്തുകയും പഠനം മുടക്കുകയും ചെയ്യുന്നതുകൂടുതൽ കാണുന്നുണ്ട്.

പഞ്ചായത്തിന്റെ 4-ാം വാർഡിൽ ഒരു പട്ടികജാതി സഹകരണസംഘം പ്രവർത്തിക്കുന്നെങ്കിൽ അവിടെ പ്രവർത്തനക്ഷമതയില്ല.

സാദ്ധ്യതകൾ

1. ഇവർക്ക് മെച്ചമായ വീടുകൾ വേണം.
2. അറ്റകുറ്റപണികൾ വേണ്ട വീടുകൾക്ക് ധനസഹായം വേണം.
3. വീടില്ലാത്തവർക്ക് വീടുകൾ വേണം.
4. ശുദ്ധജലവും വൈദ്യുതിയും കക്കൂസുകളും ഇവർക്ക് ഉറപ്പാക്കണം. കോളനികളിൽ ചെറിയ കക്കൂസുകൾ പ്രശ്നമാകുന്നതുകൊണ്ട് സെപ്റ്റിക് ടാങ്ക് കക്കൂസുകൾ നിർമ്മിക്കാൻ ശ്രമിക്കേണ്ടതാണ്.

5. ഇവരുടെ വിദ്യാഭ്യാസ നിലവാരം ഉയർത്തുവാനും നിരക്ഷരത നീക്കം ചെയ്യാനും പഞ്ചായത്തുതലത്തിൽ ഒരു കമ്മറ്റി ഉണ്ടാക്കണം. കോളനികളിൽ സാക്ഷരതാ പ്രവർത്തനം നടത്തുവാൻ പ്രത്യേകം സന്നദ്ധതയുള്ളവരെ തെരഞ്ഞെടുക്കുക. സ്ക്കൂൾകുട്ടികൾ കൊഴിഞ്ഞുപോകുന്നില്ലെന്ന് ഉറപ്പുവരുത്തുക.
6. കോളനികളിൽ വായനശാലകളും അവിടെ റേഡിയോപോലുള്ള വാർത്താമാദ്ധ്യമങ്ങൾ കൂടി ഉൾപ്പെടുത്തുകയും വേണം.
7. ഇവർക്ക് വീടുവെയ്ക്കാൻ സർക്കാരിൽനിന്ന് നല്കുന്നപലിശയില്ലാത്ത ലോൺ 50000 രൂപ ആയി ഉയർത്തണം.
8. ഇവർക്കുവേണ്ടി പ്രവർത്തിക്കുന്ന സഹകരണ സംഘത്തിന്റെ നിലമെച്ചപ്പെടുത്തുകയും അവരുടെ താൽപ്പര്യത്തിനനുസരിച്ച് തൊഴിൽ പുരോഗതികൊണ്ടെത്തുകയും വേണം.
9. പാരമ്പര്യത്തൊഴിലുകൾ പ്രോത്സാഹിപ്പിക്കണം.
10. അർഹമായവർക്കെല്ലാം കർഷക പെൻഷൻ ലഭിക്കണം.
11. ആനുകൂല്യങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ അറിയാൻ പഞ്ചായത്തുതലത്തിലെങ്കിലും സംവിധാനം ഉണ്ടാകണം.
12. പഞ്ചായത്തുതലത്തിൽ ഉണ്ടാകുന്ന തൊഴിലവസരപരിപാടികളിൽ വിവിധ വിദ്യാഭ്യാസനിലവാരത്തിനനുസരിച്ച് ഇവർക്ക് അർഹമായ പ്രാതിനിധ്യം ഉണ്ടാകണം.
13. ആനുകൂല്യങ്ങൾ കൈപ്പറ്റുന്ന ആശ്രയശീലം വെടിഞ്ഞ് സ്വാശ്രയശീലമുള്ളവരാക്കാൻ ഇവരെ ബോധവൽക്കരണം നടത്തണം.
14. A. S. കനാൽ ഭാഗത്തുള്ള വീടുകളുടെ ഭൂമി, പട്ടയ പ്രശ്നങ്ങൾക്ക് പരിഹാരം ഉണ്ടാകണം.
15. തെങ്ങുകയറ്റത്തിനുള്ള യന്ത്രംകൊണ്ടുവരാൻ ശ്രമിക്കേണ്ടതാണ്.

5.8

പാർപ്പിടം സാമൂഹ്യക്ഷേമം

പാർപ്പിട പ്രശ്നമെന്നത് കേവലം നാല് ചുവരുകളുടേയും അതിന്റെമീതെയൊരു കൂരയുടെയും മാത്രം പ്രശ്നമല്ല. യഥാർത്ഥത്തിൽ നിരവധി സാമൂഹ്യ _ സാംസ്ക്കാരിക _ സാമ്പത്തിക ഘടകങ്ങൾ അടങ്ങിയ ഒരു സാമൂഹ്യപ്രശ്നമാണിത്. മോശമായ പാർപ്പിടവും പരിസരവും ജനങ്ങളുടെ ആരോഗ്യത്തേയും സംസ്ക്കാരത്തേയും പ്രതികൂലമായി ബാധിക്കുന്നു. സമൂഹത്തിന്റെ ആരോഗ്യകരമായ നിലനില്പിന്റെ പ്രശ്നമാണിത്.

നാലാം പഞ്ചവത്സര പദ്ധതിക്കാലത്ത് ഭവന നിർമ്മാണം ഒരു സംസ്ഥാന വിഷയമായി മാറിയതോടുകൂടി കേരളത്തിൽ 1973 ൽ കർഷകത്തൊഴിലാളി കുടുംബങ്ങളെ ഉദ്ദേശിച്ച് വീട് നിർമ്മിക്കുന്നതിനുള്ള ലക്ഷംവീട് പദ്ധതി ആവിഷ്ക്കരിച്ചു. ഓരോ പഞ്ചായത്തിലും അർഹമായ 100 കുടുംബങ്ങളെ വീതം തിരഞ്ഞെടുത്ത് 250 ചതുരശ്ര അടി വിസ്തീർണ്ണമുള്ള വീടുനിർമ്മിച്ചുകൊടുക്കാനായിരുന്നു പരിപാടി. ഇതിന്റെ നടത്തിപ്പിനായി ബഹുജന സംഘടനകളുടേയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടേയും പ്രാദേശിക തലം മുതൽ കേന്ദ്ര തലം വരെയുള്ള ഭരണകൂടങ്ങളുടേയും സഹായം ലഭിച്ചു. എല്ലാവിഭാഗങ്ങളുടേയും ആത്മാർത്ഥമായ സഹകരണത്തോടുകൂടി [illegible]0 കുടുംബ[illegible] പാർപ്പിടം ലഭ്യമാക്കി ലോകശ്രദ്ധപിടിച്ചുപറ്റിയ അഭിമാനകരമായ ഒരു ചരിത്ര പശ്ചാത്തലം കേരളത്തിലുണ്ട്.

നമ്മുടെ പഞ്ചായത്തിൽ പാർപ്പിട പ്രശ്നം പരിഹരിക്കാൻ നമുക്കിനിയും കഴിഞ്ഞിട്ടില്ല.



പട്ടിക 1

വീടിന്റെ ഉടമാവകാശം

വാർഡ്	സ്വന്തം	വാടക
1	452	22
2	472	34
3	497	28
4	343	35
5	376	18
6	539	29
7	414	18
8	345	6
9	489	10
10	323	8
11	606	9
ആകെ	4856	217
	(95.72%)	(4.28%)

3.54% വീടുകളുടെ വിവരം ലഭ്യമല്ല.

പട്ടിക 2

ആര്യാട് പഞ്ചായത്ത് _ പാർപ്പിട സ്ഥിതി

വാർഡ്	കുടിൽ	മൺഭിത്തി ഓല, പുല്ല് മേൽക്കൂര	കരിങ്കല്ല്, കല്ല്, ഓട്, ഷീറ്റ്	മേൽത്തരം വീടുകൾ
1	63	51	388	25
2	114	28	328	52
3	96	41	340	61
4	78	36	257	27
5	67	31	269	28
6	83	37	429	31
7	98	24	303	7
8	140	8	195	9
9	102	68	308	31
10	83	63	180	10
11	110	58	452	50
ആകെ	1034 [19.66%]	445 [8.46%]	3449 [65.56%]	331 [6.29%]

പഞ്ചായത്തിലെ 95.72% ആളുകൾക്കും സ്വന്തമായി വീടുണ്ട് എന്നാണ് കണക്കുകൾ കാണിക്കുന്നത്. ഉടമാവകാശമില്ലാത്ത ഭൂമിയിൽ കൂടിൽ കെട്ടി താമസിക്കുന്നതടക്കമാണിത്. വാടക കൊടുത്ത് താമസിക്കാത്തവരെല്ലാം ഈ വിഭാഗത്തിൽ വരുന്നു എന്നർത്ഥം. വീടുകൾ വാസയോഗ്യമാണോ എന്നത് പ്രത്യേകം പരിശോധിച്ചിട്ടുണ്ട്. (പട്ടിക 2)

ഉടമസ്ഥാവകാശമില്ലാത്ത ഭൂമിയിൽ കുടിൽ കെട്ടി താമസിക്കുന്നവർക്ക് സാധ്യമായിടത്തോളം 'പട്ടയം' നല്കുന്നതിന് സംവിധാനം ഉണ്ടാകണം. ഒഴിപ്പിക്കേണ്ടവരെ മറ്റു സ്ഥലങ്ങൾ കണ്ടെത്തി പുനരധിവസിപ്പിക്കുവാൻ സാധിക്കണം. ഭൂമിയുടെ ഉടമസ്ഥാവകാശം ലഭിച്ചാൽ മാത്രമേ അവരുടെ വീടുകൾ മെച്ചപ്പെടുത്തുന്നതിന് വേണ്ടിയുള്ള സഹായങ്ങൾ തേടുവാൻ ഇവർക്ക് കഴിയുകയുള്ളൂ. വാടകയ്ക്ക് താമസിക്കുന്നവർ പുറമേനിന്ന് ജോലിക്കായോ മറ്റോ വന്നു താമസിക്കുന്നവരാണ്. 'സ്വന്തമായി' കിടപ്പാടം ഇല്ലാത്തവർ പഞ്ചായത്തിൽ ഗണ്യമായിട്ടില്ല എന്നർത്ഥം. നഗരത്തോട് ചേർന്നുകിടക്കുന്ന പഞ്ചായത്താകയാൽ പട്ടണത്തിൽ ജോലി ചെയ്യുന്ന മറ്റു പ്രദേശക്കാർ പലരും വാടകയ്ക്കു താമസിക്കുന്നുണ്ട്. നഗരത്തോടും സ്വിന്നേഴ് പോലുള്ള വ്യവസായ സ്ഥാപനങ്ങളോടും ചേർന്ന് കിടക്കുന്ന വാർഡുകളിലാണ് വാടകക്കാരുടെ എണ്ണം കൂടുതൽ എന്നു കാണാം.

എന്നാൽ വീടുകളുടെ നിലവാരം പരിശോധിച്ചാൽ പഞ്ചായത്തിന്റെ ചിത്രം മോശമാണെന്ന് മനസ്സിലാകും (പട്ടിക രണ്ട് നോക്കുക.)

19.66% വീടുകൾ 'കുടിലു'കൾ എന്ന വിഭാഗത്തിൽപ്പെട്ടവയാണ്. ഈ വിഭാഗത്തിൽ 1034 വീടുകളാണ് വരുന്നത്. ഈ വിഭാഗത്തിൽപ്പെടുന്ന വീടുകളെല്ലാം തന്നെ മാറ്റി പുതിയവ നിർമ്മിക്കേണ്ടത് അനിവാര്യമാണ്. ഇതിൽ തന്നെ ഏറ്റവും അടിയന്തരമായി പുതിയവ നിർമ്മിക്കേണ്ട ചാളകളുണ്ട്. അത് കണ്ടെത്തി പദ്ധതി ആസൂത്രണം ചെയ്യേണ്ടിവരും.

രണ്ടാം വിഭാഗത്തിൽപ്പെടുന്ന 445 വീടുകളും (8.45%) ദീർഘകാലാടിസ്ഥാനത്തിൽ മാറ്റിപ്പണിയേണ്ടവയാണ്. എന്നാൽ ഇവയിലധികവും ഗണ്യമായ അറ്റകുറ്റപ്പണികൾ അടിയന്തിരമായി ആവശ്യമായവയാണ്. 28.12% വീടുകളും മാറ്റേണ്ടവയോ ഗണ്യമായ പുതുക്കലുകൾ ആവശ്യമുള്ളവയോ ആണ്. നിലവിലുള്ള ഭവനനിർമ്മാണ പദ്ധതികൾ ഈ പ്രശ്നം പരിഹരിക്കാൻ പര്യാപ്തമല്ല എന്നാണ് മനസ്സിലാകുന്നത്. വികസന വകുപ്പും പഞ്ചായത്തും ചേർന്ന് കഴിഞ്ഞ 4 വർഷക്കാലം കൊണ്ട് പഞ്ചായത്തിൽ നിർമ്മിച്ചു നൽകിയ വീടുകളുടെ എണ്ണം 25 മാത്രമാണ്. റവന്യൂവകുപ്പ് മുഖാന്തിരം നടപ്പിലാക്കുന്ന. RHs പദ്ധതിപ്രകാരം ഭവന നിർമ്മാണവായ്പ ലഭിച്ചവരുടെ എണ്ണം കൂടാതെയാണിത്. നിലവിലുള്ള പാർപ്പിട പ്രശ്നങ്ങൾ പരിഹരിക്കുവാൻ 'മാമൂൽവിട്ട' പ്രവർത്തനരീതികൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു.

നിർമ്മാണതൊഴിലാളികൾ വേണ്ടത്രയില്ല എന്ന് ഗ്രാമസഭാചർച്ചകൾ വ്യക്തമാക്കുന്നു. ഈ രംഗത്ത് വിദഗ്ദ്ധ തൊഴിലുകളിൽ സ്ത്രീകളില്ലെന്ന് തന്നെ പറയാം. കൽപ്പണി, മരപ്പണി എന്നിവയ്ക്ക് 125 രൂപയാണ് വേതനം, സഹായിക്ക് 80 രൂപയും.

സാധന സാമഗ്രികളുടെ വിലനിലവാരം കുത്തനെ ഉയർന്നിട്ടുണ്ട്. സിമിന്റിന്റെ വില കഴിഞ്ഞ 5 വർഷക്കാലത്തിനിടയിൽ 50% വർദ്ധിച്ചു.

സർക്കാർ വിവിധപദ്ധതികളിലൂടെ ലഭ്യമാക്കുന്ന ഭവന നിർമ്മാണവായ്പ തുക തീരെ അപര്യാപ്തമാണ്. ഇതുകൊണ്ടു തന്നെ ഈ തുക മറ്റുകാര്യങ്ങൾക്കായി വിനിയോഗിക്കപ്പെടുന്ന പ്രവണതയുണ്ട്.

വാർഡടിസ്ഥാനത്തിൽ ജനകീയമായി ഉണ്ടാക്കുന്ന ഒരു ബൃഹദ്പദ്ധതിക്കേ പഞ്ചായത്തിലെ പാർപ്പിട പ്രശ്നം പരിഹരിക്കാനാവുകയുള്ളൂ.

AS കനാൽതീരം, പതിനൊന്നാം വാർഡിലെ കടൽത്തീരം, 1, 2 വാർഡുകളിലെ കാ

യൽത്തീരം എന്നിവിടങ്ങളിലെ 'കുടിലുകൾ' മഴക്കാലത്ത് വമ്പിച്ച ദുരിതങ്ങൾ അനുഭവിക്കുന്ന വയാണ്. മത്സ്യത്തൊഴിലാളി മേഖലകളിൽ പാർപ്പിടപ്രശ്നം രൂക്ഷമാണ്.

വയൽ നികത്തി വീടുവയ്ക്കുന്നരീതിയും പഞ്ചായത്തിൽ പ്രകടമാണ്. തോട് തുടങ്ങിയ ജലനിർഗ്ഗമന മാർഗ്ഗങ്ങൾ നികത്തി വീടുവയ്ക്കുന്ന സ്ഥിതിയും വ്യാപകമാണ്.

6.87 Km2 മാത്രം വിസ്തീർണ്ണമുള്ള പഞ്ചായത്തിലെ 91ലെ കനേഷുമാരി പ്രകാരമുള്ള ജനസംഖ്യ 24043 ആണ്. 91 ലെ സെൻസസ് പ്രകാരമുള്ള വീടുകളേക്കാൾ 223 വീടുകൾ അധികമായി '96 ൽ ഉണ്ടായിരിക്കുന്നു എന്നാണ് കണക്കുകൾ കാണിക്കുന്നത്. ഇനിയും വീടുകൾ വയ്ക്കുവാൻ പുതിയ സ്ഥലം കണ്ടെത്തുവാൻ കഴിയുമോ എന്നത് പ്രശ്നമാണ്. കടൽത്തീരത്തും കായൽത്തീരത്തും ഈ സ്ഥിതിവിശേഷം രൂക്ഷമാണ്. പാർപ്പിടസംസ്കാരത്തിൽ ഗണ്യമായ വ്യതിയാനങ്ങൾ വരുത്താതെ നിവൃത്തിയില്ല എന്നസ്ഥിതി വന്നിരിക്കുന്നു. എല്ലാവർക്കും പ്രത്യേകം പ്രത്യേകം വീടുകൾ എന്നത് ഇനിയും സാധ്യമാണോ എന്നാലോചിക്കണം.

തീരദേശ സംരക്ഷണ നിയമം പഞ്ചായത്തിൽ ആശങ്കകൾ സൃഷ്ടിച്ചിട്ടുണ്ട്.

പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിനുള്ള മറ്റു നിർദ്ദേശങ്ങൾ

1. കാഴ്ചയിൽ ഭംഗിതോന്നിക്കുന്ന ചെലവുകുറഞ്ഞ വീടുകൾ നിർമ്മിക്കുക.

2. പഞ്ചായത്തുതലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ രൂപീകരിക്കുക.

3. കെട്ടിട നിർമ്മാണത്തിനവാശ്യമായ സാധനങ്ങൾ ലഭ്യമാക്കുന്നതിന് പൊതുസംരംഭങ്ങൾ ഏർപ്പെടുത്തുക.

4. നിർമ്മാണ ചെലവ് 2 ലക്ഷത്തിൽ അധികമായി വരുന്ന വീടുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തുക. ഈ പ്രവണത നിരുത്സാഹപ്പെടുത്തുന്നതിന് ഉയർന്ന നികുതി നിരക്കുകൾ ചുമത്തുക.

5. ഗ്രാമപഞ്ചായത്ത് മെമ്പർമാർ നൽകുന്ന സ്റ്റേറ്റ്സ് സർട്ടിഫിക്കറ്റ് അംഗീകരിക്കുക.

6. സർക്കാർ ഭവന നിർമ്മാണ വായ്പകളുടെ പരിധി ഉയർത്തുക. സങ്കീർണ്ണതകൾ ഒഴിവാക്കുക.

7. തീരദേശം, കായൽത്തീരം എന്നിവിടങ്ങളിലെ പാർപ്പിടപ്രശ്നത്തിൽ പ്രത്യേകം ശ്രദ്ധ നൽകുക.

8. AS കനാൽ തീരത്തെ വീടുകൾ അടിയന്തരമായി പുനർനിർമ്മിക്കുന്നതിനും പട്ടയം ലഭിക്കുന്നതിനും ആവശ്യമായ സംവിധാനങ്ങൾ ഉണ്ടാക്കണം.

9. നിർമ്മാണസാമഗ്രി ചെലവ് കുറച്ചു കൊണ്ടുവരുന്ന പാർപ്പിടസംസ്കാരം പ്രചരിപ്പിക്കുക.

10. മത്സ്യത്തൊഴിലാളികൾക്ക് നൽകുന്ന ഭവന നിർമ്മാണവായ്പാ പരിധി ഉയർത്തുക. കടലിനും കായലിനും സമീപത്ത് തീരദേശസംരക്ഷണ നിയമപ്രകാരമുള്ള നിയന്ത്രണപരിധിക്കുവെളിയിൽ മത്സ്യത്തൊഴിലാളികൾക്കായി പ്രത്യേക സ്ഥലം കണ്ടെത്തുക. വർദ്ധിച്ചുവരുന്ന മത്സ്യത്തൊഴിലാളികളെ തീരത്തുതന്നെ താമസിപ്പിക്കുവാൻ സാധിക്കില്ല. അത് അപകടകരവുമായിരിക്കും.

സാമൂഹ്യക്ഷേമം

ജനപങ്കാളിത്തം ഏറ്റവും കൂടുതലായി ഉണ്ടാകേണ്ട ഒരു മേഖലയാണ് സാമൂഹ്യക്ഷേമം. മനുഷ്യരുടെ പ്രാഥമിക ആവശ്യങ്ങളായ ഭക്ഷണം, വിദ്യാഭ്യാസം പാർപ്പിട സൗകര്യം എന്നിമൂന്നു കാര്യങ്ങളിൽ ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരെ ഉദ്ദേശിച്ചാണ് ഇപ്പോൾ പദ്ധതി നടപ്പിലാക്കി വരുന്നത്. കേന്ദ്ര സംസ്ഥാന ഗവൺമെന്റുകൾ നടപ്പിലാക്കുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളും, തൊഴിലാളി തൊഴിലുടമാസഹകരണത്തോടെയുള്ള ക്ഷേമ നിധിബോർഡുകൾ വഴി നടപ്പിലാക്കുന്ന പദ്ധതികളുമാണ് ഇവിടെ നിലവിലുള്ളത്. ടി.പദ്ധതികൾ ക്കു പുറമേ പട്ടികജാതി /വർഗജനങ്ങളുടെ വികസനത്തിനും ഉന്നമനത്തിനുമായി പട്ടിക ജാതി /വർഗവികസനകോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്. പദ്ധതികൾ പലതും ഇപ്രകാരം പ്രവർത്തനത്തിലുണ്ടെങ്കിലും ദാരിദ്രനിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് പരിമിതമായ തോതിലെങ്കിലും പഞ്ചായത്തിൽ ലഭ്യമാകുന്നത്. മറ്റ് പദ്ധതികൾ പേരിനുമാത്രം. ലഭ്യമായ പദ്ധതികളിൽ തന്നെ കാലാകാലങ്ങളിൽ സർക്കാർ അനുവദിച്ചുതരുന്ന ബഡ്ജറ്റു തുക മുഴുവനും പ്രയോജനപ്പെടുത്താൻ കഴിയാതെ കുറച്ചു തുക പലകാരണങ്ങളാലും ലാപ്സായി പോകുന്നുണ്ട്. അർഹതപ്പെട്ടവന് പദ്ധതിയെപ്പറ്റി വേണ്ട സമയത്ത് അറിവുലഭിക്കുന്നില്ല.ആവശ്യത്തിനും സമയത്തിനും പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നില്ല. പദ്ധതികൾ ഉപയോഗപ്പെടുത്തുമ്പോൾ

ഉണ്ടാകുന്ന സാങ്കേതിക നൂലാമാലകൾ നിലവിലുള്ള പദ്ധതിയുടെ അപര്യാപ്തത തുടങ്ങിയവയാണ് പ്രധാനകാരണങ്ങളായി ചൂണ്ടിക്കാണിക്കപ്പെടുന്നത്.

പഞ്ചായത്തിൽ കയർ തൊഴിലാളികളാണ് കൂടുതലുള്ളത്. കൂടാതെ കർഷകത്തൊഴിലാളികളും മത്സ്യത്തൊഴിലാളികളും, കെട്ടിടനിർമ്മാണ തൊഴിലാളികളും ഉണ്ടെങ്കിലും ഇവരെയെല്ലാവരേയും ബന്ധപ്പെട്ട ക്ഷേമനിധികളിൽ അംഗങ്ങളാക്കിയിട്ടില്ല. അതുപോലെതന്നെ തൊഴിലാളി തൊഴിലുടമാസഹകരണത്തോടെയുള്ള ക്ഷേമനിധി, ബോർഡുകളുടെ പ്രവർത്തനവും കാര്യക്ഷമമല്ല.

SC/ST കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യങ്ങൾ കുറേയൊക്കെ ലഭികക്കുന്നുണ്ടെങ്കിലും മേൽപറഞ്ഞകാരണങ്ങളാൽ അവർക്കുവേണ്ടിയുള്ള പലപദ്ധതികളുടേയും ഭീമമായതുകകൾ ലാപ്സായി പോകുന്നതായാണ് കണ്ടുവരുന്നത്. പഞ്ചായത്തിലെ സാധാരണ സ്ത്രീകൾക്ക് തിരുവനന്തപുരത്തുള്ള വനിതാവികസന കോർപ്പറേഷൻ വഴിയുള്ള ആനുകൂല്യങ്ങൾ ഇതുവരെയും ലഭ്യമാക്കാൻ സാധിച്ചിട്ടില്ല.

IRDP ലഭ്യതസംബന്ധിച്ച കണക്ക് താഴെ കൊടുക്കുന്നു.

വർഷം	കുടുംബങ്ങൾ	SC	ST
1992	53	16	3
1993	57	15	2
1994	57	19	3
1995	52	9	

IRDP സഹായലഭ്യതയുടെ അപര്യാപ്തത പട്ടികയിൽ നിന്നും ബോധ്യമാകും. IRDP സഹായം കൊണ്ട് ആരംഭിക്കുന്ന സംരംഭങ്ങൾ പലതും പിടിച്ചു നില്കാത്ത അവസ്ഥയാണുള്ളത്. ഇതിന്റെ കാരണങ്ങൾ പരിശോധിക്കപ്പെടണം.

1995-96 വർഷത്തിൽ 952090 രൂപ വായ്പയായും 171500 രൂപ സബ്സിഡിയായും IRDP പദ്ധതിപ്രകാരം വിതരണം ചെയ്യപ്പെട്ടു എന്നാണ് ഡിപ്പാർട്ടുമെന്റൽ റിവ്യൂ റിപ്പോർട്ട് വ്യക്തമാക്കുന്നത്.

കാലാകാലങ്ങളിൽ വർദ്ധിച്ചുവരുന്ന കൂലിനിരക്കുകളും ശമ്പളവർദ്ധനവും കണക്കിലെടുത്ത് സഹായപദ്ധതികൾക്കുവേണ്ടിയുള്ള സർക്കാരിന്റെ നിർവചനം മാറ്റണം. ദാരിദ്ര്യരേഖയുടെ കാര്യത്തിലുള്ള വരുമാനപരിധി വർദ്ധിപ്പിക്കേണ്ടതാണ്. ദേശസാൽകൃതബാങ്കുകൾ പലതും ഈ സ്കീം അനുസരിച്ച് വായ്പ ലഭ്യമാക്കുന്നതിൽ മനുഷ്യത്വരഹിതമായ സമീപനമാണ് സ്വീകരിക്കുന്നത്. സഹകരണബാങ്കുകൾക്ക് ഈ മേഖലയിൽ ഗുണഭോക്താക്കളെ പരമാവധി സഹായിക്കാൻ ജില്ലാ സംസ്ഥാനസഹകരണ ബാങ്കുകൾ വഴി സർക്കാർ നടപടി സ്വീകരിക്കണം. അതുപോലെതന്നെ ദേശസാൽകൃത ബാങ്കുകളിൽനിന്ന് കേരളത്തിലെ ജനതയ്ക്ക് സഹായം ലഭ്യമാക്കുന്നതിനുള്ള സമ്മർദ്ദം ഉയർത്തിക്കൊണ്ടുവരികയും വേണം.

പഞ്ചായത്തിൽ നിലവിൽ DWCRA പ്രകാരമുള്ള ഒരു യൂണിറ്റും കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. രണ്ടു യൂണിറ്റുകൾ ഉണ്ടായിരുന്നത് പ്രവർത്തനരഹിതമായി വനിതകൾക്ക് സംരഭക പരിശീനവും സാധ്യതയുള്ള പ്രോജക്ടുകൾ സംബന്ധമായ അറിവും ലഭിച്ചില്ലായെങ്കിൽ ഈ പദ്ധതി പ്രയോജനകരമാവില്ല. വനിതകൾക്കായുള്ള വ്യവസായതൊഴിൽ പദ്ധതി ഇപ്പോഴും അച്ചാർ, അരിപ്പൊടിനിർമ്മാണം, കുറ്റിമുല്ല എന്നിവയിൽ കുടുങ്ങി കിടക്കുകയാണ്.

'ട്രൈസം' പദ്ധതിപ്രകാരം പരിശീലനം ലഭിച്ചുവരുടെ എണ്ണം ഇപ്രകാരമാണ്.

വർഷം	SC	ST	മറ്റുള്ളവർ	തൊഴിൽ കണ്ടെത്തിയവർ	അവശേഷിക്കുന്നവർ
1992	2	-	-	1	1
1993	-	-	11	11	-
1994	-	-	26	-	26
1995	1	-	1	-	2

ട്രൈസം പദ്ധതിപ്രകാരം പരിശീലനം ലഭിക്കുന്നവരിൽ ഭൂരിപക്ഷത്തിനും തൊഴിൽ കണ്ടെത്താൻ കഴിയുന്നില്ല എന്നാണ് കണക്കുകൾ വ്യക്തമാക്കുന്നത്. സാധ്യതയുള്ള തെഴിലുകളിൽ പരിശീലനം നല്കുവാനുള്ള സംവിധാനം ഉണ്ടാകണം.

CRSP കക്കൂസുകളുടെ വിതരണം സംബന്ധിച്ച വിശദാംശങ്ങൾ ആരോഗ്യം അദ്ധ്യായത്തിൽ പ്രതിപാദിച്ചിട്ടുണ്ട് ആവശ്യമുള്ളവരുടെ ചെറിയൊരു ശതമാനത്തിനുപോലും CRSP മുഖേന കക്കൂസുകൾ നല്കുവാൻ സാധിക്കുന്നില്ല. ഇക്കാര്യരംഗത്ത് ഒരു പുത്തൻ പ്രവർത്തനപരിപാടി ആവിഷ്കരിച്ചേമതിയാകൂ. വിവിധക്ഷേമനിധികളിൽ പഞ്ചായത്തിലെ ജനങ്ങൾ അംഗങ്ങളാണ്. കയർതൊഴിലാളിക്ഷേമനിധിയാണ് ആര്യാടിനെ സംബന്ധിച്ചിടത്തോളം പ്രധാനം. കൈതൊഴിലാളി ക്ഷേമനിധി, ചെത്തുതൊഴിലാളി ക്ഷേമനിധി എന്നിവയുടെ പ്രവർത്തനപരിധിയിൽ വരുന്ന തൊഴിലാളികളെ ഇവയിൽ അംഗങ്ങളാക്കുന്നതിനുള്ള ഒരു പ്രവർത്തനം ആലോചിക്കണം.

റേഷൻ കടകളുടെ പ്രവർത്തനത്തിൽ അയൽക്കൂട്ടങ്ങൾ ഇടപെട്ടുകൊണ്ട് ഈ സംവിധാനം കൂടുതൽ ജനോപകാരപ്രദമാക്കണം.

5.9



സഹകരണം

ആലസ്യവും അന്ധവിശ്വാസവും ഗ്രസിച്ച സമൂഹം ചിതറികിടക്കുന്ന ചെറുകൈവശങ്ങൾ, പഴയ കൃഷി സമ്പ്രദായം തകർന്ന കുടിൽ വ്യവസായങ്ങൾ, പരമ്പരാഗത ഋണഭാരം, ആകെ തകർന്ന സമ്പദ്ഘടന, ഇന്ത്യയിലെ സഹകരണ പ്രസ്ഥാനം ആരംഭിക്കുമ്പോൾ നില നിന്നിരുന്ന സാമൂഹ്യാചാരങ്ങളാണിവ. സ്വാതന്ത്ര്യലബ്ധിക്കുമുമ്പുനിലനിന്നിരുന്ന പ്രാഥമിക നാണയസംഘങ്ങളിൽ നിന്നാണ് സഹകരണപ്രസ്ഥാനം ഇന്ത്യയിൽ ജന്മമെടുത്തത്.

ഇന്ത്യയിൽ സഹകരണപ്രസ്ഥാനത്തെ ശാസ്ത്രീയമായും വസ്തുനിഷ്ഠമായും പഠിച്ച് വിലയിരുത്തിയത് റൂറൽ ക്രഡിറ്റ് സർവ്വേകമ്മിറ്റിയാണ്. ഈ കമ്മറ്റിയുടെ ശുപാർശപ്രകാരമുള്ള സംയോജിത വായ്പാ സമ്പ്രദായം രണ്ടാംപഞ്ചവത്സരപദ്ധതിക്കാലത്ത് നടപ്പിലാക്കിതുടങ്ങി. അംഗസംഖ്യയുടെ 15-20 ശതമാനം വരുന്ന ന്യൂന പക്ഷത്തിന്റെ നിയന്ത്രണത്തിലാണ് സഹകരണ സംഘങ്ങളെന്ന് ലോകസഭയുടെ പബ്ലിക് അക്കൗണ്ട് കമ്മിറ്റി അവരുടെ 106-ാ മത്തെ റിപ്പോർട്ടിൽ അഭിപ്രായപ്പെടുകയുണ്ടായി.

നമ്മുടെ ഗ്രാമത്തിൽ സഹകരണ പ്രസ്ഥാനത്തിനു നിർവഹിക്കാനുള കടമ വളരെ വലുതാണ്. ഉല്പാദനമേഖലയെ ശക്തിപ്പെടുത്തുന്നതിനും ജനങ്ങളുടെ ജീവിതഗുണനിലവാരത്തെ ഉയർത്തുന്നതിനും സഹകരണമേഖലയ്ക്കു കഴിയേണ്ടതുണ്ട്. അതിലേയ്ക്ക് സഹകരണമേഖലയുടെ പ്രവർത്തനങ്ങൾ പുനഃക്രമീകരിക്കണം. ഓരോ സഹകരണസംഘങ്ങളുടെയും പ്രവർത്തനങ്ങളിൽ ശ്രദ്ധിക്കാനും സഹായിക്കുവാനും സംഘാംഗങ്ങൾ തയ്യാറാകണം. പൊതുയോഗം ഔപചാരിക ചടങ്ങിനപ്പുറത്തേക്ക്, അംഗങ്ങളുടെ അവകാശങ്ങൾ പ്രതിഫലിപ്പിക്കുന്ന വേദികളായി തീരണം. കക്ഷിരാഷ്ട്രീയത്തിനതീതമായി സംഘത്തിന്റെ പ്രവർത്തനങ്ങളിൽ ക്രിയാത്മകമായി സംഭാവന ചെയ്യാൻ പ്രാപ്തരായവരെ ഡയറക്ടർ ബോർഡ് അംഗങ്ങളാക്കുന്നതിനും, ഡയറക്ടർ ബോർഡ് സ്ഥാപിത താല്പര്യങ്ങൾ പൂർണ്ണമായി ഒഴിവാക്കി സംഘത്തിന്റെ ഉദ്ദേശലക്ഷ്യങ്ങൾ പ്രാവർത്തികമാക്കുന്നതിനും ശ്രമിക്കണം ആര്യാടു പഞ്ചായത്തിന്റെ സഹകരണ പ്രസ്ഥാനത്തിന് 50 വർഷത്തെ പാരമ്പര്യം അവകാശപ്പെടാൻ അർഹതയുണ്ട്. 1946 ൽ ആരംഭിച്ച "ആര്യാട് കക്കാ വ്യവസായ സഹകരണ സംഘം ക്ലിപ്തം No; 2462" കോമളപുരം എന്ന സ്ഥാപനമാണ് ഈ പഞ്ചായത്തിലെ ആദ്യത്തെ സഹകരണസംഘം. പരേതരായ തെ

ക്കനാര്യാട് തോട്ടായിൽ വീട്ടിൽ കൃഷ്ണപ്പണിക്കർ, കൊറ്റം കുളങ്ങര പൊങ്ങലാട്ടുവീട്ടിൽ ആർ. ഗോപാലകൃഷ്ണപ്പണിക്കർ, പൂളവലിൽ വീട്ടിൽ കെ. ഗോപാലൻ, കായിത്തറ വീട്ടിൽ കെ. കെ. കൊച്ചുകാളി, നികർത്തിൽ വീട്ടിൽ തേവര് തുടങ്ങി 17 പേർ ചേർന്നാണ് ഈ സംഘത്തിന് രൂപം നൽകിയത്. വേമ്പനാട്ടു കായലിൽ നിന്നും കറുത്ത കക്കവാരുന്ന തൊഴിലാളികൾ അവരുടെ ജീവിതോന്നമനത്തിന് വേണ്ടി ആരംഭിച്ച ഈ സംഘം 1112 ലെ തിരുവിതാംകൂർ കൊച്ചി സഹകരണനിയമത്തിലെ 3 ാം നമ്പർ ആക്ട പ്രകാരം രജിസ്റ്റർ ചെയ്തു. 4 ചക്രമായിരുന്നു അന്നത്തെ ഓഹരിതുക.

വിവിധ മേഖലകളിലായി നമ്മുടെ പഞ്ചായത്തിൽ 10 സഹകരണസംഘങ്ങൾ നിലവിലുണ്ട്. ജില്ലയിലെ മറ്റുപഞ്ചായത്തുകളുമായി തട്ടിച്ചുനോക്കുമ്പോൾ ഇത് തുലോം കുറവാണ്.

സംഘങ്ങളുടെ ഇന്നത്തെ സ്ഥിതി

ക്രഡിറ്റ് മേഖലയിൽ ആര്യാട് പഞ്ചായത്ത് സർവ്വീസ് സഹകരണബാങ്കും, ആര്യാട് പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സംഘവുമാണ് പ്രവർത്തിക്കുന്നത്. നോൺക്രഡിറ്റ് വിഭാഗത്തിൽ ആകെയുള്ള 8 സംഘങ്ങളിൽ 4 എണ്ണം കയർ മേഖലയെ ആശ്രയിച്ചിട്ടുള്ളവയാണ്. ക്ഷീരോല്പാദകസഹകരണസംഘങ്ങൾ 2 എണ്ണം പ്രവർത്തിക്കുന്നു. ലൈംഷെൽ കോ ഓപ്പറേറ്റിവ് സൊസൈറ്റി, സ്കൂൾ സൊസൈറ്റി എന്നിവയാണ് മറ്റു സംഘങ്ങൾ. ക്ഷീരോല്പാദക സഹകരണസംഘങ്ങളും. ലൈം ഷെൽ സംഘം, ആര്യാട് ബ്ലോക്ക് സ്മാൾ സ്കെയിൽ കയർ ഫൈബർ മാറ്റ്സ് മാനുഫാക്ചേഴ്സ് കോ ഓപ്പറേറ്റിവ് സൊസൈറ്റി എന്നിവയുമാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്

കോമളപുരം കയർ കോ ഓപ്പറേറ്റിവ് സൊസൈറ്റിയുടെ പ്രവർത്തനംനിലച്ചുപോയി. 1980 മധ്യത്തോടുകൂടി പ്രവർത്തന രഹിതമായ ഈ സംഘത്തിന്റെ ഉദ്ദേശം വനിതകളുടെ തൊഴിൽ സാധ്യതവർദ്ധിപ്പിക്കുക എന്നതായിരുന്നു. തെക്കനാര്യാട് കയർമാറ്റ്സ് കോ ഓപ്പറേറ്റിവ് സൊസൈറ്റി നാളുകളായി പ്രവർത്തനമില്ലാതിരുന്നുവെങ്കിലും പ്രവർത്തനം പുനരാരംഭിക്കുവാൻ ശ്രമങ്ങൾ നടന്നു വരുന്നു എന്നത് ശുഭോദർക്കമാണ്.

ആര്യാടുപഞ്ചായത്തിൽ നിർണ്ണായക ഘടകമായി സഹകരണപ്രസ്ഥാനം ഇനിയും മാറിയിട്ടില്ല. എല്ലാ സംഘങ്ങളിലുമായി (സ്കൂൾ സൊസൈറ്റി) ഒഴിച്ച് 6886 പേർ മാത്രമാണ് അംഗങ്ങളായുള്ളത്. ഇത് ഈ പഞ്ചായത്തിലെ പ്രായപൂർത്തിയായവരുടെ 40% മാത്രമാണ്.

പട്ടിക-1, പട്ടിക-2 നോക്കുക

ആര്യാട് പഞ്ചായത്ത് സർവ്വീസ് സഹകരണബാങ്ക്

1967 ൽ പ്രവർത്തനം ആരംഭിച്ച ഈ സഹകരണബാങ്കാണ് പഞ്ചായത്തിലെ ഏറ്റവും വലിയ സഹകരണസ്ഥാപനം. 5004 അംഗങ്ങളുള്ള മഹത്തായ ഈ സ്ഥാപനം സാമ്പത്തിക പരാധീനതകളിൽ നിന്നും വിമുക്തമല്ല. പഞ്ചായത്തിലെ പ്രായപൂർത്തിയായവർ ഈ സംഘത്തിൽ അംഗമാകാൻ അർഹതയുള്ളവരാണ്. ഈ വിഭാഗത്തിൽപ്പെട്ട 30% പേർ മാത്രമാണ് അംഗങ്ങളായിട്ടുള്ളത്. സ്ത്രീകളിൽ 23% ഉം (സ്ത്രീകൾ 2024 പേർ) പുരുഷന്മാർ 37% ഉം ആണ് അംഗങ്ങളായിട്ടുള്ളത്. അംഗങ്ങളുടെ വായ്പാവശ്യം പരിമിതമായ തോതിലെങ്കിലും പരിഹരിക്കാൻ കഴിയുന്നുണ്ട്. എന്നാൽ ബാങ്കിന്റെ സഹായം സ്വീകരിക്കാൻ മുന്നോട്ട് വരുന്നവർ വളരെ കുറവാണ്. തങ്ങളുടെ സ്ഥാപനമായി ഈ സഹകരണബാങ്കിനെ അംഗങ്ങൾ കണ്ടുതുടങ്ങിയിട്ടില്ല. കാർഷിക വായ്പ നാമമാത്രമായ അംഗങ്ങൾക്കുമാത്രമേ നല്കുന്നുള്ളൂ. നെൽകർഷകർ ഏതണ്ടില്ലാതായിരിക്കുന്നു തെങ്ങുകൃഷിക്ക് ഒരു വർഷകാലാവധിയിൽ വായ്പ നല്കുന്നതിന് ഇന്നത്തെ അവസ്ഥയിൽ സാധിക്കില്ല.

കഴിഞ്ഞ 3 വർഷം നല്കിയ വായ്പകൾ

	1992-93			1993-94			1994-95		
	No.	Amount		No	Amount		No	Amount	
കാർഷികവായ്പ				6	21862	-	6	21862	-
കാർഷികേതര വായ്പ	63	145150	-	164	1183860	-	114	1218433	-
ആകെ	63	145150	-	170	1205722	-	120	1240295	

എന്നാൽ കാർഷികേതരവായ്പകൾ കൊടുക്കുന്നതിൽ ശ്രദ്ധേയമായ നേട്ടം കൈവരിച്ചിട്ടുണ്ട്.

അപേക്ഷലഭിച്ച് 15 ദിവസത്തിനകം വായ്പ നല്കുന്നതിന് ഇപ്പോൾ ബാങ്കിന് കഴിയുന്നുണ്ട്. കൂടുതലായി വായ്പ നൽകുന്നതിന് സാധിക്കണ

മെങ്കിൽ നിക്ഷേപം വർദ്ധിക്കേണ്ടതുണ്ട്

കഴിഞ്ഞ 3 വർഷത്തെ നിക്ഷേപസമാഹരണം

	1992-93		1993-94		1994-95	
റിക്കറിങ്ങ് ഡിപ്പോ	72355	-	1082610	-	1090656	-
ഫിക്സഡ്	416940	-	308612	-	684547	-
സേവിംഗ്സ്	209972	-	281444	-	426598	-
Others	21686	-	64660	-	22369	-

റിക്കറിങ്ങ് നിക്ഷേപപദ്ധതി നല്ലരീതിയിൽ പ്രവർത്തിക്കുന്നുണ്ട്. പ്രതിമാസം 1 ലക്ഷം രൂപ സമാഹരിക്കാനാവുന്നു. 23 വനിതകൾ കളക്ഷൻ ഏജന്റുമാരായി പ്രവർത്തിക്കുന്നുണ്ട്. ബാങ്ക് നിക്ഷേപഗ്യാരണ്ടി പദ്ധതിയിൽ ചേർന്നിട്ടുള്ളതിനാൽ അംഗങ്ങളുടെ വായ്പകൾക്ക് സുരക്ഷിതത്വമുണ്ട്. സർവ്വീസ് ബാങ്കുകൾ മറ്റുകൊമേഴ്സൽ ബാങ്കുകളെക്കാൾ കൂടുതൽ പലിശയും നൽകുന്നുണ്ട്. വളം വില്പന ഓരോ വർഷംതോറും കുറഞ്ഞുവരികയാണ് പ്രതിവർഷം 5 ടണ്ണിൽ കൂടുതൽ വളംവില്പനയില്ല. പ്രതിവർഷം 25 ടണ്ണിൽ കൂടുതൽ വളം എടുക്കുന്നവർക്കേ ഫാക്ട് വളം നല്കുകയുള്ളൂ എന്നു തീരുമാനിച്ചതോടെ ഫാക്ട് ൽ നിന്നും വളം ലഭിക്കുന്നില്ല. സർക്കാരിൽ നിന്നും സബ്സിഡിയോടെയുള്ള എല്ലാ വളങ്ങളും മാർക്കറ്റിംഗ് ഫെഡറേഷനിൽ നിന്നും എടുത്ത് വില്പന നടത്തുന്നുണ്ട്. രാസവളം ഉപയോഗിക്കുന്നതിനോട് കർഷകർക്ക് പ്രതിപത്തി കുറഞ്ഞു വരുന്നതിന് രണ്ടുകാരണങ്ങൾ ഉണ്ടാകാം.

1) രാസവളത്തിനുപകരം ജൈവവളം ഉപയോഗിച്ചു തുടങ്ങി

2) ഒരു വളവും ഉപയോഗിക്കാതെ തെങ്ങും കൃഷിയിലും മറ്റുമുള്ള താല്പര്യക്കുറവ്

നിലവിൽ സാധാരണവായ്പയായി 10,000 രൂപയും സ്കീം വായ്പയായി 25,000 രൂപയും ടൂവീലർ വായ്പായായി 50,00 രൂപയും നല്കിവരുന്നു.

ചെറുകിട കച്ചവടം സ്വയംതൊഴിൽ വ്യവസായം, വിവാഹം ഗാർഹികാവശ്യങ്ങൾ എന്നിവയ്ക്കാണ് വായ്പ നല്കിവരുന്നത്. വായ്പത്തുക തീർത്തും അപര്യാപ്തമായതുകൊണ്ട് മറ്റുമാർഗങ്ങൾ അന്വേഷിക്കേണ്ട അവസ്ഥയിലാണ് അംഗങ്ങൾ

2. ആര്യാട് പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണസംഘം ക്ലിപ്തം

പട്ടിക ജാതി വിഭാഗത്തിൽപ്പെട്ട തൊഴിൽ രഹിതരായ യുവതിയുവാക്കൾക്ക് തൊഴിലവസരം സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടുകൂടി രൂപീകൃതമായ ഈ സംഘത്തിൽ ഇപ്പോൾ 135 വനിതകൾ ഉൾപ്പെടെ 282 പേർ മാത്രമേ അംഗങ്ങളായിട്ടുള്ളൂ. ചകിരികയർ ഉല്പാദിപ്പിക്കുന്ന പ്രവർത്തനം മാത്രമേ സംഘം നടത്തുന്നുള്ളൂ. അംഗങ്ങളിൽ 25 പേർക്ക് റാട്ട് വാങ്ങി കൊടുത്തിട്ടുണ്ട്. 181 പട്ടികജാതി കുടുംബങ്ങളിലായി 794 പേരാണ് ഈ പഞ്ചായത്തിൽ ഉള്ളത്. 35.5% പേർ മാത്രമേ സഹകരണ സംഘത്തിൽ അംഗങ്ങളായിട്ടുള്ളൂ. അതിൽ തന്നെ വളരെ ചെറിയ ശതമാനം ആളുകൾക്കേ സംഘത്തിന്റെ സേവനം ലഭിച്ചിട്ടുള്ളൂ. ഗവൺമെന്റിൽ നിന്നും ഒരു ലക്ഷം രൂപ പ്രവർത്തന മൂലധനഗ്രാന്റായി ലഭിച്ചിട്ടുണ്ട്. സംഘം ഇപ്പോൾ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്.

3 ക്ഷീരോല്പാദക സഹകരണസംഘങ്ങൾ

കൈതത്തിൽ ക്ഷീരോല്പാദക സഹകരണസംഘം, തെക്കനാര്യാട് ക്ഷീരോല്പാദക സഹകരണസംഘം എന്നിവയാണ് ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ക്ഷീരോല്പാദകസഹകരണസംഘങ്ങൾ. രണ്ടു സംഘവും ലാഭത്തിൽ പ്രവർത്തിക്കുന്നവയാണ്. പഞ്ചായത്തിലെ 4 വാർഡുകൾ പൂർണ്ണമായും 4 വാർഡുകൾ ഭാഗികമായും ഇവയുടെ പ്രവർത്തനപരിധിയിൽ വരുന്നു എല്ലാവാർഡുകളിലും ക്ഷീരോല്പാദക സഹകരണസംഘങ്ങളുടെ സാന്നിദ്ധ്യം അനുഭവപ്പെടുന്നില്ല. ശരാശരി 250 300 ലിറ്റർ പാൽ വീതമാണ് പ്രതിദിനം ഈ സംഘങ്ങളിൽ അളക്കുന്നത് ലിറ്ററിനു 8 രൂപ വരെ ഉല്പാദകർക്ക് പാൽ വിലനല്കുന്നു. മിൽമ സംഘത്തിന് പാൽ വിലയായി 9.20 സ യാണ് നൽകുന്നത് ആകെ പാൽ സംഭരണത്തിന്റെ 20% മാത്രമേ ലോക്കൽ സെയിൽ നടത്താനാവൂ. ശരാശരി 60 പേർ വീതമാണ് പാൽ അളക്കുന്നത്. ഇത് അംഗങ്ങളിൽ 30% മാത്രമാണ്. ഈ പഞ്ചായത്തിലെ പ്രതിദിന പാലുല്പാദനം 1286 ലിറ്റർ ആണ്. 5045 കുടുംബങ്ങൾ ഉള്ളതിൽ 400 കുടുംബങ്ങളിൽ മാത്രമാണ് ഇന്ന് കാലികളെ വളർന്നുത്തത്. കന്നുകാലി വളർത്തൽ ഭൂരിഭാഗം കുടുംബങ്ങളും ഉപേക്ഷിച്ച സ്ഥിതിയാണുള്ളത്. നല്ല തൊഴുത്തുകളുടെ അഭാവം ആവശ്യത്തിന് വൈക്കോലും കാലിത്തീറ്റയും ലഭ്യമല്ലാത്തതും ഈ രംഗത്ത് കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്. ബോ

ണസ് കൃത്യമായി വിതരണം ചെയ്യുന്നില്ലെന്നുള്ള പരാതി അംഗങ്ങൾക്കുണ്ട്

4. ആര്യാട് ലൈംഷെൽ കോ ഓപ്പറേറ്റീവ് സൊസൈറ്റി

നമ്മുടെ പഞ്ചായത്തിലെ ആദ്യത്തെ സഹകരണ സംഘമാണിത്. വേമ്പനാട്ടുകായലിൽ നിന്നും കറുത്ത കക്ക വാരുന്ന തൊഴിലാളികൾ ചേർന്ന് രൂപം കൊടുത്തതാണ് ഈ സംഘം. കായലിൽ നിന്നും വാരുന്ന കക്ക സൊസൈറ്റിയെ ഏല്പിക്കുന്നു. സംഘം ന്യായമായ വിലയ്ക്ക് വില്പന നടത്തുന്നു. നല്ലരീതിയിൽ പ്രവർത്തനം നടത്തുന്ന ഈ സംഘത്തിൽ 582 പേർ അംഗങ്ങളായുണ്ട്. ഇവരിൽ 342 പേർ സ്ഥിരമായി കക്ക വാരിസംഘത്തിൽ ഏല്പിക്കുന്നവരാണ്. ഒരു വർഷം ശരാശരി 3-3.5 ലക്ഷം പാട്ട കക്ക സംഘം അംഗങ്ങളിൽ നിന്നു ശേഖരിക്കുന്നുണ്ട്. (ഒരു പാട്ട ഏകദേശം 20 Kg കക്ക വരും) സംഘം മാർജിനിൽ നിന്നും കൊടുത്തുകൊണ്ടിരിക്കുന്ന ഹോളിഡേ വേജസ്, റിലീഫ് ഇൻസന്റീവ് കളക്ഷൻ വേജസ് എന്നിവ കാലാകാലങ്ങളിൽ വർദ്ധിപ്പിച്ച് അംഗങ്ങൾക്ക് നൽകുന്നുണ്ട്.

കക്കാ ഇറച്ചി വ്യാപാരം സംഘം നടത്തിയിരുന്നുവെങ്കിലും ഇപ്പോൾ ഇല്ല. ആദ്യഘട്ടത്തിൽ വളരെ നല്ലരീതിയിൽ നടത്തിക്കൊണ്ടുപോകുന്നതിന് കഴിഞ്ഞിരുന്നു. ഇന്ത്യയിലുണ്ടായ പ്ലേഗ് ബാധയും കയറ്റുമതി രംഗത്തുണ്ടായ മരവിപ്പും കക്കാ ഇറച്ചിയുടെ വമ്പിച്ച വപണന സാധ്യതകൾ ഇല്ലാതാക്കി. മാർക്കറ്റിലുണ്ടായ മരവിപ്പ് ചരക്കുകളുടെ നീക്കം നിശ്ചലമാക്കുകയും വിലയിടിക്കുകയും ചെയ്തു. സംഘം ശേഖരിക്കുന്ന ഇറച്ചി രൊക്കവിലയ്ക്ക് വില്ക്കുവാനാകാത്ത സ്ഥിതിയും തന്മൂലം നഷ്ടത്തിലേക്കുള്ള സാധ്യതയും വർദ്ധിച്ചുവന്നതിനെ തുടർന്ന് ഈ വ്യാപാരം നിർത്തിവച്ചു. ഫ്രാൻസ്, ബ്രിട്ടൺ, അമേരിക്ക എന്നീ രാജ്യങ്ങളിലേക്കായിരുന്നു കക്ക ഇറച്ചി കയറ്റുമതി ചെയ്തുകൊണ്ടിരുന്നത്. കൊച്ചിയിലെ ഇലഞ്ഞിക്കൽ എക്സ്പോർട്ട് കമ്പിനിയുമായിട്ടായിരുന്നു കരാറിൽ ഏർപ്പെട്ടത്. ഫ്രാൻസ് പോലുള്ള രാജ്യങ്ങളിൽ അവരുടെ ഉല്പന്നത്തിന് അർഹമായ വില ലഭിക്കുന്നതിന് ഇന്ത്യയിൽ നിന്നുള്ള ഇറക്കുമതി തടസ്സമായതിനാൽ ഈ രംഗത്തെ തൊഴിലാളികൾ നടത്തിയ ചെറുത്തുനില്പുമൂലം നല്ലൊരു കമ്പോളം നഷ്ടപ്പെടുകയുണ്ടായി. കയറ്റുമതിയെ ആശ്രയിച്ചുകൊണ്ട് ഈ രംഗത്ത് പ്രവർത്തനം നടത്താനാവില്ല. പ്രതിദിനം 3 ടൺ കക്കാ ഇറച്ചി സംഭരിക്കാൻ കഴിഞ്ഞിരുന്നു. ഇപ്പോൾ അംഗങ്ങൾ തന്നെ പ്രദേശങ്ങളിൽ വില്പന നടത്തുകയാണ് ചെയ്യുന്നത്.

വേമ്പനാട്ടുകായലിൽ ഇപ്പോൾ കറുത്ത കക്കയുടെ ഉല്പാദനം കുറഞ്ഞുവരുന്നു. പ്രത്യേകിച്ചും തണ്ണീർമുക്കം ബണ്ടിനു തെക്കുഭാഗത്ത് കക്കയുടെ ഉല്പാദനം വളരെ കുറഞ്ഞിരിക്കുന്നു തണ്ണീർമുക്കം ബണ്ട് യഥാസമയം തുറക്കുന്നതിന് നടപടി ഉണ്ടാകാത്തത് പ്രതിസന്ധിയിലെത്തുന്നതിനുള്ള കാരണമാണ്. മുൻവർഷത്തെ അപേക്ഷിച്ച് കക്കയുടെ സംഭരണത്തിൽ വലിയ കുറവ് അനുഭവപ്പെട്ടു. 1989 90 കാലഘട്ടത്തിൽ ബണ്ട് യഥാസമയം തുറന്നതുകൊണ്ട് തുടർന്നുള്ള വർഷങ്ങളിൽ അതിന്റേതായ വർദ്ധനവ് ഉണ്ടായി ഏകദേശം 50000-60000 പാട്ട കക്ക കൂടുതൽ സംഭരിക്കുന്നതിന് കഴിഞ്ഞു. കക്കയുടെ വില നിശ്ചയിക്കുന്നത് തൊഴിലാളികൾ തന്നെയാണ്.

കയർ സംഘങ്ങൾ

1. ആര്യാട് ബ്ലോക്ക് സ്മാൾ സ്കെയിൽ കയർ,. ഫൈബർ മാറ്റ് മാനുഫാക്ചേഴ്സ് കോ ഓപ്പറേറ്റീവ് സൊസൈറ്റി ലിമിറ്റഡ്.

2. സൗത്ത് ഇന്ത്യൻ കയർ മാറ്റ്സ് ആന്റ് മാറ്റിംഗ്സ് സഹകരണ സംഘം ക്ലിപ്തം. എന്നീ സഹകരണ സംഘങ്ങളാണ് കയർ മേഖലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ. തെക്കനാര്യാട് കയർ മാറ്റ്സ് സഹകരണ സംഘവും കോമളപുരം കയർ കോ ഓപ്പറേറ്റീവ് സൊസൈറ്റിയും ഇപ്പോൾ പ്രവർത്തന രഹിതമാണ്.

ആഭ്യന്തര വിദേശ മാർക്കറ്റുകളിലെ സ്തംഭനവും ഉല്പാദന ചെലവിന്റെ വർദ്ധനവിനനുസൃതമായി ഉല്പന്നങ്ങൾക്ക് വില ലഭിക്കാത്തതും പ്രതിസന്ധിയായി നിൽക്കുന്നു. വൻകിടക്കാർ ഈ രംഗത്ത് മറ്റൊരു ടെക്നിക്കും പ്രയോഗിച്ചു. വരുന്ന 10_15 വർഷത്തേക്ക് ചെയ്താലും തീരാത്ത ഓർഡറുകൾ ഉണ്ടെന്നും ആയതിനാൽ എത്ര ഉല്പാദിച്ചാലും ആവശ്യത്തിന് തികയുകയില്ലായെന്നും പ്രചരിപ്പിച്ചു. ഫലമോ ക്രമാതീതമായ ഒറ്റത്തറികളുടെ ഉദയം. തന്മൂലം തൊഴിലാളികളുടെ വിലപേശൽ സാധ്യത കുറഞ്ഞു. കുറഞ്ഞ വിലയ്ക്ക് വൻകിടക്കാർക്കും ഇടത്തട്ടുകാർക്കും കയർ ഉല്പന്നങ്ങൾ ശേഖരിക്കുവാൻ കഴിഞ്ഞു. തൊഴിലാളികൾക്ക് അർഹതപ്പെട്ട പല ആനുകൂല്യങ്ങളും കിട്ടാത്ത അവസ്ഥയുണ്ടായി. ഏറെ സാധ്യതയുള്ള ഈ മേഖല പുത്തൻപ്രതിസന്ധിയെ നേരിടുന്നു. പ്ലാസ്റ്റിക് ഉല്പന്നങ്ങൾ സൃഷ്ടിക്കുന്ന പാരിസ്ഥിതിക പ്രശ്നം ഇന്ന് യൂറോപ്യൻ സമൂഹത്തിൽ കയറിനോട് പ്രിയം ഉ

ണ്ടാക്കിയിരിക്കുന്നു. ഈ അനുകൂലസാഹചര്യം മുതലെടുക്കുന്നതിന് ഉല്പന്ന വൈവിധ്യവൽക്കരണത്തിന് പ്രസക്തിയേറുന്നു.

കയർ ഫെഡിനു രൂപം കൊടുത്തതു തന്നെ വിദേശത്തുനിന്നും കയർ ഉല്പന്നങ്ങൾക്ക് ഓർഡർ ശേഖരിക്കുക എന്ന ലക്ഷ്യം കൂടി മുന്നിൽ കണ്ടുകൊണ്ടായിരുന്നു. എന്നാൽ വിദേശത്തുപോയി ഓർഡർ ശേഖരിക്കാൻ കയർഫെഡിനു കഴിയുന്നില്ല. സ്വകാര്യ ഏജൻസികൾ, കമ്മീഷൻ കൊടുത്തതുകൊണ്ട് ഓർഡറുകൾ വാങ്ങുന്നതുമൂലം മാർക്കറ്റ് അവരുടെ സ്വാധീനത്തിൽ അമരുന്നു. കയർഫെഡിനു കമ്മീഷൻ വ്യവസ്ഥയിൽ ഓർഡർ വാങ്ങാൻ അവസരം ഇല്ല. രണ്ടു നമ്പർ തടുക്കിന് 150 രൂപ നമ്മുടെ നാട്ടിൽ വിലയുള്ളപ്പോൾ അതിന്റെ 4-5 ഇരട്ടി പുറം മാർക്കറ്റിൽ ഉണ്ട്.

ആര്യാട് ബ്ലോക്ക് സ്മാൾ സ്കെയിൽ കയർ, ഫൈബർ മാറ്റ്സ് മാനുഫാക്ചേഴ്സ് സഹകരണ സംഘം 1990 വരെ നഷ്ടത്തിൽ പ്രവർത്തിച്ചുവരികയായിരുന്നു. 1990 മുതൽ സർക്കാരിൽനിന്നും റിബേറ്റ് വില്പനയ്ക്ക് അംഗീകാരം ഉള്ളതുകൊണ്ട് ലാഭത്തിൽ പ്രവർത്തിക്കുന്നു. സംഘത്തിന് കയർ ബോർഡിൽനിന്നും അനുവദിച്ച കോമൺ ഫസിലിറ്റി സെന്റർ ഒൻപതാം വാർഡിൽ അയ്യങ്കാളി ജംഗ്ഷന് സമീപം പ്രവർത്തിച്ചുവരുന്നു.

9 ജീവനക്കാരനും 122 തൊഴിലാളികളും തൊഴിലെടുക്കുന്ന സൗത്ത് ഇന്ത്യൻ കയർ മാറ്റ്സ് ആന്റ് മാർക്കറ്റിംഗ് സഹകരണ സംഘം ഉല്പന്നത്തിന് വിലക്കുറവ് മൂലം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. 13 ലക്ഷം രൂപയാണ് Cash Credit. ഇല്ലാ സഹകരണ ബാങ്കുവഴി ലഭിക്കുന്ന ഈ തുകകൊണ്ടാണ് ഒരു കോടി രൂപയുടെ ടേൺ ഓവർ വർഷത്തിൽ നടത്തുന്നുണ്ട്. ഈ സംഘത്തിൽ ബോബിൻ തറികൾ 4 എണ്ണം വന്നിട്ട് നാളുകളായെങ്കിലും ബോബിൻ വൈന്റിംഗ് മെഷീൻ ഇല്ലാത്തതുകാരണം തറികൾ പ്രവർത്തിപ്പിക്കാൻ കഴിയുന്നില്ല. ഈ മെഷീൻ വാങ്ങുന്നതിന് ഒരുലക്ഷം രൂപയ്ക്കുമേൽ വേണ്ടിവരും സംഘത്തിന്റെ ഇന്നത്തെ സ്ഥിതിക്ക് ഇത്രയും തുക കണ്ടെത്തുക പ്രയാസമാണ്. കയർ ഉല്പന്നങ്ങൾ സൂക്ഷിക്കുന്ന ഗോഡൗൺ ഓലമേഞ്ഞതാണ്. ഗോഡൗണിൽ സൂക്ഷിച്ചിരിക്കുന്ന ഉല്പന്നങ്ങൾക്ക് സുരക്ഷിതത്വമില്ലെന്നു മാത്രമല്ല അവ വേഗം നശിച്ചുപോകുന്നതിനും സാധ്യതയുണ്ട്.

സ്കൂൾ സൊസൈറ്റി

ലൂഥറൻ എച്ച്. എസ്. സ്കൂൾ സൊസൈറ്റിയാണ് ഈ വിഭാഗത്തിൽ ഉള്ളത്. കുട്ടികൾക്ക് ആവശ്യമായ നോട്ടുബുക്കുകൾ, പുസ്തകങ്ങൾ എന്നിവ വിതരണം ചെയ്തുവരുന്നു. അദ്ധ്യാപകർക്ക് ആവശ്യമായ സ്റ്റേഷനറി സാധനങ്ങളും വില്ക്കുന്നുണ്ട്. നാളിതുവരെ ഈ സംഘം ലാഭത്തിൽ പ്രവർത്തിച്ചിട്ടില്ല. തൻ ചെലവുകൾ കൂടുന്നു. ബിസിനസ് വർദ്ധിക്കുന്നില്ല. എലിശല്യം രൂക്ഷമായതിനാൽ പുസ്തകങ്ങളും ബുക്കുകളും നശിച്ചുപോകുന്നു. Dead Stock ആയി ആയിരക്കണക്കിന് രൂപയുടെ പുസ്തകങ്ങളും മറ്റും ഉണ്ട്.

സഹകരണ പ്രസ്ഥാനം ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ

1. ആര്യാട് പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക്

- പഞ്ചായത്തിന്റെ ബാങ്കായി സർവ്വീസ് സഹകരണ ബാങ്കിനെ അംഗീകരിക്കണം. പഞ്ചായത്തിന്റെ പണമിടപാടുകൾ ഈ ബാങ്കുവഴി നിർവഹിക്കാൻ സാധിക്കണം.
- നിക്ഷേപ സമാഹരണം എല്ലാവിഭാഗം ജനങ്ങളുടേയും കൂട്ടായ യത്നത്താൽ ലക്ഷ്യം നിറവേറണം. 1 കോടി രൂപയുടെ നിക്ഷേപം വരുന്നവർഷം സമാഹരിക്കാൻ കഴിയണം. (മറ്റു ധനകാര്യ ബാങ്കുകൾ നിക്ഷേപത്തിന്റെ 40% മാത്രം വായ്പയായി നൽകുന്നുള്ളു. കേരളത്തിന്റെ നിക്ഷേപം കേരളത്തിലെ വികസന പ്രവർത്തനങ്ങൾക്കായി ചെലവഴിക്കപ്പെടേണ്ടതുണ്ട്. സഹകരണ ബാങ്കുകൾ നിക്ഷേപത്തിന്റെ 100% ഉം പ്രദേശത്തു തന്നെ വായ്പയായി നൽകുന്നു. എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.)
- സാധാരണ വായ്പയായി 10,000 രൂപയാണ് ഇപ്പോൾ നൽകിവരുന്നത്. ഇത് 20,000 രൂപയായെങ്കിലും വർദ്ധിപ്പിക്കണം
- സ്വർണ്ണപ്പണയപദ്ധതി ഉടനെ ആരംഭിക്കണം. അമിത പലിശയ്ക്ക് പണം കടംകൊടുക്കുന്ന പണം ഇടപാടുകാരിൽ നിന്നും ജനങ്ങളെ രക്ഷിച്ചെടുതീരു.
- ഓഹരിവായ്പാ അനുപാതം 1 : 10 എന്നത് 1 : 20 ആക്കണം. നിലവിലുള്ള നിയമം മൂലം എടുത്തവായ്പയുടെ 10% ഓഹരിയായി അടയ്ക്കേണ്ടിവരുന്നതുമൂലം സംഘത്തിൽ നിന്ന് വായ്പ എടുക്കുന്നതിന് അംഗങ്ങൾക്ക് താൽപ്പര്യം കുറവാണ്

- രാസവളത്തോട് കർഷകർക്ക് പ്രതിപത്തി കുറഞ്ഞതാണ് വളം വില്പനയെ ബാധിച്ചതെങ്കിൽ ജൈവവളം വില്പന സംഘം ചുമതലയിൽ നടത്തണം.
- കടം വായ്പ തിരിച്ചടയ്ക്കുന്നതിൽ അംഗങ്ങൾ താൽപ്പര്യം കാണിക്കണം.
- അംഗങ്ങളുടെ വാർദ്ധക്യകാലത്ത് സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പെൻഷൻ പദ്ധതി, ചികിത്സാ സഹായം എന്നിവ നടപ്പിലാക്കണം.

2. ആര്യാട് കക്കാ വ്യവസായ സഹകരണസംഘം

- കാലക്രമേണ പ്രതിസന്ധിയിലേക്ക് കൂപ്പുകുത്തുന്ന കക്കാ വ്യവസായത്തെ സംരക്ഷിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കണം. കക്കയുടെ ഉല്പാദനവർദ്ധനവിന് ശാസ്ത്രീയ മാർഗ്ഗം കണ്ടുപിടിച്ചിട്ടുണ്ട്. കക്കയുടെ ലാർവകൾ ഉല്പാദിപ്പിക്കുന്നതിനുള്ള സാങ്കേതികവിദ്യ സെൻട്രൽ മറൈൻ ഫിഷറീസ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് വികസിപ്പിച്ചുകഴിഞ്ഞിട്ടുണ്ട്. ഇതു പ്രാവർത്തികമാക്കി കക്കയുടെ ഉല്പാദനക്കുറവ് പരിഹരിക്കണം.
- വേമ്പനാട്ടുകായലിൽ കറുത്തകക്കയുടെ ഉല്പാദനം ഇപ്പോൾ കുറവാണ്. ഇത് പരിഹരിക്കണമെങ്കിൽ തണ്ണീർമുക്കം ബണ്ട് ഇപ്പോൾ ഡിസംബർ അവസാനം അടയ്ക്കുന്നതുമാറ്റി ഫെബ്രുവരി അവസാനത്തേക്കാക്കണം.
- കുമ്മായത്തിനും കാർബൈഡ് നിർമ്മാണത്തിനും പേപ്പർ നിർമ്മാണത്തിനും കക്ക ഉപയോഗിച്ചുവരുന്നു. ഈ സാദ്ധ്യത മനസ്സിലാക്കി രണ്ടാം വാർഡ് കേന്ദ്രമാക്കി (വേമ്പനാട്ടു കായലിനു പടിഞ്ഞാറുവശം) ഒരു ചൂള ഫാക്ടറിയും ഒരു സിമന്റ് ഫാക്ടറിയും സ്ഥാപിക്കണം. ഇതിനുവേണ്ട മുഴുവൻ പ്രവർത്തനചെലവും സർക്കാർ ഇൻഡസ്ട്രിയൽ ഗ്രാന്റായി നൽകണം.
- ഇറച്ചി സംഘം സമാഹരിക്കണം. പ്രാദേശികമായി വിപണനം നടത്തുന്നതിനുള്ള മാർഗ്ഗം കണ്ടെത്തണം. കക്കാ ഇറച്ചി ഭക്ഷ്യസംസ്കരണ യൂണിറ്റ് ആരംഭിക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്.

3. ക്ഷീരോൽപ്പാദക സംഘങ്ങൾ

- 2 വാർഡുകൾ പ്രവർത്തന പരിധിയായി സംഘങ്ങൾ രൂപീകരിക്കണം.
- പശു ഉള്ളിടത്ത് ഒരു തൊഴുത്ത് എന്ന രീതിയിൽ തൊഴുത്ത് നിർമ്മിക്കാൻ സാമ്പത്തിക വായ്പ ലഭ്യമാക്കണം.
- അത്യുല്പാദന ശേഷിയുള്ള പശുക്കളെ അംഗങ്ങൾക്ക് ലഭ്യമാക്കണം.
- മൃഗങ്ങളെ കൃത്യമായി പരിശോധിക്കാനും ചികിത്സ നിശ്ചയിക്കാനും മൃഗഡോക്ടർമാരുടെ സേവനം ലഭ്യമാക്കണം.
- പാലിന്റെ വില വർദ്ധിപ്പിക്കണം. ഉല്പാദകന് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന വിലയും മിൽമ വില്പന നടത്തുന്ന വിലയും തമ്മിൽ 3.50-4 രൂപയുടെ വ്യത്യാസമുണ്ട്. കർഷകർക്ക് അവകാശപ്പെട്ട തുക മിൽക്ക് മാർക്കറ്റിംഗ് ഫെഡറേഷനെപ്പോലെയുള്ള സ്ഥാപനം നടത്തിക്കൊണ്ടുപോകാൻ ഉപയോഗിക്കുന്നത് ശരിയല്ല.
- കാലിത്തീറ്റയുടെ വില വർദ്ധനവ്, വൈക്കോലിന്റേയും പുല്ലിന്റേയും ലഭ്യതക്കുറവ് ഇവപരിഹരിക്കുന്നതിന് പഞ്ചായത്തിലെ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ പ്രാദേശികമായി ലഭിക്കുന്ന അസംസ്കൃത സാധനങ്ങൾ ഉപയോഗച്ച് കാലിത്തീറ്റ നിർമ്മാണം ആരംഭിയ്ക്കണം കർഷകർക്ക് പുൽകൃഷി നടത്തുന്നതിനുള്ള സഹായവും നല്കണം

4. കയർ സംഘങ്ങൾ

- ആര്യാട് ബ്ലോക്ക് SSCF MMCS LTD A 741ന് കയർ ബോർഡിൽ നിന്ന് അനുവദിച്ചുകൊടുത്തിട്ടുള്ള കോമൺ ഫസിലിറ്റി സെന്ററിന്റെ കൂടെ ഷിയറിംഗ് ഫാക്ടറി സ്ഥാപിക്കണം. അതിനായി ഒരു ബ്ലീച്ചിംഗ് ഡൈയിംഗ് സെന്ററും ബ്ലീച്ചിംഗ് ജലം എ. എസ്. കനാലിലേക്ക് ഒഴുകിപ്പോകാൻ ഒരു കാണകെട്ടുകയും വേണം. (കനാൽജലം മോശമാകാതിരിക്കാൻ മറ്റു മാർഗ്ഗങ്ങൾ ചെയ്യണം.)
- സൗത്ത് ഇന്ത്യൻ സൊസൈറ്റിക്ക് ഇന്ന് ലഭിച്ചുകൊണ്ടിരിക്കുന്ന ക്യാഷ് ക്രഡിറ്റ് അപര്യാപ്തമാണ്. അത് 30 ലക്ഷം രൂപയായി വർദ്ധിപ്പിക്കണം. അങ്ങനെയെങ്കിൽ വാർഷിക ടേണോവർ മൂന്നിരട്ടിയായി വർദ്ധിപ്പിക്കാം. ആഭ്യന്തര മാർക്കറ്റിൽ മത്സരബുദ്ധിയോടെ ഇടപെടുന്നതിനും സാധിക്കും.
- ബോബിൻ വൈൻഡിംഗ് മെഷീൻ വാങ്ങുന്നതിന് സബ്സിഡിയോടുകൂടി ഒരുലക്ഷത്തോളം രൂപ വായ്പയായി സർക്കാരിൽനിന്നും ലഭിക്കുന്നതിനുള്ള ശ്രമം നടത്തണം. 20 പേർക്ക് കൂടുതലായി തൊഴിൽലഭിക്കുകയും ചെയ്യും.
- ഗോഡൗൺ ഓലക്കെട്ടിടത്തിനു പകരം പക്കാ ബിൽഡിംഗ് ആക്കുന്നതിന് NCDC (National Cooperative Development Council) യിൽനിന്നും സബ്സിഡി നൽകിക്കൊണ്ട് 15 ലക്ഷം രൂപ

ലഭിച്ചാൽ സാധിക്കും.

- കയർ ഉല്പന്നങ്ങൾ ഒരാഢംബര വസ്തു വായിട്ടാണ് പരിഷ്കൃത സമൂഹം കാണുന്നത്. അതുകൊണ്ട് കയർ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് സെയിൽസ് റെപ്രസെന്റേറ്റീവുമാരെ നിയോഗിച്ചാൽ നന്നായിരിക്കും.
- കയർ ഫെഡിനെ കമ്മിഷൻ വ്യവസ്ഥയിൽ ഓർഡർ ശേഖരിക്കാൻ അനുവദിക്കണം. ലാഭത്തിന്റെ ഒരംശം കമ്മീഷനായി കൊടുക്കാൻ അധികാരമുണ്ടാകണം. കയർ ഫെഡിന് ഇന്ന് ഇന്ത്യയിൽ '85' വിപണന കേന്ദ്രങ്ങൾ ഉണ്ട്. ഈ സെന്ററുകൾ കാര്യക്ഷമമാക്കണം. ആഭ്യന്തരമാർക്കറ്റിംഗ് വളരെയേറെ സാധ്യതയുള്ളത് ഫലപ്രദമായി ഉപയോഗിക്കണം.

5. പട്ടികജാതി സർവ്വീസ് സഹകരണ സംഘം

- പട്ടികജാതിവിഭാഗത്തിൽപ്പെട്ട മുഴുവൻ പേരേയും സംഘത്തിൽ അംഗങ്ങളാക്കുകയും സംഘത്തിന്റെ സേവനം അവർക്ക് ലഭ്യമാക്കുകയും ചെയ്യണം.
- കയർ മേഖലയിലെന്നപോലെ മറ്റു മേഖലകളിലേക്കും സംഘം പ്രവർത്തനം വ്യാപിക്കണം. തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്ന പ്രവർത്തനത്തിന് മുൻതൂക്കം നൽകണം.
- പട്ടികജാതി വിഭാഗത്തിൽപ്പെട്ടവരുടെ സാമൂഹികവും സാമ്പത്തികവുമായ ഉന്നതിക്കായി സംഘം പ്രവർത്തിക്കണം.

സ്കൂൾ സൊസൈറ്റി

- എലികളുടേയും മറ്റും ശല്യം ഉണ്ടാകാതിരിക്കാൻ ഒരു കോൺക്രീറ്റ് റൂം ആവശ്യമാണ്.
- നോട്ടുബുക്കുകളുടെ നിർമ്മാണം കുട്ടികളെ തന്നെ ഏല്പിച്ചാൽ നോട്ടുബുക്കുകൾ വില കുറച്ചു നൽകുവാനും അതുവഴി കമ്പോളത്തിൽ ശ്രദ്ധിക്കപ്പെടാനും സാധിക്കും.
- കുട്ടികളുടെ എണ്ണത്തിനാനുപാതികമായി മാത്രം പുസ്തകം വാങ്ങുക.

പുതിയ സഹകരണ സംഘങ്ങൾ
നിർദ്ദേശം

1. റെഡിമെയ്ഡ് വസ്ത്രനിർമ്മാണ സഹകരണ സംഘം. റെഡിമെയ്ഡ് വസ്ത്രങ്ങൾക്ക് ഏറെ സാധ്യതയുള്ള പ്രദേശമാണ് നമ്മുടേത്. സ്കൂൾ യൂണിഫോം തുടങ്ങി എല്ലാത്തരം വസ്ത്രങ്ങളും ഉണ്ടാക്കി സംഘം വഴി വില്പന നടത്തുവാൻ കഴിയും. തവണവ്യവസ്ഥയിൽ റെഡിമെയ്ഡ് ഉല്പന്നങ്ങൾ കൊടുക്കാവുന്നതാണ് നമ്മുടെ പ്രദേശത്ത് ഉണ്ടാക്കുന്ന റെഡിമെയ്ഡ് വസ്ത്രങ്ങൾ നാട്ടുകാർ അഭിമാനത്തോടെ ഉപയോഗിക്കും. കുറഞ്ഞത് ഒരു വാർഡിൽ 10 സ്ത്രീകൾക്കുവീതം പുതുതായി തൊഴിൽ ലഭിക്കും. ബ്ലോക്ക് വ്യവസായ കേന്ദ്രം വഴി വനിതാ സംരംഭങ്ങൾക്ക് നൽകുന്ന പ്രത്യേക സഹായവും സംഘടിപ്പിക്കണം.

3. വനിതാ ചൂരൽ ഫർണിച്ചർ നിർമ്മാണ സൊസൈറ്റി

ചൂരൽ ഫർണിച്ചറിന് പ്രിയമുള്ളകാലമാണിത്. ഇന്ന് ചില സ്വകാര്യ ഏജൻസികളാണ് ഈരംഗം കൈവശപ്പെടുത്തിയിരിക്കുന്നത്. നല്ലയിനം ചൂരൽ തമിഴ്നാട്ടിൽനിന്നും ആവശ്യത്തിനു കിട്ടും. ചൂരൽ ഉപയോഗിച്ച് കസേര, സ്റ്റൂൾ, റ്റീപോയ് തുടങ്ങി ഏതുതരം വീട്ടുസാമാനങ്ങളും ഉണ്ടാക്കാൻ കഴിയും. ആദ്യത്തെ ഒന്നു രണ്ടുവർഷം സെയിൽസ് ഏജന്റന്മാരെ നിയമിക്കാവുന്നതാണ്. പഞ്ചായത്ത് കമ്മിറ്റിയുടെ മേൽനോട്ടവും ഉപദേശവും സംഘത്തിന്റെ പ്രവർത്തനമേന്മയ്ക്ക് സഹായകമാകും. ഏറ്റവും കുറഞ്ഞത് 10 വനിതകൾക്ക് ജോലിസാദ്ധ്യതയുണ്ട്. രണ്ടുലക്ഷം രൂപ മുടക്കുമുതൽ പ്രതീക്ഷിക്കുന്നു

4. കെട്ടിട നിർമ്മാണ ഉപകരണ വിതരണ സൊസൈറ്റി

തടിയുടെ വില ഓർത്താൽ പലരും വീട് നിർമ്മാണത്തിൽ നിന്ന് പിന്തിരിയും. മറ്റു സാമഗ്രികളെ അപേക്ഷിച്ച് തടിയുടെ വില ക്രമാതീതമാണ്. വീടുപണിയുടെ ബഡ്ജറ്റ് തകരുന്നത് തടിയോടടുക്കുമ്പോഴാണ്. ഇതിനു പരിഹാരമായി കോൺക്രീറ്റ് കതകുകൾ, ജനലുകൾ, കുർഡീസുകൾ എന്നിവ നിർമ്മിച്ച് ഉപഭോക്താവിനു കൊടുക്കാവുന്നതാണ്. ഇതിനുപുറമെ വിവിധയിനം നിലത്തോടുകൾ, പുരമേയാൻ ഓട്, മറ്റു സിമന്റു നിർമ്മിത സാമഗ്രികൾ ഒക്കെ സൊസൈറ്റി മുഖേന വിതരണം നടത്താം. ശക്തമായ മേൽനോട്ടവും നിർമ്മാണത്തിൽ കൂടുതൽ ഉത്തരവാദിത്വവും കാണിച്ചാൽ കൂടുതൽ വികസന സാദ്ധ്യതയുള്ള സ്ഥാപനമാക്കി വളർത്താൻ കഴിയും. മേൽനോട്ടം P.W.D ബിൽഡിംഗ് ഡിവിഷനിലെ ഉദ്യോഗസ്ഥന്മാർ വഴി സർക്കാർതലത്തിൽ ഉറപ്പാക്കണം. കുറഞ്ഞത് 25 സ്ത്രീ - പുരുഷന്മാർക്ക് തൊഴിൽ ലഭിക്കും.

5. മത്സ്യസംഘം

കോമളപുരം മാർക്കറ്റ് കേന്ദ്രമാക്കി മുഴുവൻ മത്സ്യത്തൊഴിലാളികളെയും അംഗങ്ങളാക്കി ഒരു മത്സ്യസംഘത്തിന് രൂപംകൊടുത്താൽ ഈരംഗത്ത് പ്രവർത്തിക്കുന്ന തൊഴിലാളിക്ക് ഇൻ വിതത്തിൽ കുറെക്കൂടി ഉയർച്ച ഉണ്ടാകും. മത്സ്യം കേടുകൂടാതെ സൂക്ഷിക്കാൻ ആവശ്യമായ ഫ്രീസർ വാങ്ങിയാൽ മത്സ്യദൗർലഭ്യത അനുഭവപ്പെടുന്ന സമയത്തും ആവശ്യക്കാർക്ക് കൊടുക്കാൻ കഴിയും. കായലിലും, തോട്ടിലും കടലിലും പോയി മീൻപിടിക്കുന്ന മത്സ്യത്തൊഴിലാളികൾക്ക് അവർ പിടിക്കുന്ന മത്സ്യത്തിന് അർഹമായ വിലകൊടുത്തുകൊണ്ട് ഈരംഗത്തെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാവുന്നതാണ്.

6. കൂൺകൃഷി സഹകരണസംഘം

വനിതകൾക്ക് വളരെ ഭംഗിയായി നടത്തിക്കൊണ്ടുപോകുവാൻ സാധിക്കുന്ന ഒന്നാണിത്. സർക്കാരിന്റെ ഭാഗത്തുനിന്നും ഏറെ സഹായവും ലഭിക്കും. ഇതിനാവശ്യമായ ട്രെയിനിംഗ് കിട്ടുന്നവരെ ചേർത്ത് സംഘത്തിനു പ്രവർത്തനം ആരംഭിക്കാം. പഞ്ചായത്ത് അതിർത്തിയിൽ കുറഞ്ഞത് 100-150 പേർക്ക് കൂടുതലായി തൊഴിൽ സാദ്ധ്യത ഉണ്ടാകുന്നതാണ്. വലിയ മുതൽമുടക്ക് വേണ്ടിവരുന്നില്ല.

7. ഹൗസിംഗ് സൊസൈറ്റി

പഞ്ചായത്തിൽ ഉള്ള മുഴുവൻ ഓലപ്പുരകളുടെയും സ്ഥാനത്ത് ഓടിട്ടതോ ഷീറ്റിട്ടതോ ആയ പുരകൾ നിർമ്മിക്കുക എന്ന ലക്ഷ്യം വെച്ചുകൊണ്ട് ഈ സംഘം പ്രവർത്തിക്കണം. ഓരോരുത്തരുടെയും കൊക്കിൽ ഒതുങ്ങുന്ന പുരമാത്രം വയ്ക്കുക എന്ന ആശയം പ്രചരിപ്പിക്കേണ്ടതുണ്ട്. അതുപോലെ സ്വന്തമായി വീടില്ലാത്തവർക്കും സ്വന്തമായി സ്ഥലവും വീടുമില്ലാത്തവർക്കും പാർപ്പിടസൗകര്യം ഈ സംഘം വഴി തരപ്പെടുത്തണം. യഥാസമയം മുതൽ തിരികെ അടയ്ക്കുന്നവർക്ക് സർക്കാർ തലത്തിൽ സബ്സിഡി അനുവദിക്കുകയും ഇക്കാര്യത്തിൽ കാലവിളംബം ഒഴിവാക്കുകയുംവേണം. 100 രൂപ ഷെയർ തുക വാങ്ങിക്കൊണ്ട് സംസ്ഥാന ഹൗസിംഗ് ഫെഡറേഷനിൽനിന്നും ലോൺ ആയി പണം കണ്ടെത്താവുന്നതാണ്.

8. ഭക്ഷ്യസംസ്ക്കരണ സംഘം

വാണിജ്യാടിസ്ഥാനത്തിൽ സംഘടിപ്പിക്കാവുന്ന ഒന്നാണിത്. അച്ചാർ, ശർക്കര പെരുട്ടി, ചിപ്സ്, മുറുക്ക്, മിക്ചർ എന്നുവേണ്ട ഒട്ടുമിക്ക ഭക്ഷ്യപദാർത്ഥങ്ങളും ഇന്ന് ദീർഘകാലം കേടുകൂടാതെ പാക്കറ്റുകളിൽ വിതരണം നടത്താം. 10 പേർക്ക് ജോലിയുമായി. ഇതിനുള്ള സാങ്കേതികവിദ്യ അവരെ പഠിപ്പിക്കണം. ഇതിന്റെ വിപണിക്കായി പ്രാദേശികതലത്തിൽ പ്രചരണവും ബോധവൽക്കരണവും മതി.

ഈ റിപ്പോർട്ട് ചുരുക്കിക്കൊണ്ട് സൂചിപ്പിക്കാനുള്ളത് സഹകരണ സംഘങ്ങൾ നാടിന്റെ വികസനത്തിന്റെ ആദ്യപടിയായിക്കാണണമെന്നാണ്. ഇടത്തട്ടുകാരായ സമൂഹത്തിലെ ഇത്തിക്കണ്ണികളുടെ ക്രൂരവും പൈശാചികവും മനുഷ്യത്വരഹിതവുമായ സമ്മർദ്ദതന്ത്രങ്ങളും നിക്ഷിപ്ത താൽപ്പര്യക്കാരുടെ ഭീഷണമായ പ്രലോഭനങ്ങളും സാധാരണക്കാരനെ പൊറുതിമുട്ടിക്കുന്നു. ഇതിൽനിന്ന് അവരെ രക്ഷിക്കുക എന്നതത്രെ സഹകരണ പ്രസ്ഥാനത്തിന്റെ പ്രാഥമികവും മൗലികവുമായ ഉന്നം. സംഘത്തിന്റെ സചേതമായ അംശം അതിലെ അംഗങ്ങളും അവരുടെ കൂട്ടുപങ്കാളിത്തവുമാണ്.

ഇനകിയ ആസൂത്രണ പദ്ധതിയുടെ ഭാഗമായി ആര്യാട് പഞ്ചായത്തിലെ XI വാർഡുകളിലെ ഗ്രാമസഭകൾ ചർച്ചചെയ്തു സമർപ്പിച്ച ഗ്രാമസഭാ റിപ്പോർട്ടു് സ്ഥലത്തെ സഹകാരികളുമായി കൂടിയാലോചിച്ച് തയ്യാറാക്കിയ നിർദ്ദേശങ്ങളാണ് മുകളിൽ സമർപ്പിച്ചിട്ടുള്ളത്. നമ്മുടെ പഞ്ചായത്തിന്റെ പരാധീനതകൾ കണ്ടറിഞ്ഞ് അവ പരിഹരിക്കാൻ വഴിതേടുന്ന നിങ്ങളുടെ മുമ്പാകെ, ഈ വികസനറിപ്പോർട്ട് സജീവമായ ചർച്ചയ്ക്കും അംഗീകാരത്തിനുമായി സവിനയം സമർപ്പിക്കുന്നു.

കോ ഓപ്പറേറ്റീവ് പ്ലാനിംഗ് കമ്മിറ്റിയുടെ നിരീക്ഷണം ഇവിടെ പ്രസക്തമാണ്. " സമത്വത്തിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക ഉന്നമനത്തിനുവേണ്ടിവ്യക്തികൾ സ്വമേധയാ ഒന്നിച്ചു ചേരുന്ന പ്രസ്ഥാനമാണ് സഹകരണസംഘങ്ങൾ. ബഹുഭൂരിപക്ഷത്തിനും സാമ്പത്തിക പരാധീനതമൂലം അവർ ആഗ്രഹിക്കുന്ന സാമ്പത്തിക ഉന്നമനം, വ്യക്തിപരമായ ഒറ്റപ്പെട്ട പ്രവർത്തനംകൊണ്ട് നടക്കാത്തതിനാലാണ് ഇവർ ഒന്നിച്ചുചേരുന്നത്. വ്യക്തിഗതമായ ഈ ദൗർബല്യം മറികടക്കുന്നതിനുവേണ്ടി, അവരുടെ കഴിവുകളെ ഒന്നിച്ചുചേർത്ത്, പരസ്പര സഹായംകൊണ്ട് ബ

ലപ്പെടുത്തുക, അവരുടെ ധാർമ്മിക ഐക്യം ദൃ
ഢപ്പെടുത്തുക."

പടിക I ക്രെഡിറ്റ് സൊസൈറ്റി

ക്രമനമ്പർ	സംഘത്തിന്റെ പേര്	സ്ഥാപിച്ച വർഷം	അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ തൊഴിലാളികളുടെ എണ്ണം	ഓഹരി മൂലധനം	വാർഷിക ടേൺ ഓവർ	ലാഭത്തിലോ നഷ്ടത്തിലോ	കാരണം	വനിതകളുടെ എണ്ണം	ലോൺ സംഘടിതിരിച്ചടയ്ക്കാത്തതിനുകാരണം	ലാഭവിഹിതം	റിമാർക്ക്
1	2	3	4	5	6	7	8					
1	ആര്യാട് പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക്	1967	5004	4	471910	14359156	നഷ്ടം	വായ്പകൊടുത്തതും കണ്ടെത്തുള്ള അപാകത	2024	സാമ്പത്തികബുദ്ധിമുട്ട്, ബോധവൽക്കരണക്കുറവ്		
2	ആര്യാട് പഞ്ചായത്ത് പട്ടികജാതി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ A892	1990	282	1	27300	-	നഷ്ടം	-		135		

പട്ടിക II

ക്രമ നമ്പർ	സംഘത്തിന്റെ പേര്	സ്ഥാപിച്ച വർഷം	അംഗങ്ങളുടെ എണ്ണം	ജീവനക്കാരുടെ/തൊഴിലാളികളുടെ എണ്ണം	ഓഹരി മൂലധനം	വാർഷിക ടേൺ ഓവർ	ലാഭമോ നഷ്ടമോ	കാരണം	വനിതകളുടെ എണ്ണം	ജൻസംഖ്യ തിരിച്ചടയ്ക്കാത്തതിനുകാരണം	പരിഹാരമാർഗ്ഗം	ലാഭവിഹിതം വിതിച്ചുകൊടുക്കുന്നുണ്ടോ
1	ആര്യാട് ലൈംഷെൽ കോ ഓപ്പറേറ്റിവ് സൊസൈറ്റി ലി. നമ്പർ 2462	1946	582	14	180550	3115,000	ലാഭം	കടം തിരിച്ചടയ്ക്കേണ്ട	70		..	ഉണ്ട്
2	ആര്യാട് ബ്ലോക്ക് സ്മാൾ സ്കെയിൽ ഫൈബർ മാറ്റ്സ് മാനുഫാക്ചേഴ്സ് കോ ഓ. സൊ. ലി. നമ്പർ A741 1983	1983	408	7	856488	13962319	ലാഭം	റിബേറ്റ്കിട്ടുന്നു	2	..	..	ഉണ്ട്
3	സൗത്ത് ഇന്ത്യൻ കയർമാറ്റ്	1970	136	131	1268160	6922836	നഷ്ടം	ഉല്പന്നത്തിനു വിലക്കുറവ്	26	..	..	..
4	കൈതത്തിൽ ക്ഷീരോല്പാദക കോ. ഓ.സൊസൈറ്റി	986	186	3	1870		ലാഭം		88		..	ഉണ്ട്
5	ക്ഷീരോൽപ്പാദക സഹകരണ സംഘം തെക്കനാര്യാട്	1986	192	3	2000	25,00,000	ലാഭം		70	..	..	ഉണ്ട്
6	സ്കൂൾസൊസൈറ്റി	978	5085		5461		നഷ്ടം	ബിസിനസ് ശരിക്കു നടക്കുന്നില്ല	–	–	–	–
7	തെക്കനാര്യാട് കയർ മാറ്റ്സ് കോ. ഓ. സൊസൈറ്റി മദ്രസയുടെ സമീപം	96 ഡിസംബർ മുതൽ പ്രവർത്തനം ആരംഭിക്കും										
8	കോമളപുരം കോ. ഓ. സൊസൈറ്റി	ഇപ്പോൾ പ്രവർത്തിക്കുന്നില്ല.										

വിഭവസമാഹരണം



1960 കളുടെ അന്ത്യംവരെ ആര്യാടു നിവാസികളുടെ മുഖ്യവരുമാന സ്രോതസ്സ് നെല്ലിൽ നിന്നും കയർ ഫാക്ടറികളിൽ നിന്നുമായിരുന്നു. കൃഷിക്കാരും കർഷകതൊഴിലാളികളും പാടങ്ങളിൽ നിന്നു കിട്ടുന്ന നെല്ലുകൊണ്ടാണ് ആണ്ടിൽ മിക്കമാസവും കഴിഞ്ഞുവന്നിരുന്നത്. ഇതു പഴയ കഥ കൂടുംബബന്ധങ്ങളിലുണ്ടായ മാറ്റവും, തൊഴിൽ രംഗത്തുണ്ടായ വിപ്ലവകരമായ കുതിച്ചു ചാട്ടവും, ആഗോളവല്കരണവും നാടിന്റെ പഴയ അവസ്ഥയെ മാറ്റിമറിച്ചു. പുരോഗതിയോടൊപ്പം പുത്തൻ പ്രശ്നങ്ങളും ഉടലെടുത്തു. അന്നൊക്കെജനങ്ങൾക്കിടയിൽ ആരോഗ്യകരമായ കൂട്ടായ്മയും ഹൃദയൈക്യവും നിലനിന്നിരുന്നു. ഒറ്റപ്പുരകൾ കെട്ടിമേഞ്ഞിരുന്നതും കുളങ്ങൾ വെട്ടിയിരുന്നതും പോലെ ഇത്തരം കൂടിച്ചേരലുകൾക്കും പരസ്പര സഹകരണത്തോടെയുള്ള കൂട്ടായ്മകൾക്കും ധാരാളം ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും.

ആര്യാടു പഞ്ചായത്തു ഇന്നനുഭവിക്കുന്ന വിവിധ പ്രശ്നങ്ങൾക്ക് നല്ലൊരു ശതമാനം പരിഹാരം ഈ നാട്ടിലെ ജനങ്ങളുടെ കൂട്ടായ പ്രവർത്തനവും കിടമത്സരം ഒഴിവാക്കികൊണ്ടുള്ള ബോധപൂർവ്വമായ ഇടപെടലുംകൊണ്ട് ഉണ്ടാക്കാവുന്നതാണ്. വിഭവസമാഹരണത്തിൽ വളരെ പിന്നണിയിൽ നില്കുന്ന പഞ്ചായതതിന്റെ ഏറ്റവും വലിയ വിഭവം ഇവിടുത്തെ ജനതതന്നെയാണ്.

ഏറ്റവും ഒടുവിൽ 96 ഒക്ടോബർ മാസം നടന്ന സാമ്പത്തിക സാമൂഹിക സർവ്വേയും പുനർപ്രണദിനത്തിൽ (നവംബർ1) നടന്ന ഇലക്ട്രിക് ലൈനുകളിലെ ടച്ചിംഗ് വെട്ടിമാറ്റിയതും ജനശ്രദ്ധപിടിച്ചുപറ്റിവയാണ്. നിലവിലുള്ള സർക്കാർ സംവിധാനം ഉപയോഗിച്ചാണ് ഈ പ്രവർത്തനങ്ങൾ നടത്തിയിരുന്നതെങ്കിൽ 50000 നും ഒരു ലക്ഷത്തിനും ഇടയ്ക്കു തുക ചെലവാകുമായിരുന്നു എന്നു കരുതപ്പെടുന്നു. ഈ പ്രവർത്തനങ്ങൾക്കായി കുറഞ്ഞത് ആയിരത്തോളം പേരുടെ സന്നദ്ധസേവനം ലഭിച്ചിട്ടുണ്ട് ഈ കൂട്ടായ്മ ഒരു മുതൽ കൂട്ടായി സ്വരൂപിച്ച് ചിട്ടയായ വികസനലക്ഷ്യം മനസ്സിൽ വച്ചുകൊണ്ട് മുന്നേറിയാൽ ആശാവഹമായ നേട്ടങ്ങൾ കൊയ്യുവാൻ നമുക്കു സാധിക്കും. ബഹുജനങ്ങളുടെ സഹകരണം, ഒത്തുചേരലുകൾ എന്നിവ കക്ഷിരാഷ്ട്രീയത്തിന്റെ അനാരോഗ്യകരമായ കിടമത്സരങ്ങൾ ഇല്ലാതാക്കുന്നതായാണനുഭവം. സന്നദ്ധപ്രവർത്തനങ്ങൾ സർക്കാർ സ്വകാര്യ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുവാനും സജ്ജീവമാക്കുവാനുമാണ്. സർക്കാർ പഞ്ചായത്തുവിഹിതത്തിനു പകരം വയ്ക്കലല്ല.

പഞ്ചായത്തിലെ 95-96 ലെ ഇനം തിരി

ച്ചുള്ള വരവും ചെലവും പട്ടിക 1-ൽ കൊടുത്തിട്ടുണ്ട്

താഴെപ്പറയുന്ന വിവേദാരിദ്ര്യം പഞ്ചായത്തിനെ ഗ്രസിച്ചുകൊണ്ടിരിക്കുന്നു.

1. വൻകിടവ്യവസായ സ്ഥാപനങ്ങളുടെ അഭാവം

2. കാർഷികരംഗത്തെ മുരടിപ്പ്

3. വൈദ്യുത പ്രതിസന്ധി

4. കുടുംബബഡ്ജറ്റിനെ തകർക്കുന്ന ഇന്ധനച്ചെലവു

5. വിദേശത്തു പണിയെടുക്കുന്നവരുടെ എണ്ണക്കുറവ്

ആണ്ടുതോറും പഞ്ചായത്തിന്റെ വരുമാനത്തിൽ നേരിയ വർദ്ധനവ് ഉണ്ടാകുന്നുണ്ടെങ്കിലും ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ ഇതു തുലോം കുറവാണെന്ന് കാണാവുന്നതാണ്. സാമൂഹ്യ അവബോധം വളർത്തിബോധവൽകരണത്തിലൂടെ നികുതിവരുമാനത്തിൽ സാരമായ വർദ്ധന ഉണ്ടാക്കാവുന്നതാണ്. ഒപ്പം ഞങ്ങൾ നല്കുന്ന നികുതിപ്പണം ഒട്ടും തന്നെ വ്യഥാ വഴിക്കുപോകുന്നില്ലാ എന്ന് ഓരോരുത്തരെയും ബോധ്യപ്പെടുത്തുകയും വേണം. ഇതിനായി കണക്കുകൾ ജനങ്ങൾക്ക് മുമ്പാകെ അവതരിപ്പിക്കണം. ചെലവായ തുകയ്ക്കുള്ള എല്ലാവിവരവും അവരെ ബോദ്ധ്യപ്പെടുത്തണം. അഴിമതി പരിഹരിക്കുന്നതിനും ജനപങ്കാളിത്തം ഊർജ്ജിതപ്പെടുത്താനും ഇതു സഹായകമാകും.

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുവാൻ താഴെ പറയുന്ന നിർദ്ദേശങ്ങൾ പരിഗണിക്കേണ്ടതാണ്.

1. വിനോദനികുതി പരിശോധന കർക്കശമാക്കണം. ഈ ഇനത്തിൽ ഇന്നു പഞ്ചായത്തിൽ വരുന്ന നികുതിയഥാർത്ഥത്തിൽ ഉള്ളതിന്റെ പകുതിയിൽ താഴെയാണ്. വാർഡ് വികസന സമിതിയുടെയും പഞ്ചായത്ത് പ്രവർത്തകസമിതിയുടെയും പഞ്ചായത്ത് അധികൃതരുടെയും കൂട്ടായ പ്രവർത്തനത്തിൽ ഇതുചെയ്യാവുന്നതാണ്.

2. Building Tax (കെട്ടിടനികുതി) നിർണ്ണയിക്കുമ്പോൾ നിലവിലുള്ള നിയമം കർക്കശമായി പാലിക്കണം. വ്യക്തിബന്ധങ്ങളും രാഷ്ട്രീയപരിഗണനയും മറ്റ് അഴിമതിയും ഒഴിവാക്കാൻ ഗ്രാമസഭകളുടെ സഹായം തേടണം. ഓരോ വാർഡിലെയും ഓരോരുത്തരിൽ നിന്നും ഈടാക്കുന്ന കെട്ടിടനികുതി ഗ്രാമസഭവിളിച്ചുചേർത്ത് ബന്ധപ്പെട്ടവർ അറിയിക്കണം. കെട്ടിടത്തിന്റെ വിവരങ്ങളും അറിയിക്കണം.

3. **തെരുവ് വിളക്ക്** ഇന്ന് പഞ്ചായത്തിൽ നിന്നും കാത്താത്ത വിളക്കിനും K.S.E.B ചാർജ്ജ് ഈടാക്കുന്നുണ്ട്. ഇത് ഒഴിവാക്കി ഉപയോഗിക്കുന്ന കറന്റിനുമാത്രം ചാർജ്ജ് ഈടാക്കാണം ഇതിനായ് പ്രത്യേകം മീറ്റർ സമ്പ്രദായം കൊണ്ടുവരണം.

4. തൊഴിൽ നികുതി. : സ്ലാബ് സമ്പ്രദായം നീക്കി ശതമാനം അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഏർപ്പെടുത്തണം. തൊഴിലുടമതങ്ങളുടെ തൊഴിലാളികളിൽ നിന്നും ആണ്ടിലൊരിക്കൽ ബോണസ്സ് മുതലായവ കൊടുക്കുമ്പോൾ തന്നാണ്ടിലെ ആകെ വരുമാനം നോക്കി തുക പിരിച്ച് പഞ്ചായത്ത് അധികൃതരെ ഏല്പിക്കണം ഇത്തരം നികുതികൾ സ്ഥലത്തുവരുന്ന പഞ്ചായത്ത് ജീവനക്കാർ പിരിച്ചെടുക്കേണ്ടതാണ് നിർമ്മാണ രംഗത്ത് ജോലിചെയ്യുന്ന തൊഴിലാളികൾ, കള്ളുചെത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികൾ എന്നിവരിൽ നിന്നും നികുതി ഈടാക്കുക.

(6) കേബിൾ റ്റി. വി. കണക്ഷൻ ഉള്ളവരിൽ നിന്നും ആണ്ടിൽ 25 രൂപ എങ്കിലും ഈടാക്കുക.

b സി. റ്റി. വി. വിതരണക്കാർ പഞ്ചായത്തിൽ നിന്നും 25 രൂപയുടെ ലൈസൻസ് എടുക്കണം. ആണ്ടിൽ പുതുക്കണം.

c. വീഡിയോ ഗ്രാഫേഴ്സിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കണം.

7. വില്ലേജാഫീസിൽ നിന്നും നിയമപ്രകാരം കിട്ടേണ്ടനികുതിയുടെ വിഹിതം മാസാവസാനം വില്ലേജാഫീസിൽ നിന്നു തന്നെ കിട്ടാൻ സംവിധാനം ഉണ്ടാക്കണം.

ശുദ്ധജലവിതരണ സംവിധാനം പഞ്ചായത്തിനെ ഏല്പിക്കണം. പൊതുടാപ്പിൽ നിന്നും ഉപയോഗശൂന്യമായി രാപകൽ ഒഴുകിപൊയ്ക്കൊണ്ടിരിക്കുന്നു ഇവ ഉടനെ തന്നെ റിപ്പയർ ചെയ്ത് ശരിയാക്കി ഇത്തരം നഷ്ടം ഒഴിവാക്കണം. ടാപ്പുകൾ സംരക്ഷിക്കേണ്ടതിന്റെ ഉത്തരവാദിത്വം ഗ്രാമത്തിലെ ജനങ്ങളെ ബോദ്ധ്യപ്പെടുത്തണം. ടാപ്പുകളുടെ കുഴപ്പങ്ങൾ രേഖപ്പെടുത്തുന്നതിന് കംപ്ലൈന്റ് രജിസ്റ്റർ പഞ്ചായത്തിന്റെ പ്രധാനപ്പെട്ടന്ന രണ്ടുസ്ഥലത്തെങ്കിലും സൂക്ഷിക്കണം. House Connection ന്റെ എണ്ണം കൂട്ടുക.

9. തെരുവു വിളക്കുകൾ 6.45 / ഇരുട്ട് വ്യാപിക്കുന്ന സമയത്തു മാത്രം തെളിയിക്കുക

10. ഇന്ന് ഒരേക്കറിനു നികുതി ആയി (ബി. റ്റി) 20 രൂപ ആണ് ഈടാക്കുന്നത്. ഇത് സെന്റ് ഒന്നിന് 75 പൈസ ആക്കുക

11. പഞ്ചായത്തിന്റെ മുഴുവൻ നിർമ്മാണ പ്രവർത്തനങ്ങളുടെയും കൂലി ഇനങ്ങളിൽ വരുന്ന ചെലവ് ശ്രമദാനമായി സംഘടിപ്പിക്കണം. ശ്രമദാനം മൂലം കൈവരിക്കാൻ കഴിഞ്ഞ മൂല്യം ജനങ്ങളുടെ ശ്രദ്ധയിൽപ്പെടുത്തണം. ആമുഖത്തിൽ പഞ്ചായത്തിൽ സംഘടിപ്പിക്കപ്പെട്ട

സന്നദ്ധപ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചേർത്തിട്ടുണ്ട്. സന്നദ്ധപ്രവർത്തനം സൃഷ്ടിക്കുന്ന മൂല്യത്തിനുദാഹരണമാണ് താഴെ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ.

a. പുതുതായി നിർമ്മിക്കുന്ന മദ്രസ വാളശ്ശേരി കോളനി റോഡിന് ആകെ ചെലവ് 7200 രൂ

(ഇതിന്റെ പൂഴി (6000) രൂപ പഞ്ചായത്ത് നല്കുന്നു. ജോലികൂലിയും, ഏർത്ത് വർക്ക് ഉൾപ്പടെ 1200 രൂപ ശ്രമദാനമായി നൽകുന്നു.

b. പുതുതായി നിർമ്മിക്കുന്ന കോമളപുരം മദ്രസ റോഡ് ആകെ ചെലവ് 50,000/
(ശ്രമദാനം എർത്തുവർക്കുൾപ്പെടെ 15000/-)

12 പഞ്ചായത്ത് സ്ഥലം പാട്ടത്തിന് കൊടുത്തിരിക്കുന്നതിന്റെ ലീസ് നിരക്ക് കാലോചിതമായി പുതുക്കുക.

13 പുറമ്പോക്കായി കിടക്കുന്ന സ്ഥലം തരിശായി കിടക്കാതെ സൂക്ഷിക്കുക. കിഴയുന്നത്ര പുറമ്പോക്കു സ്ഥലം ലീസായികൊടുക്കുക.

കൃഷിയുടെ ഉല്പാദനം വർദ്ധിപ്പിക്കുവാൻ ഈ അവസരത്തിൽ പ്രത്യേകം ശ്രദ്ധിക്കുക.

14. പഞ്ചായത്തിലെ പുറമ്പോക്കുസ്ഥലം മറ്റുകാര്യങ്ങൾ പരിശോധിച്ചതിനുശേഷം സാദ്ധ്യമാകുന്നിടത്ത് മാർക്കറ്റ് വില ഈടാക്കി കൈവശക്കാർക്ക് കൊടുക്കുക. ഈ വില സാമ്പത്തികമായി പിന്നോക്കം നില്ക്കുന്നവരിൽ നിന്നും തവണകളായി വസൂലാക്കുക. മുഴുവൻ തുകയും തന്നതിനുശേഷം കൈവശരേഖ കൊടുക്കുക.

15 ചിട്ടി രജിസ്ട്രേഷൻ പഞ്ചായത്തിലൂടെ നടത്തുക്കുക. സർവ്വീസ് സഹകരണസംഘം പഞ്ചായത്തിന്റെ ബാങ്കായി മാറണം

16. പഞ്ചായത്ത് നിവാസികളുടെ ചെറുതും വലുതുമായ ഡിപ്പോസിറ്റുകൾ പഞ്ചായത്തു ബാങ്കിൽ തന്നെ നിക്ഷേപിക്കാൻ ആവശ്യമായ പ്രചരണം. ഡിപ്പോസിറ്റ് പരമരഹസ്യമായി സൂക്ഷിക്കാമെന്ന് ഉറപ്പാക്കുക.

17 NRI ഡിപ്പോസിറ്റ് സ്വീകരിക്കാൻ പഞ്ചായത്ത് ബാങ്കിന് (PAC) അധികാരം നൽകുക. ഗൾഫിൽ ജോലി ചെയ്യുന്നവർ നാട്ടിൽ വരുമ്പോൾ അവരെ പ്രത്യേകം കണ്ടു പഞ്ചായത്തു ബാങ്കിൽ ഡിപ്പോസിറ്റ് ചെയ്യാൻ പഞ്ചായത്ത് പ്രസിഡന്റിന്റെ നേതൃത്വത്തിൽ പ്രത്യേക സമിതിയെ രൂപികരിക്കുക.

18. a) ബ്ലേഡ് പലിശക്കാരിൽ നിന്നും രക്ഷപ്പെടാൻ വാർഡ് അടിസ്ഥാനത്തിൽ അയൽക്കൂട്ടഫണ്ട് രൂപികരിക്കുക അയൽക്കൂട്ടത്തിലെ രണ്ടുപേരുടെ ആൾജാമ്യത്തിൽ നിശ്ചിതഫോറത്തിൽ പരമാവധി ആയിരം രൂപ എന്ന ക്രമത്തിൽ കടം കൊടുക്ക ഒരു വർഷംകൊണ്ട് തിരിച്ചടക്കണം. പത്തുശതമാനം പലിശ തുക പിരിയ്ക്കാൻ വാർഡിലെ അയൽകൂട്ടത്തിൽ നിന്ന് രണ്ടുപേർ ഇവർക്ക് ചെറിയൊരു കമ്മീഷൻ. ഇതിന്റെ പ്രവർത്തനമൂലധനം അയൽകൂട്ടത്തിൽ നിന്ന്.

19 പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ചു നടത്തുന്ന നിർമ്മാണ പ്രവർതനത്തൾ മുഴുവൻ വികസനസമിതി മുഖേന ആയിരിക്കണം.

20 പഞ്ചായത്ത് അതിർത്തിയിൽ ഉള്ള മദ്യഷാപ്പിൽ നിന്നും 1000 രൂപ നിരക്കിൽ ഈടാക്കുക.

21 സിമന്റ് വർക്കിന് ലൈസൻസ് ഫീസ് (250) രൂപ ഇടാക്കണം.

22. സമയത്ത് നികുതി അടയ്ക്കാത്തവരിൽ നിന്നും പിഴയും പലിശയും ഈടാക്കുക.

23 പാരലൽ കോളേജ്, സ്വകാര്യക്ലിനിക്ക് എന്നിവയ്ക്ക് രജിസ്ട്രേഷൻ ഫീസ്.

24 പഞ്ചായത്ത് അതിർത്തിയിൽ പരസ്യപ്പെടുത്തുന്ന എല്ലാത്തരം പരസ്യങ്ങൾക്കും അഡ്വർടൈസ്മെന്റ് നികുതി.

25 ചെറുകിടഫാക്ടറികൾക്ക് ലൈസൻസ് 100/- per year Renewal Fees Rs. 50 /py

26 തീയേറ്ററിൽ ഇടുന്ന Slide ഒന്നിന് മാസം ഒരു രൂപാക്രമത്തിൽ പഞ്ചായത്തിന് പ്രദർശനനികുതി

27 മഹിളാ പ്രധാൻ ഏജന്റുമുഖേന ഉള്ള നിക്ഷേപം വർദ്ധിപ്പിക്കുവാൻ പഞ്ചായത്തുസമിതിയുടെയും അയൽക്കൂട്ടങ്ങളുടെയും ശ്രമം ഉണ്ടാവണം . ഈ നിക്ഷേപത്തിന്റെ 20% വരെ ഉള്ള തുക ബന്ധപ്പെട്ട പഞ്ചായത്തിനുതന്നെ ലഭിക്കുമെന്നത് ഓർക്കുക.

28. ഇലക്ട്രിസിറ്റി ചാർജ്ജ്, വാട്ടർചാർജ്ജ്, ടെലഫോൺ ചാർജ്ജ്, എൽ. ഐ. സി. പ്രീമിയം തുടങ്ങിയവ പഞ്ചായത്ത് സഹകരണബാങ്ക് വഴി അടയ്ക്കാൻ സംവിധാനം ഉണ്ടാക്കണം.

29. വിവാഹം രജിസ്റ്റർ ചെയ്യുമ്പോൾ 100 രൂപ ഫീസ് ഈടാക്കണം.

30. കൂട്ടായ പ്രവർത്തനം കൊണ്ടും പ്രയത്നം കൊണ്ടും പഞ്ചായത്തിനെ ലഹരി വിമുക്തമാക്കുക അതുവഴി സമാഹരിക്കാവുന്ന ധനവും കർമ്മശേഷിയും പഞ്ചായത്തിന്റെ ആകെ പുരോഗതിക്കും ഐശ്വര്യത്തിനും ഉള്ള അമൂല്യമുതൽകൂട്ടാക്കാം.

മുകളിൽ പറഞ്ഞതുകൂടാതെ പഞ്ചായത്തിന്റെ സമഗ്രവികസനത്തിനും വിഭവങ്ങൾ സംരക്ഷിക്കുന്നതിനും പരിപോഷിപ്പിക്കുന്നതിനും ആരോഗ്യകരമായ നിരവധി നിർദ്ദേശങ്ങൾ നമുക്ക് പരിശോധിച്ച് നടപ്പിലാക്കാം പഞ്ചായത്തിലെ ജനങ്ങളുടെ അധ്വാനശേഷിയും കൂട്ടായ

പ്രവർത്തനവും ഉത്തേജിപ്പിച്ചാൽ അസാദ്ധ്യമായ ഒന്നുമില്ലെന്ന് നാം കാണണം.

(ഗൾഫിൽ ജോലി ചെയ്ത്വരുന്നവരുടെ എണ്ണം)

വാർഡ്	എണ്ണം
1	36
2	16
3	18
4	5
5	22
6	13
7	6
8	13
9	36
10	39
11	37

Aryad Gramma Panchayat

Details of Income During 1995 - 96

1.	Building Tax	241244.55
2.	Service Tax	44666.65
3	Prof Tax	121280.00
4.	Show Tax	4558.00
5	Sercharage on Show Tax	113950.00
6.	E.T.	43569.45
7.	A.T.	26340.55
8	Rent on Shopping complex	28360.00
9.	license Fee	10794.00
10.	P.F.A	750.00
11.	Rent on Comm. Hall	3001.00
12	Auction	3260.00
13.	library Receipts	351.00
14	Interest	13733.40
15.	Duty 75%	58311.00
16.	Duty 25%	35836.00
17.	V.T.C	93987.00
18.	V.R.M	12886.00
19.	M.J.	23000.00
20.	Est. Grand	27595.00
21.	Basic Tax	12653.00
22.	United Fund	243000.00
23.	Other Item	8819.55
	Total	**10,59,135.65**

Aryad Gramma Panchayat

Details of Expenditure during 95-96

1.	അംഗങ്ങൾക്കുള്ള അലവൻസും യാത്രപ്പടിയും	51688.00
2.	സെക്രട്ടറിയുടെയും ജീവനക്കാരുടെയും ശമ്പളം യാത്രപ്പടി, പെൻഷൻ അംശം	382311.00
3.	തൂപ്പുകാരുടെ ശമ്പളം	22655.00
4.	കറന്റ് ചാർജ്ജ്	48742.00
5.	ഫോൺചാർജ്ജ് തപാൽ ചാർജ്ജ്	9515.00
6.	പ്രിന്റിംഗ് ചാർജ്ജ്	6994.00
7.	ഇലക്ഷൻ ചെലവ്.	17111.00
8.	ആഫീസ് കണ്ടിജൻസി	535.00
9.	വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ്	21516.00
10	അൺടൈഡ് ഫണ്ട് (ഹരിജനങ്ങൾക്ക് കക്കൂസ്)	31600.00
11.	അൺടൈഡ് ഫണ്ട് (ജനറൽ സെക്ടർ കമ്മ്യൂ. ഹാൾ)	558655.00
12.	നിലത്തെഴുത്താശാൻ ഗ്രാന്റ്	5050.00
13.	റോഡ്, ഡ്രെയിനേജ്, പാലം etc	67943.00
14.	റൂറൽ ഡെവലപ്പ്മെന്റ് ബോർഡിൽ വായ്പയും പലിശയും .	70828.00
15.	മാർക്കറ്റ് നിർമ്മാണം	21000.00
16	പട്ടി നശീകരണം	5000.00
17.	പകർച്ചവ്യാധി നിവാരണം (കൊതുക് നശീകരണം)	6895.00
18.	ഡെപ്പോസിറ്റ് മടക്കികൊടുക്കൽ	13175.00
19.	മറ്റിനം .	17556.00
	Total	**13,59,249.00**





ഉപസംഹാരം

• അധികാരം ജനങ്ങളിലേയ്ക്ക് തിരികെയെത്തിക്കേണ്ടതിന്റെ അനിവാര്യത പേർത്തും, പേർത്തും പറഞ്ഞ അർദ്ധനഗ്നനായ ഒരു മഹാന്റെ, ഒരു ലോക നേതാവിന്റെ നാടാണ് ഭാരതം. 'വികസനം' എന്നത് മുകളിൽ നിന്നും ഔദാര്യപൂർവ്വം നല്കുന്ന സഹായങ്ങളല്ല. ഒരു ജനതയുടെ തെരഞ്ഞെടുക്കാനുള്ള സാധ്യതകളുടേയും കഴിവിന്റെയും വളർച്ചയാണത്. സ്വന്തം നിലപാടുതറകളെ സംബന്ധിച്ച അറിവുകൾ അന്യമായിരിക്കുന്ന ഒരു ജനതയ്ക്കും ഈ സ്ഥിതി കൈവരിക്കാനാവില്ല. 'അറിവു' കേന്ദ്രീകരിച്ചുകൊണ്ടാണ് ഇന്നു ലോകത്തെല്ലായിടത്തും വമ്പിച്ച ചൂഷണങ്ങൾക്ക് ജനതയെ വിധേയരാക്കുന്നത്. ജനാധിപത്യത്തിന് ജനങ്ങളുടെമേലുള്ള ആധിപത്യം എന്ന അർത്ഥം ചമയ്ക്കുന്ന കുടില നീതികളെല്ലാം അരങ്ങേറുന്നത് ഈ കേന്ദ്രീകരണത്തിന്റെ പശ്ചാത്തലത്തിലാണ്. 'ജനകീയാസൂത്രണം' എന്നതു കേവലം 9-ാം പദ്ധതി നിർദ്ദേശങ്ങൾ കരുപിടിപ്പിക്കുന്നതിനുള്ള ഒരു പ്രവർത്തനംമാത്രമല്ല. തന്റെ മണ്ണിനെയും, ജലത്തേയും, തന്നെത്തന്നെയും തിരിച്ചറിഞ്ഞുകൊണ്ട് ആയുധമണിയുന്നതിനുവേണ്ടിയുള്ള ഒരു ജനാധിവല്ക്കരണ പ്രക്രിയയാണ്. കേരളം പൊതുവായി നേരിടുന്ന വെല്ലുവിളികളെ നാം തിരിച്ചറിഞ്ഞിട്ടുണ്ട്. ഇവയ്ക്കുള്ള പരിഹാരം നിലവിലുള്ള മാമൂൽ പ്രവർത്തനങ്ങൾ പ്രദാനം ചെയ്യില്ല. പ്രശ്നങ്ങൾ സ്വയം നിർണ്ണയിച്ച് അവയ്ക്കുള്ള പരിഹാരങ്ങൾ തീരുമാനിക്കുവാനുള്ള അവകാശമാണ് നമുക്കു കൈവന്നിരിക്കുന്നത്. 9-ാം പദ്ധതി അടങ്കലിന്റെ 40% തുക ഇങ്ങനെ തീരുമാനിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നതിന് സർക്കാർ നല്കും. നമ്മുടെ ശേഷി ഉപയോഗിച്ച് ഈ തുക എത്ര മടങ്ങു വർദ്ധിപ്പിക്കാനാവും എന്നതാണ് പ്രധാനം. നാം തീരുമാനിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനുള്ള സഹായമായിവേണം സർക്കാർ വിഹിതത്തെ കാണുവാൻ വേണ്ടത്രവിഭവം പലവിധത്തിൽ സമാഹരിക്കുവാൻ നമുക്കാവുകതന്നെവേണം. ആരും മുകളിൽ നിന്നും അടിച്ചേല്പിക്കുന്ന പദ്ധതികൾ നടപ്പാക്കുകയല്ല നമ്മുടെലക്ഷ്യം. നാം തന്നെ കണ്ടെത്തി നാം തന്നെ മുൻഗണന തീരുമാനിച്ച് ഉറപ്പിക്കുന്നവ നടപ്പിലാക്കുന്നതിനുവേണ്ടിയാണ് നമ്മുടെ പ്രവർത്തനം. പദ്ധതികൾ തീരുമാനിക്കുന്നതിനും മുൻഗണന നിശ്ചയിക്കുന്നതിനും ആത്മനിഷ്ഠമായ സമീപനം സ്വീകരിക്കുന്നതാണ് പ്രശ്നങ്ങൾക്കൊക്കെ കാരണം. ശാസ്ത്രീയമായ രീതിയാണ് നാം അവലംബിക്കേണ്ടത്. ലഭ്യമായ രേഖകളുടേയും, ഗ്രാമസഭാ ചർച്ചകളുടേയും അടിസ്ഥാനത്തിൽ തയ്യാറാക്കിയതാണ് ആര്യാടിന്റെ ഈ വികസനരേഖ. വികസന സെമിനാറിലെ ചർച്ചകൾക്കായുള്ള ഒരു കരട് മാത്രമാണിത്. ഇതു ചർച്ചകളിലൂടെ കൂടുതൽ ശാസ്ത്രീയമാക്കുകയും മെച്ചപ്പെടുത്തുകയും വേണം. ഈ രേഖ ചർച്ചകൾക്കായി ജനങ്ങളുടെമുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു.

സാർത്ഥകമായ ജനാധിപത്യവല്ക്കരണത്തിലേക്കുള്ള ചുവടുവെയ്പ്പായി ഈ പ്രവർത്തനങ്ങൾ മാറുക തന്നെചെയ്യും. ഈ പ്രസ്ഥാനത്തിന്റെ ആത്യന്തികലക്ഷ്യം അതാണുതാനും.

KERALA INSTITUTE OF LOCAL ADMINISTRATION
THRISSUR-680 581

4227

ആശംസകൾ

ആര്യാട് പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക്

കോമളപുരം.

കംമ്പ്യൂട്ടർ ടൈപ്പ് സെറ്റിംഗ് : കാർഡ്ഷാക്ക്, പിച്ചുഅയ്യർ ജംഗ്ഷൻ, ആലപ്പുഴ. പ്രിന്റിംഗ് : വാണി പ്രിന്റേഴ്സ് (ഓഫ്സെറ്റ്) മാർക്കറ്റ്, ആലപ്പുഴ.